ജനകീയാസൂത്രണം

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്



വികസനരേഖ

1996

483

മാഞ്ഞൂർ
ഗ്രാമപഞ്ചായത്ത്

ഗ്രാമവികസനസെമിനാർ



ഒന്പതാം പഞ്ചവത്സരപദ്ധതി

ജനകീയ പദ്ധതി




തന്നെയും തന്റെ ഗ്രാമത്തെയും രക്ഷിക്കാൻ മരണം പോലും സ്വയംവരിക്കുമെന്ന് ഓരോ ഗ്രാമീണനും നിശ്ചയിച്ചുറപ്പിച്ചാൽ ലോകത്തിന്റെ മുഴുവൻ ശക്തിയെയും ചെറുത്തുനില്ക്കാൻ വ്യക്തിക്കും ഗ്രാമത്തിനും കഴിയും.

-ഗാന്ധിജി

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്


ഭരണസമിതി




വി.എൽ. തോമസ്
പ്രസിഡന്റ്




ഊർമ്മിള ഗോവിന്ദൻ
വൈസ് പ്രസിഡന്റ്




റോമി പ്ലാക്കൂഴി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ




കെ.സി.മാത്യു



T.S. പ്രസാദ്



ചാണ്ടി ചാക്കോ



വി. ചെല്ലപ്പൻ




അന്നമ്മ പോൾ




അനിത മാത്യു




വൈഷ്ണവി വിജയൻ



രാജു മാണി



സി.എം. ജോർജ്



സി.എം. ജോർജ്
(സെക്രട്ടറി)

പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര പ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത്

എൽസമ്മ ജോസഫ് കല്ലിടുക്കിൽ
വി.ജെ. ജോൺ വഴുതനപ്പള്ളിൽ
Ph. 04829-42226

ജില്ലാ പഞ്ചായത്ത്

സ്റ്റീഫൻ ജോർജ്ജ്
Ph. 0481-512312

നിയമസഭ

അഡ്വ. മോൻസ് ജോസഫ് എം.എൽ.എ.
(കടുത്തുരുത്തി നിയോജകമണ്ഡലം)
Ph. 04829-43036

ലോകസഭ

രമേശ് ചെന്നിത്തല എം.പി.
(കോട്ടയം പാർലമെൻറ് മണ്ഡലം)
Ph. 0481-560444

ഉള്ളടക്കം

ആമുഖം 9

ചരിത്രപഠനം 10


ഭൂപ്രകൃതി ജനപ്രകൃതി 14


സാമൂഹ്യസാമ്പത്തിക മേഖലകൾ

I	കൃഷിയും ജലസേചനവും	27
II	മൃഗസംരക്ഷണം, മത്സ്യബന്ധനം	37
III	വ്യവസായം	41
IV	വിദ്യാഭ്യാസം	44
V	കുടിവെള്ളം, പൊതുജനാരോഗ്യം	54
VI	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	61
VII	പാർപ്പിടം, സാമൂഹ്യക്ഷേമം	73
VIII	സംസ്ക്കാരം	80
IX	സഹകരണം	83
X	പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം	89
XI	വിഭവസമാഹരണം	93
XII	വനിതാക്ഷേമം	102
	ഉപസംഹാരം	108

വികസനരേഖ
ശില്പികൾ

1. C.J. ദേവസ്യ
   (കൺവീനർ)
2. E.T. മാത്യു
   (ചീഫ് എഡിറ്റർ)
3. P.M. ദേവസ്യ
4. K.N സതീശൻ
5. K.L. ലൂക്കോസ്
6. K.K. മാധവൻ
7. T.K. നാരായണൻനായർ
8. K. ഗോമതിയമ്മാൾ
9. ഊർമ്മിളാ ഗോവിന്ദൻ
10. V. ചെല്ലപ്പൻ


മാഞ്ഞൂർ പഞ്ചായത്ത്
I
II
III
IV
V
VI
VII
VIII
IX
X
XI
XII
N
S



പഞ്ചായത്ത് പൊതുവിവരം

പേര്..... മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
വില്ലേജുകൾ..... മാഞ്ഞൂർ, കോതനല്ലൂർ
ബ്ലോക്ക് പഞ്ചായത്ത്..... കടുത്തുരുത്തി
താലൂക്ക്..... വൈക്കം
അസംബ്ലി മണ്ഡലം..... കടുത്തുരുത്തി
വിസ്തീർണ്ണം..... 28.98 ചതുരശ്ര കി.മീ.

അതിരുകൾ

വടക്ക്..... കടുത്തുരുത്തി പഞ്ചായത്ത്
കിഴക്ക്..... കുറവിലങ്ങാട് പഞ്ചായത്ത്
തെക്ക്..... കല്ലറ, നീണ്ടൂർ പഞ്ചായത്ത്
പടിഞ്ഞാറ്..... കല്ലറ പഞ്ചായത്ത്

ജനസംഖ്യ..... 31,390
പുരുഷന്മാർ..... 11,913
സ്ത്രീകൾ..... 11,746
ജനസാന്ദ്രത..... 1083
വാർഡുകൾ..... 12
സംവരണവാർഡുകൾ (വനിത)..... 4
(പട്ടികജാതി പട്ടികവർഗ്ഗം)..... 1
പ്രസിഡന്റ്..... വി.എൽ. തോമസ് വാളാക്കുളത്തിൽ
Ph: 04829-42442
വൈസ് പ്രസിഡന്റ്..... ഊർമ്മിളാ ഗോവിന്ദൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ..... ടോമി പ്ലാക്കുഴി

ആമുഖം

രാഷ്ട്രപിതാവായ മഹാത്മജിയുടെ വാക്കുകളിൽ ഗ്രാമങ്ങളാണ് ഭാരതത്തിന്റെ ആത്മാവ്. ഭാരതത്തിലെ 50 കോടിയോളം വരുന്ന ജനങ്ങളിൽ 70 ശതമാനത്തിലേറെ ഗ്രാമങ്ങളിൽ അധിവസിക്കുന്നു. ഗ്രാമവികസനം പൂർത്തിയായെങ്കിലേ ജനങ്ങളുടെ വളർച്ചയും സുരക്ഷയും പൂർത്തിയാകുകയുള്ളൂ. സ്വയംപര്യാപ്തതയുള്ള ഗ്രാമങ്ങൾ ഗാന്ധിജിയുടെ വിദൂരസ്വപ്നമായിരുന്നു. വാസ്തവത്തിൽ ഭാരതം 1947 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യം പ്രാപിച്ചെങ്കിലും അധികാരവും അവകാശവും പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിയിരുന്നില്ല എന്നുള്ളത് ഒരു സത്യമാണ്. അവ മേലേത്തട്ടിൽ തീരുമാനിക്കപ്പെടുകയും ഉദ്യോഗസ്ഥപ്രമുഖരുടെ ഇംഗിതത്തിനനുസരിച്ച് നടപ്പിലാക്കപ്പെടുകയും ചെയ്തുപോന്നു. ആയതിനാൽ സാധാരണജനങ്ങളുടെ ആവശ്യങ്ങളിൽ ഭൂരിഭാഗവും ആവശ്യങ്ങളായിത്തന്നെ പരിണമിച്ചു. ഇതിന് ഒരു വിരാമമിടാൻ പോരുന്ന രീതിയിൽ ആസൂത്രണം കീഴേത്തട്ടിൽനിന്നാരംഭിച്ച് ജനപങ്കാളിത്തത്തോടെ നടത്തപ്പെടണമെന്ന ആശയം മുന്നിൽ കണ്ടുകൊണ്ട് സ്വീകരിച്ചിരിക്കുന്ന ഒരു സംരംഭമാണല്ലോ 'ജനകീയാസൂത്രണ പ്രക്രിയ'.

കേരളമെമ്പാടും വീശിയടിക്കുന്ന ഈ വികസനതരംഗത്തിൽ മാഞ്ഞൂർ പഞ്ചായത്തും അതിന്റെ പങ്കുവഹിക്കുകയാണ്. പഞ്ചായത്തിലെ 12 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു ചേർത്തുകൊണ്ട്, ജനങ്ങളുടെ പ്രശ്നങ്ങൾ ജനകീയമായിത്തന്നെ ചർച്ചചെയ്യുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ ആരായുന്നതിനും തുടക്കമിട്ടു. ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ഇല്ലായ്മകളുടേയും വല്ലായ്മകളുടേയും, ആവശ്യങ്ങളുടേയും പട്ടികകൾ ക്രോഡീകരിച്ച് അവയുടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും രൂപപ്പെടുത്തിയിരിക്കുന്ന ഈ റിപ്പോർട്ട് നിങ്ങളേവരുടേയും അംഗീകാരത്തിനായി സാദരം സമർപ്പിക്കട്ടെ.

സാമൂഹിക സാംസ്കാരിക ചരിത്രം

നെല്ലും നീരും വഴിഞ്ഞൊഴുകുന്ന മാഞ്ഞൂർ, ഒരു കാലത്ത് ചാരുതയാർന്ന 'ഓല ക്കുട' നിർമ്മാണത്തിനു പ്രസിദ്ധികേട്ട മാഞ്ഞൂർ. നെൽവയലുകളാൽ ചുറ്റപ്പെട്ട് മുഖ്യമായും തെങ്ങിൻ തോപ്പുകളും റബ്ബർ മരങ്ങളും അകമ്പടി സേവിക്കുന്ന കുന്നുകളാൽ പരിപൂതമായ ക്രിസ്ത്യൻ, നായരീഴവ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ സോദരത്വേന നിവസിക്കുന്ന മാഞ്ഞൂർ. ഓലേഞാലികളും, കുഞ്ഞാറ്റക്കിളികളും ചലപില ചിലയ്ക്കുന്ന ചുറ്റു പാടുകളെ ഞടുക്കി ഞൊടിയിടകൊണ്ടു കടന്നു പോകുന്ന തീവണ്ടിയുടെ ചൂളംവിളി കൊണ്ടും, സർവ്വോപരി പള്ളിമണികളും, ഓംകാരസൂക്തങ്ങ ളും കൊണ്ടും ഉറക്കമുണരുന്ന മാഞ്ഞൂർ.

പണ്ടു കാലത്ത് മാഞ്ഞൂർ വടക്കുംകൂർ രാജ്യത്തിലുൾപ്പെട്ട പ്രദേശമായിരുന്നു. പ്രതാപശാ ലിയായിരുന്ന 'ചേരമാൻപെരുമാൾ' നാടുവാണിരു ന്ന കാലത്ത് കുമാരനല്ലൂരിൽ സുബ്രഹ്മണ്യസ്വാമി യേയും, വൈയ്ക്കം ഉദയനാപുരത്ത് ദുർഗ്ഗാദേവിയേ യും ഒരേ ദിവസം ഒരേസമയത്ത് പ്രതിഷ്ഠിക്കാൻ തീരുമാനിച്ചു. ആയതിലേയ്ക്കു കമനീയങ്ങളായ രണ്ടു വിഗ്രഹങ്ങൾ തീർത്തു. നേരത്തെ തീരുമാ നിച്ചതനുസരിച്ച് ഉദയനാപുരത്ത് പ്രതിഷ്ഠിക്കാൻ ദേവീവിഗ്രഹവുമായി വള്ളത്തിൽ പുറപ്പെട്ടു. പുറ പ്പെടാൻ നേരത്ത് ഒരു പരദേശി ബ്രാഹ്മണൻ (മധു രയിൽ നിന്ന് എത്തിയതായിരുന്നു) ദേവിയെ കുമാ രനല്ലൂരിൽ പ്രതിഷ്ഠിച്ചാൽ മതിയെന്ന് അഭിപ്രായ പ്പെട്ടു. അതു തെല്ലും വകവയ്ക്കാതെയായിരുന്നു രാജപ്രമാണിമാർ പുറപ്പെട്ടത്. യാത്രാവഞ്ചി 'വന്നി രിക്കും തുരുത്തിൽ' (വന്നിരിക്കും തുരുത്ത് മാഞ്ഞൂ രിൽ തെക്കുപടിഞ്ഞാറു ഭാഗത്ത് കരിനിലങ്ങളുടെ മദ്ധ്യത്തിൽ കിടക്കുന്ന ഒരു കൊച്ചു കരയാണ്.) എത്തിയപ്പോൾ അന്തരീക്ഷമാകെ മഞ്ഞുകൊണ്ട് മൂടി യാത്ര തുടരുവാൻ നിർവ്വാഹമില്ലാതെ ആയി. അപ്പോൾ കൂടെയുണ്ടായിരുന്ന ജ്യോതിഷി ഈ തുരുത്തിൽ ദേവീചൈതന്യം ഉണ്ടെന്നും പരദേശി പറഞ്ഞതുപോലെ കുമാരനല്ലൂരിൽ പ്രതിഷ്ഠി ക്കേണ്ട ദേവി ഇവിടെയുണ്ടെന്നും പറഞ്ഞു.

ദേവിയെപ്പറ്റി ഇവിടെ പറഞ്ഞതിന്റെ പിന്നിലും ഒരു കഥയുണ്ട്. ഒരുനാൾ മധുരമീനാക്ഷി ക്ഷേത്രത്തിലെ ദേവീവിഗ്രഹത്തിൽ ചാർത്തിയിരുന്ന വൈരമുക്കുത്തി കാണാതെ പോയി. പൂജാരിയിൽ സംശയം തോന്നിയ അധികാരികൾ അദ്ദേഹത്തെ ശിക്ഷിക്കാൻ തീരുമാനിച്ചു. രാത്രി ഉറങ്ങിക്കിടന്ന പൂജാരിയെ ഒരു പെൺകുട്ടി ഉണർത്തി എന്റെ പുറകെ വന്നുകൊള്ളാൻ പറഞ്ഞു. മുമ്പേപോകുന്ന വെളിച്ചത്തിന്റെ പിന്നാലെ ബ്രാഹ്മണൻ നടന്നു. കുമാരനല്ലൂരിൽ എത്തിയപ്പോൾ ആ ദീപം അണഞ്ഞു പോയി. അപ്പോൾ കുമാരനല്ലൂരിൽ പ്രതി ഷ്ഠയ്ക്കുള്ള സന്നാഹങ്ങൾ നടക്കുന്നുണ്ടായിരു ന്നു. അതുകൊണ്ടാണ് ബ്രാഹ്മണൻ ഭഗവതിയെ അവിടെ പ്രതിഷ്ഠിക്കണമെന്ന് പറഞ്ഞത്.

ജ്യോത്സ്യന്റെ വാക്കുകേട്ടു കൂടെനിന്ന വർ ദേവിയെത്തന്നെ പ്രതിഷ്ഠിക്കാമെന്ന് തീരുമാ നിച്ചു. ഉടനെ മഞ്ഞ് മറഞ്ഞു. അദ്ഭുതപ്പെട്ട ഭാര വാഹികൾ മഞ്ഞുകൊണ്ടു മൂടിയ പ്രദേശം മഞ്ഞൂ രാകട്ടെയെന്നും അത്രയും ദേശം കുമാരനല്ലൂർ ദേവ സ്വത്തിന്റേതാണെന്നും പ്രഖ്യാപിച്ചു. തദനന്തരം കു മാരനല്ലൂരിൽ ദേവിയെത്തന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ഐതിഹ്യം എന്തായാലും മാഞ്ഞൂരുകാർ കുമാരനല്ലൂർ ക്ഷേത്രത്തോട് കടപ്പെട്ടവരാണ്. മാഞ്ഞൂരിൽ ഉള്ള പാടശേഖരങ്ങളും പുരയിടങ്ങ ളും കുമാരനല്ലൂർ ക്ഷേത്രത്തിന്റെ പാട്ടഭൂമികളാ ണ്. ഈ ഭൂമിയിൽ കൃഷി ചെയ്യുന്നവർ ദേവസ്വ ത്തിന് പാട്ടം കൊടുക്കേണ്ടിയിരുന്നു. പിൽക്കാ ലത്ത് ഭൂനിയമം വന്നപ്പോഴാണ് ഈ വ്യവസ്ഥ യ്ക്കു മാറ്റം വന്നത്.

പാട്ടം പിരിക്കുന്നതിന് ദേവസ്വക്കാർ ഒരാളെ നിയമിച്ചു. അയാൾക്കു താമസിക്കുവാനും പാട്ടംനെല്ലു സൂക്ഷിക്കാനുമായി മാഞ്ഞൂർ തെക്കും ഭാഗത്ത് ഭഗവതി മഠം ഉണ്ടായി. അവിടെ നേരത്തെ ക്ഷേത്രമോ പ്രതിഷ്ഠയോ ഉണ്ടായിരുന്നില്ല. മാഞ്ഞൂ രിൽ അന്നു നാലു കരകളാണ് ഉണ്ടായിരുന്നത്. തെക്കും ഭാഗം, വടക്കും ഭാഗം, ഇടയോരം, കിഴ ക്കും ഭാഗം എന്നിങ്ങനെ. എല്ലാ വർഷവും തുലാ മാസത്തിൽ കുമാരനല്ലൂരിൽ ദേവിയെ ആവാഹിച്ച് മഠത്തിൽ കൊണ്ടുവരും. വലിയ ആഘോഷ ത്തോടെ വള്ളത്തിലാണ് വരവ്. ദേവിയുടെ വിഗ്ര ഹത്തിൽ ചാർത്തുന്ന പവൻ മാലയും ഇക്കൂടെ കൊണ്ടുവരും. തുടർന്ന് ഓരോ കരക്കാരും ബ്രാഹ്മണസമൂഹവും ചേർന്ന് പാട്ടു നടത്തുക പതി

വായിരുന്നു. എന്നാൽ ക്ഷേത്രവും നിത്യ പൂജയും ഇവിടെ ഉണ്ടായിരുന്നില്ല. കാലക്രമത്തിൽ ക്ഷേത്രം നിർമ്മിക്കുകയും പ്രതിഷ്ഠനടത്തുകയും ചെയ്തു. കുമാരനല്ലൂർ ക്ഷേത്രവുമായുള്ള മാഞ്ഞൂരിന്റെ ബന്ധം ഇന്നു നിലനിർത്തുന്ന മറ്റൊരു കാര്യമാണ് വഴിപാടെന്ന നിലയിൽ ആണ്ടുതോറും നടത്തിവ രുന്ന ഉൽസവത്തിന് അശ്വനിവേലയും, കാർത്തി കവിളക്കും മാഞ്ഞൂർ നിവാസികൾക്ക് അവകാ ശപ്പെട്ടത് എന്നുള്ളത്.

ബ്രാഹ്മണ സമൂഹമഠം

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പാലക്കാട്ട് ഭാഗങ്ങളിൽ നിന്ന് കുറെ തമിഴ് ബ്രാഹ്മണർ മാഞ്ഞൂ രിൽ എത്തി. അയ്യൻകോവിൽ ഭാഗത്ത് അവർ താമസിക്കുകയും അവർക്കുവേണ്ടുന്ന സൗകര്യ ങ്ങൾ കുമാരനല്ലൂർ ദേവസ്വത്തിൽനിന്ന് ചെയ്തു കൊടുക്കുകയും ചെയ്തു. കുമാരനല്ലൂർ ക്ഷേത്രവു മായുള്ള കടപ്പാട് ഇപ്പോഴും അവർക്കു നിലനിൽക്കു ന്നു. ഓണക്കാലത്ത് കുമാരനല്ലൂർ ദേവിക്കുള്ള ഓണപ്പുടവ സമൂഹമഠം വകയായിരുന്നു. ഉത്രാട ത്തിൻനാൾ ഓണപ്പുടവ ക്ഷേത്രത്തിൽ എത്തി ക്കും.

നേരത്തെ മാഞ്ഞൂർകുടയെപ്പറ്റി പ്രസ്താ വിച്ചിരുന്നല്ലോ? ഭാരതവേലൻ സമുദായ ത്തിൽപ്പെട്ടവരുടെ സൃഷ്ടിയാണ് 'മാഞ്ഞൂർ കുട', ചരിത്രരേഖകളിൽ കാണുന്ന 'ഓലക്കുട'. ഏതാണ്ട് 30-40 വർഷം മുമ്പു പാഠപുസ്തകത്തിൽ വരെ ഉൾപ്പെടുത്തിയിരുന്നു. ഈ യശ്ശസിന്റെ ശില്പിയായി അറിയപ്പെടുന്നത് മുരശ്ശടി ശങ്കരൻ പത്മനാഭൻ ആണ്. മേല്പടി സ്ഥാനപ്പേര് രാജസന്നിധി യിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. അതുപോലെ തന്നെ അവർക്കുമാത്രം വശപ്പെട്ടിരുന്ന ഒരു കലാ വിഷ്കാരമായിരുന്നു ഓണംതുള്ളൽ. കേരളത്തിൽ മറ്റൊരിടത്തും കാണാത്ത തരത്തിൽ ഓണക്കാ ലത്ത് വീടിന്റെ മുറ്റങ്ങളിൽ ഇവർ ഈ കലാരൂപം അവതരിപ്പിച്ചിരുന്നു. പ്രത്യേകതരം പാട്ടും, കൊട്ടും, പാദവിന്യാസങ്ങളോടുംകൂടിയ ഓണംതുള്ളൽ ആ രെയും ഹഠാദാകർഷിക്കുന്ന ഒരു കലാവിശേഷ മായിരുന്നു. പക്ഷേ ഈ കലാവൈഭവം എങ്ങനെയോ നിലച്ചുപോയിരിക്കുന്നു.

മഞ്ഞുകൊണ്ടു മൂടിയ മാഞ്ഞൂരിൽ തെ ക്കും ഭാഗം, വടുക്കും ഭാഗം, ഇടയോരം, കിഴക്കും ഭാഗം എന്നിങ്ങനെയുള്ള കരയോടും പിൽക്കാലത്ത് കോതനല്ലൂർ, ഓമല്ലൂർ, ഇരവിമംഗലം എന്നീ ഗ്രാമ ങ്ങൾകൂടി ചേർന്ന് ഇന്നു നാം കാണുന്ന വിസ്തൃത മായ മാഞ്ഞൂരായിത്തീർന്നു.

മാഞ്ഞൂരാകട്ടെ വിവിധക്ഷേത്രങ്ങളുടെയും ആരാധനാലയങ്ങളുടെയും ഈറ്റില്ലമാണ്. മാഞ്ഞൂർ തെക്കും ഭാഗത്ത് ഭഗവതിക്ഷേത്രം ഇടയോരം ഭാഗ ത്ത് അയ്യൻ കോവിൽ ക്ഷേത്രം, കിഴക്കും ഭാഗത്ത് ശ്രീകണ്ഠേശ്വരം, പുതുക്കുളങ്ങര എന്നീക്ഷേത്ര ങ്ങൾ, കോതനല്ലൂർ ദേവീക്ഷേത്രം, ഓമനല്ലൂർ വാണിയങ്കാവ് ക്ഷേത്രം, ഇരവിമംഗലം സുബ്രഹ്മ ണ്യസ്വാമി ക്ഷേത്രം, മേമ്മുറിയിൽ നാമംകുളങ്ങര ദേവീക്ഷേത്രം, മാഞ്ഞൂർ വാതപ്പള്ളിൽ (ഇളംകാവ്) ക്ഷേത്രം, കുറുപ്പന്തറയിൽ മള്ളിയൂർ മഹാഗണപ തിക്ഷേത്രം, പറക്കത്താനത്ത് കന്റാറ്റുകാവു ക്ഷേത്രം എന്നിവ നിലകൊള്ളുന്നു. കൂടാതെ പത്താമുദയ മഹോൽസവം ആഘോഷിക്കുന്ന വിശ്വകർമ്മ കരുടെ പുരാതന പ്രസിദ്ധമായ പനന്താനത്ത് ദേവീക്ഷേത്രം, ഈഴവസമൂഹത്തിന്റെ വേലച്ചേരി ഭഗവതിക്ഷേത്രം എന്നിവയും ഉണ്ട്.

ചാമക്കാല പാറപ്പുറത്തും, മാൻവെട്ടം ഭാഗ ത്തും ഉള്ള ശ്രീനാരായണഗുരു മന്ദിരങ്ങൾ, അടു ത്തകാലത്ത് ശില്പകലാഭംഗിയിൽ തീർത്തിരിക്കുന്ന മാഞ്ഞൂർ തെക്കുംഭാഗത്തെ ശ്രീനാരായണഗുരുമന്ദി രവും ഭക്തജനങ്ങളെ ആകർഷിക്കുന്ന ആരാധ നാലയങ്ങൾ ആണ്. ഓരോ ക്ഷേത്രോൽപ്പത്തി യെയുംപറ്റി നൂറുനൂറു കഥകൾ പറയാനുണ്ടുതാനും. ഒരു കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ജീർണ്ണിച്ചും, അല്ലാതെയും കിടക്കുന്ന ചില ക്ഷേ ത്രങ്ങൾ പുനഃരുദ്ധരിക്കേണ്ടത് നമ്മുടെ ജനതയുടെ ആവശ്യമാണ്. അല്ല, അത്യാവശ്യമാണ്.

ക്രിസ്തീയ വിഭാഗങ്ങളും മാഞ്ഞൂരിൽ അ വരവരുടേതായ ആരാധനാലയങ്ങൾ നിർമ്മിക്കു ന്നതിലും ഒട്ടും പിന്നോക്കമല്ലായിരുന്നു. ചെറുതും, വലുതുമായ പന്ത്രണ്ടോളം ദേവാലയങ്ങളും അതി ലേറെ കുരിശുപള്ളികളും മാഞ്ഞൂരിന്റെ വിവിധ കേന്ദ്രങ്ങളിൽ തലയുയർത്തി നിൽക്കുന്നു. മാഞ്ഞൂ

രിന്റെ ഹൃദയഭാഗമായ കുറുപ്പന്തറ മണ്ണാറപ്പാറ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ ദേവാലയം ആയിരങ്ങളുടെ ആരാധനാലയമാണ്. ഡിസംബർ 2,3 തീയതികളിൽ നടത്തപ്പെടുന്ന തിരുനാൾ ദിവസങ്ങൾ മാഞ്ഞൂരാകെ ഉൽസവത്തിമിർപ്പിലും, ജനങ്ങളാകെ ആഘോഷപരിവേഷത്തിലും കൂപ്പുകുത്തുന്നു. കോതനല്ലൂർ വിശുദ്ധ ഗർവ്വാസീസ് പ്രോത്താസീസ് കന്തീശങ്ങൾ പള്ളി, മാൻവെട്ടത്തുള്ള വിശുദ്ധ ഗീവർഗീസ് സഹദായുടെ പള്ളി, കാഞ്ഞിരത്താനം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച് എന്നിവയും ദേവാലയങ്ങളുടെ ഗണത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. ചാമക്കാലാ സെന്റ് ജോൺസ് ദേവാലയം, മാഞ്ഞൂർ തെക്കുംഭാഗത്തെ വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള മകുടാലയംപള്ളി, കുറുപ്പന്തറ കവലയിലെ സെന്റ് തോമസ് ചർച്ച് കൂടാതെ മേമ്മുറി ചെറുപുഷ്പ ദേവാലയം, ഊന്നുകല്ലേൽ സി.എസ്. ഐ. ചർച്ച്, സ്ലീവാപുരം മാർസ്ലീവാപള്ളി, നമ്പ്യാകുളം സെന്റ് തോമസ് മൗണ്ട് ചർച്ച്, കോതനല്ലൂരിൽ തൂവാനിസാ ധ്യാനകേന്ദ്രം, ഇടവകപ്പള്ളിയായി ഉയരുന്ന മുത്തിയമ്മ ചർച്ച് എന്നിവയും ആരാധനയ്ക്കു സാക്ഷ്യം വഹിച്ചു നിലകൊള്ളുന്നു. ഈ ദേവാലയങ്ങളെല്ലാം കെട്ടിപ്പടുക്കുന്നതിൽ നമ്മുടെ മുൻഗാമികൾ അനുഭവിച്ച ത്യാഗവും, ബുദ്ധിമുട്ടും അചിന്ത്യമാണ്. പിടിയരി പിരിച്ചും, കെട്ടുതെങ്ങുകെട്ടിയും കെട്ടുതാലി പണയം വച്ചു പോലും അവർ പണം കണ്ടെത്തി. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. കാലമെത്ര മാറിയാലും താല്പര്യവും, ദീർഘവീക്ഷണവുമുണ്ടെങ്കിൽ നമുക്ക് എന്തും നേടാൻ കഴിയുമെന്നുള്ളതിന് പ്രത്യക്ഷോദാഹരണങ്ങളാണിവ.

സാംസ്കാരികരംഗത്തും മാഞ്ഞൂർ ഒട്ടും പിന്നോക്കമല്ലതന്നെ. മാഞ്ഞൂരിന്റെ പേരെടുത്തു പറയാവുന്ന പലതരം കലാസമ്പ്രദായങ്ങൾ നൂറ്റാണ്ടുകൾക്കു മുമ്പേ നിലവിലിരുന്നു. ഓണക്കാലത്തു നടത്തപ്പെടുന്ന ഓണം തുള്ളൽ, ഓത്തുപാട്ട്, പുള്ളുവൻ പാട്ട്, ശാസ്താംപാട്ട് എന്നിവ അവയിൽപ്പെടുന്നു. ചുറ്റുമുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ പ്രചാരത്തിലിരിക്കുന്ന മാർഗ്ഗംകളി ഒരു ദേശീയകലയായി ഇന്നു വളർന്നുകൊണ്ടിരിക്കുന്നു. മിടുക്കന്മാരും മിടുക്കികളുമായ ചുണക്കുട്ടികൾ തലയിൽ വിരിപ്പാവു കെട്ടി ചുവടു വച്ച് താളമടിച്ച് പാട്ടുപാടിക്കളിക്കുന്ന കലാവിഷ്കാരം ഒരു കായികാഭ്യാസപ്രകടനവും ഒപ്പം രസനിഷ്യന്തിയുമാണ്. പത്താമുദയ മഹോൽസവക്കാലത്ത് പനന്താനം ദേവീക്ഷേത്രത്തിലും വേലച്ചേരി ദേവീക്ഷേത്രത്തിലും നടത്തപ്പെടുന്ന കളമെഴുത്ത് നമ്മളെ കലാഭംഗികൊണ്ട് അമ്പരിപ്പിക്കുന്നതും അദ്ഭുതപ്പെടുത്തുന്നതുമായ ഒരു കലയാണ്. വിശ്വാസങ്ങളുടെയും മാമൂലുകളുടെയും അടിസ്ഥാനത്തിലാണ് ഈ ക്ഷേത്രങ്ങളിൽ നാഗപൂജനടക്കുന്നത്. നാഗദൈവങ്ങൾക്ക് നൂറും പാലും നൽകിയാണ് ആരാധന. പച്ചിലകൾ ഉണക്കിപ്പൊടിച്ച് അരിപ്പൊടിയും മറ്റ് കുങ്കുമക്കൂട്ടുകളും ചേർത്ത് പുള്ളുവന്മാർ, ചാണകമെഴുകിയ തറയിൽ നാഗദൈവങ്ങളെ വരച്ചിടുന്നു. ഈ ചിത്രങ്ങൾക്കു മുകളിലാണ് കാപ്പും (ഏകദേശം നാല്പതു വയസ്സിനുമുകളിൽ പ്രായമുള്ള ആൾ) കന്യാവും (കൊച്ചു പെൺകുട്ടി) തുള്ളി ഉറയുന്നത്. സർപ്പദൈവങ്ങൾ ഇവരിലേക്ക് ആവേശിക്കപ്പെടുന്നുവെന്നാണ് വിശ്വാസം.

മാഞ്ഞൂരിന്റെ പ്രശസ്തി വിളിച്ചോതുന്ന മറ്റൊന്നാണ് കാഞ്ഞിരത്താനത്തുള്ള പുലിയള. കാഞ്ഞിരത്താനം അന്ന് വടക്കുംകൂർ, തെക്കുംകൂർ രാജ്യങ്ങൾ തമ്മിലുള്ള അതിർത്തിയായിരുന്നു. അവിടെ രാജാക്കന്മാർക്ക് താമസിക്കാൻ പ്രത്യേകം മാളികയും, ഭടന്മാരുടെ പാളയവും ഉണ്ടായിരുന്നു. കൂടാതെ തങ്ങളുടെ രാജ്യത്തെ ആരെങ്കിലും ആക്രമിക്കാൻ വരുന്നുണ്ടോയെന്ന് നിരീക്ഷിക്കാനും ഭടന്മാർക്ക് ഒളിച്ചുതാമസിക്കാനും വേണ്ടിയാണ് പുലിയള നിർമ്മിക്കപ്പെട്ടത്. ഈ പുലിയളയിൽ കിണറും, കമാനങ്ങളും, വളച്ചുവാതിലും ഒക്കെ ഇന്നും കാണാം.

ഇനിയും സാമൂഹിക സാംസ്കാരിക രംഗത്തു പ്രശോഭിച്ചിരുന്ന മൺമറഞ്ഞുപോയവരും, അല്ലാത്തവരുമായ മാഞ്ഞൂരിന്റെ വീരസന്താനങ്ങൾ ഇപ്പോഴത്തെ തലമുറയ്ക്കും ഒപ്പം വരും തലമുറയ്ക്കും വഴികാട്ടികളായിരുന്നു. ഈ വീരസന്താനങ്ങളെ ആദരവോടെ സ്മരിക്കുന്നു. ഏതദ്ദേശീയ സഭയുടെ പ്രഥമമെത്രാൻ വന്ദ്യദിവ്യശ്രീ മത്തായി മാക്കിൽ തിരുമേനി, പുണ്യശ്ലോകനായ മൈലപ്പറമ്പിൽ കുര്യാക്കോസ് കത്തനാർ, കവിയും കഥാകാരനുമായ ശ്രീ. ജോർജ് പള്ളിപ്പറമ്പൻ, സാഹി

ത്യകാരനും കഥാകൃത്തുമായ വിദ്വാൻ ജോസഫ് പള്ളിപ്പറമ്പൻ, പാരമ്പര്യവിഷചികിത്സയ്ക്ക് പ്രസിദ്ധരായ വലിയവീട്ടിൽ രാമൻപിള്ള സാർ, ശ്രീ മാത്യു കുരിശുങ്കൽ, ബാലചികിത്സാവിദഗ്ധനായ ശ്രീ മാത്തൻ കുരുവിള കുര്യൻ, സ്വാതന്ത്ര്യസമരസേനാനികളും താമ്രപത്ര ജേതാക്കളുമായ ശ്രീ മാത്യു പോൾ തെങ്ങുംപള്ളിൽ, ശ്രീ. വർക്കി ചാക്കോ താനപ്പനാൽ, നിഘണ്ടു കർത്താവായ ശ്രീ. സി.എ സ്സ്. മുട്ടത്തുപാടം, വൈദികശ്രേഷ്ഠനായ ഫാദർ മാത്യു കൊട്ടാരത്തുമ്യാലിൽ, കുറുപ്പന്തറയുടെ വികസനത്തിനു തേർതെളിച്ച ശ്രീ. വി.ടി. ജോൺ എന്നിവർ മൺമറഞ്ഞുപോയവരിൽ പ്രധാനികളാണ്. മഹാഭാഗവതഹംസം ബ്രഹ്മശ്രീ മള്ളിയൂർ ശങ്കരൻ നമ്പൂതിരി, സാഹിത്യകാരനായ ശ്രീ. ജോസഫ് മാൻവെട്ടം, പത്രാധിപരും നോവലിസ്റ്റുമായ ശ്രീ. ജോർജ് വല്ലാട്ട് എന്നിവർ ജീവിച്ചിരിക്കുന്ന ധന്യരിൽ ചിലർമാത്രം. മാഞ്ഞൂരിൽ ഏറ്റമാദ്യം പുസ്തകരചന നടത്തി അച്ചടിക്കപ്പെട്ട കൃതിയുടെ കർത്താവ് ശാന്തിഭവനത്തിൽ ഗോവിന്ദപ്പിള്ള സാറിനെ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു.

1953-ൽ മാഞ്ഞൂർ പഞ്ചായത്ത് 'വില്ലേജ് പഞ്ചായത്ത്' എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. 1953 ആഗസ്റ്റ് 15-ാം തീയതി അന്നത്തെ ആരോഗ്യമന്ത്രി ശ്രീ. വി.കെ. വേലപ്പൻ നായരുടെ സാന്നിദ്ധ്യത്തിൽക്കൂടിയ യോഗത്തിൽ വച്ച് പുതിയ പഞ്ചായത്ത് നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്തു പ്രസിഡന്റ് ശ്രീ. എം.സി. എബ്രാഹം Ex. M.L.A യും, വൈസ് പ്രസിഡന്റ് ശ്രീ. വി. റ്റി. ജോൺ വഴുതനപ്പള്ളിയുമായിരുന്നു. 1962-ൽ രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ. എം.പി. അലക്സാണ്ടർ മാക്കിലും, വൈസ്പ്രസിഡന്റ് ശ്രീ. എം. ജനാർദ്ദനൻ നായരും ആയിരുന്നു. നീണ്ട 17 വർഷക്കാലം ഈ പഞ്ചായത്തു കമ്മിറ്റി ഭരണത്തിൽ ഇരുന്നു. തുടർന്നു വന്ന പഞ്ചായത്തുകമ്മിറ്റി 1979 മുതൽ 1984 വരെ ശീ. വി.ജെ. ജോൺ വഴുതനപ്പള്ളി പ്രസിഡന്റായും ശ്രീ. വി.ആർ. രാമകൃഷ്ണൻ നായർ വൈസ് പ്രസിഡന്റായും 1988 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ ശീ. സി.എൽ. ജോസഫ് പ്രസിഡന്റായും ശ്രീ. റ്റി.പി. ബാലകൃഷ്ണൻ നായർ വൈസ്പ്രസിഡന്റായും പ്രവർത്തിച്ചു. 1980-ൽ 9 വാർഡുകൾ വിഭജിച്ച് 11 വാർഡായും 1991 ൽ വീണ്ടും വിഭജിച്ച് 12 വാർഡായും തീർന്നു.

ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാമെമ്പർ ശ്രീമതി കല്ല്യാണി കേശവൻ വഞ്ചിപ്പുരയ്ക്കലും, ആദ്യത്തെ പട്ടികജാതി പട്ടിക വർഗ്ഗ മെമ്പർ ശ്രീ. പി.ഐ. ചോതിയും ആയിരുന്നു.

നിലവിലിരിക്കുന്ന മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡന്റ്
ശ്രീ. V.L തോമസ് വാളംകുളത്തിൽ


വൈസ് പ്രസിഡന്റ്
ശ്രീമതി ഊർമ്മിളാ ഗോവിന്ദൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ശ്രീ. ടോമി പ്ലാക്കുഴി

മെമ്പർമാർ
ശ്രീ. കെ.സി. മാത്യു
ശ്രീ. വി. ചെല്ലപ്പൻ
ശ്രീമതി വൈഷ്ണവി വിജയൻ
ശ്രീ. ടി.എസ്. പ്രസാദ്
ശ്രീ. രാജു മാണി
ശ്രീ. ചാണ്ടി ചാക്കോ
ശ്രീമതി അനിതാ മാത്യു
ശ്രീ. സി.എം. ജോർജ്
ശ്രീമതി അന്നമ്മ പോൾ

പഞ്ചായത്തു പ്രസ്ഥാനം നിലവിൽ വന്നതോടെ പഞ്ചായത്തിന്റെ പുരോഗതിക്കു വളരെയേറെ വികസന പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഇനിയും പരിഹരിക്കുവാൻ വളരെയേറെ. പുതിയ ഗ്രാമപഞ്ചായത്തുസഭ കൂടുതൽ ജാഗരൂകതയോടും, ജനപങ്കാളിത്തത്തോടും പ്രവർത്തിച്ച്, പൂർത്തീകരിക്കുവാനുള്ള പദ്ധതികൾ പൂർത്തീകരിച്ചും, ജനങ്ങളുടെ ആശയാഭിലാഷങ്ങൾ പരിഹരിച്ചും മുന്നോട്ടു പോകുമെന്ന് പ്രതീക്ഷിക്കാം. അങ്ങനെയൊരു രാമരാജ്യം നിലവിൽവരട്ടെ.

ഭൂപ്രകൃതി ജനപ്രകൃതി



ഭൂപ്രകൃതി

കിഴക്കുനിന്നും വലിയ ഏറ്റത്താഴ്ചകളില്ലാതെ പടിഞ്ഞാറോട്ട് ചെരിഞ്ഞുകിടക്കുന്ന താഴ്വരപ്രദേശങ്ങളും, എക്കൽമണ്ണു നിറഞ്ഞ പാടശ്ശേഖരങ്ങളുമാണ് മാഞ്ഞൂർ പഞ്ചായത്തിലുള്ളത്. കിഴക്കൻ മേഖല ചെറിയ പാറക്കൂട്ടങ്ങളുള്ള ചെങ്കൽ പ്രദേശങ്ങളാണ്. പാടശേഖരങ്ങൾ അധികവും പടിഞ്ഞാറൻ മേഖലയിലാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തരംതിരിക്കാം (പട്ടിക 1)

എടുത്തു പറയത്തക്ക പുഴകളൊന്നും മാഞ്ഞൂർ പഞ്ചായത്ത് അതിർത്തിയിലില്ല. നാണ്യവിളകളും സുഗന്ധവിളകളും കൊണ്ട് സമ്പന്നമായ കോട്ടയം ജില്ലയുടെ വടക്കുപടിഞ്ഞാറായി വൈക്കം താലൂക്കിൽ 28.98 ചതുരശ്രകിലോമീറ്ററിൽ അക്ഷാംശം 9^0-6' and 9^0-18' നോർത്തും രേഖാംശം 75^0-42' and 76^0-8' ഈസ്റ്റിലും സ്ഥിതി ചെയ്യുന്നു. പഠനപര്യടനത്തിൽ നിന്നു ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 1

No.	ഭൂപ്രകൃതി	ശതമാനത്തിൽ
1.	താഴ്വര പ്രദേശങ്ങൾ	71.36%
2.	തീരപ്രദേശങ്ങൾ	26.02%
3.	ജലാശയങ്ങൾ (തോട്, പുഴ, കുളം)	2.62%
	ആകെ	100%

കോതനല്ലൂർ വില്ലേജിൽ 3443 ഏക്കറും മാഞ്ഞൂർ വില്ലേജിൽ 3718 ഏക്കറിലുമായി 7161 ഏക്കർ ഭൂമിയാണ് ഈ പഞ്ചായത്തിലുള്ളത്.


പട്ടിക 2

ഭൂമിസംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	പുരയിടം ഏക്കറിൽ	നിലം ഏക്കറിൽ	പുറംപോക്ക് ഏക്കർ	ആകെ ഏക്കർ
കോതനല്ലൂർ	2770	603	70	3443
മാഞ്ഞൂർ	2264	1266	188	3718
			ആകെ	7161
				2898 ഹെക്ടർ

പഠനപര്യടനം


കിഴക്ക് - പടിഞ്ഞാറ്



ഭൂപ്രകൃതി	താഴ്വര പ്രദേശങ്ങൾ (70%)	നിലം30%(പുഞ്ചനിലങ്ങൾ)
മണ്ണിന്റെ ഘടന	ചെങ്കൽ മണ്ണ് ഇടയ്ക്കിടെ പാറകളും	എക്കൽമണ്ണ്
സസ്യഘടന	റബ്ബർ, തെങ്ങ്, പച്ചക്കറി, കവുങ്ങ്, കൊക്കോ	നെല്ല് മത്സ്യകൃഷി

പഠനപര്യടനം

തെക്ക് - വടക്ക്



ഭൂപ്രകൃതി	താഴ്വര	(കരപ്പാടം) (നിലം)	ചെറിയ ചെരിവ്	കരപ്പാടം (നിലം)	താഴ്വര
മണ്ണിന്റെ ഘടന	ചെങ്കല്ല്	ചെളിമണ്ണ്	ചെങ്കല്ല്	ചെളി	ചെങ്കല്ല്
സസ്യഘടന	റബ്ബർ,തെങ്ങ്, പച്ചക്കറി	നെല്ല് പച്ചക്കറി കൊക്കോ കവുങ്ങ്	റബർ, തെങ്ങ്	നെല്ല് പച്ചക്കറി	റബർ തെങ്ങ്

പട്ടിക -3

പുറംപോക്ക് ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

(വിസ്തീർണ്ണം ഏക്കർ - സെന്റിൽ)

വില്ലേജ്	റോഡ്	തോട്	കുളം	പുഴ	റെയിൽവേ	റവന്യൂ	ആകെ
കോതനല്ലൂർ	37.42	22.85	2.50	—	5.25	2.36	70.37
മാഞ്ഞൂർ	13.95	153.24	2.71	—	16.59	1.14	187.63
							258.00 ഏക്കർ (104.42 ഹെ.)

പട്ടിക -4

പഞ്ചായത്ത് അതിർത്തിയിലുള്ള തോടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു

നമ്പർ	തോടിന്റെ പേര്	നീളം (മീറ്റർ)	വീതി (മീറ്റർ)
1	കുറുപ്പന്തറ - കളമ്പുകാട് തോട് (ജലഗതാഗതത്തിന് ഉപയോഗിക്കാവുന്നത്)	4000 M	10 M
2	കുഴിയാഞ്ഞാൽ - നീണ്ടൂർ തോട് (ജലഗതാഗതത്തിനു ഉപയോഗിക്കാവുന്നത്)	4050 M	6 M
	കൃഷിയാവശ്യത്തിനും ഉപരിതല ജലനിർഗ്ഗമനത്തിനും ഉപയോഗിക്കാവുന്ന തോടുകൾ		
3	ഗണപതി തോട്	3000 M	3
2	കന്റാറ്റുപാടം - കുറുപ്പന്തറ കടവു തോട്	3560 M	3.2
3	ആറന്ന പാടം തോട്	2000	3
4	ഇരുവേലി കുറുപ്പന്തറ കടവ്	3000	3
5	മണിയഞ്ചിറ കുളം തൂവാനീസാ തോട്	3000	4
6	ഞാറക്കൽ തോട്	4050	4
7	പൂവക്കാട്ടുചിറ തോട് (കുറുമ്പേനി തോട്)	2500	4
8	തണങ്ങനാട്ടു ചിറ തോട്	1800	4
9	മുട്ടുചിറ കുറുപ്പന്തറ കടവ് തോട്	2 K.M.	12 Mt.
10	കാപ്പുതോട്	1.5 K.M.	8 Mt.
11	പന്നിവേലി കുഴിവേലി തോട്	2 K.M.	4 Mt.
12	കണിയാംവേലി തോട്	2 K.M.	6 Mt.
13	പ്ലാക്കീതാഴെ തോട്	0.5 K.M.	3 Mt.
14	പഴഞ്ചിറകുളം ഗണപതിക്കൻ	1.0 K.M.	12 Mt.

പട്ടിക -5

പഞ്ചായത്ത് വക

കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ

വാർഡ്	കുളങ്ങൾ	കിണറുകൾ	കുഴൽകിണർ
1			
2	1	1	
3	1	3	1
4	1	5	1
5	1	2	
6			1
7	1	2	
8		1	1
9	3	3	
10		1	
11	1	12	1
12		12	3

കോട്ടയം - എറണാകുളം മെയിൻറോഡ് മാഞ്ഞൂരിന്റെ മദ്ധ്യത്തിൽക്കൂടി തെക്ക് വടക്കായി കടന്നുപോകുന്നു. കുറവിലങ്ങാടിനെയും കല്ലറയെയും തമ്മിൽ ബന്ധിപ്പിക്കുന്ന സെൻട്രൽ റോഡ് പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യത്തിൽക്കൂടി കിഴക്കുപടിഞ്ഞാറായി പോകുന്നു. എറണാകുളം - കോട്ടയം - തിരുവനന്തപുരം റെയിൽവേലൈൻ പഞ്ചായത്തിന്റെ മദ്ധ്യത്തിൽക്കൂടി തെക്ക്വടക്കായി കടന്നുപോകുന്നു. 25 ഓളം പാടശേഖരങ്ങളിലായി 716 ഏക്കർ പുഞ്ചപ്പാടങ്ങളും 1150 ഏക്കർ വരുന്ന കരപ്പാടങ്ങളും മാഞ്ഞൂർ പഞ്ചായത്തിലുണ്ട്. ശരാശരി 3117 മില്ലിമീറ്റർ മഴ ലഭിക്കുന്നു. കൂടിയ ചൂട് 36.4 ഡിഗ്രി സെൽഷ്യസും കുറഞ്ഞ ചൂട് 19.0 ഡിഗ്രി സെൽഷ്യസും അനുഭവപ്പെടുന്ന ഭൂപ്രദേശമാണ് മാഞ്ഞൂർ. കൂടുതൽ മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിൽനിന്നു ജൂൺ ജൂലൈ മാസങ്ങളിലാണ്.

കഴിഞ്ഞ 36 വർഷത്തെ മഴയെ സംബന്ധിച്ച വിവരങ്ങൾ താഴെചേർക്കുന്നു.



പട്ടിക - 6

1961 മുതൽ ലഭിച്ച മഴയുടെ കണക്ക്

year	Jan	Feb	Mar	Apr	May	Jun	Juy	Aug	Sep	Oct	Nov	Dec	Ann
1961	35.5	27.2	25.1	183.4	458.0	878.3	781	552.2	99.4	26.9	30.5	64.8	3649.3
1962	22.8	6.6	74.9	133.1	587.3	224.8	952.6	468.8	58.3	439.6	48.3	28.2	3445.5
1963	66.1	71.0	64.9	79.7	179.2	308.3	634.8	487.7	49.5	234.2	324.1	58.9	2858.4
1964	0.0	24	30.6	45.0	133.4	390.9	851.7	326.4	22.7	453.7	146.9	2.5	3056.2
1965	0.0	0.0	52.6	86.1	239.1	485.1	296.4	394.1	70.4	198.7	134.1	142.2	2198.8
1966	0.0	0.0	127.0	103.9	31.7	429.7	450.6	101.0	85.1	333.9	497.1	13.2	2373.9
1967	119.3	0.0	36.7	75.1	377.6	695.0	516.1	490.1	70.5	160.8	73.3	19.2	2733.6
1968	16.0	64.2	164.7	162.2	77.2	729.8	1202.9	328.8	389.6	167.8	112.8	124.4	3539.4
1969	4.0	1.1	40.2	194.0	304.6	569.0	969.0	327.7	81.0	285.6	196.9	133.6	3206.7
1970	4.8	17.4	54.2	347.4	234.1	601.9	469.5	602.1	50.2	399.0	73.6	15.8	3170.0
1971	52.9	26.2	31.9	149.6	421.0	895.6	704.6	411.8	70.2	149.5	40.2	61.9	3315.3
1972	3.8	9.2	3.0	182.7	515.3	371.6	580.1	216.4	93.3	368.8	206.2	180.9	2928.3
1973	0.0	0.0	24.0	304.2	130.1	500.6	532.0	425.5	4.6	305.0	201.2	112.0	2646.4
1974	0.6	57.8	82.2	306.4	452.0	287.6	712.3	643.4	11.4	265.2	57.0	14.6	3290.5
1975	12.0	77.1	97.2	240.2	132.2	746.2	436.6	626.9	67.2	492.3	284.5	52.2	3664.7
1976	0.0	0.0	37.4	265.7	116.1	226.0	557.7	321.6	10.0	356.6	383.9	48.9	2423.9
1977	0.0	63.7	127.1	169.0	480.2	642.2	563.9	307.9	94.4	559.3	271.1	53.8	3533.1
1978	11.0	103.1	90.0	134.2	683.4	587.6	691.0	542.4	7.4	328.7	341.7	28.8	3709.3
1979	0.0	23.0	0.0	78.6	115.9	784.1	539.7	276.4	63.3	324.8	299.5	53.8	2399.1
1980	0.0	16.2	25.8	172.1	172.2	838.6	772.5	471.9	62.0	307.6	241.8	6.7	3187.4
1981	1.2	26.6	95.0	218.1	133.7	1042.1	503.3	579.1	36.3	200.0	228.5	30.6	3587.3
1982	2.2	7.1	26.9	67.7	276.9	745.6	445.1	396.0	17.7	252.1	154.8	23.0	2495.1
1983	0.0	0.0	0.0	23.9	127.9	302.8	523.5	532.1	38.3	127.2	221.9	84.7	2482.3
1984	52.3	184.9	111.0	341.2	71.5	719.2	701.2	227.3	57.5	127.1	180.0	14.3	3018.1
1985	126.7	35.5	37.3	143.2	366.4	901.3	451.7	258.7	20.3	325.6	256.3	61.7	3234.7
1986	0.0	15.0	41.0	108.3	178.0	559.3	353.9	529.9	29.6	133.4	270.2	6.1	2466.7
1987	0.0	16.6	0.0	112.3	192.8	698.6	181.7	651.2	43.8	310.5	267.5	74.7	2749.7
1988	0.0	48.8	144.1	226.1	120.2	501.2	515.7	568.5	23.6	101.8	163.9	67.3	3081.2
1989	9.6	0.0	12.8	160.0	251.9	701.4	706.9	343.6	16.6	417.0	143.4	10.8	3074.0
1990	30.7	5.5	49.4	32.0	489.4	578.2	594.3	220.0	22.1	410.0	238.5	18.5	2789.6
1991	2.7	7.2	58.5	215.1	171.9	1373.4	648.6	433.4	18.3	416.4	171.9	22.9	3564.6
1992	0.0	3.1	0.0	120.3	298.0	940.3	1018.4	605.6	56.4	419.7	317.7	1.2	4080.7
1993	0.0	27.0	12.3	159.6	266.4	1034.7	996.0	217.1	95.1	432.7	258.8	77.2	3576.9
1994	35.6	97.2	60.1	262.0	252.3	622.8	646.9	564.2	203.7	477.9	116.0	1.6	3340.3
1995	0.0	0.0	21.2	407.4	539.7	569.8	678.9	540.7	334.4	269.3	325.6	0.0	3687.0
1996	22.8	4.4	0.0	166.1	116.9	522.7	608.8	300.4					

TABLE-7

MAXIMUM AND MINIMUM TEMPERATURE

	January		February		March		April		May		June		July		August		Sept.		October		Nov.		December	
Year	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min
1956	31.9		32.7		33.4		33.8		29.0		28.6		28.3		28.7		28.9		29.0		31.4		32.2	
57	33.3		33.9		35.4		33.0		31.7		29.2		29.8		28.7		29.8		30.3		31.5		31.8	
58	32.4		33.2		34.1		32.5		30.6		29.2		29.3		28.6		30.5		30.1		29.5		30.5	
59	32.1		32.7		34.7		31.4		31.2		27.7		27.0		27.9		27.9		28.9		29.9		30.6	
60	32.0		33.3		33.5		30.7		28.9		28.6		28.7		28.0		27.4		29.3		29.4		31.1	
61	31.4	20.1	31.9	21.0	33.4	22.5	31.6	22.3	29.9	22.7	27.1	21.7	27.1	20.9	27.2	21.3	28.0	21.1	28.6	21.1	28.7	21.0	30.3	20.3
62	31.0	20.2	32.5	20.4	32.2	21.4	31.2	22.1	29.2	21.5	28.7	21.8	26.8	20.9	27.4	21.4	27.2	21.2	27.4	20.9	30.0	20.9	29.5	20.9
63	30.3	20.1	30.5	20.6	30.6	21.3	32.0	22.1	30.6	22.6	29.5	21.1	27.6	20.9	27.9	20.8	28.7	21.4	29.0	21.0	29.9	20.8	29.3	20.6
64	30.9	19.0	31.7	20.6	31.9	22.8	30.6	23.5	30.9	23.0	28.3	21.5	26.7	20.5	27.5	20.9	27.1	20.4	27.9	20.2	28.7	19.9	31.0	18.7
65	30.1	19.8	30.9	201	30.0	22.0	30.6	22.7	29.8	22.6	28.2	22.0	28.4	21.2	28.4	20.0	28.4	22.1	30.7	22.5	28.2	21.5	29.3	21.1
66	31.9	21.7	32.0	22.0	30.6	21.9	31.1	22.8	31.2	23.6	28.1	22.6	26.2	22.4	28.0	22.8	28.4	22.1	28.4	22.0	30.3	22.1	30.2	21.5
67	30.5	20.5	30.8	20.5	32.3	22.4	32.4	23.0	29.3	23.2	28.6	22.2	27.1	21.3	27.8	21.3	29.6	21.5	30.0	21.6	28.7	20.8	31.3	21.5
68	31.8	21.1	32.3	21.2	35.5	21.7	33.8	23.0	31.8	23.0	29.7	22.0	27.6	21.5	29.1	22.1	29.3	21.6	30.6	22.8	31.3	22.6	30.6	21.8
69	32.2	21.9	33.2	23.3	34.3	24.3	32.8	24.8	31.7	24.9	29.5	23.3	28.0	22.5	29.7	22.9	29.4	22.5	30.3	22.8	30.9	22.0	31.0	23.0
70	32.5	22.2	33.8	22.4	33.8	23.8	34.2	23.7	31.8	24.3	29.4	23.3	28.6	22.7	28.9	22.8	29.5	22.	29.8	22.9	30.7	22.5	30.7	20.6
71	31.9	21.1	32.7	22.1	33.6	22.5	33.2	23.3	31.0	21.5	28.6	20.0	28.0	20.2	20.4	20.7	29.4	21.9	29.3	21.8	31.4	22.5	30.2	21.0
72	31.7	20.0	32.4	21.8	34.3	24.0	33.0	23.9	30.6	23.7	30.7	23.8	29.1	22.3	29.2	22.4	29.5	23.0	30.1	23.3	30.6	23.2	30.7	22.9
73	32.6	21.6	34.1	24.	34.2	24.6	32.4	25.1	32.2	25.1	29.5	23.8	29.1	33.4	27.4	21.9	29.9	23.4	29.9	23.3	31.0	22.9	30.3	22.2
74	31.1	21.0	33.1	22.0	33.6	24.2	32.4	24.2	31.5	24.6	30.0	23.6	28.2	23.0	28.6	23.0	29.5	23.2	29.4	22.8	30.3	23.0	32.1	21.9

	January		February		March		April		May		June		July		August		Sept.		October		Nov.		December	
Year	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min	Max	Min
75	32.1	21.6	32.9	23.3	32.9	24.3	32.5	24.7	31.4	24.4	28.8	22.9	28.8	22.9	28.2	22.9	29.2	23.1	29.0	22.7	30.9	23.0	30.9	22.3
76	31.6	21.1	32.0	22.2	33.9	23.2	33.5	23.9	31.8	24.7	30.8	23.9	29.1	23.0	29.5	23.2	30.1	23.5	30.5	23.3	30.2	23.2	32.2	22.6
77	36.4	21.8	32.7	23.2	32.7	24.5	33.5	24.6	31.1	24.4	29.5	23.8	29.1	22.9	29.9	23.7	30.2	23.8	30.6	22.9	30.3	23.1	32.1	22.0
78	32.4	21.4	33.5	23.0	33.4	23.8	34.6	24.5	31.9	24.2	28.8	22.6	28.4	22.7	28.2	23.0	29.7	22.9	30.7	23.4	30.3	22.7	32.4	22.9
79	33.0	22.6	32.9	23.6	34.4	24.0	33.9	24.6	32.8	24.5	30.5	23.6	28.6	23.2	28.2	23.2	30.1	23.	31.2	23.5	30.1	23.3	32.2	22.9
80	32.6	21.4	32.9	22.4	34.2	24.0	33.5	24.1	33.1	24.1	31.2	23.6	28.6	22.8	29.6	23.1	30.5	23.3	31.0	23.5	30.6	23.2	31.9	22.7
81	32.0	22.1	33.3	22.5	34.6	23.5	34.2	24.5	32.7	24.4	28.5	23.0	29.5	22.0	29.2	23.0	29.4	23.3	30.7	23.4	31.4	23.1	31.8	22.6
82	32.7	21.9	32.8	23.4	34.1	24.5	35.7	24.8	33.0	24.5	29.4	23.6	29.3	23.0	29.2	22.9	30.7	23.2	31.6	22.7	30.7	23.1	32.4	21.3
83	33.2	21.2	34.0	23.2	34.9	24.0	35.7	25.0	34.3	25.1	31.4	24.1	30.0	23.5	29.5	23.2	29.8	22.9	31.2	20.0	31.8	22.5	31.6	22.7
84	31.9	22.1	32.4	23.0	32.9	23.4	32.8	23.9	33.3	24.9	29.2	22.7	28.9	22.3	29.7	22.6	30.6	22.5	27.8	22.0	31.6	22.5	31.9	21.9
85	32.1	22.2	32.8	22.	34.4	23.1	33.	23.6	32.6	23.6	27.6	22.0	28.9	21.7	29.7	22.8	30.4	23.1	30.7	22.8	30.8	22.4	33.1	22.7
86	32.1	22.2	32.6	22.7	34.2	23.9	34.3	24.9	32.	24.3	29.8	23.1	29.3	23.3	28.9	22.4	30.0	22.7	30.7	23.3	30.9	22.1	31.9	22.9
87	33.3	22.1	33.3	22.9	35.3	23.8	35.1	25.0	33.7	24.3	30.3	23.5	30.5	23.7	29.4	23.7	31.0	23.8	31.3	23.7	31.3	23.0	31.9	21.8
88	32.8	21.3	33.8	23.3	33.5	24.1	33.4	23.9	32.6	25.0	30.3	23.6	29.5	22.9	29.5	23.2	29.8	22.5	31.2	23.5	31.3	23.0		
89	32.3	21.8	32.5	21.7	33.7	23.4	33.3	24.1	31.6	24.2	28.7	22.7	28.7	22.9	29.3	22.8	29.4	22.9	30.3	22.9	31.8	22.0	32.0	20.9
90	31.9	20.5	33.9	22.3	34.7	23.8	34.3	25.	31.4	23.8	29.8	23.1	28.9	22.3	29.2	23.0	30.6	23.1	31.0	22.9	30.4	22.6	32.9	22.6
91	32.7	23.5	34.0	23.8	34.4	25.0	34.	23.9	33.6	24.9	29.3	23.3	30.2	22.5	29.2	22.5	31.1	23.4	30.7	22.8	31.7	22.6	32.2	21.2
92	32.8	19.5	33.5	22.1	35.8	23.1	35.7	24.7	33.8	24.2	30.4	23.6	28.7	22.6	29.4	23.1	30.0	22.8	30.5	23.1	31.5	23.1	32.9	21.3
93	32.7	20.2	33.5	21.9	34.9	24.1	34.6	24.4	33.2	24.3	30.0	23.4	28.0	22.7	30.0	23.4	30.7	23.0	30.4	23.0	30.0	30.1	31.8	22.8
94	32.9	21.6	32.8	23.6	33.0	23.5	32.7	23.8	32.1	24.6	29.2	23.2	28.3	22.6	29.2	22.7	30.5	23.2	30.0	22.4	30.9	22.8	32.8	21.7
95	33.2	22.3	33.2	23.4	34.3	23.7	33.6	23.8	31.8	24.0	30.0	24.2	28.5	23.5	29.2	23.0	29.5	23.5	30.9	23.4	30.7	22.9	32.4	19.9
96	32.6	21.0	33.5	21.7	34.9	23.6	36.6	23.7	32.5	23.1	29.6	21.4	28.2	21.5	28.6	23.5	28.9	23.4	30.2	22.3				



ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മാഞ്ഞൂർ പഞ്ചായത്തിലെ ജനസംഖ്യ 28060 ആണ്. ഇതിൽ 14842 പുരുഷന്മാരും 14018 സ്ത്രീകളുമാണ്. പഞ്ചായത്തിൽ ആകെ വീടുകൾ 5239 ആണ്. അതായത് വീടൊന്നിന് 5.35 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 968 ആയിരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2818 ആയിരുന്നു. ഇതിൽ 1463 ആൺകുട്ടികളും 1365 പെൺകുട്ടികളുമായിരുന്നു. പട്ടികജാതി ജനസംഖ്യ 1965 ആണ്. അതിൽ 972 പുരുഷന്മാരും 993 സ്ത്രീകളുമായിരുന്നു. ആകെ ജനങ്ങളിൽ 24159 പേർ സാക്ഷരരായിരുന്നു. ഇതിൽ 12248 പേർ പുരുഷന്മാരും 11911 പേർ സ്ത്രീകളുമായിരുന്നു.

പട്ടികവർഗ്ഗത്തിൽ 28 പുരുഷന്മാരും 36 സ്ത്രീകളുമുണ്ടായിരുന്നു. 2703 കുടുംബങ്ങൾ കൃഷിയെമാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. 1969 കർഷകത്തൊഴിലാളികളുണ്ടായിരുന്നു. വ്യാപാരസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 653 പുരുഷന്മാരും 57 സ്ത്രീകളും പ്രവർത്തിക്കുന്നു. തൊഴിൽരഹിതരായി 6831 പുരുഷന്മാരും 12477 സ്ത്രീകളുമുണ്ടായിരുന്നു.

1996 ലെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം മാഞ്ഞൂർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 31390 ആണ്. അതിൽ 15801 പുരുഷന്മാരും 15589 സ്ത്രീകളുമാണ് വാർഡ്തലത്തിൽ ജനസംഖ്യാവിവരങ്ങൾ പട്ടികകൾ ചേർത്തിരിക്കുന്നു.

സാമൂഹികസാമ്പത്തികരംഗത്തും വിദ്യാഭ്യാസരംഗത്തും മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മാഞ്ഞൂർ. എങ്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ ഒരുകാലത്ത് നിലനിന്നിരുന്നു. ഇന്ന് ഈ വ്യവസ്ഥകൾക്ക് കാലോചിതമായ മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞു. എങ്കിലും വർണ്ണവിവേചനം പൂർണ്ണമായും തുടച്ചു മാറ്റപ്പെട്ടിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾ 175 ആണ്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

1996 ലെ സർവ്വേ പ്രകാരം 3907 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്. 283 വീടുകൾക്ക് ഫോണും 3049 വീടുകളിൽ റേഡിയോയും 1473 വീടുകളിൽ ടേപ്പ് റിക്കോർഡറുകളും ഉണ്ട്. 1571 വീടുകളിൽ ടി.വി.യും 332 വീടുകളിൽ വി.സി.ആറും 17 വീടുകളിൽ എയർകണ്ടീഷണറും 67 വീടുകളിൽ വാക്വം ക്ലീനറും 614 വീടുകളിൽ തയ്യൽ മെഷീനും ഉണ്ട്. 824 വീടുകളിൽ ഫ്രിഡ്ജ് ഉപയോഗിക്കുന്നുണ്ട്.

2088 കുടുംബങ്ങളിൽ ദിനപത്രം വരുത്തുന്നുണ്ട്. 1098 കുടുംബങ്ങളിൽ വാരിക മാസികകളും വരുത്തുന്നു. 767 പേർ ഗ്രന്ഥശാലയിൽ അംഗങ്ങളാണ്. 80 വീട്ടിൽ സ്വന്തമായ ഗ്രന്ഥശേഖരങ്ങളുണ്ട്. 2725 പേർ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകളിൽ അംഗങ്ങളാണ്.

പട്ടിക - 8

1996 ലെ സാമൂഹിക സാമ്പത്തികസർവ്വെ പ്രകാരം ജനസംഖ്യ

വാർഡ് നമ്പർ	ആകെ വീടുകൾ	മൊത്തം ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	18 വയസ്സിനു താഴെ കുട്ടികൾ	
					ആൺ	പെൺ
1	442	2177	980	878	162	157
2	489	2680	1020	1013	329	318
3	434	2575	953	973	318	331
4	720	3816	1439	1434	473	470
5	464	2459	915	931	308	305
6	427	2263	852	856	272	283
7	426	2362	821	689	429	423
8	410	2319	883	862	283	291
9	608	2862	1034	1042	398	388
10	480	2467	930	934	303	300
11	430	2722	1110	1138	262	212
12	480	2688	976	996	351	365
Total	5810	31390	11913	11746	3888	3843

പട്ടിക - 9

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ കണക്ക്

വാർഡ് നമ്പർ	15 വയസ്സ് മുതൽ 19 വയസ്സ് വരെ	20-24	25-29	30-34	35-39	40-44
1	—	19	24	68	47	92
2	1	6	61	110	96	101
3	—	10	85	117	138	101
4	—	17	117	167	218	202
5	—	20	35	37	31	43
6	—	58	17	164	167	182
7	—	14	36	88	47	185
8	—	3	49	95	76	78
9	—	7	68	184	237	348
10	—	180	135	294	301	196
11	—	17	89	119	141	98
12	—	12	105	122	130	215
Total	1	363	821	1565	1629	1841

പട്ടിക - 10

അമ്മമാരുടെ എണ്ണം

വാർഡ്	1 കുട്ടിയുള്ളവർ	2 കുട്ടികൾ	2 ൽ കൂടുതൽ	മുലയൂട്ടുന്ന അമ്മമാർ
1	17	156	214	37
2	84	219	231	15
3	87	128	250	16
4	118	223	352	32
5	21	153	166	76
6	63	47	164	27
7	67	305	195	32
8	78	161	131	5
9	44	106	151	19
10	125	200	250	17
11	71	134	237	14
12	105	189	120	15
Total	880	880	2461	305

പട്ടിക - 11

5- വയസ് വരെയുള്ള കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	1 വയസിന് താഴെ	1 നും 2 നും മദ്ധ്യേ	2-3	3-5
1	45	39	27	42
2	21	35	32	64
3	26	31	41	83
4	39	51	62	113
5	67	41	34	73
6	41	39	28	39
7	69	54	26	98
8	19	38	39	91
9	48	34	76	127
10	30	35	45	42
11	27	29	34	76
12	31	43	51	75
Total	463	469	495	923

പട്ടിക - 12

1996-ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം മാഞ്ഞൂർ പഞ്ചായത്തിലെ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	നഴ്സറി	L.P.	U.P.	H.S.	കോളേജ്
1	41	60	53	61	47
2	51	122	103	135	97
3	49	123	101	138	93
4	84	179	150	198	141
5	90	116	98	128	92
6	38	105	87	116	83
7	91	158	136	177	127
8	50	112	96	123	88
9	83	141	124	165	117
10	48	108	96	126	90
11	55	90	75	99	71
12	62	158	162	188	107

പട്ടിക - 13

പഞ്ചായത്തിനു വെളിയിൽ പഠിക്കുന്ന കുട്ടികൾ

വാർഡ	പഞ്ചായത്തിനു വെളിയിൽ പഠിക്കുന്ന കുട്ടികൾ			കേരളത്തിനു വെളിയിൽ പഠിക്കുന്ന കുട്ടികൾ		
	പുരു.	സ്ത്രീ.	ആകെ	പുരു.	സ്ത്രീ.	ആകെ
1	18	22	40	22	33	55
2	63	65	128	7	22	29
3	68	64	132	21	23	44
4	135	130	265	31	33	44
5	89	88	177	43	49	92
6	20	23	43	13	20	33
7	90	125	215	73	124	197
8	143	156	294	23	42	65
9	107	80	187	7	19	26
10	50	70	120	75	100	175
11	60	67	127	20	22	42
12	125	110	235	45	40	85
Total			1968			887

പട്ടിക - 14

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേപ്രകാരം

അംഗവൈകല്യമുള്ളവർ സ്ഥായിയായ രോഗമുള്ളവർ

	5 വയസ്സുവരെ		5-10		10-18		18-25		25-45		45-60		60 നു മേൽ		ആകെ
	സ്ത്രീ.	പുരു	സ്ത്രീ.	പുരു	സ്ത്രീ.	പുരു	സ്ത്രീ.	പുരു	സ്ത്രീ.	പുരു	സ്ത്രീ.	പുരു	സ്ത്രീ.	പുരു	
അന്ധർ						2	1	1	4	5	2	5	4	2	26
ബധിരർ						1	1						2		4
മൂകർ		1				2	2	2	2	1		1	1		12
ബധിരമൂകർ				1			2	2	1		1	1		1	9
ചലനവൈകല്യം	1		1	3	6	3	8	3	2	10	4	3		1	9
മന്ദബുദ്ധികൾ				1	2	1	14	6	5	5	5	3	3	2	47

സ്ഥായിയായ രോഗികൾ	
പ്രഷർ	353
പ്രമേഹം	222
കാൻസർ	13
കുഷ്ഠം	
ക്ഷയം	25
ഹൃദ്രോഗം	60
മറ്റുള്ളവ	226

പട്ടിക - 15

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC/ST	സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിൽ വന്നവർ
2001	175	171	84	127

പട്ടിക - 15

തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

പ്രധാന തൊഴിലാളികൾ	പുരു. സ്ത്രീ	7710 1361
കൃഷിക്കാർ	പുരു. സ്ത്രീ	637 35
കർഷക തൊഴിലാളികൾ	പുരു. സ്ത്രീ	1265 725
മത്സ്യബന്ധനം, മൃഗസംരക്ഷണം	പുരു. സ്ത്രീ	273 115
കരിങ്കല്ല് പണികൾ	പുരു.	470
ഗാർഹിക, ഗാർഹിക ഇതര നിർമ്മാണ റിപ്പയർ പണികൾ നടത്തുന്നവർ	പുരു. സ്ത്രീ.	926 116
കെട്ടിടനിർമ്മാണം	പുരു. സ്ത്രീ	980 912
കച്ചവടം	പുരു. സ്ത്രീ	866 121
ഗതാഗതം	പുരു.	947
ഭാഗിക തൊഴിലുകാർ	പുരു. സ്ത്രീ	220 490



1

കൃഷിയും ജലസേചനവും

കിഴക്കു നിന്നു പടിഞ്ഞാറോട്ട് ചരിഞ്ഞ താഴ്വര പ്രദേശവും എക്കൽ നിറഞ്ഞ പുഞ്ചപ്പാടങ്ങളും ചേർന്നതാണ് മാഞ്ഞൂർ. ഇവിടത്തെ ജനങ്ങൾ പൂർണ്ണമായും കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്നു. തെങ്ങ്, കുരുമുളക്, നെല്ല്, മാവ്, പ്ലാവ്, വാഴ, മരച്ചീനി, പച്ചക്കറികൾ ഇവയാണ് പ്രധാന കൃഷികൾ. എന്നാൽ ഇപ്പോഴത്തെ പ്രധാന കൃഷി റബ്ബറാണ്. റബ്ബർകൃഷിയിലേയ്ക്കുള്ള മാറ്റം പ്രത്യേകം ശ്രദ്ധാർഹമാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറൻമേഖല സമുദ്രനിരപ്പിനോട് അടുത്ത പ്രദേശങ്ങളാണ്. സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 4.2 മീറ്റർ ഉയരത്തിലാണ്. പാടനിരകൾ വിട്ട് കിഴക്കോട്ടു നീങ്ങിയാൽ ഭൂമി ചെറിയ തോതിൽ ഉയർന്നു പോകുന്നതായി കാണാം. പഞ്ചായത്തിന്റെ കിഴക്കു ഭാഗം സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 20 മീറ്റർ ഉയരത്തിലാണ്.

1,2,3,4,11,12 എന്നീ വാർഡുകളിലാണ് നെൽകൃഷി ചെയ്യുന്ന പാട ശേഖരങ്ങൾ അധികമുള്ളത്.

മൊത്തം പാടശേഖരങ്ങളുടെ വിസ്തീർണ്ണം 289 ഹെക്ടർ വരും. ഇതിൽ ഒരുപ്പൂ കൃഷി 192 ഹെക്ടറും ഇരുപ്പൂ കൃഷി 97 ഹെക്ടറും ആണ്. മൂന്നു പൂപ്പ് കൃഷി തീരെയില്ല.

പട്ടിക 1

ഭൂമി ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മുകളിൽ
കോതനല്ലൂർ	2319	1100	792	1081	492	319	58
മാഞ്ഞൂർ	1070	940	568	454	596	1502	1594
ആകെ	3389	2040	1360	1535	1088	1821	1652

ഈ പട്ടികയിൽ നിന്നു ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ് എന്നു മനസ്സിലാക്കാം. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ആണെങ്കിൽ പഞ്ചായത്തിന്റേത് 0.10 ആണ്.

മഴയെ ആശ്രയിച്ചു മാത്രമാണ് നെല്ലും മറ്റു ഭക്ഷ്യവിളകളും ഇന്നു കൃഷി ചെയ്യുന്നത്. മഴയുടെ അഭാവവും, ക്രമം തെറ്റിയുള്ള വരവും മഴയെ ആശ്രയിക്കുന്ന കൃഷികളെ സാരമായി ബാധിച്ചു. ഇത് കൂടുതലായി ബാധിച്ചത് നെൽകൃഷിയെയാണ്. നെൽകൃഷിയോടുള്ള പ്രതിപത്തി ദിവസേന കുറഞ്ഞു കൊണ്ടിരിക്കുന്നു. കാലത്തിന്റെ മാറ്റത്തിൽ കർഷകരും കർഷകത്തൊഴിലാളികളും മറ്റു മേഖലകൾ തേടി.

പുഞ്ചപ്പാടങ്ങളാൽ അനുഗൃഹീതമായ ഗ്രാമം. പ്രാചീന രീതിയിൽ തെങ്ങിൻ കുറ്റികളും, ഓലയും കൊണ്ട് ഉറപ്പിച്ച പുറം ബണ്ട്, കായികമായി ജലച്ചക്രം ചവിട്ടി വെള്ളം വറ്റിച്ച് മുണ്ടകനും, ചെമ്പാവും, വെള്ളാര്യനും വിത്തുവിതച്ച് വയലേലകളിൽ ഉണർത്തു പാട്ടായി കൊയ്ത്തും, മെതിയും, പാറ്റലും പതം അളക്കലുമായി ഒരു ഉത്സവ പ്രതീതിയോടെ കഴിഞ്ഞിരുന്ന കാലം ഇന്ന് വെറും ഓർമ്മകൾ മാത്രമായി അവശേഷിക്കുന്നു. ഓർത്തിരിക്കാൻ ഒത്തിരി നല്ല കാര്യങ്ങൾ. എല്ലാം ഇന്നലെകളുടേത്. വിഷാദവും, ഗ്ലാനതയും തളം കെട്ടിയ മുഖങ്ങൾ ഇന്നിന്റേത്. എല്ലാവരാലും ചൂഷണവിധേയരായി, അസംഘടിതരായി, രംഗം വിടാൻ നിവൃത്തിയില്ലാതെ പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന കർഷകർ. കർഷകത്തൊഴിലാളികൾ ഉപേക്ഷിച്ചു പോയ വയലേലകൾ.

അറുപതുകളുടെ മദ്ധ്യത്തോടുകൂടി പുതിയ ഇനം നെൽവിത്തുകൾ പ്രചാരത്തിലായി. H4, 12-85, കൾച്ചർ ഇവ അവയിൽ ചിലതു മാത്രം.

ഈ കാലഘട്ടത്തിൽ രാസവളപ്രയോഗവും പ്രചാരത്തിലായി. പുതിയ ഇനം വിത്തുകളും രാസവളപ്രയോഗവും വ്യാപകമായതോടെ ജലസേചനം മനുഷ്യശക്തിയിൽ നിന്നു പമ്പു സെറ്റുകളിലേയ്ക്ക് മാറി.

നീർവാർച്ചയുള്ള പാടശേഖരങ്ങളിൽ ഇടവിളയായി പയർ, പച്ചക്കറി, എള്ള്, വാഴ തുടങ്ങിയവ കൃഷിചെയ്യുന്നു. നെൽകൃഷി ലാഭകരമല്ലാതായതോടുകൂടി പുഞ്ചപ്പാടങ്ങൾ പലതും തരിശ്ശിടുകയോ, ഒരുപ്പൂ മാത്രം കൃഷി ചെയ്യുകയോ എന്ന പ്രവണത കൂടിക്കൂടി വരുന്നു. പാടശേഖരങ്ങൾ പലതും പുരയിടമായി മാറുന്നു. 1950 കളിൽ പഞ്ചായത്തിൽ 973 ഹെക്ടർ നിലത്തിൽ നെൽകൃഷി ചെയ്തിരുന്നു. ഇന്ന് കേവലം 379 ഹെക്ടറായി കുറഞ്ഞു. അതായത് പണ്ടുണ്ടായിരുന്നതിന്റെ 39% മാത്രമേ ഇന്ന് നെല്പാടങ്ങളായി ശേഷിക്കുന്നുള്ളു. ഉള്ള നിലത്തിൽ തന്നെ ശരിയായി കൃഷി നടക്കുന്നുമില്ല.

സമൂഹ നിലനില്പിന്റെ അടിസ്ഥാന ഘടകമായ നെല്പാടങ്ങളുടെ ഇന്നത്തെ ശോച്യാവസ്ഥ മാറ്റിയെടുക്കണം. കർഷകരേയും, കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് തിരിച്ചു കൊണ്ടു വരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

കേരളത്തിന്റെ ടൈറ്റിൽ കൃഷിയായ തെങ്ങും ഏതാണ്ട് 50 ശതമാനത്തോളം നശിച്ചു കഴിഞ്ഞു. കാറ്റു വീഴ്ച, കൂമ്പു ചീയൽ, തെങ്ങോലപ്പുഴു, കുലവാട്ടം തുടങ്ങിയ രോഗങ്ങൾക്ക് പ്രതിവിധി കണ്ടത്തണം. ജലസേചനസൗകര്യം പരമപ്രധാനമായ മറ്റൊരു സംഗതിയാണ്. അതുപോലെ രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റി പകരം പുതിയ തൈകൾ വച്ചുപിടിപ്പിക്കണം.

അടുത്ത കാലത്ത് ശ്രദ്ധേയമായ പുരോഗതി ഉണ്ടായത് റബ്ബർകൃഷിക്കാണ്. 1402 ഹെക്ടർ റബ്ബർ കൃഷി ഈ പഞ്ചായത്തിലുണ്ട്.

പട്ട മരപ്പും, പട്ടച്ചീയലും ഇലകൊഴിച്ചിലും റബ്ബർകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. പരിശീലനം നേടിയ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവവും, സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നയവും ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ, പ്രത്യേകിച്ചും പുഞ്ചകളല്ലാത്ത നെൽപ്പാടങ്ങളിൽ വ്യാപകമായ തോതിൽ വാഴയും, പച്ചക്കറികളും

കൃഷിചെയ്യുന്നുണ്ട്. ജലദൗർലഭ്യം ഇവയ്ക്ക് വലിയ ഭീഷണിയാണ്.

പോളച്ചിറപ്പാടത്ത് ഒന്നര ഏക്കറും പുല്ലുപറമ്പിൽ പാടത്ത് ഒരേക്കറും, കല്ലേറ്റുപാടത്ത് ഒരേക്കർ സ്ഥലത്തും എണ്ണപ്പന കൃഷി ചെയ്തിട്ടുണ്ട്.

എൺപതുകളുടെ മദ്ധ്യത്തിൽ ഈ പഞ്ചായത്തിന്റെ പല ഭാഗത്തും കൊക്കോ കൃഷി നടത്തിയിരുന്നു. വളരെയധികം പ്രതീക്ഷകളോടെ കർഷകർ ഈ കൃഷി വിജയകരമാക്കി. എന്നാൽ സർക്കാരിന്റെ വികലമായ ഇറക്കുമതിനയം ഈ മേഖലയെ തളർത്തിക്കളഞ്ഞു. പഞ്ചായത്തിൽ 25 ഹെക്ടറിൽ കൊക്കോ കൃഷിയുണ്ട്.

പ്രകൃതിക്ഷോഭം, വരൾച്ച, രോഗം, വിലത്തകർച്ച തുടങ്ങിയവമൂലമുണ്ടാകുന്ന നഷ്ടം കൃഷിക്കാരനെ സാമ്പത്തികപരാധീനതയിലേക്ക് തള്ളിവിടുന്നു. നാമമാത്രമായി സർക്കാരിൽ നിന്ന് അനുവദിക്കുന്ന സാമ്പത്തിക സഹായവും വളം, വിത്ത് തുടങ്ങിയവയും കൃഷിക്കാരുടെ കൈകളിൽ എത്താറില്ല. ഇടനിലക്കാർ ഇവ ചൂഷണം ചെയ്യുന്നു. ഈ ദു:സ്ഥിതി അവസാനിപ്പിക്കണം. കൃഷിയുമായി ബന്ധപ്പെട്ട് സംരക്ഷിച്ചുപോകുന്ന കുളങ്ങളും തോടുകളും ഇന്ന് മാലിന്യ സംഭരണ ശാലകളായി മാറിയിരിക്കുന്നു.

ആഫ്രിക്കൻപായലും കുളവാഴയും മറ്റ് കുളച്ചെടികളും വളർന്ന് നിറഞ്ഞ് ചീഞ്ഞഴുകി ദുർഗന്ധം വമിക്കുന്ന അഴുക്കുചാലുകളായി തീർന്നിരിക്കുന്നു. കൊതുക്, മിന്ത് തുടങ്ങിയ കീടങ്ങൾ ക്രമാതീതമായി വളർന്നു പെരുകിയിരിക്കുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്നതിന് ഇത് കാരണമായി. ജലാശയങ്ങളെ ഈ വക വിപത്തുകളിൽനിന്ന് സംരക്ഷിക്കണം.

ഭൂവിനിയോഗം

ഭൂവിനിയോഗത്തിൽ പ്രധാനമായ ഘടകങ്ങൾ മണ്ണിന്റെ ഫലപുഷ്ടി, ജലസമ്പത്ത്, സസ്യസമ്പത്ത്, മൃഗസമ്പത്ത് എന്നിവയാണ്. മണ്ണോലിപ്പും അശാസ്ത്രീയമായ രാസവള പ്രയോഗവും മണ്ണിന്റെ ഫലപുഷ്ടി പാടെ നശിപ്പിച്ചു. ജലസമ്പത്തു നോക്കിയാൽ ആവശ്യത്തിലധികം മഴ ലഭിച്ചിട്ടും ജലക്ഷാമം പരിഹരിക്കാനായില്ല.

പട്ടിക 2

ഭൂവിനിയോഗം

നമ്പർ	വിളകൾ	വിസ്തൃതി(ഹെക്ടർ)	ശതമാനം
1	നെല്ല് (പുഞ്ചപാടശേഖരങ്ങൾ 289 ഹെക്ടർ +90 ഹെ. കരപ്പാടങ്ങൾ)	379.00 ഹെക്ടർ	13.07%
2.	റബർ	1402.05	48.42%
3.	തെങ്ങ്	323.75	11.18%
4.	കപ്പ	12.00	0.4%
5.	വാഴ	36.00	1.24%
6.	പച്ചക്കറി, ഇഞ്ചി	44.00	1.50%
7.	ജലാശയങ്ങൾ	75.20	2.59%
8.	മറ്റിനങ്ങൾ	626.00	21.6%
	ആകെ	2898.00 ഹെക്ടർ	100%

പട്ടിക -3

മണ്ണിന്റെ ഫലപുഷ്ടി സംബന്ധിച്ച വിവരങ്ങൾ

No.	മണ്ണ്	വിസ്തീർണ്ണം	P.H. Value	ജൈവാംശംN	ദ്രാവകം P	ക്ഷാരഗുണം
1.	താഴ്വര പ്രദേശങ്ങൾ ചെങ്കൽ മണ്ണ്	2068 ഹെക്ടർ	5 to 5.6 (അമ്ലംകൂട്ടൽ)	1.1% - 2%	43.1 - 36.32	280-371 Kg./Hect.
2.	പാടശേഖരങ്ങൾ	756 he.	4.8 - 5.5	2.1 - 2.3	43 - 35	275 - 371 Kg./Hect.
3.	കൃഷിക്ക് വേണ്ടത് കരഭൂമിയ്ക്ക്		7.00	0.8 - 0.9	40	-
	പുഞ്ചപ്പാടങ്ങൾക്ക്		7.00	-	-	-

ശരിയായ ഒരു വാട്ടർ മാനേജ്മെൻറ് പോളിസി നമുക്ക് അനിവാര്യമാണ്. മത്സ്യസമ്പത്ത് ഇല്ലെന്നു പറയുന്നതാവും ശരി. പച്ചില വളപ്രയോഗം പാടെ നിലച്ച സ്ഥിതിയാണ്. മണ്ണിന്റെ സ്ഥായിയായ ഗുണം നിലനിർത്താൻ പച്ചില വളപ്രയോഗം കൂടിയേ തീരൂ. കാർഷിക മേഖല ശുഷ്കിച്ചതോടു കൂടി മൃഗസമ്പത്തും കുറഞ്ഞുവരുന്നു. കാലിവള പ്രയോഗം നാമമാത്രമായ തോതിലേയ്ക്ക് ചുരുങ്ങി.

വളം

കർഷകർ ഇന്ന് പ്രധാനമായും നടത്തുന്നത് രാസവളപ്രയോഗമാണ്. ഇതിനു കാരണം കാലി വളത്തിന്റെ അമിത വിലയും ലഭ്യതക്കുറവുമാണ്. പഞ്ചായത്തിൽ സഹകരണമേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ 14ഉം രാസവള വിൽപനശാലകളുണ്ട്. 1995-96ലെ രാസവള പ്രയോഗത്തിന്റെ അളവ് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക -4

രാസവളപ്രയോഗത്തിന്റെ അളവ്

വർഷം	നൈട്രജൻ	ഫോസ്ഫേറ്റ്	പൊട്ടാഷ്
1990	12.20 MT	14.19 M.T	17.90 MT
1991	15.00	11.70	17.05
1992	15.92	15.60	22.37
1993	16.40	19.03	20.00
1994	19.21	22.30	23.70
1995	21.00	25.20	24.80

കീടനാശിനികൾ

നെല്ല്, പച്ചക്കറി, റബ്ബർ, തെങ്ങ് എന്നീ കൃഷിക്ക് കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. അശാസ്ത്രീയമായ തോതിൽ ഇവ ഉപയോഗിക്കുന്നതിനാൽ ശരിയായ ബോധവൽക്കരണം നടത്തേണ്ടതാണ്.

1994-95 കാലയളവിൽ 1310 ലിറ്റർ ദ്രവരൂപത്തിലുള്ള കീടനാശിനികളും 1612 കിലോ ഖര രൂപത്തിലുള്ള കീടനാശിനികളും ഉപയോഗിച്ചതായി കാണുന്നു.

കാർഷിക ഉപകരണങ്ങൾ

പാടശേഖര കമ്മിറ്റികൾക്കായി കൃഷി ഭവൻ മുഖേന നൽകിയ കാർഷികോപകരണങ്ങൾ

Power sprayer	2
മെതിയന്ത്രം	1
കൊയ്ത്ത് യന്ത്രം	1
വാറ്റു യന്ത്രം	1
ടില്ലർ	1

കാള, പോത്ത് ഇവയെ ഉപയോഗിച്ചുള്ള ഉഴവ് തീരെ കുറവാണ്. പഞ്ചായത്തിൽ ആകെ 14 ജോഡികളെ ഉഴവു ജോലിക്കായി ഉപയോഗിക്കുന്നു. ജലച്ചക്രം, നാടൻ കലപ്പ ഇവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ട്രാക്ടർ, ടില്ലർ, കൊയ്ത്തുമെഷീൻ ഇവ ഈ രംഗത്തേക്കു വന്നു കൊണ്ടിരിക്കുന്നു.

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംയോജിപ്പിച്ച് പാടശേഖര സമിതികൾ നിലവിലുണ്ട്. പല സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികൾ വേണ്ടത്രയില്ല. പുതിയ തലമുറ ഈ രംഗത്തേക്കു വരുന്നില്ല. പല സന്ദർഭങ്ങളിലും കർഷകത്തൊഴിലാളികളുടെ അഭാവം നെൽകൃഷിയെ പ്രത്യേകിച്ച് ബാധിക്കുന്നു. ഉള്ളവർക്ക് അമിതമായ ഡിമാൻറ്. ഇത് സ്വാഭാവികമായും കൂലിനിരക്കു വർദ്ധിക്കാനിടയാക്കി.

വികലമായ വിദ്യാഭ്യാസനയം കാർഷിക മേഖലയോടുള്ള അവഗണന മൂലം ആളുകൾ മറ്റു മേഖലകൾ തേടിപ്പോകുവാൻ കാരണമായി. പഞ്ചായത്തിൽ 3728 കർഷകകുടുംബങ്ങളുണ്ട്. ഇതിൽ കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി കരുതുന്ന കുടുംബങ്ങൾ 672 ആണ്. കർഷകത്തൊഴിലാളികൾ 1990 പേരുണ്ട്. ഇതിൽ 1265 പുരുഷൻമാരും 725 സ്ത്രീകളും ആണ്. പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 75 രൂപയുമാണ് കൂലി നിരക്ക്. ഏകീകൃതമായ നിരക്ക് നിലവിലില്ല.

സാമ്പത്തിക സഹായ സൗകര്യങ്ങൾ

പഞ്ചായത്തിലെ കാർഷിക വായ്പകൾ മിക്കതും കൈകാര്യം ചെയ്യുന്നത് മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കോതനല്ലൂർ ശാഖയും കുറുപ്പന്തറ ശാഖയും ജില്ലാ ബാങ്കിന്റെ കുറുപ്പന്തറ ശാഖയും അർബൻ ബാങ്കിന്റെ രണ്ടു ശാഖകളും കാത്തലിക് സിറിയൻ ബാങ്കിന്റെ ഒരു ശാഖയും കാർഷിക വായ്പകൾ നൽകുന്നുണ്ട്.

കാർഷിക മേഖലയിലേക്കുള്ള വായ്പാ സൗകര്യങ്ങൾ കൂടുതൽ ഉദാരമാക്കി, ആവശ്യമുള്ളിടത്തോളം തുക ലഭിക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാവണം.

മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ തൊടുപുഴയാറിനു കുറുകെ 460 മീ. നീളത്തിലും 23. മീ. ഉയരത്തിലും കെട്ടിയുറപ്പിച്ച മലങ്കര ഡാം. മൂലമറ്റം പവ്വർ ഹൗസിൽനിന്നു പുറംതള്ളുന്ന 50.97 Cu.Metr ജലത്തെ തടഞ്ഞു നിർത്തി ഇരുകരകളിലുമുള്ള ഇറിഗേഷൻ കനാലുകളിലേക്ക് തിരിച്ചുവിടുന്നു. ഇതിൽ ഇടതുകര കനാലിന് 37 1/2 കി.മീറ്റർ നീളമുണ്ട്. ഈ മെയിൻ കനാലിൽ നിന്ന് അഞ്ചു ശാഖാകനാലുകൾ കൂടിയുണ്ട്. ഇതിൽ ഏറ്റുമാനൂർ ശാഖാ കനാൽ

പാടശേഖരസമിതികളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	സമിതിയുടെ പേര്	വിസ്തീർണ്ണം ഏക്കർ	ഒന്നാംവിള	രണ്ടാംവിള
1	പുറക്കരി, കൊച്ചുപുറക്കരി നെല്ലുല്പാദക സമിതി	15.1	✓	ഇല്ല
2	കൂരത്തോട്, പോട്ടക്കരി	39.7	✓	
3	കളത്തുകണ്ടം, പുല്ലങ്കരി	16.75	✓	
4	ഇടമ്പാടം, കാരികഴി	20.20	✓	
5	പള്ളിക്കണ്ടം, ഇടയരിക്ക്	18.15	✓	
6	നൂറോക്കരി, പുതുക്കരി	30.07	✓	
7	കല്ലളവ്, ഭഗവതിക്കരി	40.00	✓	
8	പന്നിവേലി, കുഴിവേലി	28.90	✓	
9	ഊരാളവേലി, കണിയൻവേലി	8.20	✓	
10	വളച്ചകരി, കണ്ടംകുഴി	42.25	✓	
11	നാമങ്കരി, വള്ളൂക്കണ്ടംകരി	26.70	✓	
12	നൂറുപറ, പടിഞ്ഞാറപ്പുറം	34.40	✓	
13	ചില്ലങ്കരി, കോനാട്ട്കരി	28.40	✓	
14	തലോടിപാടം	10.79	✓	
15	ഐരാർ, കരിക്കോണം	12.96	✓	
16	പെങ്ങോട്ട്, കഴലിച്ചിറ	20.21	✓	
17	പുളിന്താനത്തുകരി	95.38	✓	
18	പാണ്ടങ്കരി, രാമങ്കരി	106.25	✓	
19	കാട്ടാത്തോടി, പൂവത്തനാടി	21.41	✓	
20	മാത്തുകണ്ടം, ചേന്നങ്കരി	21.98	✓	
21	എണ്ണപ്പാടം	16.20	✓	
22	ചെങ്ങാലവാക്കേൽ, പുതിയകരി	18.33	✓	
23	ആനിത്താനം, പെരിങ്കരി	25.95	✓	
24	വാളോക്കരി	16.60	✓	
25	പുക്കളം, പായ്ക്കരി	15.43	✓	
		715.21		

മാഞ്ഞൂർ പഞ്ചായത്തിന്റെ താരതമ്യേന ഉയരം കൂടിയ മേഖലകളിൽ കൂടി കടന്നു പോകുന്നു. ഈ ശാഖാ കനാൽ പദ്ധതി പൂർത്തീകരിക്കുന്നതോടെ മാഞ്ഞൂർ പഞ്ചായത്തിലെ 80 ശതമാനം പ്രദേശങ്ങൾക്കും ശാശ്വതമായ ജലസേചന സൗകര്യം, മുതൽമുടക്കു കൂടാതെ ലഭ്യമാക്കാം. അങ്ങനെ കാർഷിക ആവശ്യം നിറവേറ്റപ്പെടുമ്പോൾ, കുടിവെള്ള പ്രശ്നവും താനേ പരിഹരിക്കപ്പെടുന്നതാണ്.

M.V.I.P. കനാൽ മാഞ്ഞൂരിൽ

മാഞ്ഞൂർ പഞ്ചായത്തിൽ ജലക്ഷാമം നേരിടുന്നത് ജനുവരി മുതൽ 5 മാസക്കാലത്തേക്കാണ്. കനാലിന്റെ പടിഞ്ഞാറൻ മേഖലകൾക്ക് ലിഫ്റ്റുചെയ്യാതെ തന്നെ കാർഷികാവശ്യത്തിന് ജലം കുഴൽമാർഗ്ഗം എത്തിക്കുവാൻ കഴിയും. കനാലിന് കിഴക്കുഭാഗങ്ങൾക്ക് കളക്ഷൻ കിണറുകൾ സ്ഥാപിച്ച് ലിഫ്റ്റു ഇറിഗേഷൻ പദ്ധതിയും നട

പട്ടിക 5
കാർഷികവായ്പാ വിവരങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	1995 ലെ നിക്ഷേപം (ലക്ഷത്തിൽ)	വിതരണം ചെയ്ത വായ്പകൾ
1	മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക്	173.1	195.67
2	അർബൻബാങ്ക്, കവല	186.15	114.63
3	ജില്ലാ സഹകരണബാങ്ക്	153.15	164.07
4	കാത്തലിക് സിറിയൻ ബാങ്ക്	307.92	170.72
5	അർബൻബാങ്ക്, കോതനല്ലൂർ	1.77	75.00
6	എസ്ബി.ടി. കുറുപ്പന്തറ	1100	222
7	എസ്.ബി.ടി. കോതനല്ലൂർ	400	150

പട്ടിക 6
കിണറുകളും കുളങ്ങളും

വാർഡു നമ്പർ	കുളങ്ങൾ	കിണറുകൾ
1	12	247
2	15	49
3	25	279
4	5	550
5	6	379
6	4	310
7	14	187
8	22	390
9		508
10		450
11	4	269
12		210

പ്പാക്കാവുന്നതാണ്. സമഗ്രമായ ഒരു കാർഷിക വികസനം ഈ പദ്ധതി മൂലം മാഞ്ഞൂർ പഞ്ചായത്തിൽ സംജാതമാകുന്നതാണ്. ഇതു കൂടാതെ വേനൽക്കാലങ്ങളിൽ പാടശേഖരങ്ങളിലേക്കുള്ള ഓരു വെള്ളത്തിന്റെ തള്ളിക്കയറ്റവും ഗണ്യമായി തടയപ്പെടുന്നതാണ്.


നഴ്സറികൾ

രണ്ടു പ്രധാന നഴ്സറികളടക്കം നാല് നഴ്സറികൾ പഞ്ചായത്തിലുണ്ട്. ഇവ സ്വകാര്യ മേഖലയിലാണ്. നഴ്സറികൾ പ്രധാനമായും റബ്ബർ കൃഷിക്കാവശ്യമായ നടീൽ വസ്തുക്കളാണ് ഉത്പ്പാദിപ്പിക്കുന്നത്. മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും 4 k.m. അകലെ കുറവിലങ്ങാട്ട് സ്റ്റേറ്റ് സീഡു ഫാമും ജില്ലാ കൃഷിത്തോട്ടവുമുണ്ട്. സീഡ് ഫാമിന്റെ ഒരു ശാഖ വാലാച്ചിറയിൽ ഉണ്ട്. ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നുണ്ട്.

പട്ടിക 7

നമ്പർ	ജലവുമായി ബന്ധപ്പെട്ട ആസ്തികൾ	വിസ്തീർണ്ണം/എണ്ണം
1	തോട്, അരുവികൾ	6.4 ഹെക്ടർ
2	കൈത്തോടുകൾ	5.14 ഹെക്ടർ
3	പൊതുകിണറുകൾ	42
4	കുഴൽകിണറുകൾ	8
5	പൊതുകുളങ്ങൾ	9 എണ്ണം

MVIP കനാൽ മാഞ്ഞൂരിൽ



പട്ടിക 8

മണ്ണുസംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

പദ്ധതിയുടെ പേര്		പദ്ധതിപ്രദേശ വിസ്തീർണ്ണം	അടങ്കൽതുക	മൊത്തം ഗുണഭോക്താക്കൾ
സ്പെഷ്യൽ പദ്ധതി മാഞ്ഞൂർ ഹരിജൻ കോളനി		0.913 ഹെക്ടർ	22100	23
പദ്ധതി ആരംഭിച്ച വർഷം	പൂർത്തീകരിച്ച വർഷം	സംരക്ഷിക്കപ്പെട്ട ഭൂമി	പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ	ചെലവായതുക
19-7-1984	15-1-1986	0.938 ഹെക്ടർ	22	20019

കൃഷിഭവൻ

1987ലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചായത്ത് വളരെയേറെ പ്രതീക്ഷകളോടെയാണ് ഇതിനെ സ്വീകരിച്ചത്. മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ആഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനഫലം പൂർണ്ണമായും കർഷകർക്കു ലഭിക്കേണ്ടതുണ്ട്.

മണ്ണു സംരക്ഷണം

മണ്ണൊലിപ്പു തടയുന്നതിനായി പ്രത്യക മണ്ണു സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം. പഞ്ചായത്തിൽ 1984-85 കാലഘട്ടത്തിൽ മാഞ്ഞൂർ ഹരിജൻ കോളനിയിൽ 20020 രൂപാ മുടക്കി ഒരു മണ്ണു സംരക്ഷണപദ്ധതിക്ക് രൂപം നല്കി. പട്ടികജാതിക്കാരായ ഇരുപത്തിരണ്ടു ഗുണഭോക്താക്കൾക്ക് ഈ പദ്ധതി മുഖേന പ്രയോജനം ലഭിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിൽ ഇരുവേലിത്തോടിന് തറപ്പേൽ പടിക്കൽ നിന്നും കുറുപ്പന്തറക്കടവു വരെ വീതി കൂട്ടുകയും കടവിൽ നിന്നും തയ്യിൽ താഴെ വരെ പുറം ബണ്ട് കെട്ടുകയും ചെയ്യണം.
2. മണിയഞ്ചിറക്കുളം ആഴം കൂട്ടി ലിഫ്റ്റ് ഇറിഗേഷന് ഉപയോഗപ്പെടുത്തണം.
3. നാലാം വാർഡിൽ 18 ഏക്കറോളം വരുന്ന ചാലിൽ കൃഷിയിറക്കാൻ തോട്ടിലേക്കുള്ള ചാണ വീതി കൂട്ടി താഴ്ത്തി ലിഫ്റ്റു ഇറിഗേഷൻ പദ്ധതിയിൽ പെടുത്തുക.
4. കുഴിയാഞ്ചാൽ തോട്ടിൽ വെള്ളാപ്പള്ളി ഭാഗത്ത് ഒരു ചീർപ്പ് ആവശ്യമാണ്.
5. പുന്നിലം മുതൽ കുഴിയാഞ്ചാൽ-ചാമക്കാലാ വരെയുള്ള ഭാഗത്ത് തോടിന്റെ ഇരുകരകളിലുമുള്ള പുറമ്പോക്ക് ഭൂമി കൂടി ഉൾപ്പെടുത്തി തോടിന്റെ ആഴവും വീതിയും കൂട്ടുക.
6. ചിറപ്പാടത്ത് നിലവിലുള്ള തോട് വീതി കൂട്ടി താഴ്ത്തി ജലനിർഗ്ഗമനത്തിനു യോഗ്യമാക്കുക.
7. കുഴിയാഞ്ചാൽ കുളവും പാലക്കാട്ടുകുളവും പുനരുദ്ധരിക്കണം.
8. പൂക്കള കരിപ്പാടത്തിന് പുറം ബണ്ടു കെട്ടണം.
9. എണ്ണപ്പാടത്തിന് പുറം ബണ്ടു വേണം.
10. ഓട്ടപ്പള്ളിത്താഴെ ഒരു ചീർപ്പ് നിർമ്മിച്ചാൽ 60 ഏക്കറിൽ നിലം കൃഷി ചെയ്യാം.
11. മാത്തുകണ്ടം, ചേന്നങ്കരിക്ക് 820 മീ. നീളം പുറം ബണ്ടു നിർമ്മിക്കണം.
12. പനമ്പു ചാൽ പാടശേഖരത്തിന് 1200 മീ. നീളത്തിൽ പുറം ബണ്ടു കെട്ടണം.
13. വളച്ചേരി, കണ്ടംകുഴി 2600 മീ. പുറം ബണ്ടു കെട്ടണം.
14. പാണ്ടങ്കരി, രാമങ്കരി, പുളിന്താനത്തുകരി, കൂരത്തോട്, പൊട്ടക്കരി, വാളാഞ്ചേരി, കല്ലളവ് എന്നീ പാടശേഖരങ്ങളുടെ നിലവിലുള്ള പുറംബണ്ട് ഉയർത്തണം. നാമങ്കരി, വള്ളൂക്കണ്ടം, കരിപ്പാടത്തിന്റെ ബണ്ട് ഉയർത്തണം.
15. കൂരത്തോട് പോട്ടക്കരിയുടെ മുകൾഭാഗത്ത് വെള്ളം കിട്ടുന്നതിന് 800 മീ. ചാണ നിർമ്മിക്കണം.
16. പുളിന്താനത്തുകരി പാടശേഖരങ്ങളുടെ പൊതു വാച്ചാൽ അളന്നു തിരിച്ച് മട വീണ ഭാഗം നന്നാക്കി, കൂഴികൾ നികത്തി എടുക്കണം.
17. കാട്ടത്തോടി, പൂവത്തനാടി പാടശേഖരങ്ങൾക്ക് ഒരു ഷെഡ് നിർമ്മിച്ച് 15HPയുടെ മോട്ടോർ സ്ഥാപിക്കണം.
18. കോണാട്ടുകരി, ചല്ലങ്കരി, കണ്ണോളിക്കരി എന്നീ പാടശേഖരങ്ങളുടെ പുറംബണ്ട് ഉയർത്തണം.
19. ഇളവുകരി, വാണിയപ്പള്ളി, ഐരാർ, വാണിയമ്പാടം എന്നീ പാടശേഖരങ്ങളുടെ പുറം ബണ്ടു നിർമ്മിക്കണം.
20. കൈതളാ പറക്കണ്ടത്തിന് അതിരു തോടു നിർമ്മിക്കണം.
21. കോതനല്ലൂർ, മാഞ്ഞൂർ, ഞാറയ്ക്കൽ എന്നീ തോടുകളിൽ ചീർപ്പ് നിർമ്മിക്കുക.
22. ആനത്താനം ഭാഗത്തും, കാഞ്ഞിരക്കോട്ടു പടിക്കലും കരവെള്ളം ഒഴുകിപ്പോകാൻ പറ്റിയ വിധം തോട് നിർമ്മിക്കണം.
23. പന്നിവേലി, കൊഴുവേലി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കണം.
24. കൈതളം, കുറിഞ്ഞിക്കാട് പടവ്, കണിയാംവേലി എന്നീ പാടങ്ങൾക്കും പുറം ബണ്ടു വേണം.
26. നൂറോക്കരി, പുതുക്കരി പാടശേഖരങ്ങളിലേക്ക് കരവെള്ളം ഒഴുകി എത്തുന്നു. ചാലു വെട്ടി ഈ വെള്ളം പുറം തോട്ടിലേക്ക് തിരിച്ചു വിടണം. ചാണകൾ കരിങ്കല്ല് കെട്ടി ബലപ്പെടുത്തണം.
27. വലിയവീട് പാടശേഖരം കുളം കുത്തി ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തണം.


    മണപ്പാൽ പാടം, പന്നിവേലിപ്പാടം, കുഴിവേലിപ്പാടം എന്നിവയുടെ വാച്ചാലുകൾ കരിങ്കൽ കെട്ടി സുരക്ഷിതമാക്കണം.
28. കല്ലേറ്റു പാടം തോടിന്റെ സൈഡ് D.R. കെട്ടണം. നിലവിലുള്ള കുളങ്ങൾ നന്നാക്കി

കൃഷിയോഗ്യമാക്കുക.

29. കുഴിയാനിത്തറ കുളം നന്നാക്കി എടുക്കുക.
30. കാരികുഴി-ഇടമ്പാടം പാടത്തിന്റെ ബണ്ട് കെട്ടണം.
31. കാമ്പടം പാടത്തു കുളം നിർമ്മിക്കണം.

നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും കാർഷിക അയൽക്കൂട്ടങ്ങൾക്കു രൂപം നൽകുക. അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ ചേർന്നു ഓരോ വാർഡിലും വാർഡു കമ്മിറ്റികൾ രൂപീകരിക്കുക. വാർഡു കമ്മിറ്റി, ജനപ്രതിനിധിയുടെ അധ്യക്ഷതയിൽ ആയിരിക്കണം. വാർഡിൽ നിന്നു തെരഞ്ഞെടുത്തു വിടുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്ത്തല കമ്മിറ്റിയും രൂപീകരിക്കണം. കാർഷികമായ എല്ലാ ആവശ്യങ്ങളും പ്രവർത്തനങ്ങളും ഈ കമ്മിറ്റിയിൽക്കൂടി ആയിരിക്കണം നടത്തേണ്ടത്.
2. നല്ലയിനം വിത്തുകൾ, ആവശ്യസമയത്ത് വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.
3. ഔഷധ സസ്യങ്ങൾ, പുഷ്പകൃഷി, കൂൺ കൃഷി ഇവയെ പരിപോഷിപ്പിക്കണം.
4. ഭക്ഷ്യവിള കൃഷിക്കാർക്ക്, പ്രത്യേകിച്ച് നെൽകൃഷി ചെയ്യുന്നവർക്ക് ലളിതമായ നടപടിക്രമത്തിൽ വായ്പ ലഭിക്കുന്നതിനും, ആയതിന്റെ പലിശ സഹായധനമായി ലഭിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.
5. നെൽകൃഷിയെ പീഡിത കൃഷി വിഭാഗമായി കണക്കാക്കി ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ തോതനുസരിച്ച് സബ്സിഡി നൽകണം.
6. കീടനാശിനി പ്രയോഗം ശാസ്ത്രീയരിതിയിൽ ആയിരിക്കേണ്ടതിന് കർഷകർക്ക് സൗജന്യ പരിശീലനം നൽകണം. ജൈവകീടനിയന്ത്രണത്തെപ്പറ്റി ബോധവല്ക്കരണം ആവശ്യമാണ്.
7. പച്ചിലവളത്തിന്റെ കുറവ് പരിഹരിക്കുന്നതിന് ശീമക്കൊന്ന പോലുള്ള സസ്യങ്ങൾ വച്ചു പിടിപ്പിക്കുവാൻ പ്രേരണ നൽകണം. കാലികൾക്കാവശ്യമായ തീറ്റപ്പുൽ കൃഷിയെ പ്രോത്സാഹിപ്പിക്കണം. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടണം.
8. വാട്ടർ ഷെഡ് പദ്ധതി നടപ്പിലാക്കുക.
9. ലിഫ്റ്റു ഇറിഗേഷൻ പദ്ധതി പ്രയോജനപ്പെടുത്തുക.
10. റബ്ബർ ബോർഡിന്റെ ഫീൽഡ് ഓഫീസ് സ്ഥാപിക്കുക.
11. കർഷകർക്ക് റബ്ബർ റോളർ വിതരണം ചെയ്യുക.
12. കൊക്കോ കൃഷിക്ക് വളം സബ്സിഡി അനുവദിക്കുക.
13. ഏത്തവാഴ കൃഷിക്കും വളം സബ്സിഡി അനുവദിക്കുക.
14. കൊയ്ത്ത്, മെതി, പാറ്റൽ യന്ത്രങ്ങൾ കൊയ്ത്ത്കാലത്ത് പഞ്ചായത്ത് തലത്തിൽ നൽകുക.
15. എല്ലാ വീടുകളിലും ഗോബ്ബർഗ്യാസ് പദ്ധതി നടപ്പിലാക്കുക.
16. പട്ടർമഠം സ്കീം നടപ്പിലാക്കുക.
17. മണ്ണൊലിപ്പു തടയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
18. സസ്യ മാർക്കറ്റ് സമയ ക്ലിപ്തത പാലിക്കുക.
19. പൈനാപ്പിൾ കൃഷിക്കു വേണ്ട ബോധവല്ക്കരണം നടത്തുക.
20. നെല്ലിന് ഉല്പാദന ബോണസ് ഏക്കറിന് 1000-ആക്കുക.
21. ആവശ്യമുള്ള കറന്റുകണക്ഷൻ ലഭ്യമാക്കുക.
22. തെങ്ങു കൃഷിക്കു സഹായം നല്കുക.
23. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
24. VII-ാം വാർഡിലെ ബ്ലോക്കു വക വിത്തു സൂക്ഷിക്കുന്ന അറ സൗകര്യപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തണം.
25. II-ാം വാർഡിലെ കുറുപ്പന്തറ-കളമ്പുകാട്ട് തോട്ടിൽ സൗകര്യപ്രദമായ സ്ഥലത്തു നിന്നും വെള്ളം പമ്പു ചെയ്ത്, ഉയർന്ന സ്ഥലത്ത് ടാങ്കു കെട്ടി വേനൽക്കാലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തണം.
26. സഹകരണാടിസ്ഥാനത്തിൽ ഒരു നെല്ലു സംഭരണകേന്ദ്രം സ്ഥാപിക്കുക.



2

മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം

മാഞ്ഞൂർ പഞ്ചായത്തിലെ 5000-ൽ പരം കുടുംബങ്ങളിൽ 50% കുടുംബങ്ങളിലും പശുപരിപാലനം ഒരു ഉപതൊഴിലായി നിലനിൽക്കുന്നു. 12 വാർഡുകളിലു വ്യാപിച്ചു കിടക്കുന്ന കാലിപോഷണവും, പാൽ ഉല്പാദനവും ഈ പഞ്ചായത്തിലെ 2500- ഓളം കുടുംബങ്ങളിലെ ഒരു ഉപവരുമാന മാർഗ്ഗമാണ്.

പാരമ്പര്യമായി പശുക്കളേയും ഉഴക്കാളകളേയും വളർത്തിപ്പോന്ന കാർഷിക സമ്പദ്‌വ്യവസ്ഥ ശാസ്ത്രീയമായ സമീപനം ഉൾക്കൊണ്ടു തുടങ്ങിയത് അറുപതുകളിൽ കടുത്തുരുത്തി N.E.S. ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചതു മുതലാണ്. 1961-ൽ മാൻവെട്ടത്ത് ആരംഭിച്ച വെറ്ററിനറി സബ്സെന്ററർ ഈ രംഗത്ത് ഈ പഞ്ചായത്തിലെ ആദ്യത്തെ കാൽവെപ്പാണ്. ഈ വെറ്ററിനറി സെന്ററിന് സൗജന്യമായി കെട്ടിടം വിട്ടുകൊടുത്ത മാൻവെട്ടം സെന്റ് ജോർജ്ജ് പള്ളി അധികൃതരെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. പിന്നീട് ആ വെറ്ററിനറി സെന്റർ മൃഗാശുപത്രിയായി മാറി. 1976-ൽ മാഞ്ഞൂരിൽ ആരംഭിച്ച ക്ഷീര വ്യവസായസഹകരണസംഘം പാൽ ഉൽപ്പാദനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് നാന്ദി കുറിച്ചു.

മാഞ്ഞൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് സമർത്ഥമായ നേതൃത്വം നൽകിയ കർഷകരെ അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു. ആദ്യകാല സംഘം പ്രസിഡന്റ് ശ്രീ. വി. എൽ. തോമസ്, സെക്രട്ടറി ശ്രീ. എം. വി. ജോസഫ്, അന്നത്തെ M.L.A. ശ്രീ. ഓ. ലൂക്കോസ്, ഈ നാട്ടുകാരനായ അന്നത്തെ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പി. എം. ദേവസ്യാ എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയമാണ്.

പ്രതിദിനം 11 ലിറ്റർ പാൽ സംഭരണത്തിൽ ആരംഭിച്ച പാൽസംഘം അതിസമർത്ഥമായ പ്രവർത്തനത്തിലൂടെ 70-കളും 80-കളും കടന്ന് അനുക്രമമായ പുരോഗതിയിലൂടെ 90-91 കാലഘട്ടത്തിൽ 4500 ലിറ്റർ പാൽ പ്രതിദിനസംഭരണത്തിൽ എത്തിച്ചേർന്നു. മിക്കവാറും പഞ്ചായത്തിലെ 12 വാർഡുകളിലെ ആളുകൾക്കും മിച്ചം പാൽ അനായാസമായി സംഘത്തിൽ എത്തിക്കത്തക്കവിധം 12 കളക്ഷൻ സെന്ററുകളും സംഘത്തിനു

ണ്ട്. എന്നാൽ ഈ കഴിഞ്ഞ രണ്ട്-മൂന്ന് വർഷങ്ങളായി പാൽ സംഭരണത്തിൽ അനുക്രമമായി കുറവ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷിക്കാർ ഈ രംഗത്തു നിന്നും പുറകോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. കോതനല്ലൂർ, മാൻവെട്ടം, കുറുപ്പന്തറ എന്നീ സ്ഥലങ്ങളിൽ ഇൻസമിനേഷൻ സെന്ററുകളും മാൻവെട്ടത്ത് മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും പാൽ ഉൽപ്പാദനച്ചെലവും പാലിനു ലഭിക്കുന്ന വിലയും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നതും, ഭാരിച്ച ചികിൽസാ ചെലവ്, ലാഭകരമായി പാൽ ഉൽപ്പാദിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഇതര ഘടകങ്ങൾ എന്നിവ മൂലം ഈ വ്യവസായം "ഉപവരുമാനം"-എന്ന സങ്കല്പം തന്നെ മാറ്റിമറിച്ചിരിക്കുകയാണ്. പാൽ ഉൽപ്പാദിപ്പിച്ചു നൽകുന്നവർ-രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാങ്കേതിക കാരണങ്ങളാൽ ചൂഷണ വിധേയരാണിന്ന്. ഈ പരിതഃസ്ഥിതി മാറ്റിയെടുക്കുവാൻ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? മാംസവും, പാലും, മൽസ്യവും സുലഭമായി ഉപയോഗിക്കുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മാഞ്ഞൂർ പഞ്ചായത്തിൽ ഈ രംഗത്ത് വികസനത്തിന് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്.

മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യബന്ധനം മേഖലകളിലെ പ്രശ്നങ്ങളും-പ്രശ്ന പരിഹാരവും

1. 32000-ഓളം ജനസംഖ്യയും, 3000- ഓളം കാലിസമ്പത്തും ഉള്ള ഈ പഞ്ചായത്തിൽ ഇന്ന് ഒരു മൃഗാശുപത്രി മാത്രമാണുള്ളത്. മറ്റൊരു മൃഗാശുപത്രി കൂടി ഉടൻ ആരംഭിക്കുകയും, ചികിൽസാ ചെലവ് നേരിട്ട് ഗവണ്മെന്റ് വഹിക്കുകയോ, ബദൽ സംവിധാനം ഏർപ്പെടുത്തുകയോ കൂടി ചെയ്യണം.

2. 3വയസ്സിനു മേൽ പ്രായമുള്ള 700 കാലികൾക്ക് ഒരു ഇൻസെമിനേഷൻ സെന്റർ എന്ന തോതിൽ സബ്സെന്ററുകൾ തുറക്കുകയോ, അതു സാദ്ധ്യമല്ലായെങ്കിൽ ഈ രംഗത്ത് ബദൽ സമ്പ്രദായം ആവിഷ്കരിക്കുകയോ ചെയ്യണം.

3. പാൽ ഉൽപ്പാദനച്ചെലവ് കുറച്ച് ശാസ്ത്രീയമായി പശുക്കളെ വളർത്തുന്ന തല്പരരായ തൊഴിലന്വേഷകരെ ഈ രംഗത്തു സ്ഥായിയായി നിലനിർത്താൻ "മാതൃകാ ഡയറി പ്രോജക്ട്" പഞ്ചായത്തിൽ നടപ്പാക്കണം. അടുത്ത 5 വർഷം കൊണ്ട് കുറഞ്ഞത് 1500 മോഡൽ ഡയറി ഫാമുകൾ പഞ്ചായത്തിലുണ്ടാകണം. ഒരു വർഷം 300 മോഡൽ ഫാമുകൾ എന്ന തോതിൽ അഞ്ചു വർഷം കൊണ്ട് പഞ്ചായത്തിലെ 1500 വീടുകളിൽ മോഡൽ ഡയറി ഫാമുകൾ നിലവിൽ വരണം. 1500 വീടുകളിൽ തത്ഫലമായി ബയോഗ്യാസ് പ്ലാൻറുകൾ നിലവിൽ വരും. ഒരു മോഡൽ ഡയറി ഫാമിനു വരുന്ന മൊത്തം മൂലധനച്ചെലവ്-അതിന്റെ 50% സബ്സിഡിയായും, 50% ദീർഘകാല കടമായും അർഹതയുള്ളവർക്കു നൽകണം. ഒൻപതാം പദ്ധതിയിൽ ഈ പഞ്ചായത്തിൽ 2 1/2 കോടി രൂപാ സബ്സിഡി ഇനത്തിൽ ഈ രംഗത്ത് മാറ്റി വച്ചാൽ ഈ പഞ്ചായത്തിന്റെ സമഗ്രവും സന്തുലിതവുമായ വികസനം ഈ ഒരു പ്രോജക്ട് കൊണ്ട് സാധ്യമാകുമെന്നതിനു സംശയമില്ല. (പ്രോജക്ട് അന്യത്ര ചേർത്തിട്ടുണ്ട്.) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പാൽസംഭരണ-വിതരണ കേന്ദ്രങ്ങളും, ക്ഷീര വ്യവസായ സഹകരണസംഘത്തിന് പാസ്ച്ചുറൈസേഷൻ, പ്രോജക്ട് നിർമ്മാണ സൗകര്യങ്ങളും നിലവിൽ വരത്തക്കവിധം പദ്ധതി ആവിഷ്കരിക്കണം.

4. പാൽ ഉൽപ്പാദനം പുറകോട്ടു പോകുന്നതിനുള്ള മുഖ്യകാരണം ഭാരിച്ച ചികിൽസാ ചെലവാണ്. ഇത് ഒഴിവാക്കുവാൻ മെഡികെയർ ഇൻഷ്വറൻസ് പദ്ധതി-ഗവൺമെന്റോ, ഇൻഷ്വറൻസ് കമ്പനികളോ, പഞ്ചായത്ത് നേരിട്ടോ നടപ്പിലാക്കണം. ചികിൽസാച്ചെലവ് കൂടി ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് പദ്ധതികൾ രൂപകല്പന ചെയ്യണം. മൃഗാശുപത്രികളുടെ സൗജന്യസേവനം ലഭിക്കുന്നതിലുള്ള പോരായ്മകൾ പരിഹരിക്കണം. ഇന്നു മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നോ, ഉപക

രണങ്ങളോ ഇല്ല. ഡോക്ടർമാരെ കൃത്യമായി നിയമിക്കുന്നില്ല. തന്മൂലം ഡോക്ടർമാരുടെ സേവനം ലഭിക്കാതെ ഈ മേഖലയിലുള്ള കർഷകർ വളരെയധികം ബുദ്ധിമുട്ടുന്നു.

5. കാലിത്തീറ്റയുടെ ഭാരിച്ച വില ഒരു വലിയ പ്രശ്നമാണ്. ആ വില നിയന്ത്രിക്കുവാനുള്ള സംവിധാനം കൃഷിക്കാരനില്ല. കൃഷിക്കാരൻ നിശ്ചയിക്കുന്ന വിലയ്ക്ക് പാൽ വിൽക്കുവാനും കഴിയുകയില്ല. നയപരമായ ഈ പ്രശ്നം ഗവൺമെൻറു തന്നെ പരിഹരിക്കണം. കാലിത്തീറ്റക്ക് സബ്സിഡി നൽകുക, പാൽ വില വർദ്ധിപ്പിക്കുക-ഇതിൽ ഏതെങ്കിലും എത്രയും വേഗം നടപ്പാക്കണം. പാൽ വിപണന രംഗത്ത് ഉദാരവത്കരണവും, സ്വതന്ത്ര വിപണിയും നിലവിൽ വന്നാൽ ഈ പ്രദേശത്തെ പാൽ ഉൽപ്പാദകർ കൂടുതൽ ക്ലേശിക്കാതിരിക്കുവാനുള്ള മുൻകരുതലുകളും ആവശ്യമാണ്. പഞ്ചായത്ത് തലത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നത്-നമുക്കിവിടെ സുലഭമായി ലഭിക്കുന്ന നാളികേരവും, ഏത്തക്കായും, കൊക്കോയും പാലും മിക്സ് ചെയ്തു മൂല്യ വർധനവുള്ള പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി സംരക്ഷിച്ച് പുറം വിപണിയിലിറക്കുക എന്നതാണ്. അതിനാവശ്യമായ സാങ്കേതികവിദ്യയും, വൈദഗ്ധ്യവും ആർജിച്ചേ മതിയാകൂ.

6. കാലിത്തീറ്റയ്ക്കു സബ്സിഡി, കോഴിത്തീറ്റയ്ക്കു സബ്സിഡി, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു തൊഴുത്തു പണിയുന്നതിന് സബ്സിഡി, അർഹരായ പാൽ ഉൽപ്പാദകർക്ക് പെൻഷൻ പദ്ധതി മുതലായ പ്രാദേശിക ആവശ്യം പരിഗണിച്ച് പദ്ധതികൾ പ്രായോഗികമാക്കണം.

7. പുൽകൃഷി വ്യാപകമാക്കാൻ കഴിയുന്ന സഹായപദ്ധതികൾ നടപ്പിലാക്കണം.

8. നമ്മുടെ നാട്ടിലെ കാർഷികാവശിഷ്ടങ്ങൾ, മരങ്ങളുടെ തോൽ, ഇല, തണ്ട്-മുതലായവ ഉപയോഗിച്ചുള്ള ലാഭകരമായ കാലിത്തീറ്റ നിർമ്മാണത്തിന്റെ സാങ്കേതിക വശങ്ങൾ കർഷകർക്കു ലഭ്യമാക്കണം.

9. എല്ലാ വാർഡുകളിലും വനിതകൾക്കുള്ള തൊഴിൽ സങ്കേതമെന്ന നിലയിൽ പാലുല്പന്ന നിർമ്മാണ-വിപണന കേന്ദ്രങ്ങളും പായ്ക്കറ്റ് പാൽ വിപണന കേന്ദ്രങ്ങളും ആരംഭിക്കണം. നിലവിലുള്ള പാലുൽപ്പന്ന നിർമ്മാണ ഗ്രാന്റ് ലഭ്യമാക്കുവാൻ ക്ഷീരവികസന വകുപ്പ്, വനിതാ യൂണിറ്റുകൾ സംഘടിപ്പിക്കണം. ഒരു വാർഡിൽ ഒരു യൂണിറ്റ് വീതം തുടങ്ങുവാനുള്ള സാധ്യതയുണ്ട്.

10. പാലുത്പ്പാദനച്ചെലവിന് അനുസൃതമായ പാൽ വില ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാകണം.

11. മൃഗസംരക്ഷണമേഖലയിൽ, ആടുവളർത്തൽ, മുയൽ വളർത്തൽ, കോഴി വളർത്തൽ എന്നിവ ആരംഭിക്കുന്നവർക്ക് പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം. ഓരോ വാർഡിലും ഓരോ ആടുവളർത്തൽ കേന്ദ്രങ്ങളും, മുയൽ വളർത്തൽ കേന്ദ്രങ്ങളും, ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളും തുടങ്ങുന്നതിനുള്ള സാധ്യതയുണ്ട്.

12. നായ്ക്കൾക്ക് സൗജന്യ കുത്തിവയ്പ്പ് നിർബന്ധമാക്കുകയും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

13. മത്സ്യകൃഷിക്ക് ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കണം. അഞ്ചു സെന്റിൽ കുറവുള്ള കുളങ്ങളിലും മത്സ്യങ്ങളെ വളർത്തുന്നവർക്ക് ആയതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്തു കൊടുക്കണം.

14. മത്സ്യത്തൊഴിലാളികളെ പ്രത്യേകമായി പരിഗണിച്ച് അവർക്ക് അർഹമായ സഹായങ്ങൾ നൽകുകയും പഞ്ഞമാസങ്ങളിൽ-അല്ലെങ്കിൽ അവർക്ക് തൊഴിലില്ലാത്ത അവസരങ്ങളിൽ പ്രത്യേക റേഷൻ അനുവദിക്കുകയും ചെയ്യണം.

15. ആരോഗ്യകരമായ-ശുചിത്വമുള്ള മാംസമാർക്കറ്റുകളും, മത്സ്യമാർക്കറ്റുകളും പഞ്ചായത്തിലെ ഉപഭോക്താക്കളെ സംഘടിപ്പിച്ച് പഞ്ചായത്ത് നേരിട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മോഡൽ ഡയറി പ്രോജക്ട്

1500 കുടുംബങ്ങളിൽ രണ്ടു പശുക്കളെ വീതം വളർത്തി സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള ഒരു പദ്ധതിയാണിത്. മാഞ്ഞൂർ പഞ്ചായത്തിൽ 9-കാം പദ്ധതിയിൽ 5 വർഷം കൊണ്ട് ഈ പദ്ധതി പൂർണ്ണമായി നടപ്പിൽ വരും. മൂലധനച്ചെലവിന്റെ 50% സബ്സിഡിയും 50% ദീർഘകാല വായ്പയും നൽകുവാനാണ് പദ്ധതി. ഗണ്യമായ പാലുൽപ്പാദന വർദ്ധനവും, ബയോഗ്യാസ് ഉൽപ്പാദനവും നേടുക വഴി ഈ പദ്ധതി പഞ്ചായത്തിന്റെ സന്തുലിതമായ വികസനത്തിന് ഉപകരിക്കും.

പദ്ധതി മുൻകരുതലുകൾ

1. a. പ്രോജക്ടിനു കീഴിൽ ലഭ്യമാകുന്ന പശുക്കൾ ഒരു കറവ കാലഘട്ടത്തിൽ (200 ദിവസം) കുറഞ്ഞത് 2500 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നവ ആയിരിക്കും.

   b. നല്ല പ്രത്യുൽപ്പാദനശേഷിയുള്ള പശുക്കളെയായിരിക്കും വിതരണം ചെയ്യുക. വർഷത്തിൽ ഒരു പ്രസവം ഉറപ്പാക്കണം.

   c. ഇളംപ്രായത്തിൽ വളർച്ചയെത്തുന്ന സങ്കരയിനം പശുക്കളെയാണ് തെരഞ്ഞെടുക്കേണ്ടത്.

   d. നല്ല രോഗപ്രതിരോധശക്തിയുള്ളവയായിരിക്കണം.

   e. കാലാവസ്ഥയ്ക്ക് ഇണങ്ങുന്നവയായിരിക്കണം.

   f. കർഷകർ ഇഷ്ടപ്പെടുന്ന ശാന്തസ്വഭാവമുള്ള പശുക്കളായിരിക്കണം.

2. ലാഭകരമായ തീറ്റിക്രമം, തീറ്റി ഉത്പ്പാദനം, എന്നിവയിൽ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് നല്ല അറിവുണ്ടായിരിക്കണം.

3. ഭാരിച്ച ചെലവ് ഒഴിവാക്കി ഓരോ വീട്ടിലും സ്വയംതൊഴിലായി ഈ പരിപാടി നിലനിൽക്കത്തക്കവിധം വീട്ടിലെ അംഗങ്ങൾതന്നെ സന്തോഷകരമായ ഒരു തൊഴിലായി ഈ പശുപരിപാലനത്തെ വീക്ഷിക്കണം.

4. രോഗപ്രതിരോധം, രോഗശുശ്രൂഷാസൗകര്യങ്ങൾ ഇവ ലഭ്യമായിരിക്കുന്നതോടൊപ്പം തികച്ചും മാതൃകാപരമായ ഇൻഷ്വറൻസ്, മെഡികെയർ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

5. സുഗമമായ മാർക്കറ്റിംഗ് സംവിധാനങ്ങളും ലാഭകരമായ തൊഴിൽ സങ്കേതങ്ങളും, സാമ്പത്തികസഹായ പദ്ധതികളും, നയങ്ങളിലും, പദ്ധതി നിർവ്വഹണത്തിലും ഉറപ്പു വരുത്തിയിരിക്കണം.

പദ്ധതി പങ്കാളികൾ


1. പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും, ഈ തൊഴിലിനോട് ആഭിമുഖ്യം ഉള്ളവരുമായിരിക്കണം.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കണം.

3. തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾ കുടുംബങ്ങളാണെങ്കിലും, നിശ്ചിത ശതമാനം വനിതകളും, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളും ഉണ്ടായിരിക്കണം. ശതമാന നിർണ്ണയം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും, പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയവുമായിരിക്കും.

4. സബ്സിഡി, വായ്പകളുടെ ദുരുപയോഗം തെളിയിക്കപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.





3
വ്യവസായം

എടുത്തു പറയത്തക്ക വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ മാഞ്ഞൂർ പഞ്ചായത്തിൽ ഇല്ല. കൃഷിയും കച്ചവടവുമാണ് പ്രധാന തൊഴിൽ. അടുത്ത കാലത്തായി ചെറിയ ചെറിയ വ്യവസായ യൂണിറ്റുകൾ സഹകാര്യമേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായത് തീപ്പെട്ടിക്കൊള്ളി നിർമ്മാണ യൂണിറ്റുകളാണ്. റബ്ബർകൃഷി പ്രധാന കൃഷിയാണെങ്കിലും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ തീരെ ഇല്ല. മൂന്ന് റബ്ബർ ബാൻഡ് യൂണിറ്റുകൾ മാത്രമാണ് ഈ മേഖലയിൽ ആകെയുള്ളത്.

വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വ്യാപാരസ്ഥാപനങ്ങൾ		
ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം
1.	റേഷൻ കടകൾ	14
2.	റേഷൻ മൊത്തവ്യാപാരം	1
3.	റബ്ബർ കടകൾ	19
4.	വളക്കടകൾ	15
5.	സ്വർണ്ണക്കടകൾ	7
6.	സ്റ്റുഡിയോ	7
7.	ആയുർവ്വേദ മരുന്നു കടകൾ	5
8.	ഇംഗ്ലീഷ് മരുന്നു കടകൾ	6
9.	പച്ചമരുന്നു കടകൾ	2
10.	ഹോമിയോ മരുന്നു കടകൾ	3
11.	മറ്റു വ്യാപാര സ്ഥാപനങ്ങൾ	322

വ്യവസായ സ്ഥാപനങ്ങൾ		
ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം
1.	തീപ്പെട്ടിക്കൊള്ളി നിർമ്മാണം	15
2.	സോഡാ നിർമ്മാണം	3
3.	അറക്കമില്ലുകൾ	7
4.	മെറ്റൽക്രഷർ	1
5.	റിപ്പയർ വർക്ക്ഷോപ്പുകൾ	41
6.	സർവ്വീസ് സ്റ്റേഷൻ	2
7.	പ്രിന്റിംഗ് പ്രസ്സ്	2
8.	ചില്ലിംഗ് പ്ലാന്റ്	1
9.	റബ്ബറധിഷ്ഠിതവ്യവസായം	3
10.	സ്റ്റീൽ ഫർണിച്ചർ നിർമ്മാണം	4
11.	പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾ	3
12.	പശ, ഷെല്ലാക്ക് സോൾവന്റ്	2
13.	ജൈവവള നിർമ്മാണം	1

സർക്കാരിന്റെ സാമ്പത്തിക ആനുകൂല്യങ്ങളുടെ തണലിൽ ഏതാനും യൂണിറ്റുകൾ ഉണ്ട്. ഇവയെല്ലാം ആനുകൂല്യം കൈപ്പറ്റുവാൻ വേണ്ടി യുള്ള പേപ്പർ യൂണിറ്റുകളാണ്. മേമുറി കേന്ദ്രമായുള്ള ഖാദി നൂൽ നിർമ്മാണ കേന്ദ്രം, അഞ്ചാം വാർഡിലെ ലതർനിർമ്മാണ സഹകരണസംഘം, ഇരവിമംഗലത്തെ ഖാദിനിർമ്മാണ യൂണിറ്റ് തുടങ്ങിയവ ഇവയിൽ ചിലതു മാത്രം.

സാധാരണയായി വ്യാപാര വ്യവസായ മേഖലയിൽ പുരുഷന്മാരാണ് കൂടുതൽ. തീപ്പെട്ടിക്കൊള്ളി നിർമ്മാണം, റബ്ബർബാന്റ് നിർമ്മാണ യൂണിറ്റുകളിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതലുള്ളത്. ഇവരുടെ സേവന വേതന വ്യവസ്ഥകൾ വളരെ ദയനീയമാണ്. ലാഭം പ്രതീക്ഷിക്കാൻ വയ്യാത്ത വ്യവസായങ്ങളാണ് ഇവയിൽ പലതും. ഉടമകളിൽ പലരുമായി ചർച്ച നടത്തിയതിൽ നിന്നും മുടക്കു മുതലിനു ബാങ്ക് പലിശ പോലും ലഭിക്കാത്ത വ്യവസായങ്ങളാണ് ഇവയെന്ന് കാണുന്നു. എന്തെങ്കിലും ഒരു തൊഴിലിനു വേണ്ടി നടത്തുന്ന വ്യവസായത്തിന്റെ പീഡിതാവസ്ഥ തൊഴിലാളികളേയും ബാധിച്ചിരിക്കുന്നു. കൂലി കുറഞ്ഞാലും ഒരു തൊഴിൽ എന്ന നിലയിൽ തൊഴിലാളികളും.

പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

ഒരു തൊഴിൽ നടത്തുന്നതിന് ആവശ്യമായ വൈദ്യുതി കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം. തന്നെയുമല്ല, വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിക്കുന്ന അപേക്ഷ ചുവപ്പുനാടയിൽ കുടുങ്ങാതെ എത്രയും വേഗം കണക്ഷൻ നൽകുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

വ്യാവസായിക ഉല്പന്നങ്ങൾ ആവശ്യമെങ്കിൽ സ്വകാര്യമേഖലയെ വിപണനത്തിന് ഏല്പിക്കാവുന്നതാണ്.

വൈദ്യുതിയുടെ കുറവു പരിഹരിക്കുവാൻ ഉല്പാദനം ആവശ്യമെങ്കിൽ സ്വകാര്യമേഖലയെ ഏല്പിക്കുക.

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കൂടുതൽ കപ്പാസിറ്റിയുള്ളവ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

റബ്ബർ അധിഷ്ഠിതമായ കുടിൽ, വൻകിട വ്യവസായങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ പരിശീലനവും സാമ്പത്തിക വായ്പാ പദ്ധതിയും നൽകുകയും പ്രോത്സാഹിപ്പിക്കുകയും വേണം.


പഞ്ചായത്ത് തലത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുകയും വിദഗ്ദ പരിശീലനത്തിനുള്ള സ്ഥാപനവം തുടങ്ങുകയും ചെയ്യുക.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന നിർദ്ദേശം വൈദ്യുതിയുടെ ലഭ്യതയാണ്. ആവശ്യത്തിന് വൈദ്യുതി ലഭിക്കുമെന്നുറപ്പുണ്ടായാൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ ധാരാളം യുവാക്കൾ സന്നദ്ധരാണ്.

വനിതകൾക്കു വേണ്ടി റെഡിമേഡ് വസ്ത്രനിർമ്മാണവും സോപ്പു നിർമ്മാണ യൂണിറ്റും ആരംഭിക്കാവുന്നതാണ്.

നാളികേരത്തിൽ നിന്നും കയറ്റുമതി പ്രാധാന്യമുള്ള വിഭവങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

നെല്ല് ഉല്പാദകരെ സംഘടിപ്പിച്ച് നെല്ല് സംഭരിച്ച്, അരി പായ്ക്കറ്റുകളിലാക്കി വിപണനം നടത്തുന്ന ഒരു സ്ഥാപനം ഉണ്ടാകണം.





4
വിദ്യാഭ്യാസം

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നാണല്ലോ ആപ്ത വാക്യം. തീർച്ചയായും ഒരു ജനതയുടെ ഉയർച്ചയും, താഴ്ചയും അവരുടെ വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. കൂട്ടായ്മയുടെയും, സാഹോദര്യത്തിന്റെയും സമഭാവനയുടേതുമായ പൊൻകിരണങ്ങൾ പ്രകാശിപ്പിക്കുന്നതിന് ജനസാമാന്യത്തിന് വിദ്യാഭ്യാസം അനിവാര്യം തന്നെ. ഇക്കാരണത്താലാവാം നമ്മുടെ പൂർവ്വികന്മാരും 20-കാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽത്തന്നെ സാർവ്വത്രികമായി സ്കൂളുകൾ സ്ഥാപിക്കാനും അവ വളർത്തിക്കൊണ്ടു വരുവാനും ഉൽസാഹിച്ചത്. അങ്ങനെ മാഞ്ഞൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിതമായി.

ആദ്യകാലങ്ങളിൽ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിൽ നിലത്തെഴുത്തു ആശാൻ കളരികൾ പ്രവർത്തിച്ചു പോന്നിരുന്നു. മാഞ്ഞൂർ സൗത്തിൽ മുട്ടത്തിൽതാഴെ കളപ്പുരമ്യാലിൽ നെൽപ്പുരയിൽ 1900-ൽ ഒരു ആശാൻകളരിയും, കുറുപ്പന്തറ കവലയിൽ മറ്റൊന്നും, മാൻവെട്ടത്ത് വേറൊന്നും രൂപം കൊണ്ടു. മലയാള അക്ഷരങ്ങളുടെ അഭ്യസനവും, പ്രാഥമിക സംഖ്യാബോധനവും മാത്രമല്ല, സംസ്കൃത കാവ്യങ്ങൾ വരെ അവിടെ പഠിപ്പിച്ചു പോന്നു.

മാൻവെട്ടത്തെ കളരി 12-9-1081(M.E.) ഒന്നും രണ്ടും ക്ലാസ്സോടു കൂടി തുടങ്ങി. പിറ്റേ വർഷം മൂന്നും നാലും ക്ലാസ്സുകൾ ചേർത്ത് L.P. സ്കൂളായി. ഇവിടെ ആദ്യം പേര് രജിസ്റ്റർ ചെയ്യപ്പെട്ട കുട്ടി പി. കെ. മറിയം, വടക്കേവീട്, മേമ്മുറി ആകുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ സ്കൂളിലെ ആദ്യത്തെ കുട്ടിയാകുന്നതിലുള്ള ഭാഗ്യം ഈ മഹിളയ്ക്കുണ്ടായി. അങ്ങനെ ഗവൺമെന്റ് എൽ. പി. സ്കൂൾ മേമ്മുറി സ്കൂളുകളുടെ മുത്തശ്ശിയായി നിലകൊള്ളുന്നു. ഒരു കാര്യം പറയട്ടെ, അന്നും ഇന്നും ഇതൊരു എൽ. പി. സ്കൂളാണ്. ഈ സ്കൂളിന്റെ പ്രാരംഭപ്രവർത്തകർ പലരുണ്ടെങ്കിലും അതിൽ എടുത്തു പറയേണ്ട നാമങ്ങളാണ് മുതുകാട്ടു പറമ്പിൽ കുഞ്ഞൗസേഫ്, തലോടിൽ പോൾസാർ, ചോഴിക്കര അയ്യപ്പൻ പിള്ള എന്നിവർ.

കുറുപ്പന്തറ കവലയിലെ കളരി, സ്കൂൾ രൂപത്തിൽ 1909ൽ മാഞ്ഞൂർ കവലയ്ക്കു സമീപം

വൈയ്ക്കം-ഏറ്റുമാനൂർ റോഡ്സൈഡിൽ പണി തീർക്കുകയും, 1912-ൽ ഇതൊരു പൂർണ്ണ എൽ. പി. സ്കൂളായിത്തീരുകയും ചെയ്തു. ഇപ്പോൾ ഈ സ്കൂളിൽ പ്രധാന അദ്ധ്യാപകനായി സേവനം ചെയ്യുന്ന ശ്രീ. P.K. ബേബി സാർ "സംസ്ഥാന അദ്ധ്യാപക അവാർഡ്" കരസ്ഥമാക്കിയ അദ്ധ്യാപകനാണ്.

കറുപ്പന്തറ മാണ്ണാറപ്പാറ സെൻറ് സേവ്യേഴ്സ് എൽ. പി. സ്കൂൾ, (1909) കാഞ്ഞിരത്താനം സെൻറ് ജോൺസ് എൽ. പി. സ്കൂൾ (1909), എന്നിവ രൂപം പ്രാപിച്ചു. നേരത്തേ സൂചിപ്പിച്ച മാഞ്ഞൂർ സൗത്തിലെ മുട്ടത്തിൽതാഴെ കളപ്പുരമ്യാലിൽ ആശാൻ കളരി 1912 -ൽ ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളെന്ന നാമത്തിൽ കോതകുളത്തിനു സമീപം സ്ഥാപിക്കുകയും അങ്ങനെ ആ സ്കൂൾ കോതകുളങ്ങര എൽ. പി. സ്കൂൾ എന്ന് അറിയപ്പെടുകയും ചെയ്തു. ആ കാലഘട്ടത്തിൽ ഈ സ്കൂളിൻെറ നിലനിൽപ്പിന് അഹോരാത്രം പരിശ്രമിച്ച മഹതിയായിരുന്നു ബഹുമാനപ്പെട്ട സൂസന്ന ടീച്ചർ. ആ മഹതി നേതൃത്വം കൊടുത്തു നിർമ്മിച്ച തടിപ്പാലം (മാഞ്ഞൂർ തെക്കും ഭാഗം) 'സൂസന്ന'പ്പാലം എന്ന് അറിയപ്പെടുന്നു.

തുടർന്ന് കോതനല്ലൂർ മുടപ്പ വെർണാകുലർ സ്കൂൾ(1919); പഞ്ചായത്തിൻെറ രണ്ടാം വാർഡിന്റെ ഹൃദയഭാഗത്ത് കുന്നേൽ സ്കൂളെന്ന റിയപ്പെടുന S.N.V.L.P. സ്കൂൾ(1918), ചാമക്കാലായിൽ സെൻറ് ജോൺസ് L.P.സ്കൂൾ(1918), ഇരവിമംഗലത്ത് സെൻറ് ജോസഫ് L.P. സ്കൂൾ (1920), ഇരവിമംഗലം കിഴക്കുഭാഗത്ത് ഊന്നുകല്ലേൽ L.P. സ്കൂൾ, കുറുപ്പുന്തറ കവലയിൽ സെൻറ് തോമസ് എൽ. പി. സ്കൂൾ, അവസാനമായി മാൻവെട്ടം സെൻറ് ജോൺസ് U.P. സ്കൂൾ (1982) എന്നിവ സ്ഥാപിതങ്ങളായി.

ഈ പഞ്ചായത്തിലെ അപ്പർ പ്രൈമറി സ്കൂളിൽ ആദ്യം സ്ഥാപിക്കപ്പെട്ടത് കോതനല്ലൂരാണ്. മുടപ്പ വെർണാകുലർ സ്കൂൾ 1920-ൽ പള്ളിയുടെ അടുത്തേക്കു മാറ്റി സ്ഥാപിച്ചു. (എമ്മാനുവൽ എൽ. പി. സ്കൂൾ എന്ന പേരിൽ ബഹുമാനപ്പെട്ട മുങ്ങാറ്റുചുണ്ടയിൽ മാണിയച്ചൻ വികാരിയായിരുന്ന കാലത്ത്) തുടർന്ന് മലയാളം മിഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പിന്നീട് മലയാളം മിഡിൽ സ്കൂൾ 1950 ൽ U.P.സ്കൂളായിമാറി. 1949-ൽ കോതകുളങ്ങരയിലും, 1954-ൽ കാഞ്ഞിരത്താനത്തും, 1953-ൽ മണ്ണാറപ്പാറയിലും U.P.സ്കൂൾ ഉണ്ടായി. എന്നാലിതുകൊണ്ടൊന്നും മാഞ്ഞൂർക്കാരുടെ വിദ്യാമോഹം പരിപൂർണ്ണതയിലെത്തിയിരുന്നില്ല. ഹൈസ്കൂൾ പഠനത്തിനു വേണ്ടി കടത്തുരുത്തി, കുറവിലങ്ങാട്, ഏറ്റുമാനൂർ എന്നീ പ്രദേശങ്ങളിലേക്കും അക്കാലത്തു പോകേണ്ടിയിരുന്നു. ഇതൊഴിവാക്കാൻ ക്രിസ്ത്യൻ സമൂഹങ്ങളും ഒപ്പം ഹിന്ദു സമുദായക്കാരും ബദ്ധശ്രദ്ധരായി പ്രവർത്തിച്ചു. അതിൻെറയൊക്കെ ഫലമായിട്ടാണ് മാഞ്ഞൂരിന് എന്നും അഭിമാനിക്കാവുന്ന, മറ്റു പല പഞ്ചായത്തുകളേയും പിന്നിലാക്കികൊണ്ട് പ്രശസ്തങ്ങളായ അഞ്ച് ഹൈസ്കൂളുകൾ സ്ഥാപിതങ്ങളായത്. അക്കൂട്ടത്തിൽ ആദ്യത്തേത് V.K.V.M. N.S.S. (1958) ഹൈസ്കൂളാണ്. ദിവംഗതനായ V.K. വേലപ്പൻെറ ശ്രമഫലമായി മാഞ്ഞൂരിലെ N.S.S. കരയോഗം സ്ഥാപിച്ച ഹൈസ്കൂളാണിത്. സ്കൂൾ അനുവദിച്ചു കിട്ടുന്നതിനും പിന്നീടത് നടത്തിപ്പോരുന്നതിനും മുന്നിൽ പ്രവർത്തിച്ച പാണമല ശ്രീ. പി. ജി. ഭാസ്കരൻ നായരെ പ്രത്യേകിച്ചും ഈ അവസരത്തിൽ സ്മരിക്കുന്നു. രണ്ടാമതായി ഹൈസ്കൂളായി ഉയർന്നത് കാഞ്ഞിരത്താനം സെൻറ് ജോൺസ് U.P.സ്കൂളാണ്. 1962-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിന് അഭിമാനിക്കാൻ വളരെയുണ്ട്. നേരത്തെ കാഞ്ഞിരത്താനം സെൻറ് ജോൺസ് L.P. സ്കൂളിൽനിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥിയായിരുന്നു പിന്നീട് സാഹിത്യകാരനും, ചിത്രകാരനും, ഭിഷഗ്വരനുമൊക്കെയായി വിരാജിച്ച മൺമറഞ്ഞുപോയ ഷെവലിയർ V.C. ജോർജ്ജ്. ഹൈസ്കൂളിൻെറ സ്ഥാപനകാലത്ത് ഹെഡ്മാസ്റ്ററായിരുന്ന Rev. Fr. M.T. തൊമ്മൻ മാമ്പുഴക്കലിനെ ഇവിടത്തുകാർ സ്നേഹാദരവുകളോടെ സ്മരിക്കുന്നു. മൂന്നാമതായി

ഹൈസ്കൂൾ ഗ്രേഡിലേക്കുയർന്നത് കുറുപ്പന്തറയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സെൻറ് സേവ്യേഴ്സ് ഹൈസ്കൂൾ ആണ്. (1968)-ൽ. ആദ്യകാല മാനേജർ Rev. Fr. ജോർജ്ജ് പരുവനാടി, ഹെഡ്മാസ്റ്റർ ശ്രീ. V.K. കുര്യൻ എന്നിവരുടെ സേവനങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. അതുപോലെ മണ്ണാറപ്പാറക്കാരുടെ ഓർമ്മകളുടെ ചെപ്പിൽ സൂക്ഷിക്കപ്പെടുന്ന ഒരു ബഹുമാന്യ നാമമാണ് ദീർഘകാലം L.P. സ്കൂൾ അധ്യാപകനും, ഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ. സിറിയക് കരോടൻ സാറിൻേറത്. 1978-ൽ ഹൈസ്കൂളായി പരിണമിച്ച കോതനല്ലൂർ എമ്മാനുവൽ സ്കൂൾ ഈ നാടിൻെറ അഭിമാനസ്തംഭമാണ്. (1766 വിദ്യാർത്ഥികൾ, 59 അധ്യാപകർ) ശ്രീമാൻമാരായ അറയ്ക്കൽ നാരായണപിള്ള, പി.വി. ദേവസ്യ പള്ളിപ്പറമ്പിൽ, പി.എം. തോമസ് എന്നീ അധ്യാപകശ്രേഷ്ഠർ ഇന്നാട്ടുകാർക്ക് പ്രാതസ്മരണീയരാണ്. കോതകുളങ്ങര ഗവ. U.P. സ്കൂൾ മാഞ്ഞൂർ ഹൈസ്കൂളായി തീർന്നു. ഇക്കാലത്തു സ്കൂളിൻെറ പ്രവർത്തനത്തിനു നേതൃത്വം കൊടുത്ത ശ്രീ. N. ഗോപാലപിള്ള കളപ്പുരയിൽ, ശ്രീ. C.P. കോര എന്നിവരെ പ്രത്യേകം ഓർമ്മിക്കുന്നു.

ചുരുക്കത്തിൽ മാഞ്ഞൂർ വിദ്യാലയങ്ങളുടെ കാര്യത്തിൽ സമ്പുഷ്ടമാണ്. ഇന്ന് മാഞ്ഞൂരിലെ 12 വാർഡുകളിൽ 14 സ്കൂളുകൾ. ഇവയൊക്കെ കെട്ടിപ്പടുക്കുന്നതിൽ നാട്ടുകാരും, സ്വകാര്യ മാനേജ്മെൻറുകളും അത്യുൽസാഹത്തോടെ പ്രവർത്തിച്ചു. ക്രിസ്ത്യൻ മാനേജ്മെൻറുകളാകട്ടെ "ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന രീതിയിൽ പ്രവർത്തിച്ച് എന്തെന്തു ത്യാഗമാണ് അവർ സഹിച്ചിട്ടുള്ളത്. ഇങ്ങനെ സ്കൂൾസ്ഥാപനാർത്ഥം തീവ്രയത്നം നടത്തിയ സാംസ്കാരിക സമ്പന്നരായ വ്യക്തികളേയും, സമൂഹങ്ങളേയും ഇവിടെ പ്രത്യേകം സ്മരിക്കുന്നു.

മേൽപ്പറഞ്ഞ അംഗീകൃത സ്കൂളുകൾക്കു പുറമെ ഏതാനും സമാന്തര സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ വിദ്യാവെളിച്ചം പ്രദാനം ചെയ്യുന്നുണ്ട്. മാഞ്ഞൂർ കവലയിൽ പ്രവർത്തിക്കുന്ന "വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ" ഇക്കൂട്ടത്തിൽപ്പെടുന്നു. 180 വിദ്യാർത്ഥികളും ഏഴ് അദ്ധ്യാപകരും ഈ സ്ഥാപനത്തിൽ ഉണ്ട്. കുറുപ്പന്തറ കവലയിലുള്ള S.H. കോളേജ്, ട്രിനിറ്റി ട്യൂഷൻ സെൻറർ, റെയിൽവേ ഗേറ്റിന് സമീപമുള്ള മാഹാരാജാസ് കോളേജ് എന്നിവയും ട്യൂട്ടോറിയൽ വിഭാഗത്തിൽ പെടുന്നു. S.S.L.C., Pre-Degree, Degree എന്നീ ക്ലാസ്സുകൾ ചെറിയ തോതിൽ ഈ ട്യൂട്ടോറിയൽ കോളേജിൽ നടത്തപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് മൂന്നാം വാർഡിലും രണ്ടാമത്തേത് ഒമ്പതാം വാർഡിലും. അതുപോലെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 8 നഴ്സറി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 7 എണ്ണം സ്കൂളുകളോടനുബന്ധിച്ചാണ്. കുറുപ്പന്തറ കവല, കുറുപ്പന്തറ ടൗൺ, കോതനല്ലൂർ എന്നിവടങ്ങളിലായി 8 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തനക്ഷമങ്ങളായി ഉണ്ട്. എല്ലായിടത്തുമായി 120 വിദ്യാർത്ഥികൾ. ഷോർട്ടു ഹാൻഡു കോഴ്സ് ഇവിടങ്ങളിൽ നടത്തപ്പെടുന്നുണ്ടെങ്കിലും ആരും അതിതാല്പര്യം കാണിച്ചു കാണുന്നില്ല. ഈ കമ്പ്യൂട്ടർ യുഗത്തിൽ നമ്മുടെ പഞ്ചായത്തിൽ പറയത്തക്ക യാതൊരു കമ്പ്യൂട്ടർ സെൻറുകളും ഇല്ലായെന്നുള്ളത് ആശ്ചര്യകരം തന്നെ.

പട്ടിക 1A പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. നമ്മുടെ പഞ്ചായത്തിലെ ചില സ്കൂളുകൾ നിലച്ച മട്ടായിട്ടുണ്ട് എന്നുള്ളത്. ഉദാഹരണത്തിന് 2-ാം വാർഡിലെ S.N.V.L.P. സ്കൂൾ. ആദ്യം ഈ സ്കൂൾ സ്ഥാപിതമായത് S.N.D.P. മാനേജ്മെൻറിലായിരുന്നു. 1946-ൽ ഇത് ഗവണ്മെൻറിലേക്കു വിട്ടു കൊടുക്കുകയുണ്ടായി. എന്നിരുന്നാലും ആ സമുദായാംഗങ്ങളും, നാട്ടുകാരും കണ്ണിലെ കൃഷ്ണമണി പോലെ ഇതിനെ കാത്തുപോന്നു. അതിനുദാഹരണമാണല്ലോ ഇവിടെ ദീർഘനാൾ അദ്ധ്യാപകനും, ഹെഡ്മാസ്റ്ററുമായിരുന്ന കുഞ്ഞപ്പൻ സാർ ചോര നീരാക്കി ഈ സ്ഥാപനത്തിനു വേണ്ടി പ്രവർത്തിച്ചു എന്നുള്ളത്. അങ്ങനെയെങ്കിൽ ഈ നെയ്വിളക്ക് അണയാതെ സൂക്ഷിക്കാൻ നമുക്കു കടമയുണ്ട്.

പട്ടിക I A

No.	വിദ്യാലയങ്ങൾ	മാനേജ്മെന്റ് എയ്ഡഡ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	സെന്റ് സേവ്യേഴ്സ് LPS കുറുപ്പന്തറ (മണ്ണാരപ്പാറ)	എയിഡഡ്	168	140	308	02	06	08
2	സെന്റ് സേവ്യേഴ്സ് HS കുറുപ്പന്തറ	"	379	314	693	11	17	28
3	സെന്റ് തോമസ് LPS കുറുപ്പന്തറ	"	53	58	111	01	03	04
4	സെന്റ് ജോൺസ് LPS ചാമക്കാല	"	77	93	170	-	-	06
5	സെന്റ് ജോൺസ് LPS കാഞ്ഞിരത്താനം	"	58	55	113	-	04	04
6	സെന്റ് ജോൺസ് HS കാഞ്ഞിരത്താനം	"	269	156	425	02	14	16
7	ഇമ്മാനുവൽസ് HS കോതനല്ലൂർ	"	953	813	1766	11	48	59
8	V.K.V.M.N.S.S.H.S. മാഞ്ഞൂർ	"	87	82	169	-	-	10
9	സെന്റ് ജോസഫ്സ് LPS ഇരവിമംഗലം	"	77	70	147	01	04	05
10	സെന്റ് ജോർജ് UPS മാൻവെട്ടം	"	84	70	154	01	05	06
11	ഗവ. LPS മേമ്മുറി	Govt.Aided	85	60	145	03	02	04
12	SNV LPS മാഞ്ഞൂർ		22	18	40	02	02	04
13	Govt. LPS മാഞ്ഞൂർ		52	41	93	01	03	04
14	Govt. HS മാഞ്ഞൂർ		191	174	365	03	12	15

പട്ടിക I B

L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	LP			UP			HS		
	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം	പെൺ	ആൺ	ശതമാനം
4666	856	769	49.5%	738	653	43.5%	682	857	44.3%

പട്ടിക I C

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

LP			UP			HS		
ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം	പെൺ	ആൺ	ശതമാനം
57	69	54.8%	89	86	49%	70	89	56%

പട്ടിക I B

S.S.L.C. വിജയശതമാനം

സ്കൂൾ	91-92	92-93	93-94	94-95	95-96
സെന്റ് സേവ്യേഴ്സ് H.S.കുറുപ്പന്തറ	91.89	91.91	98	92.3	88
എമ്മാനുവൽസ് H.S.കോതനല്ലൂർ	92.74	96.68	96.1	96.87	95.34
സെന്റ് ജോൺസ് H.S. കാഞ്ഞിരത്താനം	-	67	80	75	70
VKVM NSS HS മാഞ്ഞൂർ	74	65	89	89	78
Govt. HS മാഞ്ഞൂർ	-	73.4	44.18	92.3	48.71

വിജയശതമാനത്തിന്റെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന സ്കൂളിന്റെ പരാജയകാരണം ബന്ധപ്പെട്ടവർ മനസ്സിലാക്കി അതിനു മാറ്റം വരുത്തുവാൻ ശ്രമിക്കണം. ഉദാഹരണത്തിന് 94-95 വർഷത്തിൽ മാഞ്ഞൂർ ഗവ:ഹൈസ്കൂളിലെ വിജയശതമാനം 92.3 ആയിരുന്നു. എന്നാൽ പിറ്റേ വർഷം (95-96) 48.73 ആയിത്തീർന്നു. ഈ ഏറ്റക്കുറച്ചിൽ ഗൗരവമായി ചിന്തിക്കേണ്ട ഒന്നാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റം, സാധാരണ സ്കൂളുകളുടെ അച്ചടക്കക്കുറവ്, അധ്യാപകരുടെ ശ്രദ്ധക്കുറവ്, നടന്നു പോകുവാനുള്ള കുട്ടികളുടെ ബുദ്ധിമുട്ട്, വിജയശതമാനക്കുറവ്, പാഠ്യേതര പ്രവർത്തനങ്ങളുടെ കുറവ്, സർവ്വോപരി തങ്ങളുടെ കുഞ്ഞുങ്ങളെ ആവുംവിധം ഉന്നതരാക്കണമെന്നുള്ള രക്ഷിതാക്കളുടെ അഭിനിവേശം. ഇക്കാരണങ്ങളാലൊക്കെ സാധാരണ സ്കൂളുകൾ തഴയപ്പെടുവാൻ ഇടയാക്കി. ഇതിന് ഒരു മകുടോദാഹരണമാണ് പ്രവർത്തനം നിലച്ചുപോയ ഊന്നുകല്ലേൽ C.M.S. L.P. സ്കൂൾ.

അതുപോലെതന്നെ അംഗൻവാടികളുടെ അഭാവം കാരണം പിഞ്ചുകുഞ്ഞുങ്ങളെ വിവിധ സ്ഥലങ്ങളിലുള്ള L.K.G., U.K.G. ക്ലാസുകളിലേക്ക് അയയ്ക്കുന്നു. ഇത് കുട്ടികൾക്കെന്ന പോലെ രക്ഷിതാക്കൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വസ്തുതയാണ്. ഇവയുടെ പരിഹാര മാർഗ്ഗം ഹൈസ്കൂളുകളോടും അപ്പർ പ്രൈമറി സ്കൂളുകളോടും ചേർത്ത് അത്തരം സ്കൂളുകൾ സ്ഥാപിക്കുക എന്നതാണ്.

പട്ടിക ID

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
216	244	460	2346	1860	4206

പട്ടിക IE തോറ്റുപോയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
41	33	74	166	83	249

പട്ടിക II ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടേയും കുട്ടികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചയാത്ത്)	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകുടെ എണ്ണം	ഗവ: അദ്ധ്യാപകരുടെ %	പഞ്ചയാത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികളുടെ %
174	28	16 %	4666	643	13.5%

ഉന്നത വിദ്യാഭ്യാസത്തിനായി മറ്റുസ്ഥലങ്ങളിലേക്കു പോകുന്നവരുടെ കണക്ക്

പഞ്ചായത്തിനു വെളിയിൽ	2348
കേരളത്തിനു വെളിയിൽ	799

നിരവധി വിദ്യാലയങ്ങൾ നമുക്കുണ്ടെങ്കിലും മറ്റ് സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് ഡോക്ടർമാർ, എൻജിനീയർമാർ, I.A.S.കാർ, ഗവേഷണ വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞൻമാർ മുതലായവർ നമ്മുടെ പഞ്ചായത്തിൽ ബീജാവാപം ചെയ്യുന്നില്ല. മിക്ക കുട്ടികൾക്കും S.S.L.C.യോ predegree-യോ പാസ്സായി ഒന്നു-രണ്ടു കൊല്ലത്തെ ഏതെങ്കിലും സാങ്കേതിക വിദ്യ അഭ്യസിച്ച് എങ്ങനെയും ഒരു വിദേശ വിസ തരപ്പെടുത്തി നാടു വിടാനാണ് താൽപര്യം. ഡൽഹിയിലെ ഒറീസ്സാ ഗവൺമെൻറിൻെറ റസിഡൻസ്കമ്മീഷണർ ശ്രീ. അലക്സ് I.A.S. കാക്കശ്ശേരിയിൽ, മൈക്രോ ബയോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച് ഗവേഷണത്തിനും ഉദ്യോഗത്തിനുമായി നെതർലൻഡിൽ പോയ ശ്രീ. ജോർജ്ജ് എബ്രഹാം പള്ളിപ്പുറത്തുകുന്നേൽ, പിന്നെ മറ്റു ചുരുക്കം ചില ഡോക്ടർമാരും, എൻജി

ഭൗതികസാഹചര്യങ്ങൾ

സ്കൂൾ	ചുറ്റുമതിൽ	കളിസ്ഥലം	കളിഉപകരണങ്ങൾ	ഉപകരണങ്ങൾ	കുടിവെള്ളം	കഞ്ഞിപ്പുര	മൂത്രപ്പുര
സെന്റ് സേവ്യേഴ്സ് L.P.S മണ്ണാറപ്പാറ	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
സെന്റ് സേവ്യേഴ്സ് H.S മണ്ണാറപ്പാറ	-	-	ഉണ്ട്	ഉണ്ട്	പെപ്പ്ഇടണം	-	ഉണ്ട്
സെന്റ് തോമസ് L.P.S കുറുപ്പുന്തറ	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്
സെന്റ് ജോൺസ് L.P.S ചാമക്കാല	-	-	-	ഉണ്ട്	ഉണ്ട്	-	ഉണ്ട്
സെന്റ് ജോൺസ് L.P.S കാഞ്ഞിരത്താനം	-	-	-	ഉണ്ട്	ഉണ്ട്	-	ഉണ്ട്
സെന്റ് ജോൺസ് H.S.കാഞ്ഞിരത്താനം	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്
എമ്മാനുവെൽ H.S കോതനല്ലൂർ	-	-	ഉണ്ട്	ഉണ്ട്	കുടിവെള്ളംയൂണിറ്റ്	-	ഉണ്ട്
V.KVM, NSS H.S മാഞ്ഞൂർ	ഇല്ല	-	ഉണ്ട്	ഉണ്ട്		-	ഉണ്ട്
സെന്റ് ജോസഫ്സ് L.P.S ഇരവിമംഗലം	-	-	-	-	-	-	ഉണ്ട്
സെന്റ് ജോർജ് U.P.S മാൻവെട്ടം	-	നന്നാക്കണം	-	-	കിണർ വേണം	-	ഉണ്ട്
L.P.S മേമ്മുറി	ഇല്ല	-	-	ഇല്ല	കിണർ നന്നാക്കണം	-	ഉണ്ട്
ഗവഃ L.P.S മാഞ്ഞൂർ	ഇല്ല	-	-	-	-	-	ഉണ്ട്
ഗവഃ H.S മാഞ്ഞൂർ	ഇല്ല	കളിസ്ഥലം നിർമ്മിക്കണം	-	-	-	-	ഉണ്ട്
S.N.V. L.P.S മാഞ്ഞൂർ	ഇല്ല	ഇല്ല	-	ഇല്ല	-	-	ഉണ്ട്

ദൃശ്യശ്രാവ്യോപകരണങ്ങൾ

Blackboard

സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടി.വി.	VCR VCP	സിനിമാ പ്രൊജക്ടർ	സ്ലൈഡ്/ ഓവർഹെഡ് പ്രൊജക്ടർ	Com-puter	ആവശ്യമുള്ളത്	നിലവിലുള്ളത്	മാതൃസംഗമം	P.T.A
സെന്റ് സേവ്യേഴ്സ് L.P.S മണ്ണാറപ്പാറ	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	ഉണ്ട്	-	ഉണ്ട്	ഉണ്ട്
സെന്റ് സേവ്യേഴ്സ് H.S കുറുപ്പുന്തറ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് തോമസ് L.P.S കുറുപ്പുന്തറ	-	-	ഉണ്ട്	-	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് ജോൺസ് L.P.S ചാമക്കാല	-	-	ഉണ്ട്	ഉണ്ട്	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് ജോൺസ് L.P.S കാഞ്ഞിരത്താനം	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് ജോൺസ് H.S.കാഞ്ഞിരത്താനം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
എമ്മാനുവൽ H.S കോതനല്ലൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
V.K.V.M, NSS H.S മാഞ്ഞൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് ജോസഫ്സ് L.P.S ഇരവിമംഗലം	-		ഉണ്ട്	-	ഉണ്ട്	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
സെന്റ് ജോർജ് U.P.S മാൻവെട്ടം	ഉണ്ട്	-	ഉണ്ട്	-	-	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
ഗവ.L.P.S മേമ്മുറി	-	-	വേണ്ടത്ര ഇല്ല	ഉണ്ട്	ഉണ്ട്	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
S.NV L.P.S മാഞ്ഞൂർ	-	-	ഉണ്ട്	ഉണ്ട്	ഉണ്ട് ഉപയോഗശൂന്യം	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്
ഗവഃ L.P.S മാഞ്ഞൂർ	-	-	വേണ്ടത്ര ഇല്ല	-	-	-	-	-	-	-	ഉപയോഗശൂന്യം		ഉണ്ട്	ഉണ്ട്
ഗവഃ H.S മാഞ്ഞൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് ഉപയോഗശൂന്യം	-	-	-	-	-	ഉണ്ട്		ഉണ്ട്	ഉണ്ട്

നീയർമാരും ഒഴിച്ച് എടുത്തുപറയത്തക്കവരായി നമ്മുടെ പഞ്ചായത്തിൽ ആരുംതന്നെയില്ല. കൂടാതെ സാഹിത്യരംഗത്തോ, കലാരംഗത്തോ, കായിക രംഗത്തോ മികവ് തെളിയിച്ചിട്ടുള്ള പ്രതിഭകളും ചുരുക്കമത്രേ. ഇവയെല്ലാം പരിഹരിക്കത്തക്കവിധത്തിൽ നമ്മുടെ വിദ്യാഭ്യാസ അന്തരീക്ഷവും, അവയുടെ പ്രവർത്തനവും കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നമ്മുടെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രോൽസാഹനം കൊടുക്കണം. പല സ്കൂളുകളിലും പേരിനു മാത്രം ചില അവാർഡുകളും എൻഡോവ്മെൻറുകളും നൽകുന്നുണ്ട്. എങ്കിലും അവയൊന്നും കാര്യമായ ഫലം ഉളവാക്കുന്നില്ല. ആയതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ 'ഒരു സോഷ്യൽ സർവ്വീസ് ട്രസ്റ്റ്' രൂപീകരിച്ച് അതിൽനിന്നും കാര്യമായ ധനസഹായവും മറ്റു സൗകരങ്ങളും കുട്ടികൾക്ക് ലഭിക്കുംവിധം ചെയ്തു കൊടുക്കണം.

വിദ്യാർത്ഥികളുടെ ഇടയിലെ മുരടിപ്പിനു മുഖ്യ കാരണങ്ങളായി ഗ്രാമസഭയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടവ നിരവധിയാണ്. അക്കാദമി നിലവാരത്തകർച്ച, സ്കൂളുകളിലെ അനിയന്ത്രിതമായ സമരങ്ങൾ, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം, അധ്യാപക-രക്ഷാകർതൃസമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നില വിലുള്ള ചിലവയുടെ Upgradation, അധ്യാപകരുടെ പുന:പരിശീലനം, ഉദ്യോഗക്കയറ്റം, മാസാന്തപരീക്ഷകൾ, മൂല്യനിർണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയെല്ലാം കണ്ടെത്തപ്പെടുകയും അവയുടെ പരിഹാരാർത്ഥം പല നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞുവരുകയും ഉണ്ടായി. ഇവയ്ക്കെല്ലാം പ്രാധാന്യം കൊടുത്ത് നടപ്പിലാക്കിയാൽ നമ്മുടെ ഭാവി തലമുറ രക്ഷപെടും. ഉറപ്പാണ്.

പൊതുവേ പറഞ്ഞാൽ എല്ലാ സ്കൂളുകൾക്കും മൂത്രപ്പുര ഉണ്ട്. എന്നാൽ 90% മൂത്രപ്പുരകൾക്കും മേൽക്കൂരയില്ല. അതുപോലെ 90% സ്കൂളുകളിലും കക്കൂസുകൾ ഇല്ല. ഉള്ളവ തൃപ്തികരമായി സംരക്ഷിക്കുന്നുമില്ല. കുട്ടികൾ ഇവ നിലനിൽക്കെത്തന്നെ മറ്റു വെളിസ്ഥലങ്ങൾ തേടിപ്പോകുന്നു.

പ്രശ്നങ്ങൾ

1. സ്കൂളുകളിൽ പ്രാഥമികസൗകര്യങ്ങൾ കുറവാണ്.
2. അദ്ധ്യയന നിലവാരം താണതാകുന്നു.
3. ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ വേണ്ടവിധം ഉപയോഗിക്കുന്നില്ല.
4. ചുറ്റുമതിൽ ഇല്ല.
5. പല സ്കൂളുകളിലും മാതൃസംഗമം, P.T.A. മുതലായവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
6. സ്കൂൾ കോംപ്ലക്സ് നിർജ്ജീവമാണ്.
7. പഞ്ചായത്തിൽ പ്രി-ഡിഗ്രി വിദ്യാഭ്യാസത്തിന് സൗകര്യമില്ല.
8. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ കായിക നിലവാരം താണതാകുന്നു.
9. അംഗനവാടി, നഴ്സറി സ്കൂളുകൾ എന്നിവ വേണ്ടത്രയില്ല.
10. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനു മാർഗ്ഗമില്ല.
11. കുട്ടികളുടെ യാത്രാക്ലേശം കൂടുതലാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഹൈസ്കൂളിനോട് ചേർത്ത് പ്ലസ് ടൂ വിഭാഗം തുടങ്ങുക.
2. പഞ്ചായത്തിന്റെ തലസ്ഥാനമായ കുറുപ്പന്തറയിൽ യൂണിവേഴ്സിറ്റി സെന്റർ തുടങ്ങുക.
3. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം തുടങ്ങുക.
4. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് അവ ഉണ്ടാക്കി കൊടുക്കുക.
5. പ്രാഥമിക സൗകര്യങ്ങളും ഭൗതികസൗകര്യങ്ങളും വർദ്ധിപ്പിക്കുക.
6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അംഗൻവാടികളും നഴ്സറി സ്കൂളുകളും ആരംഭിക്കുക.
7. കായിക പരിശീലനത്തിന് ഒരു സ്റ്റേഡിയം നിർമ്മിക്കുക.

8. കാഞ്ഞിരത്താനം ഹൈസ്കൂളിലെ ജില്ലാ സ്പോർട്സ് കേന്ദ്രം സ്ഥിരമായി നിലനിർത്തുക.
9. സ്കൂൾ കോംപ്ലക്സ് കാര്യക്ഷമമാക്കുക.
10. അധ്യാപകരുടെ പോസ്റ്റുകൾ യഥാവസരം നികത്തുക.
11. ലൈബ്രറി, ലാബറട്ടറി മുതലായവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
12. സെന്റ് ജോസഫ്സ് L.P.S. ഇരവിമംഗലം ഹൈസ്കൂളായി ഉയർത്തുക.
13. VIII, IX വാർഡുകളിൽ പുതിയ L.P. സ്കൂൾ സ്ഥാപിക്കുക.
14. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസസംരക്ഷണ സമിതി രൂപീകരിക്കുക.
15. സെന്റ് ജോൺസ് U.P.സ്കൂൾ ചാമക്കാലാ ഹൈസ്കൂളാക്കി ഉയർത്തുക.
16. കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്ക് കളി സ്ഥലം ഉണ്ടാക്കുക.
17. മാതൃസംഗമം, P.T.A. എന്നിവയുടെ പ്രവർത്തനം സജീവമാക്കുക.





5

കുടിവെള്ളവും പൊതുജനാരോഗ്യവും

രോഗമോ, അംഗവൈകല്യമോ ഇല്ലാത്ത അവസ്ഥ മാത്രമല്ല, ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം. ഇന്നു നിലനിൽക്കുന്ന മരുന്ന്-ഡോക്ടർ-ആശുപത്രി-സംസ്ക്കാരം, ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാണ്. ഈ ഉപഭോഗസംസ്കാരത്തിന്റെ സ്ഥാനത്തു രോഗം വരാതിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് ഒരു ക്ഷേമരാഷ്ട്രത്തിന് ചെയ്യാവുന്ന ഏറ്റവും വലിയ ധർമ്മം.

2000-മാണ്ടോടെ "എല്ലാവർക്കും ആരോഗ്യം" എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം 1978ൽ സോവിയറ്റ് യൂണിയനിലെ ആൻമാ ആറ്റയിൽ വച്ചാണ് അംഗീകരിച്ചത്. രണ്ടായിരാമാണ്ടോടെ സാമ്പത്തികവും സാമൂഹികവുമായ ഉൽപ്പാദന പ്രവർത്തനങ്ങളിലേർപ്പെടാനുള്ള ആരോഗ്യസ്ഥിതി നേടിയെടുക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്നതായിരുന്നു ലക്ഷ്യം. അടിസ്ഥാന ആരോഗ്യ സേവനങ്ങൾ ജനങ്ങളിൽ എത്തിച്ചു കൊടുത്താൽ പൊതു മരണനിരക്ക്, ജനന നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറക്കുകയും ആയുർദൈർഘ്യം വർദ്ധിപ്പിക്കുകയും ചെയ്യാമെന്നു W.H.O. ലക്ഷ്യമിട്ടു. 2000-ാമാണ്ടിലെ ലക്ഷ്യം കേരളം 1988ലെ കണക്കു പ്രകാരം 10 വർഷം കൊണ്ട് നേടിക്കഴിഞ്ഞു. എന്നാൽ വയറിളക്കം, കോളറ, വയറുകടി, മഞ്ഞപ്പിത്തം, പിള്ളവാതം, ടൈഫോയ്ഡ് തുടങ്ങി ജലത്തിൽക്കൂടി പകരുന്ന രോഗങ്ങളും മലത്തിൽക്കൂടി പകരുന്ന വിരശല്ല്യം, വായുവിൽക്കൂടി പകരുന്ന ക്ഷയം, ശ്വാസകോശ രോഗങ്ങൾ,കൊതുകുകൾ പരത്തുന്ന മലമ്പനി, സ്പർശനത്താൽ പകരുന്ന കുഷ്ഠം മുതലായ രോഗങ്ങൾ നമ്മുടെ നാട്ടിൽ ഇപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ രോഗങ്ങളുടെ കാരണം ജനങ്ങളുടെ ശുചിത്വബോധത്തിന്റെ അഭാവമാണ്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ പരിസരമലിനീകരണത്തിന്റെ ഫലമാണ്. ഇവിടുത്തെ ജനങ്ങൾ വ്യക്തിശുചിത്വത്തിൽ പ്രസിദ്ധി നേടിയവരാണെങ്കിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുക, നിയന്ത്രണമില്ലാതെ പൊതുനിരത്തിൽ നീട്ടിത്തുപ്പുക, ചപ്പുചവറുകൾ അലക്ഷ്യമായി വാരിവിതറുക, കുടിവെള്ളം സംരക്ഷിക്കാതിരിക്കുക മുതലായവ ജനങ്ങളുടെ

ദു:ശീലങ്ങളിൽ ചിലതാണ്.

ആവശ്യമായ ശുദ്ധജലം നൽകിയാൽ മാത്രം ഇന്നുള്ള രോഗാതുരത 50% വരെ കുറക്കാമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈ രംഗത്ത് പ്രാദേശികാസൂത്രണത്തിനും വികസനത്തിനും വലിയ പങ്കുണ്ട്.

കുടിവെള്ളം

ജീവജാലങ്ങളുടെ നിലനില്പിന് വായു കഴിഞ്ഞാൽ പ്രധാനം ശുദ്ധജലമാണ്. മാഞ്ഞൂർ പഞ്ചായത്തിൽ 100% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. നവംബർ മാസം മുതൽ മെയ് മാസം വരെ പല കിണറുകളും വറ്റി ജലക്ഷാമം ഉണ്ടാകുന്നുണ്ട്. മൊത്തത്തിൽ 80% പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നവയാണ്. വേനൽക്കാലത്ത് ലോറി വെള്ളത്തെയാണ് ആശ്രയിക്കുന്നത്.

കുടിവെള്ളക്ഷാമം വാർഡുകളിലൂടെ

മാഞ്ഞൂരിൽ ആറാം വാർഡിൽ തൂവാനിസാ പ്രാർത്ഥനാലയത്തിന്റെ കീഴിൽ കുളം കുഴിച്ച് പമ്പ് സെറ്റ് വച്ച് ടാങ്ക് കെട്ടി 90 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്ന പദ്ധതി സ്വകാര്യമേഖലയിലൽ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്തതുമൂലം വേനൽക്കാലത്ത് പലവിധ രോഗങ്ങൾ ഉണ്ടാകുന്നു.
2. പൊതു കുളങ്ങൾ ഒന്നും തന്നെ ഉപയോഗപ്രദമല്ല.
3. പൊതു ജലവിതരണസമ്പ്രദായം പഞ്ചായത്തിൽ ഇല്ല.
4. കുഴൽക്കിണറുകളിൽ ഭൂരിപക്ഷവും ഉപയോഗപ്രദമല്ല.
5. ലോറിവെള്ളം ശാശ്വതപരിഹാരമല്ല. വിതരണത്തിന് ജനകീയ സമിതികൾ ഇല്ല.
6. മാഞ്ഞൂർ സൗത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു വേണ്ടി 1993ൽ ശ്രമിച്ചു തുടങ്ങിയെങ്കിലും നാളിതു വരെ പ്രാബല്യത്തിലേക്ക് എത്തിയിട്ടില്ല. കൃഷിയോടൊപ്പം കുടിവെള്ളക്ഷാമവും പരിഹരിക്കാവുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിൽ അധികൃതർ കാണിക്കുന്ന അലംഭാവം ജനങ്ങൾക്ക് ബുദ്ധിമുട്ടുളവാക്കുന്നു.

നിർദ്ദേശങ്ങൾ

1. മാഞ്ഞൂർ സൗത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എത്രയും വേഗം നടപ്പിലാക്കണം.
2. കുറുപ്പന്തറ ടൗണിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മണ്ണാറപ്പാറ പള്ളിയുടെ തെക്കുഭാഗത്ത് കുളം നിർമ്മിച്ച്, ഹൈസ്കൂൾ പ്രദേശത്ത് വെള്ളം ശേഖരിച്ച് പൈപ്പു വഴി ജലവിതരണം നടത്തണം.
3. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള വാർഡുകളിൽ കുഴൽക്കിണർ നിർമ്മിച്ച് പമ്പു ചെയ്ത് ജലദൗർലഭ്യം പരിഹരിക്കണം.
4. പട്ടർമഠം പദ്ധതിക്ക് മുൻഗണന നൽകി പൊതു ജലവിതരണസമ്പ്രദായം നടപ്പിലാക്കണം.
5. പഞ്ചായത്തിന്റെ താരതമ്യേന ഉയർന്ന സ്ഥലത്തുകൂടി ലക്ഷ്യമിട്ടിരിക്കുന്ന M.V.I.P. കനാലിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കണം.
6. വള്ളിക്കാഞ്ഞിരം ലക്ഷം വീട് കോളനിയിലും സമീപ പ്രദേശങ്ങളിലും വെള്ളം ലഭിക്കുവാൻ കന്റാറ്റുപാടത്ത് കുളം കുഴിച്ച് പൈപ്പ് ലൈൻ വഴി വെള്ളം എത്തിച്ചു കൊടുക്കണം.
7. മണിയഞ്ചിറ, കാമ്പടം, ഭാഗങ്ങളിലും ഓരോ പൊതു കുളം നിർമ്മിച്ച് ജലവിതരണം നടത്തണം.
8. പൊതു കുളങ്ങൾ നന്നാക്കുന്നതിന് ജനകീയ സമിതിയുടെ സന്നദ്ധ പ്രവർത്തനം തേടണം.
9. ലോറിവെള്ളം വിതരണം ചെയ്യുന്ന പ്രക്രിയ ജനകീയ സമിതി നടത്തണം. വെള്ളത്തിന്റെ

ഗുണനിലവാരം ഉറപ്പു വരുത്തണം.

10. കണ്ണുംകുളം പള്ളിക്ക് താഴെ കുഴൽക്കിണർ നിർമ്മിക്കണം.

11. കാഞ്ഞിരത്താനത്തുള്ള പൊതുകിണർ വലുതാക്കി ആ പ്രദേശത്തുള്ള വീടുകളിൽ ശുദ്ധ ജലം എത്തിക്കുക.

12. കിണറുകൾ മെച്ചപ്പെടുത്തൽ: ചുറ്റുമതിൽ കെട്ടാത്ത കിണറുകൾ ചുറ്റുമതിൽ കെട്ടി, ചപ്പു ചവറുകൾ വീഴാതെ സംരക്ഷിക്കുന്നതിന് ബോധവൽക്കരണമുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കണം.

13. കുളം മെച്ചപ്പെടുത്തൽ: പൊതു കുളങ്ങൾ, ജനകീയസഹകരണത്തോടെ ചുറ്റുമതിൽ കെട്ടി ഓരോ വർഷവും ശുചീകരണം നടത്തി സംരക്ഷിക്കണം.

14. ക്ലോറിനേഷൻ: എല്ലാ കിണറുകളും പൊതു കുളങ്ങളും മൂന്നു മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യുന്നതിന് ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ജനകീയസമിതിയുടെ സഹകരണത്തോടെ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. എല്ലാ കുടിവെള്ള ശ്രോതസ്സുകളിലെയും വെള്ളം പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തണം.

പൊതുജനാരോഗ്യം പരിസരശുചിത്വം

"എല്ലാറ്റിലും വെച്ചു മികച്ച ഭാഗ്യം
ആരോഗ്യമാകുന്നു നമുക്കു പാരിൽ
ശുചിത്വമാണായതിനെ തരുന്ന-
തർക്കൻ വെളിച്ചത്തിനെയെന്ന പോലെ"

എന്ന് മഹാകവി വള്ളത്തോൾ പടിയിട്ടുള്ളത് എത്രയോ അർത്ഥവത്താണ്. ആരോഗ്യകരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിൽ ഓരോ വ്യക്തിയുടേയും പങ്ക് വളരെ വലുതാണ്. എന്നാൽ വിദ്യാസമ്പന്നരുടെ സമൂഹത്തിൽനിന്ന് പാടെ അപ്രത്യക്ഷമായിട്ടുള്ള പല രോഗങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇന്നും വിളയാടുന്നു. ക്ഷയരോഗം കണ്ടു പിടിച്ച് ചികിത്സയിൽ കഴിയുന്നവർ ഉണ്ട്. രോഗബാധയുണ്ടായിട്ടും രോഗം സ്ഥിരീകരിക്കപ്പെടാത്തവർ ഇനിയും ഉണ്ട്. ബോധവത്ക്കരണം കൊണ്ട് മാത്രം ഇതിന് ഒരുതിരു വര പരിഹാരം കാണാവുന്നതാണ്.

ആരോഗ്യ സ്ഥിതിവിവര കണക്കുകൾ

ആകെ ജനസംഖ്യ	31,390
പുരുഷന്മാർ	11,213
സ്ത്രീകൾ	11,746
കുട്ടികൾ	7268
	(1 to 18)
,,	463
	(0 to 1)
വികലാംഗർ	45
അർഹരായ ദമ്പതികൾ	6220

ആരോഗ്യപ്രവർത്തനങ്ങളുമായി സഹകരിക്കുന്ന മറ്റ് സന്നദ്ധ സംഘടനകൾ

1. കേരള ശാസ്ത്രസാഹിത്യ പരിഷത്
2. വൈസ് മെൻസ് ക്ലബ്ബ്
3. മർച്ചന്റ്സ് അസോസിയേഷൻ
4. K.C.Y.M.
5. K.C.Y.L.
6. വിൻസെന്റ് ഡി. പോൾ
7. റെഡ് ക്രോസ്
8. മാതൃജ്യോതിസ്

പ്രശ്നങ്ങൾ

1. കഴിഞ്ഞ ദശകത്തിൽ നിർമ്മാണമാരംഭിച്ച കുറുപ്പന്തറ ഗവ. ആശുപത്രി വാർഡ് തുറന്നു പ്രവർത്തിക്കാത്തതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. പാവപ്പെട്ട രോഗികൾ ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് പ്രാദേശിക സഹകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു.

2. P.H.C.-ൽ സ്പെഷലിസ്റ്റുകൾ ഇല്ലാത്തത് ബുദ്ധിമുട്ടാണ്. (ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ധൻ മുതലായവർ)

ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ

വർഷം	I.P.	O.P.	തൃക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ളവ	ആകെ
1992-93	1218	64489	1191	5968	33219	500	22354	
1993-94	914	74857	11632	10614	33311	652	20425	
1994-95	1732	88876	13428	12423	37304	714	20485	
1995-96	2120	80602	21000	10967	26487	815	22063	
ആകെ	5984	308824	47251	39972	130321	2681	85327	

കുട്ടികളുടെ പോഷണ നിലവാരം

ആരോഗ്യ കേന്ദ്രങ്ങൾ

സർക്കാർ സ്ഥാപനങ്ങൾ

Sl. No.	സ്ഥാപനം	വാർഡ്
1	പ്രാഥമിക ആരോഗ്യകേന്ദ്രം കുറുപ്പന്തറ	I
2.	ഫാമിലി വെൽഫെയർ കേന്ദ്രം കുറുപ്പന്തറ, ഓമല്ലൂർ	VII
3.	ഫാമിലി വെൽഫെയർ കേന്ദ്രം കോതനല്ലൂർ	VI
4.	ഫാമിലി വെൽഫെയർ കേന്ദ്രം ചാമക്കാലാ, മാഞ്ഞൂർ സൗത്ത്	IV
5.	ഫാമിലി വെൽഫെയർ കേന്ദ്രം മേമ്മുറി	XI
6.	ഹോമിയോ ഡിസ്പെൻസറി കുറുപ്പന്തറ	I
7.	ആയുർവ്വേദ ആശുപത്രി കോതനല്ലൂർ	VI
8.	ഡിവൈൻ ഹോസ്പിറ്റൽ കുറുപ്പന്തറ	I
9.	സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ കുറുപ്പന്തറ	VIII
10.	സെന്റ് ജോർജ്ജ് ആശുപത്രി മാൻവെട്ടം	XII
11.	പ്രിയ ക്ലിനിക്ക്	V
12.	ഹോമിയോ റിസർച്ച് സെന്റർ കുറുപ്പന്തറ	I
13.	ശാന്തി ക്ലിനിക്ക് (ഹോമിയോ)	
14.	ഗ്രേസ് ഹോമിയോ ക്ലിനിക് കോതനല്ലൂർ	I
15.	ശ്രീകലാ ക്ലിനിക് കുറുപ്പന്തറ	I

പകച്ചവ്യാധികൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	2979	1873	371	378
1994-95	2530	12405	252	344
1995-96	3785	12878	344	628

വാർഡ്	സെപ്റ്റിക് ടാങ്ക്	സാധാരണ കക്കൂസ്	പന്നിക്കക്കൂസ്
I	176	40	2
II	273	112	33
III	83	194	7
IV	54	70	25
V	226	32	5
VI	64	210	2
VII	23	165	40
VIII	21	26	28
IX	48	426	6
X	45	120	25
XI	67	103	5
XII	80	146	6

3. സൗകര്യങ്ങളോട് കൂടിയ ലാബറട്ടറി, X ray, E.C.G. ഇല്ലാത്തതിനാൽ ദൂരത്തിലുള്ള മെഡിക്കൽ കോളേജിൽ വിദഗ്ധ ചികിത്സക്കും മറ്റും പോകേണ്ടി വരുന്നു.
4. 2,3,10,12 വാർഡുകളിൽ മാതൃശിശു സംരക്ഷണ കേന്ദ്രം ഇല്ല.
5. ആരോഗ്യപ്രവർത്തകരുടെ ഭവനസന്ദർശനം, ബോധവത്കരണ ഉപദേശങ്ങൾ തീരെ പോരായ്മയാണ്.
6. പഞ്ചായത്തിലുള്ള ഹോമിയോ ആശുപത്രിയിലെയും ആയുർവ്വേദ ആശുപത്രിയിലെയും ഡോക്ടർമാരുടെ സേവനം എല്ലാ വാർഡുകളിലുമുള്ളവർക്ക് ലഭിക്കുന്നില്ല.
7. കുറുപ്പന്തറ മാർക്കറ്റ് ജംഗ്ഷനിലും, കവലയിലും പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഇല്ലാത്തതു മൂലം ജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
8. എല്ലാ വാർഡുകളിലും പന്നിക്കക്കൂസ് നിലനിർത്തി വരുന്നതിനാൽ പരിസര മലിനീകരണം ഉണ്ടാകുന്നു. പൊതുജനങ്ങളുടെ, പ്രത്യേകിച്ചും സമീപവാസികളുടെ ആരോഗ്യത്തെ ഹനിക്കുന്നു.
9. പല സ്ഥലങ്ങളിലും മലിന ജലം കെട്ടിക്കിടക്കുന്നതിനാൽ കൊതുകുകൾ പെരുകുന്നതിന് കാരണമാകുന്നു.
10. കുറുപ്പന്തറ സസ്യമാർക്കറ്റിലും, കവലയിലുള്ള മത്സ്യമാർക്കറ്റിലും ഇരുവേലിക്കലുള്ള കശാപ്പ് സ്ഥലത്തും മലിനീകരണം മൂലം ദോഷഫലങ്ങൾ ഉണ്ടാകുന്നു.
11. വീടുകളിൽ കക്കൂസ് ഇല്ലാത്തതിനാൽ ആരോ

ഗൃപ്രശ്നം സൃഷ്ടിക്കുന്നു. T.V. ഉള്ള പല വീടുകളിലും കക്കൂസ് ഇല്ല എന്നത് നഗ്നസത്യമാണ്. കക്കൂസ് ഉള്ള ചില വീട്ടുകാർ അതുപയോഗിക്കാതെ നിരത്തുകളിൽ മലമൂത്രവിസർജ്ജനം നടത്തുന്നു.

12. ധാരാളം ആളുകൾ വന്നുചേരുന്ന കുറുപ്പന്തറ കവല, കോതനല്ലൂർ ജംഗ്ഷൻ എന്നിവിടങ്ങളിൽ അനിയന്ത്രിതമായി ചുമച്ച് തുപ്പി, കഫവും മുറുക്കിത്തുപ്പലും കെട്ടിക്കിടക്കുന്നതിനാൽ വലിയ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു. ഇതിനോടടുത്ത് വസിക്കുന്നവരിലാണ് ശ്വാസകോശരോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്. സ്ത്രീകൾക്ക് സാരി ഉയർത്തിപ്പിടിച്ച് ഇതിലെ നടക്കേണ്ടി വരുന്നതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
13. വിദ്യാലയങ്ങളിലെ മൂത്രപ്പുരകൾ പര്യാപ്തമല്ല.
14. തോടുകളിൽ നഞ്ചിടുന്നതു മൂലവും കുമ്മായമിട്ടു മീൻ പിടിക്കുന്നതു മൂലവും വളരെയധികം മത്സ്യം ചത്ത് ചീഞ്ഞു പോവുകയും മത്സ്യസമ്പത്ത് നശിക്കുകയും അതുമൂലമുള്ള മലിനീകരണവും നടക്കുന്നു.
15. പലയിനങ്ങളിലായി ജനങ്ങളുപയോഗിക്കുന്ന പ്ലാസ്റ്റിക് പേപ്പറുകളും മറ്റും വലിച്ചെറിയുന്നതു മൂലം വലിയൊരു പരിസര മലിനീകരണം ഉണ്ടാകുന്നു.
16. ആരോഗ്യകേന്ദ്രങ്ങളിൽ തരംതിരിച്ചുള്ള (സ്ത്രീ/പുരുഷ) ആരോഗ്യ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കുന്നില്ല.
17. വിവിധ ആശുപത്രികളിൽ നടക്കുന്ന ജനന/മരണ കണക്കുകൾ പഞ്ചായത്തിൽ എത്തിക്കാത്തതു മൂലം സ്ഥിതി വിവരകണക്കുകൾ ശേഖരിക്കാൻ തടസ്സം ഉണ്ട്.

നിർദ്ദേശങ്ങൾ

1. നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞ കുറുപ്പന്തറ ആശുത്രി എത്രയും പെട്ടെന്ന് ജനങ്ങൾക്ക് തുറന്നു കൊടുക്കണം. ആരോഗ്യവകുപ്പുമായി ബന്ധപ്പെടുന്നതിന് ഒരു സബ്കമ്മറ്റി രൂപീകരിക്കണം.
2. കുറുപ്പന്തറ P.H.C.ൽ ഒരു ഗൈനക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ധൻ എന്നിവരുടെ സേവനങ്ങൾ ആഴ്ചയിൽ ഒരിക്കൽ ലഭ്യമാക്കണം. സ്പെഷ്യലിസ്റ്റുകളെ സ്ഥിരം നിയമിച്ച് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തണം.
3. X-Ray, E.C.G., ലാബറട്ടറി, പേവാർഡ്, മോർച്ചറി, പോസ്റ്റ്മോർട്ടം എന്നീ സൗകര്യങ്ങൾ ഉണ്ടാക്കണം.
4. മരുന്ന്-ഡോക്ടർ-ആശുപത്രി എന്ന സമവാക്യം രോഗപ്രതിരോധത്തിനുവേണ്ടി മുൻകരുതലുകളും ബോധവൽകരണവുമാക്കി മാറ്റണം.
5. എല്ലാ വാർഡുകളിലും മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ തുറക്കണം. ആരോഗ്യപ്രവർത്തകരുടെ സേവനങ്ങൾ പൂർണ്ണമായും ജനങ്ങൾക്കു ലഭ്യമാകണം.
6. ആരോഗ്യകേന്ദ്രങ്ങളിൽ തരംതിരിച്ചുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് സ്ഥിതിവിവരകണക്കുകൾ തിട്ടപ്പെടുത്താൻ എളുപ്പമാകും.
7. ഹോമിയോ ആശുപത്രിക്ക് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് തന്നെ സ്വന്തം കെട്ടിടം നിർമ്മിക്കണം. കൂടുതൽ ആശുപത്രികൾ തുടങ്ങണം.
8. വിവിധ ആശുപത്രികളിലെ ജനന/മരണ കണക്കുകൾ കൃത്യമായി പഞ്ചായത്തിൽ അറിയിക്കുവാൻ നടപടി സ്വീകരിക്കണം.
9. ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി ഉണ്ടാകണം. ഇപ്പോൾ ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നവർക്ക് വേണ്ട പ്രോത്സാഹനം നൽകണം.
10. ഇലക്കറികളുടെ പ്രാധാന്യം മനസ്സിലാക്കി അത് നട്ടുവളർത്താനും ആഹാരത്തിൽ ഉൾപ്പെടുത്താനും ബോധവൽക്കരണം കൊടുക്കണം. ചെലവു കുറഞ്ഞതും പോഷക സമൃദ്ധവുമായ പപ്പായ കൃഷിക്ക് ഒരു "പപ്പായ പ്രോജക്ട്" നടപ്പിലാക്കണം.
11. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കണം. ആരോഗ്യവിദ്യാഭ്യാസം സ്കൂളുകളിൽ

സ്ഥിരമായി നടത്തണം. പ്രൈമറിതലം മുതൽ തുടങ്ങണം. വ്യക്തിശുചിത്വം, പരിസരശുചിത്വം, പകർച്ചവ്യാധികൾ, എയ്ഡ്സ്, മദ്യവും മയക്കുമരുന്നും, റോഡ് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ, ലൈംഗിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ വിദഗ്ധരെക്കൊണ്ട് ക്ലാസ്സ് എടുപ്പിക്കണം.

12. പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ ലേഖനങ്ങൾ ഉൾപ്പെടുത്തണം.
13. ലഹരി മുറുക്കാൻ വില്പന കർശനമായി നിരോധിക്കണം.
14. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണം.
15. പഞ്ചായത്തിൽ ഒരു വയോജന കേന്ദ്രം സ്ഥാപിക്കണം.
16. പൊതു നിരത്തിൽ തുപ്പുന്നത് തടയുവാൻ കുറുപ്പന്തറ കവല പോലുള്ള സ്ഥലങ്ങളിൽ Spitter-കൾ വെക്കണം.
17. പൊതുസ്ഥലങ്ങളിൽ വച്ചുള്ള പുകവലി കർശനമായി നിരോധിക്കണം.
18. കുറുപ്പന്തറ കവല, കുറുപ്പന്തറ ചന്ത എന്നിവിടങ്ങളിലൽ ഓരോ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് Pay and use Method-ൽ തുടങ്ങണം; പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ വേണം. ചപ്പുചവറുകൾ നിക്ഷേപിക്കുവാൻ പ്രധാന ജംഗ്ഷനുകളിലും മാർക്കറ്റിലും Containerകൾ സ്ഥാപിക്കണം.
19. പന്നികക്കൂസുകൾ നിയമം മൂലം നിർത്തലാക്കണം.
20. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് പഞ്ചായത്തിൽനിന്നും സാമ്പത്തിക സഹായം നൽകി കക്കൂസ് ഉണ്ടാക്കുവാൻ പ്രേരിപ്പിക്കണം. ഇപ്പോൾ നൽകുന്ന 2000 രൂപ എന്നുള്ളത് 5000 രൂപയാക്കി ഉയർത്തണം.
21. മലിനജലം കെട്ടിക്കിടക്കുവാൻ അനുവദിക്കരുത്. അതിനായി സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തണം. പഞ്ചായത്തിലെ മുഴുവൻ കക്കൂസുകളുടേയും വെന്റിലേറ്റർ ഒരു രൂപാ വില വരുന്ന കൊതുകുവല കൊണ്ടു മൂടി കൊതുകുവളർച്ച നിയന്ത്രിക്കണം.
22. അനൗദ്യോഗിക മാംസവിൽപ്പനശാലകൾ നിരോധിക്കണം.
23. നഞ്ചിട്ടും കുമ്മായമിട്ടും മത്സ്യം പിടിക്കുന്നതും അതിന്റെ ഭാഗമായി വരുന്ന മലിനീകരണവും പഞ്ചായത്ത് കമ്മിറ്റിയുടെ ഇടപെടലിലൂടെ നിയന്ത്രിക്കണം.
24. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ റീ-പ്രോസസ്സ് ചെയ്യുന്ന പദ്ധതികൾ ജനകീയാസൂത്രണ പ്രസ്ഥാനങ്ങൾ വഴി ആസൂത്രണം ചെയ്യണം.
25. പൊതുജനാരോഗ്യം മാനിച്ച് ഹോട്ടലുകളിൽ ശുചിത്വം പാലിക്കുവാനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കണം.
26. ഒരു വർഷത്തിൽ ഒരു മെഡിക്കൽ ക്യാമ്പ്, സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തി നടത്തണം. കണ്ടുപിടിക്കുന്ന രോഗികൾക്ക് വേണ്ടത്ര തുടർപ്രവർത്തനസൗകര്യം ഏർപ്പെടുത്തണം.
27. വാർഡുതോറും ഒരു ആരോഗ്യസമിതി രൂപീകരിക്കണം. ഇതിൽ പുരുഷന്മാരും സ്ത്രീകളും, പ്രാദേശികാരോഗ്യ പ്രവർത്തകരും ഉണ്ടായിരിക്കണം. ഈ കമ്മിറ്റി ഭവനസന്ദർശനം നടത്തി പരിസരശുചിത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തണം. ചന്ത, പൊതുസ്ഥലങ്ങൾ, ഹോട്ടലുകൾ, അറവുശാലകൾ എന്നീ സ്ഥലങ്ങളും ഈ കമ്മിറ്റി സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകണം.
28. പഞ്ചായത്ത് തലത്തലും വാർഡ് തലത്തിലും രക്തദാന സമിതി, നേത്രദാന സമിതികൾ രൂപീകരിക്കണം.
29. പഞ്ചായത്ത് തലത്തിൽ ഒരു കളിസ്ഥലം സ്ഥാപിക്കണം.

"പരിസരശുചിത്വത്തിലൂടെ
പൊതുജനാരോഗ്യം"

6
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

നാടിന്റെ വികസനത്തിൽ ഗതാഗതസൗകര്യങ്ങൾക്ക് അദ്വിതീയ സ്ഥാനമാണുള്ളത്. ഒരു കാലത്ത് പാലാ, കാഞ്ഞിരപ്പള്ളി, തുടങ്ങിയ കിഴക്കൻ മേഖലകളിൽ നിന്നുള്ള മലഞ്ചരക്കുകൾ കാളവണ്ടികളിൽ കുറുപ്പന്തറ കടവിൽ എത്തിച്ച് ജല മാർഗ്ഗമായി ആലപ്പുഴക്കും കൊച്ചിക്കും കൊണ്ടു പോയിരുന്നു. അവിടെ നിന്നും അവശ്യസാധനങ്ങൾ ജലമാർഗ്ഗം തന്നെ കുറുപ്പന്തറയിലേക്ക് കൊണ്ടുവരികയും ചെയ്യുമായിരുന്നു. റോഡ് ഗതാഗതം പുരോഗമിക്കുകയും, ജലമാർഗ്ഗങ്ങളിൽക്കൂടിയുള്ള യാത്ര ദുഷ്കരമാകുകയും ചെയ്തതോടെ, ജലഗതാഗതം ക്രമേണ ശോഷിച്ചു തുടങ്ങി. ജലാശയങ്ങളിലെ ആഫ്രിക്കൻ പായൽ, കപ്പപ്പായൽ തുടങ്ങിയവയുടെ അതിരു കടന്ന കടന്നാക്രമണം ജലഗതാഗതത്തെ പാടെ തളർത്തിക്കളഞ്ഞു.

കാലത്തിന്റെ മുന്നേറ്റത്തിൽ, റോഡുകൾ അടക്കിവാണിരുന്ന കാളവണ്ടികൾ ക്രമേണ കുറഞ്ഞു വരികയും, ഡീസൽ, പെട്രോൾ വാഹനങ്ങൾ തൽസ്ഥാനം പിടിക്കുകയും ചെയ്തു.

റോഡുകളുടെ എണ്ണത്തിൽ മാഞ്ഞൂർ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളേക്കാൾ മുന്നിലാണ്. എറണാകുളം-കോട്ടയം സ്റ്റേറ്റ് ഹൈവെ ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി തെക്കു വടക്കായി കടന്നു പോകുന്നു. അതുപോലെ തന്നെ കുറവിലങ്ങാടിനേയും കല്ലറയെയും ബന്ധിപ്പിക്കുന്ന സെൻട്രൽ റോഡ് മാഞ്ഞൂരിന്റെ ഹൃദയഭാഗത്തുകൂടി കിഴക്കു നിന്നു പടിഞ്ഞാറ് ഭാഗത്തേയ്ക്ക് പോകുന്നു. കുറുപ്പന്തറയിൽ നിന്ന് മാഞ്ഞൂർ സൗത്ത് വഴി കോട്ടയത്തിനുള്ള റോഡ്, പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറൻ മേഖലകളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോകുന്നു.

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിൽ മൊത്തം P.W.D. റോഡുകൾ ഉൾപ്പെടെ 178.38 കി.മീറ്റർ റോഡുകളുണ്ട്. ഒരു ചതുരശ്ര കി.മീറ്ററിന് 6.15 k.m. വീതം. ഇത് സ്റ്റേറ്റ് ശരാശരിയായ 3.2 k.m. /sq. k.m. നെക്കാൾ വളരെ മെച്ചപ്പെട്ടതാണ്. എങ്കിലും ബസ് യാത്രാസൗകര്യമുള്ള റോഡുകൾ 5 എണ്ണം മാത്രമാണ്. ടാറു ചെയ്തിട്ടുള്ള റോഡുകളുടെ ആകെ നീളം (P.W.D. ഉൾപ്പെടെ) 48.98 k.m. ആണ്. ഇത് ചതുരശ്ര കി. മീറ്ററിന് 1.69 k.m. വരും. പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ റോഡുകളുടെ നീളം 57.28 k.m. ആണ്.

രണ്ട് ബസ് ടെർമിനലുകളും അഞ്ച് ഓട്ടോ ടാക്സി സ്റ്റാന്റുകളുമുണ്ട്. പ്രധാന ബസ് റൂട്ടായ എറണാകുളം-കോട്ടയം റോഡിൽ ബസുകൾ 319 ട്രിപ്പ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഇതിൽ 136 K.S.R.T.C. ബസും 183 സ്വകാര്യ ബസുകളുമാണ്. കുറുപ്പന്തറ-കല്ലറ റൂട്ടിൽ 87 ട്രിപ്പ് സർവ്വീസുണ്ട്. ബസ് സർവ്വീസ് കൂടാതെ ഓട്ടോകളും ടാക്സികളും സേവനം നടത്തുന്നു. മെയിൻ റോഡായ എറണാകുളം-കോട്ടയം റോഡിലെ ട്രാഫിക് ഡെൻസിറ്റി യൂണിറ്റ് ഏപ്രിൽ 96ന് 9354 ആണ്.

No.	Ward No.	റോഡിന്റെ പേര്	ഉടമസ്ഥത	സ്ഥിതി	നീളം Km.	വീതി മീറ്റർ	ബസ്സുകൾ ഓടുന്നവ
1		എറണാകുളം-കോട്ടയം മെയിൻ റോഡ്	P.W.D.	ടാർ	8.2	8	ഉണ്ട്
2		കുറവിലങ്ങാട്-കല്ലറ സെൻട്രൽ റോഡ്	P.W.D	ടാർ	8.5	8	ഉണ്ട്
3		കുറുപ്പന്തറ-മാഞ്ഞൂർ സൗത്ത് കോട്ടയം	P.W.D	ടാർ	5.0	8	ഉണ്ട്
4		കുറുപ്പന്തറ-മുട്ടുചിറ	P.W.D	ടാർ	1.8	6	ല
5	01	സെൻട്രൽ ലൈബ്രറി - കാക്കശ്ശേരി -കനാൽ റോഡ്	P	മണ്ണ്	1.0	4	ഇല്ല
6	01	കുറുപ്പന്തറക്കടവ്-തേക്കുംകാലാ റോഡ് (പുഴേക്കാട്ട് റോഡ്)	P	മണ്ണ്	2.0	6	ഇല്ല
7	01	പള്ളിപ്പുറം Jn.- കുറുപ്പന്തറ സെന്റ്സേവ്യേഴ്സ് സ്കൂൾ റോഡ്	P	മണ്ണ്	0.75	4	ഇല്ല
8	01	തോട്ടുവേലിപ്പടി-റെയിൽവേ സ്റ്റേഷൻ റോഡ്	P	മണ്ണ്	1.0	3.6	ഇല്ല
9	01	വഞ്ചിപ്പുരത്താഴെ റോഡ്	P	മണ്ണ്	0.5	4	ഇല്ല
10	01	കണിയാമ്പറമ്പ്-തയ്യിൽത്താഴെ റോഡ്	P	മണ്ണ്	0.6	4	ഇല്ല
11	01	തയ്യിൽത്താഴെ-മങ്ങര റോഡ്	P	മണ്ണ്	0.7	4	ഇല്ല
12	01	കുര്യൻപറമ്പ്-ആരതി പാടം റോഡ്	P	മണ്ണ്	0.5	3.5	ഇല്ല
13	01	വഞ്ചിപ്പുരത്താഴെ റോഡ്	P	മണ്ണ്	0.5	3.5	ഇല്ല
14	02	മൂലേക്കാട്ട്-ഓവർബ്രിഡ്ജ്	P	ടാർ	1.3	6	ഇല്ല
15	02	കോടിക്കുളം ROB റോഡ്	P	മണ്ണ്	1.6	7	ഇല്ല
16	02	കോടിക്കുളം-മാത്തൂക്കണ്ടം റോഡ്	P	മണ്ണ്	0.6	3	ഇല്ല
17	02	കാഞ്ഞിരക്കാട്ടുപടി-മാത്തുക്കണ്ടം റോഡ്	P	മണ്ണ്	0.4	3	ഇല്ല
18	02	പനന്താനം-ചക്കളം റോഡ്	P	മണ്ണ്	0.32	3	ഇല്ല
19	02	S.N.V. തെങ്ങുമ്പള്ളി	P	മണ്ണ്	0.6	3	ഇല്ല
20	02	ചക്കുംകുഴി-തെന്നാട്ടുപടി	P	മണ്ണ്	1.00		ഇല്ല
21	02	നാലുകണ്ടം-കുഴിയാച്ചാൽ	P	മണ്ണ്	0.55	3	ഇല്ല
22	02	പുതിയിടത്തുപടി-പാലക്കാട്ടുകുളം	P	മണ്ണ്	0.65	3	ഇല്ല
23	02	തെന്നാട്ടുപടി-വള്ളിപ്പനാൽ	P	മണ്ണ്	0.66	3.5	ഇല്ല
24	02	പുളിക്കൽപടി-ഹൈസ്കൂൾ	P	മണ്ണ്	0.12	4	ഇല്ല
25	02	തെന്നാട്ടുപടി-കൈതക്കാട്ടുപടി	P	മണ്ണ്	0.5	3	ഇല്ല
26	02	തെന്നാട്ടുപിടി-റെയിൽവേസ്റ്റേഷൻ	P	മണ്ണ്	0.6	4	ഇല്ല
27	02	തോട്ടുവേലിക്കുളം-റെയിൽവേസ്റ്റേഷൻ	P	മണ്ണ്	0.8	4	ഇല്ല
28	02	പള്ളിപ്പറമ്പ്-SNVLP	P	മണ്ണ്	0.3	3	ഇല്ല
29	02	ചക്കുളം-കൊടിക്കുളം	P	മണ്ണ്	0.5	3	ഇല്ല
30	02	വൈകുന്നത്തുപടി-പെലച്ചേരി	P	മണ്ണ്	0.525	4	ഇല്ല
31	02	തോട്ടുവേലിക്കുളം-ശങ്കരൻകുന്ന്	P	മണ്ണ്	0.3	3	ഇല്ല
32	03	മുണ്ടുവേലിപ്പടി-തുണ്ടത്തിപ്പടി	P	മണ്ണ്	0.434	3.8	ഇല്ല
33	03	മകുടാലയംപള്ളി-പളിന്താനത്തുകരി	P		1.00	4	ഇല്ല
34	03	പാലക്കാട്ടുപടി-കൊച്ചുപുരക്കൽ	P	മണ്ണ്	0.3	3	ഇല്ല
35	03	ഭഗവതിമഠം ചെറുകോട്ടിൽക്കടവ്	P	മണ്ണ്	0.6	3	ഇല്ല
36	03	കൂത്തോട്ടിപ്പടി-പാറശ്ശേരിക്കടവ്	P	മണ്ണ്	0.3	3	ഇല്ല
37	03	ആക്കത്താഴെ-വെങ്ങോലിവാക്കേൽ	P	മണ്ണ്	0.75	3	ഇല്ല
38	03	കോതകുളങ്ങര-സൂസന്നപ്പാലം റോഡ്	P	മണ്ണ്	0.6	6	ഇല്ല
39	03	കോതകുളങ്ങര-മുട്ടത്തിൽക്കടവ് റോഡ്	P	മണ്ണ്	0.225	3.5	ഇല്ല
40	03	കോക്കാട്-പുളിക്കത്താഴെ റോഡ്	P	മണ്ണ്	0.215	3.2	ഇല്ല

41	03	അയ്യൻകോവിൽ-കാൽക്കാത്തോട്	P	മണ്ണ്	0.3	3.2	ഇല്ല
42	03	അയ്യൻകോവിൽ-മൂലേപ്പറമ്പ്	P	മണ്ണ്	0.3	3	ഇല്ല
43	03	മഴുവഞ്ചേരി-കുഴീപ്പറമ്പ്	P	മണ്ണ്	0.2	3	ഇല്ല
44	03	കണിയാമ്പറമ്പ് മാമലശേരിൽ	P	മണ്ണ്	0.75	3.2	ഇല്ല
45	04	കോതനല്ലൂർഗേറ്റ്-കീച്ചൻകരി റോഡ്	P		1.5	6	ഇല്ല
46	04	കുഴിയാഞ്ചാൽ-ചാമക്കാലാ റോഡ്	P		3.25	6	ഇല്ല
47	04	ചാമക്കാലാസ്കൂൾ-വെങ്ങാലിവാക്കേൽ	P	മണ്ണ്	0.6	3	ഇല്ല
48	04	ചാമക്കാലാ-കോതകുളങ്ങര റോഡ്	P	മണ്ണ്	1.2	6	ഇല്ല
49	04	ചാമക്കാലാകുരിശുപള്ളി-ഓട്ടപ്പള്ളി റോഡ്	P	മണ്ണ്	1.7	4	ഇല്ല
50	04	ചിറപ്പാടം-ഓട്ടപ്പള്ളി റോഡ്	P	മണ്ണ്	0.55	3	
51	04	പഴമല-ചാമക്കാലാപ്പള്ളി	P	മണ്ണ്	1.0	3	
52	04	തട്ടുപറമ്പ്-മുള്ളംകുഴി റോഡ്	P	മണ്ണ്	0.3	2.5	
53	04	തലമട-പഞ്ചിറ റോഡ്	P	,,	0.75	3	
54	04	കോതനല്ലൂർ-മുകളേപ്പടി-ചാമക്കാലാ	P	,,	1.0	3	
55	04	മുറിപ്പറമ്പ്-പയ്യാനി നിരപ്പേൽ	P	,,	0.8	3	
56	04	കോതനല്ലൂർ-പള്ളിതച്ചാഴെഹരിജൻകോളനി	P	,,	2.0	3	
57	04	വെള്ളമൊഴുകുംതൊട്ടി-മഴുകുന്നേൽ	P	,,	0.5	3	
58	04	തലമട-മാളേക്കൽ റോഡ്	P	,,	1.0	3	
59	04	തലമുട-ആലഞ്ചേരി റോഡ്	P	,,	0.5	3	
60	04	കീരിക്കാട്-പുളിയോരം റോഡ്	P	,,	0.75	3	
61	04	പൂവച്ചേൽമുക്ക്-വെള്ളമറ്റം റോഡ്	P	,,	0.90	3	
62	05	കോതനല്ലൂർ-അടയ്ക്കാനഴ്സറി റോഡ്	P	"	1.5	6	
63	05	കോതനല്ലൂർ-വേദഗിരി റോഡ്	P		1.75	6	
64	05	കോതനല്ലൂർ കുരിശുപള്ളി SWC Road	P	മണ്ണ്	1.0	5	
65	05	ചെറുകാട്-വെട്ടാട് റോഡ്	P	,,	0.85	6	
66	05	വെട്ടാട് വെമ്പള്ളി റോഡ്	P	,,	1.0	5	
67	05	തേരകക്കുഴി-കുലയിൽ റോഡ്	P	,,	0.6	5	
68	05	കോതനല്ലൂർ-കളത്തൂർ Via കൂവക്കാട്ടുചിറ	P	,,	0.9	3	
69	05	വെട്ടാട്-ഇഞ്ചിക്കുഴി റോഡ്	P	,,	045	2.5	
70	05	നമ്പ്യാകുളം-കളത്തൂർ റോഡ്	P	,,	0.5	3	
71	05	നമ്പ്യാകുളം-വെമ്പള്ളി റോഡ്	P	,,	0.7	3	
72	05	കോതനല്ലൂർ-വെമ്പള്ളി റോഡ്	P	,,	0.75	5	
73	05	കോതനല്ലൂർ-റെയിൽവേഗേറ്റ്	P	,,	1.25	5	
74	05	കൂനാമ്പുറം ചേലവാലേൽ റോഡ്	P	,,	2.0	5	
75	05	ഇടച്ചാൽ-വെട്ടാട് റോഡ്	P	,,	1.25	3	
76	05	വെട്ടാട്-ഇണ്ടിക്കുഴി റോഡ്	P	,,	0.75	4	
77	05	മൈലാപ്പറമ്പ്-കുപ്പന്താനം റോഡ്	P	,,	2.0	3	
78	05	നമ്പ്യാകുളം-പള്ളിത്താഴെ റോഡ്	P	200m. tar	0.25	4	
79	06	കോതനല്ലൂർ-പുളിന്തറ റോഡ്	P	tar	2.18	6	
80	06	ROB-കൂനാമ്പുറം റോഡ്	P	മണ്ണ്	2.56	8	
81	06	കോതനല്ലൂർ-ചെമ്പകത്തടം റോഡ്	P	,,	0.65	6	
82	06	കൂനാമ്പുറംകവല-കോതനല്ലൂർലക്ഷംകോളനി	P	,,	0.52	3.6	
83	07	ഓമല്ലൂർ ഇലക്കാട് റോഡ്	PWD	tar	2.0	6	
84	07	ഇരുവേലി പാലാത്തൊട്ടി	P	മണ്ണ്	0.6	3.3	
85	07	ഇരുവേലി പുളിന്തറ റോഡ്	P	,,	0.5	3.2	

86	06	കളങ്ങരപ്പറമ്പ് കളത്തൂർ റോഡ്	P	"	0.9	3.3	
87	06	മുയറ്റിൽതോട്എസ്.ഡബ്ളിയു.സി. റോഡ്	P	മണ്ണ്	0.4	3	ഇല്ല
88	07	കോതനല്ലൂർ ഓമല്ലൂർ റോഡ്	P	മണ്ണ്	0.89	4.5	ഇല്ല
89	06	കോതനല്ലൂർ പാണംപറമ്പ് റോഡ്	P	മണ്ണ്	1.2	4	ഇല്ല
90	07	പാറത്തൊട്ടി വാണിയങ്കാവ് റോഡ്	P	മണ്ണ്	0.45	4	ഇല്ല
91	07	സെന്റ് തോമസ് ഓമല്ലൂർ റോഡ്	P	മണ്ണ്	0.4	4	ഇല്ല
92	06	വെളിമ്പറമ്പ് റെയിൽവേസ്റ്റേഷൻ	P	മണ്ണ്	1.0	6	ഇല്ല
93	06	വെളിമ്പറമ്പ് ആരണപാടം	P	മണ്ണ്	0.65	3	ഇല്ല
94	07	കോതനല്ലൂർ ഓമല്ലൂർ ലൈബ്രറി	P	മണ്ണ്	0.7	3.5	ഇല്ല
95	07	ഓമല്ലൂർ മണിയഞ്ചിറ റോഡ്	P	മണ്ണ്	0.3	3	ഇല്ല
96	07	കോലടി എടനോയിൽ റോഡ്	P	മണ്ണ്	0.65	3	ഇല്ല
97	07	ഓമല്ലൂർ വരിക്കാന്തൊട്ടി റോഡ്	P	മണ്ണ്	0.3	3	ഇല്ല
98	07	പുതിയാപറമ്പ് ഓമല്ലൂർ	P	മണ്ണ്	0.85	3	ഇല്ല
99	07	മണിയഞ്ചിറ കുഴിവേലിൽ റോഡ്	P	മണ്ണ്	0.8	4	ഇല്ല
100	07	വെങ്ങിണിക്കൽ മുണ്ടച്ചേരി	P	മണ്ണ്	0.5	4	ഇല്ല
101	07	സെന്റ് തോമസ് ചെറുമട റോഡ്	P	മണ്ണ്	0.7	4	ഇല്ല
102	07	വരിക്കാന്തൊട്ടി വാണിയങ്കാവ് റോഡ്	P	മണ്ണ്	0.4	4	ഇല്ല
103	07	പാറത്തൊട്ടി ഓമല്ലൂർ ലൈബ്രറി റോഡ്	P	മണ്ണ്	0.9	4	ഇല്ല
104	08	വെങ്ങിണിക്കൽപടി കാമ്പടം റോഡ്	P	മണ്ണ്	0.5	3	ഇല്ല
105	08	കാഞ്ഞിരത്താനം പള്ളി റോഡ്	P	മണ്ണ്	0.8	3	ഇല്ല
106	08	കുറുപ്പന്തറ കാപ്പുന്തല റോഡ്	P	Tar	1.6	5	ഇല്ല
107	08	പുതിയാപറമ്പ് ഓമല്ലൂർ റോഡ്	P	300m.Tar	0.85	3	ഇല്ല
108	07	കാഞ്ഞിരത്താനം കളത്തൂർ റോഡ്	P	Tar	1.36	6	ഇല്ല
109	08	മണിയഞ്ചിറ കാഞ്ഞിരത്താനം കുരിശുപള്ളി	P	മണ്ണ്	1.13	3	ഇല്ല
110	07	വാണിയങ്കാവ് ചേന്നംപറമ്പ് റോഡ്	P	മണ്ണ്	0.6	3	ഇല്ല
111	08	പുതിയാപറമ്പ് നെടുനിലം റോഡ്	P	മണ്ണ്	0.45	3	ഇല്ല
112	08	നന്നാട്ടുപടി ഓട്ടുകാഞ്ഞിരം റോഡ്	P	മണ്ണ്	0.7	4	ഇല്ല
113	08	വള്ളിക്കാഞ്ഞിരം പറമ്പറം റോഡ്	P	മണ്ണ്	1.57	5	ഇല്ല
114	08	സസ്യമാർക്കറ്റ് ചാത്തൻകുന്ന്	P	മണ്ണ്	1.05	4	ഇല്ല
115	07	ഓമല്ലൂർ മണിയഞ്ചിറ റോഡ്	P	മണ്ണ്	1.50	6	ഇല്ല
116	08	വള്ളിക്കാഞ്ഞിരം ലക്ഷംവീടുകോളനി ചാത്തൻകുന്ന്	P P	മണ്ണ്	0.75	3.2	ഇല്ല
117	09	അച്ചിറക്കുളം ശാസ്താംകാലാ റോഡ്	P	മണ്ണ്	0.5	3.7	ഇല്ല
118	09	ശാസ്താംകാലാ മുട്ടുചിറ റോഡ്	P	മണ്ണ്	1.2	3.5	ഇല്ല
119	09	അച്ചിറക്കുളം നീലാമ്പടം റോഡ്	P	200m.Tar	0.9	3.5	ഇല്ല
120	09	നീലാമ്പടം കുറുപ്പന്തറക്കവല	P	Metal	1.5	4.6	ഇല്ല
121	09	ആറാംമൈൽ പള്ളിത്താഴെ റോഡ്	P	250m.Tar	1.5	4.5	ഇല്ല
122	09	പഴുക്കാന്തറ പാളീപ്പറമ്പ് റോഡ്	P	മണ്ണ്	0.5	3	ഇല്ല
123	09	ചെമ്മനത്തടം കപ്പിലാംകൂട്ടം	P	മണ്ണ്	0.4	3	ഇല്ല
124	09	കുറുപ്പന്തറ എച്ച്.എസ്. ഒറീത്താ റോഡ്	P	മണ്ണ്	1.4	3.5	ഇല്ല
125	09	മഞ്ഞക്കാലാ കിഴക്കേക്കാലാ റോഡ്	P	മണ്ണ്	0.5	3	ഇല്ല
126	09	ചെരിയമ്പറമ്പിൽ വാഴക്കൽ റോഡ്	P	230Tar	1.0	3	ഇല്ല
127	09	മണ്ഡപത്തിൽ കാറുകളത്തിൽ റോഡ്	P	മണ്ണ്	0.7	4	ഇല്ല
128	09	അച്ചിറക്കുളം മഠത്തിക്കുന്നേൽ റോഡ്	P	മണ്ണ്	1.0	4	ഇല്ല
129	09	പുന്നിലം മഞ്ഞക്കാലാ റോഡ്	P	മണ്ണ്	0.7	3.5	ഇല്ല
130	09	ലക്ഷംവീട് സെന്റ് മേരീസ് ചർച്ച്	P	മണ്ണ്	0.8	3	ഇല്ല
131	09	കുറുപ്പന്തറ മേട്ടുംപാറ റോഡ്	P	1200 Tar	2.4	6	ഇല്ല
132	10	മേട്ടുംപാറ മാൻവെട്ടം	P	Tar	1.25	6	ഇല്ല

133	10	ടാഗോർ ലൈബ്രറി ഇരവിമംഗലംപള്ളിറോഡ്	P	മണ്ണ്	1.0	6	ഇല്ല
134	10	ചനുവേലിക്കവല ഇരവിമംഗലം	P	മണ്ണ്	0.45	3	ഇല്ല
135	10	കാരുവേലിപ്പടി കുഴിവേലിപ്പാടം	P	മണ്ണ്	0.52	2.5	ഇല്ല
136	10	ടാഗോർ ലൈബ്രറി കിഴക്കേവീട് റോഡ്	P	മണ്ണ്	0.3	2.8	ഇല്ല
137	10	കുറുപ്പന്തറ മധുരവേലി	P	Tar	2.0	6	ഉണ്ട്
138	10	മേമ്മുറി ലക്ഷം കോളനി കാരുവേലിപ്പടി	P	മണ്ണ്	0.3	5	ഇല്ല
139	10	പാലച്ചുവട് കാരുവേലിപപടി	P	മണ്ണ്	0.4	3	ഇല്ല
140	10	നാറാണത്തുംകുഴി കുഴിവേലിപ്പടി	P	മണ്ണ്	0.72	3	ഇല്ല
141	10	തീപ്പെട്ടിക്കമ്പനി കുഴിവേലിപ്പടി	P	മണ്ണ്	0.2	3	ഇല്ല
142	10	വിജയാ ലൈബ്രറി കുഴിവേലിപ്പടി	P	മണ്ണ്	0.4	3	ഇല്ല
143	10	തേക്കിൻകാലാ പാറക്കാലാ	P	മണ്ണ്	0.8	3	ഇല്ല
144	10	കുട്ടക്കൈത പുഴേക്കാട്	P	മണ്ണ്	1.165	3	ഇല്ല
145	10	പുല്ലുകാലാ വാഴക്കുഴി	P	മണ്ണ്	0.24	3	ഇല്ല
146	10	കാരുവേലിക്കവല പാലക്കുഴുപ്പിൽ റോഡ്	P	മണ്ണ്	0.35	3	ഇല്ല
147	10	കുറുപ്പന്തറക്കടവ് കുട്ടക്കൈത റോഡ്	P	മണ്ണ്	1.50	4	ഇല്ല
148	10	കാരുവേലിപ്പടി പന്നിവേലി കുഴിവേലി പാടശേഖരം	P	മണ്ണ്	1.00	4	ഇല്ല
149	11	മാൻവെട്ടം തൂമ്പിൽതാഴെ	P	മണ്ണ്	0.85	5	ഇല്ല
150	11	തച്ചേരിമുട്ട് തൂമ്പിൽതാഴെ	P	മണ്ണ്	0.3	3	ഇല്ല
151	11	പുല്ലുകാലാ കോലംകാലാ	P	1500m.Tar	3.0	6	ഇല്ല
152	11	വരകുകാലാ നീണ്ടുശേരി	P	മണ്ണ്	3.5	4	ഇല്ല
153	11	പാലപ്പറമ്പ് മാൻവെട്ടം	P	മണ്ണ്	2.5	4	ഇല്ല
154	11	കൊച്ചുപോളച്ചിറ പോളച്ചിറ	P	മണ്ണ്	2.5	4	ഇല്ല
155	11	പാലേപ്പറമ്പ് പ്ലാക്കീൽതാഴെ റോഡ്	P	മണ്ണ്	1.0	4	ഇല്ല
156	11	വിജയാ ലൈബ്രറി പോളച്ചിറ	P	മണ്ണ്	1.0	3.6	ഇല്ല
157	11	തെങ്ങുംപള്ളിപ്പറമ്പ് വാകപ്പള്ളി റോഡ്	P	മണ്ണ്	1.5	3.8	ഇല്ല
158	11	ചെരിവങ്കാലാ മണിത്തൊട്ടി റോഡ്	P	മണ്ണ്	1.0	4	ഇല്ല
159	11	വരകുകാലാ വാതപ്പള്ളി റോഡ്	P	മണ്ണ്	1.5	4	ഇല്ല
160	11	മാൻവെട്ടം പോസ്റ്റോഫീസ് ലക്ഷംകോളനി	P	മണ്ണ്	1.0	4	ഇല്ല
161	11	എം.എൽ.എ. റോഡ് തച്ചേരിമുട്ട്	P	മണ്ണ്	0.75	4	ഇല്ല
162	11	കോലംകാലാ പൂവാശ്ശേരി	P	മണ്ണ്	2.0	8	ഇല്ല
163	11	കാരിക്കാമുകളേൽ കോലത്തുകര	P	മണ്ണ്	1.7	5	ഇല്ല
164	12	മാൻവെട്ടം തറത്താഴെ	P	മണ്ണ്	1.7	5	ഇല്ല
165	12	മുള്ളങ്കുഴി അറക്കൽ റോഡ്	P	മണ്ണ്	1.2	4	ഇല്ല
166	12	മുള്ളങ്കുഴി കൈതള റോഡ്	P	മണ്ണ്	0.15	3	ഇല്ല
167	12	കാനാശ്ശേരി മീനപ്പുഞ്ച	P	മണ്ണ്	0.18	3	ഇല്ല
168	12	കരിക്കാർപറമ്പ് പൂവാശേരി	P	മണ്ണ്	0.38	3	ഇല്ല
169	12	ഇല്ലിക്കൽകുന്ന് പ്ലാക്കാട്ട് റോഡ്	P	മണ്ണ്	0.6	3	ഇല്ല
170	12	തടിക്കൽമുക്ക് തണ്ടിരിക്കൽ	P	മണ്ണ്	1.0	3	ഇല്ല
171	12	മരങ്ങാട്ടുകുന്ന് തറെത്താഴെ	P	മണ്ണ്	0.6	3	ഇല്ല
172	12	തറെത്താഴെ കുന്നത്തോട്	P	മണ്ണ്	0.55	3	ഇല്ല
173	12	പുല്ലുകാലാ പൂവാശ്ശേരി	P	മണ്ണ്	3.0	8	ഇല്ല

പുതിയറോഡുകളുടെ പട്ടിക

ക്രമ നമ്പർ	കോഡ്	പേര്	ഏകദേശം നീളം
1	01	ആക്കാം പറമ്പിൽനിന്നും കുറുപ്പന്തറമെയിൻ റോഡിലേക്ക്	100 m.
2	01	കുറുപ്പന്തറകടവ് ഗവൺമെന്റ് ആശുപത്രി	750 m.4m.വീതി
3	01	പറക്കത്താനത്തുനിന്നും ഇരവുചിറയുമായി ബന്ധിപ്പിക്കുന്ന റോഡ്	1500 m.
4	01	എടാട്ട്പറമ്പ് കനാൽ റോഡ്‌ലിങ്ക്	500 m.
5	01	കുറുപ്പന്തറസസ്യമാർക്കറ്റിൽ നിന്നും മുട്ടുചിററോഡിലേക്ക് ബന്ധിപ്പിക്കുക.	2000 m.
6	01	പുതുശേരിഭാഗത്തുനിന്നും ഗവ.ആശുപത്രിയിലേക്ക് ബന്ധിപ്പിക്കുക.	1000 m.
7	01	പള്ളിപ്പുറം കുറുപ്പന്തറ സെന്റ് സേവ്യേഴ്സ് സ്കൂൾ വരെയുള്ള -റോഡിന്റെ ബാക്കിഭാഗം	150 m.
8	02	കാഞ്ഞിരമുകൾ ഹരിജൻ കോളനി കോതനല്ലൂർ	2000 m.
9	02	ട്രാൻസ്ഫോർമർ കോതനല്ലൂർ	2000 m.
10	02	മേനോത്തുങ്കര ഇന്ദവേലിക്കൽ റോഡ്	1400 m.
11	03	മുട്ടത്തിൽക്കടവ് പൂവ്വാശേരിറോഡ്	700 m.
12	03	വന്നിരിക്കുംതുരുത്ത് റോഡ്	300 m.
13	03	മുല്ലൂർ ആലഞ്ചേലി ചെറുകോട്ടിൽകടവ്	500 m.
14	03	പറയമ്പറമ്പ് കണ്ണാരമ്പറമ്പ്	200 m.
15	03	ആക്കച്ചിറ തലപ്പള്ളി	500 m.
16	03	മാമലശേരി കുഴിപ്പറമ്പ് പേരകുന്നേൽ ലിങ്ക്	250 m.
17	03	മണപ്പാട്ട് മാമലശേരി ലിങ്ക്	150 m.
18	03	ചിറപ്പുറം ഊനാട്ടുപടി	200 m.
19	03	വട്ടുകുളം വെള്ളാക്കുഴിറോഡ്	150 m.
20	03	ഭഗവതിമഠം മാച്ചേരിപ്പാടം റോഡ്	1000 m.
21	03	കീരിക്കുന്ന് തയ്യിൽ ലിങ്ക് റോഡ്	500 m.
22	04	പുളിയോരം 8 അടിറോഡ് കുഴിയാഞ്ചാൽവരെ നീട്ടുക	
23	04	വണ്ടാനം ചാമക്കലാറോഡ്	
24	05	ഇണ്ടിക്കുഴി അടക്കാനേഴ്സറി റോഡ്	
25	05	പുല്ലംകണ്ണാപ്പള്ളി സൈമൺമുക്ക്	
26	05	ഇണ്ടിക്കുഴി പുവാക്കാട്ടുചിറ	
27	06	മാഞ്ഞൂർ സ്കൂൾ വെളിമറ്റം പാടം	
28	06	പുളിന്തറ റെയിൽവെ സ്റ്റേഷൻ	
29	06	പുല്ലാട്ടുപടി പുറച്ചിററോഡ്	
30	07	തെള്ളിക്കുന്നേൽ ഇലവുന്തടം റോഡിൽ നിന്നും പള്ളി -സ്കൂൾ ഇവിടങ്ങളിലേക്ക് ഒരു പുതിയ റോഡ്	
31	07	ചെറുമട റോഡിൽ നിന്നും വരിക്കാന്തൊട്ടിറോഡ് ലിങ്ക്	300 m.

32	07	മുണ്ടഞ്ചേരി സെന്റ് തോമസ് ലിങ്ക്	500 m.
33	07	വാണിയങ്കാവ് സ്ലീവാപുരം	400 m.
34	08	വടക്കുമുകളേൽ തട്ടം റോഡ്	750 m.
35	08	വടക്കുമുകളേൽ നെടുനിലം റോഡ്	750 m.
	09	ഒരത്തേൻപ്പടി ചക്കാല റോഡ്	1250 m.
	09	സെന്റ് ജോർജ് ചാപ്പൽ സി.എസ്.ഐ റോഡ്	350 m.
	09	സുബ്രമണ്യസ്വാമി ക്ഷേത്രം റെയിൽ റോഡ്	1000 m.
	09	ക്ഷേത്രം ലക്ഷംവീട് കോളനി	50 m.
	09	അച്ചിറകുളം അറക്കൽ റോഡ്	1000 m.
	10	വിജയലൈബ്രറി കമ്പനിപ്പടി	1500mx3m.
	10	കരുവേലിപ്പടി കുഴിവേലി പാടശേഖരം റോഡ് -കമ്പനിപ്പടി റോഡുമായി ബന്ധിപ്പിക്കുക.	
	11	മാൻവെട്ടം എം.എൽ.എ റോഡിൽ നിന്നും മാൻവെട്ടം -തുമ്പിൽത്താഴെ റോഡിലേക്ക് ഒരു ലിങ്ക് നിർമ്മിച്ച് -കടുത്തുരുത്തിയിലെ കവിക്കാട്ട് റോഡുമായി ബന്ധിപ്പിക്കുക.	1 k.m
	11	വാനപ്പള്ളി വരകുകാലാറോഡിൽ നിന്നും കുറിഞ്ഞിക്കാട് കടവിലേക്ക്	300 m.
	11	മാൻവെട്ടം പോസ്റ്റാഫീസ് റോഡും മൃഗാശുപത്രി റോഡും തമ്മിൽ ബന്ധിപ്പിക്കുക	300 m.
	11	വിജയാലൈബ്രറി പോളച്ചിറത്താഴെറോഡും പോളച്ചിറ -കൊച്ചുപോളച്ചിററോഡും തമ്മിൽ ബന്ധിപ്പിക്കുക	1000 m.
	11	നീണ്ടശേരിത്താഴെ റോഡിൽ നിന്നും വൈക്കം കുറുപ്പന്തറ -തോടുവക്കത്തേക്ക് ഒരു ലിങ്ക്റോഡ്	200 m.
	12	പാറക്കാട്ടുകുഴി നാല് സെന്റ് കോളനിയിൽ നിന്നും അരീച്ചിറ -പാടംവഴി, മാൻവെട്ടം തറേത്താഴം റോഡിലേക്ക് ലിങ്ക് റോഡ്	
	12	മാൻവെട്ടം തറേത്താഴെ റോഡ് പൂവ്വാശേരി കടവുവരെ നീട്ടുക	
	12	കുറ്റിപരിച്ചതിൽ ഭാഗത്തുനിന്നും മാൻവെട്ടം കോലത്തുകര -റോഡിലേക്ക് ഒരു ലിങ്ക് റോഡ്	
	12	വഞ്ചിപ്പുരഭാഗത്തുനിന്നും കോലത്തുകര റോഡിലേക്ക് -ഒരു ലിങ്ക് നിർമ്മിക്കുക.	

ഇത്രയും വാഹനങ്ങൾ ഈ റോഡിൽക്കൂടി ഓടുന്നുണ്ടെങ്കിലും റോഡിന്റെ സൗകര്യം വളരെ പരിമിതമാണ്. ഇത് ഡബിൾ ലൈൻ ട്രാഫിക്കിന് അനുസരിച്ച് വീതി ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. വളവുകളിൽ വേണ്ടത്ര വീതിയും കാഴ്ച ദൂരവും സംരക്ഷിക്കണം. കോതനല്ലൂർ ജംഗ്ഷനിൽ ഉള്ള കൊടും വളവ് പല അപകടങ്ങൾക്കും കാരണമായിട്ടുണ്ട്. റോഡിന്റെ കിഴക്കു ഭാഗത്ത് വേണ്ടത്ര

മാഞ്ഞൂർ പഞ്ചായത്തിലെ വാഹനങ്ങളുടെ കണക്ക്

സൈക്കിൾ	ഇരുചക്ര വാഹനങ്ങൾ	മൂന്നുചക്ര വാഹനങ്ങൾ	കാർ	ലോറി	ടെമ്പോ	ബസ്സ്	മറ്റുള്ളവ
712	435	155	115	46	30	18	25

വിഷൻ ക്ലിയറൻസ് ഉണ്ടാകണം. കുറുപ്പന്തറ കവലയിലും, കോതനല്ലൂർ കവലയിലും ട്രാഫിക് ഐലൻഡ് ഉണ്ടാക്കേണ്ടതും വാഹന സാന്ദ്രത കൂടുതലുള്ള സമയങ്ങളിൽ ട്രാഫിക് പോലീസിന്റെ സേവനം ലഭ്യമാക്കേണ്ടതുമാണ്. കുറുപ്പന്തറ കുറവിലങ്ങാട് റൂട്ടിൽ തുബനാൽ കയറ്റത്തിലെ കൊടുംവളവും പല അപകടങ്ങൾക്കും കാരണമായിട്ടുണ്ട്.

കുറവിലങ്ങാട്-കല്ലറ റോഡിനും, മാഞ്ഞൂർ സൗത്ത് റോഡിനും ആവശ്യമായ സ്ഥലം ഉണ്ടെങ്കിലും ടാർ റോഡിന്റെ വീതി വളരെ അപര്യാപ്തമാണ്. ടാർ റോഡിന്റെ വീതി കൂട്ടുകയും നടപ്പാതകൾ നിർമ്മിക്കുകയും ചെയ്യണം. റോഡു പുറമ്പോക്കു കയ്യേറി വീടുകൾ വയ്ക്കുന്നതും, കൃഷി ചെയ്യുന്നതും മറ്റ് കച്ചവടസാധനങ്ങൾ സൂക്ഷിക്കുന്നതും ഗതാഗതതടസ്സം സൃഷ്ടിക്കുന്നുണ്ട്.

പഞ്ചായത്ത് റോഡുകളെ സംബന്ധിച്ചിടത്തോളം എല്ലാ റോഡുകളും ജനങ്ങൾ തന്നെ നിർമ്മിച്ച്, പഞ്ചായത്തിനെ ഏല്പിച്ചവയാണ്. എങ്കിലും ഈ റോഡുകളുടെയെല്ലാം അവസ്ഥ വളരെ ദയനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല. മഴക്കാലത്ത് എല്ലാ റോഡുകളും വെള്ളമൊഴുകുന്ന നീർച്ചാലുകളായി രൂപംകൊള്ളുന്നു. സൈഡ് ഓടകളുടേയും കലുങ്കുകളുടെയും പോരായ്മയാണ് ഇതിനു മുഖ്യകാരണം. സൈഡ് ഓടകൾ വെട്ടിയും, ആവശ്യമുള്ളിടത്ത് സൈഡ് ഭിത്തി കെട്ടിയും മെറ്റലിങ്ങും ടാറിങ്ങും നടത്തണം. ഫണ്ടില്ലായ്മയാണ് ഇതിന് മുഖ്യതടസ്സം.

പുതിയ റോഡുകൾ

ഗ്രാമസഭകളിൽ ഉയർന്നു വന്നതും അത്യാവശ്യം നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പുതിയ റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലവും ശ്രമദാനവും ജനങ്ങൾ തന്നെ വഹിക്കുന്നതും മെറ്റലിങ്ങിനും ടാറിങ്ങിനും കലുങ്കുകൾ ആവശ്യമുണ്ടെങ്കിൽ അതിനും വേണ്ട തുക അനുവദിച്ചു കിട്ടേണ്ടതുമാണ്.

പഞ്ചായത്തിലെ യാത്രാസൗകര്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഗ്രാമസഭകളിൽ ഉയർന്നു വന്ന ചില പ്രശ്നങ്ങൾ കൂടി പരിഗണനാർഹമായി വരുന്നു. സാധാരണയായി വൈകുന്നേരം ഏഴു മണിക്കു ശേഷം സ്വകാര്യ ബസ്സുകൾ ഓടുന്നില്ല. അപ്പോൾ K.S.R.T.C. ബസ്സുകളെയാണ് ആശ്രയിക്കുന്നത്. ഷെഡ്യൂൾ നിലവിലുണ്ടെങ്കിലും ഷെഡ്യൂൾ മുടക്കം സാധാരണമാണ്. ഇതിന് ശാശ്വതപരിഹാരം ആവശ്യമാണ്. കോട്ടയത്തു നിന്നും വൈക്കത്തേക്കും, വൈക്കത്തു നിന്നും കോട്ടയത്തേക്കും രാത്രി 10 മണിക്കു ശേഷം ബസ് സൗകര്യം ഇല്ല. രണ്ടു ദിശകളിലേക്കും രാത്രി 10 മണിക്കു ശേഷം ഓരോ മണിക്കൂറിലും ഒരു ബസ്സ് വീതം സർവ്വീസ് നടത്തേണ്ടതാണ്. ഇത് K.S.R.T.C.യോ സ്വകാര്യ മേഖലയോ ആകാവുന്നതാണ്. ചില ബസ്സുകൾക്ക് കോതനല്ലൂർ, മാഞ്ഞൂർ എന്നിവിടങ്ങളിൽ സ്റ്റോപ്പില്ല. ഇത് പരിഹരിക്കേണ്ടതാണ്. കുറുപ്പന്തറ-കുറവിലങ്ങാടു റൂട്ടിൽ സ്കൂൾ സമയത്ത് കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തേണ്ടതാണ്. ഈ റൂട്ടിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുവാൻ 'Students only' ബസ് അനുവദിക്കണം. കുറുപ്പന്തറകവലയിൽ ബസ് സ്റ്റാൻഡും, കോതനല്ലൂർ, കുറുപ്പന്തറ, കുറുപ്പന്തറ കവല എന്നിവടങ്ങളിൽ ഓട്ടോ, ടാക്സി, സ്റ്റാൻഡും

അത്യാവശ്യമാണ്.

റെയിൽവേ ഗതാഗതം

മാഞ്ഞൂർ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി, തെക്കു വടക്കായി എറണാകുളം-കോട്ടയം-തിരുവനന്തപുരം റെയിൽവേ ലൈൻ കടന്നു പോകുന്നു. ഇതിന്റെ 8.6 കി. മീറ്റർ നീളം ഈ പഞ്ചായത്തിലാണ്. 1956 ഒക്ടോബറിൽ ആദ്യത്തെ മീറ്റർഗേജ് തീവണ്ടി മാഞ്ഞൂറിന്റെ വിരിമാറിലൂടെ, കോട്ടയത്തെ ലക്ഷ്യമാക്കി, ചൂളം വിളിച്ച് പാഞ്ഞു പോയി. തുടർന്ന് മെയിലുകളും എക്സ്പ്രസ്സുകളും, ചരക്കു വണ്ടികളുമായി അനേകം മീറ്റർഗേജ് വണ്ടികൾ ഇതിലേ ഓടി. കാലത്തിന്റെ മുന്നേറ്റത്തിൽ, മീറ്റർഗേജ് വണ്ടികൾ അപര്യാപ്തമാവുകയും 1975 മുതൽ ബ്രോഡ്ഗേജ് വണ്ടികൾ ഓടിത്തുടങ്ങുകയും ചെയ്തു.

അങ്ങനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നേരിട്ട് ട്രെയിൻ സൗകര്യം ഉണ്ടായി. കുറുപ്പന്തറ റെയിൽവേ സ്റ്റേഷൻ ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിലാണ്. അനേകം ജീവനക്കാരും വിദ്യാർത്ഥികളും ഇവിടെ നിന്ന് കോട്ടയത്തിനും എറണാകുളത്തിനും പോയി വരുന്നുണ്ട്. ഏതാനും പാസഞ്ചർ ട്രെയിനുകൾ മാത്രമേ ഇവിടെ നിർത്തുന്നുള്ളു. പാലാ, കാഞ്ഞിരപ്പള്ളി, കളത്തൂർ, കുറവിലങ്ങാട് മുതലായ സ്ഥലങ്ങളിൽ നിന്ന് ധാരാളം ആളുകൾ മലബാർ പ്രദേശങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. ഈ കുടിയേറ്റക്കാരുടെ നാട്ടിലേക്കുള്ള പോക്കുവരവ് റെയിൽ മാർഗ്ഗമാണ്. ടി പ്രദേശങ്ങളുടെ അടുത്ത റെയിൽവേസ്റ്റേഷൻ കുറുപ്പന്തറയാണ്. എന്നാൽ ഈ സ്റ്റേഷനിൽ മലബാറിലേക്കുള്ള ട്രെയിനുകൾക്ക് സ്റ്റോപ്പില്ല. ഇതു പരിഹരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അതിനായി മലബാർ എക്സ്പ്രസ്സിനും പരശുരാം എക്സ്പ്രസ്സിനും സ്റ്റോപ്പ് അനുവദിക്കണം. റിസർവേഷൻ സൗകര്യവും ഉണ്ടാക്കേണ്ടതാണ്. ഇവിടെ നിന്നുള്ള നിരവധി സീസൺ ടിക്കറ്റുകാർക്ക് കോട്ടയത്തു പോയി ടിക്കറ്റെടുക്കേണ്ടി വരുന്നത് കൂടുതൽ ക്ലേശകരവും സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നതുമാണ്. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വേണാട് എക്സ്പ്രസ്സ്, വഞ്ചിനാട് എക്സ്പ്രസ്സ് എന്നീ ട്രെയിനുകൾക്ക് കുറുപ്പന്തറ സ്റ്റോപ്പ് അനുവദിക്കണം. കുറുപ്പന്തറ റെയിൽവേസ്റ്റേഷന്റെ പ്ലാറ്റ് ഫോറം ഉയർത്തുകയും നീളം കൂട്ടുകയും വേണം.

കുറുപ്പന്തറ റെയിൽവെസ്റ്റേഷനിലെ വരുമാനം	
1992-93	5,83,148
93-94	3,84,779
94-95	3,35,968
95-96	6,67,334

ജലഗതാഗതം

ജലഗതാഗതം പാടേ നിലച്ചുകഴിഞ്ഞ സ്ഥിതിക്ക് ഇത് പുനരുദ്ധരിക്കേണ്ട ഒന്നായിത്തീർന്നിരിക്കുന്നു. കുറുപ്പന്തറ കടവ് വികസിപ്പിച്ച് അതിന്റെ അപ്രോച്ച് കനാൽ വീതിയും ആഴവും കൂട്ടി ബോട്ട് ഗതാഗത സൗകര്യമുണ്ടാക്കണം. പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള തോടുകളും പുഴകളും പായൽ വാരി, മണ്ണാലിപ്പു തടഞ്ഞ്, ഭംഗിയായി സംരക്ഷിക്കേണ്ടതും, ഉൾനാടൻ മത്സ്യസംരക്ഷണ പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

ഊർജ്ജം

അടിസ്ഥാന സൗകര്യങ്ങളിൽ ഒഴിച്ചു കൂടാൻ വയ്യാത്ത ഒന്നാണ് വൈദ്യുതി. വൈദ്യുതി ഇല്ലാത്ത അവസ്ഥ ജനജീവിതത്തെ തളർത്തുന്ന നിലയാണ്. മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുക എന്ന സ്വപ്നം ഇനിയും സഫലീകൃതമായിട്ടില്ല.

ഇന്ന് ഈ പഞ്ചായത്തിലെ 3907 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. 118 സ്ഥാപനങ്ങൾ വൈദ്യുതിയാൽ പ്രവർത്തിക്കുന്നുണ്ട്. 470 വ്യാപാരസ്ഥാപനങ്ങൾക്കും 169 കാർഷിക കണക്ഷനുകളും നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ റോഡുകളിലായി 990 സാധാരണ ബൾബുകളും 65 ട്യൂബ് ലൈറ്റുകളും 24 സോഡിയം വേപ്പർ ലാമ്പുകളും ഉണ്ട്.

ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിനായി 18 ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

(1) ചാമക്കാലാ No. I (10) അച്ചൻകോവിൽ
(2) മാഞ്ഞൂർ സൗത്ത് (11) കാക്കശ്ശേരി
(3) മാഞ്ഞൂർ സൗത്ത് No. II (12) വടാത്തല
(4) ചാമക്കാല No. II (13) മണ്ണാറപ്പാറ ചർച്ച്
(5) കോതനല്ലൂർ No. I (14) റെയിൽവേ ക്രോസിംഗ്
(6) ഓമല്ലൂർ (15) കുറുപ്പന്തറ കവല
(7) കോതനല്ലൂർ No. II (16) കാഞ്ഞിരത്താനം
(8) കൊടികുളം (17) കല്ലറ റോഡ്
(9) രാമക്കൈമൾ (18) ജോസ് കെ. പോൾ

18 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും വൈദ്യുതി ലഭിക്കുന്ന കാര്യത്തിൽ എണ്ണമറ്റ പരാതികളാണ് ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ളത്. വോൾട്ടേജുക്ഷാമം, മഴചാറിയാൽ കറന്റു പോകുന്നു, ദിവസങ്ങളായാലും വൈദ്യുതി ബന്ധം പുന:സ്ഥാപിച്ചുകിട്ടുന്നില്ല തുടങ്ങി പ്രശ്നങ്ങൾ നിരവധിയാണ്. കാഞ്ഞിരത്താനത്തും കുറുപ്പന്തറകവലയിലുമുള്ള ട്രാൻസ്ഫോർമറുകളിലാണ് വൈദ്യുതി പ്രവാഹം കൂടെക്കൂടെ നിലച്ചുപോകുന്നത്. ഇതും പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്.

നിർദ്ദേശങ്ങൾ

1. കാണക്കാരി സബ്സ്റ്റേഷനിൽ നിന്നും 11 K.V. ലൈൻ റോഡ് മാർഗ്ഗം വലിച്ച് കോതനല്ലൂർ, കുറുപ്പന്തറ, കാഞ്ഞിരത്താനം ട്രാൻസ്ഫോർമറുകളുമായി ലിങ്ക് ചെയ്യുകയും, കുറുപ്പന്തറ ഫീഡർ സ്ഥാപിക്കുകയും ചെയ്യുക.
2. മാഞ്ഞൂർ R.O.B. ഭാഗത്തും ചാമാക്കാലാ പള്ളിക്ക് സമീപവും തലമടമുക്കിലും, അപ്പൻകവല-മുട്ടുചിറ റോഡിന്റെ മദ്ധ്യഭാഗത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും അപേക്ഷകർക്കെല്ലാം കണക്ഷൻ നൽകുകയുംചെയ്യുക.
3. നിലവിലുള്ള ശക്തി കുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കൂടുതൽ ശക്തിയുള്ളവ സ്ഥാപിക്കുക.
4. ചാമക്കാലാ ഓട്ടപ്പള്ളി ലൈൻ വഴിയിൽക്കൂടി വലിച്ച് 3 Phase line ആക്കുകയും 42 വീടുകൾക്ക് വൈദ്യുതി നൽകുകയും ചെയ്യുക.
5. 1-ാം വാർഡിൽ ലൈബ്രറി ജംഗ്ഷനിൽ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
6. മേമുറി പള്ളിക്ക് സമീപം ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
7. ഈ പഞ്ചായത്തിൽ ഒരു പുതിയ മേജർ സെക്ഷൻ ഓഫീസ് ആരംഭിക്കുക.

മാഞ്ഞൂർ പഞ്ചായത്തിലുള്ള വാഹനങ്ങളെല്ലാം ഇപ്പോൾ ഇന്ധനം നിറക്കുന്നതിന് മുട്ടുചിറ, കുറവിലങ്ങാട്, ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിലുള്ള പമ്പുകളെയാണ് ആശ്രയിക്കുന്നത്. ശരാശരി ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം ഓരോ വാഹനവും ഇന്ധനം നിറക്കാൻ പോകുന്നുണ്ട്. 789 വാഹനങ്ങൾ ഇന്ധനത്തിനായി മാത്രം 2,75,000 കി. മീറ്റർ ഓടുന്നു. ഇതിന്റെ സാമ്പത്തിക നഷ്ടം ഇന്ധനത്തിനു മാത്രം

ഹരിജൻകോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം	പണം നൽകി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
I	ചാമക്കാലാഹരിജൻ കോളനി	15	12	3
V	മണപ്പാട്ട്കോളനി (കോതനല്ലൂർ)	4	Nil	Nil

കണക്കാക്കിയാൽ 3,19,000 രൂപാ വരും. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഒരു പെട്രോൾ പമ്പ് അനുവദിച്ചു കിട്ടിയാൽ ടി തുക ഒരു നാഷനൽ സേവിംഗ്സ് ആകുന്നതാണ്.

അനർട്ട് വിവരങ്ങൾ

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കേരള സർക്കാരിന്റെ ഉടമയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് അനർട്ട്. ഇതിന്റെ ഒരു ശാഖ കടുത്തുരുത്തിയിൽ പ്രവർത്തിക്കുന്നു. ആരംഭകാലത്ത് കടുത്തുരുത്തി ബ്ലോക്ക് ഏരിയാ ആയിരുന്നു പ്രവർത്തന പരിധി. ഇന്ന് കോട്ടയം ജില്ല മുഴുവനും പ്രവർത്തന പരിധിയിൽ വരും.

പുകയില്ലാത്ത പരിഷത് അടുപ്പ്, ഇന്ധനക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗവ്, പ്രഷർ കുക്കർ, വൈദ്യുതി ലാഭിക്കുന്ന ഇലക്ട്രോണിക് ചോക്ക്, കോംപാക്റ്റ് ഫ്ലൂറസന്റ് ബൾബ്, സോളാർ എനർജിയിൽ പ്രവർത്തിക്കുന്ന ലാംബ്, കുക്കർ, വാട്ടർ ഹീറ്റർ, പമ്പ് സെറ്റ് തുടങ്ങിയവ സബ്സിഡിയോടുകൂടി സ്ഥാപിച്ചു കൊടുക്കുന്നു. സ്കൂളുകൾക്കും ലോഡ്ജുകൾക്കും ഉപയോഗിക്കാവുന്ന കമ്മ്യൂണിറ്റിഅടുപ്പുകളും നിർമ്മിച്ചു കൊടുക്കുന്നുണ്ട്.

മാഞ്ഞൂർ പഞ്ചായത്തിൽ 876 പരിഷത് അടുപ്പുകളും 382 മണ്ണെണ്ണ സ്റ്റൗവുകളും 196 പ്രഷർ കുക്കറുകളും 84 CFL ബൾബുകളും 116 ഇലക്ട്രോണിക് ചോക്കുകളും 12 സോളാർ വിളക്കുകളും ഒരു സോളാർ പമ്പ് സെറ്റും സ്ഥാപിച്ചു കൊടുത്തിട്ടുണ്ട്. 60 രൂപാ നൽകിയാൽ ബാക്കി തുക സബ്സിഡിയിൽ പരിഷത് അടുപ്പ് സ്ഥാപിച്ചു കിട്ടുന്നതാണ്. അടുത്ത വർഷത്തേക്ക് 1200 പരിഷത്ത് അടുപ്പുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 200 എണ്ണം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നീക്കി വച്ചിട്ടുള്ളതാണ്.

മാഞ്ഞൂർ പഞ്ചായത്തിൽ 464 കുടുംബങ്ങളിൽ പാചകവാതകമാണ് ഉപയോഗിക്കുന്നത് എന്നാൽ ഈ പഞ്ചായത്തിൽ ഒരു L.P.G. Gas Agency ഇല്ല. ജനങ്ങൾ ഏറ്റുമാനൂർ, തലയോലപ്പറമ്പ്, വൈക്കം തുടങ്ങിയ സ്ഥലങ്ങളിൽ പോയാണ് Gas സംഭരിക്കുന്നത്. ഇത് ജനങ്ങൾക്ക്, പ്രത്യേകിച്ച് വീട്ടമ്മമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ ഇനത്തിൽ സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു. ഇതിനു പരിഹാരമായി ഒരു പാചകവാതക ഏജൻസി സർക്കാർ ഉടമയിലുള്ളത് അനുവദിക്കേണ്ടതാണ്. 2598 കുടുംബങ്ങൾ പാചക വാതകം ലഭിക്കുന്നതിൽ താല്പര്യമുള്ളവരാണ്. ഇത്രയും കുടുംബങ്ങൾ കൂടി പാചകവാതകത്തിലേക്ക് മാറിയാൽ വിറകിന്റെ ഉപയോഗം കുറയുകയും അതു വഴി ഓല, മടൽ, ചൂട്ട്, ചകിരി, ചിരട്ട തുങ്ങിയവ താഴേക്കിടയിലെ കുടുംബങ്ങൾക്ക് സൗജന്യമായോ തുച്ഛമായ വിലയ്ക്കോ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകും. ഇത് ഒരളവു വരെ പരിസ്ഥിതിയെ സഹായിക്കുകയും ചെയ്യും.

മാർക്കറ്റ്

മാഞ്ഞൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിപുരാതനമായ ഒന്നാണ് കുറുപ്പന്തറ ആഴ്ചച്ചന്ത. ജലഗതാഗതത്തെ മാത്രം ആശ്രയിച്ച് ക്രയവിക്രയം നടത്തിയിരുന്ന കാലഘട്ടത്തിൽ, ആലപ്പുഴ തുറമുഖത്തേയും കൊച്ചി തുറമുഖത്തേയും ബന്ധിപ്പിച്ച്, പാലാ, കാഞ്ഞിരപ്പള്ളി തുടങ്ങിയ കിഴക്കൻമേഖലകളിൽ നിന്നുള്ള മലഞ്ചരക്കുകളും, നാളികേരം, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയ ഭക്ഷ്യ വിഭവങ്ങളും കയറ്റി അയച്ചിരുന്നത് കുറുപ്പന്തറ ചന്ത മുഖേനയായിരുന്നു. ഇതിന് ശ്രീമൂലം തിരുനാൾ സസ്യമാർക്കറ്റ് എന്നാണ് നാമകരണം ചെയ്തിരുന്നത്. 1954-55ൽ ഈ ചന്ത റവന്യൂ ഡിപ്പാർട്ട് മെന്റിൽ നിന്നും പഞ്ചായത്തിന് കൈമാറി. ജലഗതാഗതം മുടങ്ങുകയും, റോഡ് ഗതാഗതം വികസിക്കുകയും ചെയ്തതോടെ കിഴക്കൻ മേഖലകളിൽ നിന്നുള്ള മലഞ്ചരക്കുകൾ റോഡു മാർഗ്ഗം നേരിട്ട് കൊച്ചിക്ക് കൊണ്ടു പോകുകയും, അതു വഴി കുറുപ്പന്തറ ചന്തയിലെ മലഞ്ചരക്കുകൾ കുറഞ്ഞെങ്കിലും, പച്ചക്കറിച്ചന്തക്കായ തുടങ്ങിയവ

ധാരാളം ചന്തയിൽ എത്തുകയും അതുവഴി ബന്ധപ്പെട്ട വ്യാപാരം വിപുലമായരീതിയിൽത്തന്നെ നടക്കുകയും ചെയ്യുന്നുണ്ട്. സസ്യമാർക്കറ്റ് അടുത്തകാലം വരെ പ്രവർത്തിച്ചിരുന്നത് കുറുപ്പന്തറ കവലമുതൽ കുറുപ്പന്തറ കടവു റോഡിന്റെ ഇരുവശങ്ങളിലുമായിരുന്നു. വാഹനഗതാഗതം വർദ്ധിച്ചതോടുകൂടി ചന്തയുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായതിനാൽ കുറുപ്പന്തറകവലയ്ക്കു സമീപം 1 ഏക്കർ 30 സെന്റ് സ്ഥലം വാങ്ങി ചന്ത പുതിയ സ്ഥലത്തേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നു. സസ്യമാർക്കറ്റിന് സ്വന്തമായി സ്ഥലമായെങ്കിലും ആവശ്യമായ കെട്ടിടങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അന്തിച്ചന്തകളായി കുറുപ്പന്തറകവലയിലും, കോതനല്ലൂരും കുറുപ്പന്തറയിലും പ്രവർത്തനമുണ്ട്. പഞ്ചായത്തിൽ പ്രത്യേകമായി ഒരു മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതും പഞ്ചായത്തു വക സ്ഥലത്തു തന്നെയാണ്. മത്സ്യമാർക്കറ്റിനും വികസന പ്രവർത്തനങ്ങൾ ആവശ്യമാണ്. നിലവിലുള്ള ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി, കാലോചിതമായ രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കണം. ചന്തയ്ക്കു മുൻവശം ഓട്ടോകളും ടാക്സികളും പാർക്ക് ചെയ്യുന്നത് ചന്തയ്ക്കും റോഡ് ഗതാഗതത്തിനും തടസ്സമുണ്ടാക്കുന്നു. അതുകൊണ്ട് ഈ ഓട്ടോ-ടാക്സികൾ പാർക്കു ചെയ്യുന്നതിന് ഒരു പാർക്കിംഗ് ഏരിയ ആവശ്യമായി വന്നിരിക്കുന്നു. ഈ വക ആവശ്യങ്ങൾ എല്ലാം പരിഗണിച്ച് നിലവിലുള്ള മത്സ്യമാർക്കറ്റ് മൂന്നുനിലകളുള്ള ഒരു കെട്ടിടമായി നിർമ്മിക്കുന്നതിനും ഗ്രൗണ്ട്, വാഹനങ്ങളുടെ പാർക്കിംഗിനും ഒന്നാം നില പഞ്ചായത്ത് ഓഫീസും കോൺഫറൻസ് ഹാളും മൂന്നാം നില കമ്മ്യൂണിറ്റി ഹോളും ആയി ഉപയോഗിക്കുന്നതിനും നിർദ്ദേശിക്കുന്നു. ഇവിടെ വറ്റാത്ത വെള്ളം കിട്ടുന്ന ഒരു കിണർ ഭാഗികമായി മൂടിക്കിടപ്പുണ്ട്. ഇത് പുനരുദ്ധരിച്ച് ആവശ്യമായ വെള്ളം പമ്പുചെയ്ത് Complex-ന് ഉപയോഗിക്കാവുന്നതാണ്. ചപ്പുചവറുകളും Wasteഉം നിക്ഷേപിക്കുവാൻ ഒരു കമ്പോസ്റ്റുകുഴിയും ആവശ്യമാണ്. അതുപോലെ തന്നെ കുറുപ്പന്തറക്കവലയിലുള്ള സസ്യമാർക്കറ്റിനോടനുബന്ധിച്ച് മത്സ്യമാംസങ്ങൾ വില്പന നടത്തുന്നതിനുള്ള സ്റ്റാളുകൾ നിർമ്മിച്ച് അവയുടെ വിപണനം കൂടി പ്രോത്സാഹിപ്പിക്കേണ്ടതാണ്. മാർക്കറ്റിന്റെ പേര് മത്സ്യമാർക്കറ്റ് എന്നതിനു പകരം പഴയ "ശ്രീമൂലം തിരുനാൾ മാർക്കറ്റ്" എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.

നിലവിൽ ഒരു പഴം പച്ചക്കറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. കർഷകർ കൊണ്ടുവരുന്ന എല്ലാ വിളകളും സൊസൈറ്റി വാങ്ങി, കൂട്ടായി ലേലം ചെയ്ത് വിൽക്കുന്ന സമ്പ്രദായം കർഷകർക്ക് കൂടുതൽ വില ലഭിക്കാൻ ഇടയാക്കുന്നതാണ്. ചന്തയിൽ വ്യാപാരസംബന്ധമായി വരുന്ന ആളുകൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കണം.

കുറുപ്പന്തറ ബസ്സ്റ്റാൻഡ്

കുറുപ്പന്തറ കവലയിൽ ആധുനിക സൗകര്യങ്ങളോടുകൂടി ഒരു ബസ്സ്റ്റാൻഡ് നിർമ്മിച്ച് കുറുപ്പന്തറയിൽ എത്തുന്നവരുടെ യാത്രാക്ലേശം പരിഹരിക്കേണ്ടതാണ്.

ടാക്സി സ്റ്റാൻഡ്

കുറുപ്പന്തറ മാർക്കറ്റ്, കുറുപ്പന്തറ കവല, കോതനല്ലൂർ എന്നീ സ്ഥലങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കേണ്ടതാണ്.

✡ ✡



7
പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

സ്വന്തമായൊരു വീട്, എല്ലാ കേരളീയന്റേയും സ്വപ്നമാണ്. അത് കഴിയുന്നതും കേരളത്തിൽ, ജനിച്ചു വളർന്ന നാട്ടിലായിരക്കണം എന്നും നിർബന്ധമാണ്. അതിനുവേണ്ടി തിരകടൽ കടന്നും ദ്രവ്യം തേടുന്നു. ലക്ഷ്യം കാണാൻ ശ്രമിക്കുന്നു.

"ധാത്രീ തലേബ്ദ്യം ശിനി മാനുഷാഖ്യം
ഗ്രഹാഭിവൃദ്ധി പ്രഭമൈശഘണ്ഡം
ദേവാഹ്വയം നൈരൃത മിഷ്ടിതം
സ്യാദുഭേ ശുഭേ ഗേഹവിധൌ നരാണാം."

ഈ വിധിപ്രകാരം സ്ഥപതിയെക്കണ്ട് കണക്കുകളുണ്ടാക്കി സൂത്രഗ്രാഹിയുടെ നേതൃത്വത്തിൽ തച്ചുശാസ്ത്രവിധിപ്രകാരം തക്ഷകനാൽ ഉരുവാക്കപ്പെട്ടിരുന്ന ഗ്രഹങ്ങളുടെ കാലം കഴിഞ്ഞുപോയി. ഈരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സ്ഥപതിമാരായിരുന്നു എളബറാമറ്റം കുഞ്ഞങ്കരൻ, പ്ലാശേരി വേലു ആശാരി തുടങ്ങിയവർ. ഇന്ന് തച്ചുശാസ്ത്രവിധിപ്രകാരം ഉള്ള ഗ്രഹനിർമ്മാണം കുറഞ്ഞു. അതുകൊണ്ടുതന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്ന തക്ഷകരും വിരളമായി.

പുല്ലും വൈക്കോലും മേഞ്ഞ വീടുകളുടെ കാലവും കടന്നു പോയി. തെങ്ങോലയും പനയോലയും വഴിമാറിക്കഴിഞ്ഞു. ഓടുവീടുകൾ വാർദ്ധക്യദശയിലായിക്കൊണ്ടിരിക്കുന്നു. കൗമാരത്തിളപ്പിൽ കോൺക്രീറ്റ് സൗധങ്ങൾ പരിലസിക്കുന്ന കാലത്തിൽ നാമെത്തിനിൽക്കുന്നു. ഇനിയും സ്വന്തമായി വീടില്ലാത്തവരുണ്ടോ ? ഉണ്ടെന്നു കണക്കുകൾ പറയുന്നു. അതാണു സത്യവും. ഉച്ചനീചത്വങ്ങൾ മാറ്റപ്പെട്ടെങ്കിലും വീടിന്റെ കാര്യത്തിൽ സോഷ്യലിസം നടപ്പായില്ല. ഗൾഫ് പണവും റബ്ബർ കൃഷിയുടെ വളർച്ചയും ഭവന നിർമ്മാണ രംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

വീടുകളുടെ പട്ടിക

വാർഡ്	ഓലവീട്	ഓട്‌വീട്	വാർക്കവീട് 1 നില	വാർക്കവീട് 2 നില	കുടിലുകൾ
I	60	290	58	12	22
ii	14	372	64	13	26
iii	39	317	58	11	9
iv	18	412	280	2	8
v	61	327	59	7	10
vi	12	316	64	11	24
vii	42	164	157	21	42
viii	20	273	80	31	6
ix	37	451	43	5	72
x	30	343	82	5	20
xi	25	321	64	17	3
xii	30	310	105	6	29
TOTAL	388	3896	1114	141	271

ഭവനനിർമ്മാണസഹായം ലഭിച്ചവരുടെ കണക്ക്

വർഷം	RELEGN	NREP	IAY	MWS	JRY	ആകെ
1991-92	-	-	-	5	-	5
1992-93	-	-	-	-	1	1
1993-94	-	-	-	2	2	4
1994-95	-	-	17	-	-	17
1995-96	-	-	12	4	-	16
Total			29	11	3	43

"1996-ൽ നടത്തിയ സർവ്വേ പ്രകാരം പഞ്ചായത്തിൽ ആകെ വീടുകൾ 5810 ആണ്. വീടുകളെ സംബന്ധിച്ച കണക്കുകൾ താഴെ പറയുന്നു.

മെച്ചപ്പെട്ട ജീവിത നിലവാരത്തിലുള്ളതാണ് വീടുകൾ ഭൂരിഭാഗവും. എങ്കിലും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭവനങ്ങൾക്ക് വീട് ഒരു പ്രശ്നമായി നിലനിൽക്കുന്നു. സാധാരണ ജനങ്ങൾക്ക് ഭവന നിർമാണത്തിനാവശ്യമായ ധനസഹായം നൽകുന്ന ഏജൻസികളുവെ പ്രവർത്തനം പരിമിതമാണ്. സങ്കീർണ്ണങ്ങളായ നിയമവ്യവസ്ഥകൾ, അധികമായ പലിശ നിരക്ക്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം, നിർമ്മാണ തൊഴിലാളികളുടെ അഭാവം അതിരുകടന്ന കൂലിച്ചെലവ് തുടങ്ങിയവ പ്രശ്നങ്ങളാണ്.

ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും സഹായകമാകത്തക്കവിധത്തിൽ ഒരു സമഗ്ര പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണം. സാമ്പത്തിക സർവ്വേ പ്രകാരം സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത 42 കുടുംബങ്ങളെ കണ്ടെത്തി. ഇതിൽ പട്ടികജാതി 8ഉം പട്ടിക വർഗ്ഗം 21ഉം ആണ്. IRDP സർവ്വേ പ്രകാരം വീട് ആവശ്യമുള്ള 324 കുടുംബങ്ങൾ ഉണ്ട്. നാളിതുവരെ വിവിധ പദ്ധതികളിലായി ഭവനനിർമാണ സഹായം ലഭിച്ചവരുടെ കണക്ക് താഴെ ചേർക്കുന്നു.

ഇവ കൂടാതെ സാമൂഹ്യ സമുദായ സംഘടനകൾ വീടുവച്ചു കൊടുക്കുകയും വീടു നിർമ്മാണത്തിനു ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്.

ദാരിദ്ര്യ രേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്ന കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിന് സംവിധാനം ഉണ്ടാക്കണം.

സർക്കാരിൽനിന്നും വിവിധ പദ്ധതികളിലായും

മറ്റ് സാമൂഹ്യ സാമുദായിക സംഘടനകൾ വഴിയായും ലഭിച്ച വീടുകളിൽ ചിലവ മറിച്ചു വിറ്റ് വീണ്ടും ആനുകൂല്യങ്ങൾക്കായി കാത്തിരിക്കുന്ന ചില കുടുംബങ്ങളേയും കാണാൻ കഴിഞ്ഞിട്ടുണ്ട്. മറിച്ചു വിൽക്കാൻ കഴിയാത്തവ കൈവശ മാറ്റം നടത്തിയതായും കാണാൻ കഴിയുന്നു. അതുകൊണ്ട് അവശവിഭാഗങ്ങൾക്ക് സഹായം നൽകുമ്പോൾ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ബോധവൽക്കരിക്കുകയും ചെയ്യണം.

നിർദ്ദേശങ്ങൾ

1. നിർമ്മിക്കുന്ന വീടും അതിരിക്കുന്ന സ്ഥലവും ഈടായി പരിഗണിച്ച് നിർമാണപ്രവർത്തനത്തിനാവശ്യമായ വായ്പ അനുവദിക്കണം.
2. കുറഞ്ഞ പലിശ ഉറപ്പുവരുത്തണം.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് H.D.C., L.I.C. മ്യൂച്വൽ ഫണ്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലോട്ടായി വായ്പകൾ സ്വീകരിച്ച് ഭവന നിർമാണ പദ്ധതികൾക്കു രൂപം കൊടുക്കണം.
4. ലക്ഷം വീടു കോളനി, ഹരിജൻ കോളനി, സെറ്റിൽമെൻറ് കോളനി എന്നിവിടങ്ങളിൽ താമസിക്കുന്ന താഴ്ന്ന വരുമാനക്കാർക്ക് നിലവിലുള്ള വീടുകൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം ഏർപ്പെടുത്തണം.

സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളും നിലവിലുണ്ട്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി തരംതിരിച്ചിരിക്കുന്നു.

ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകൾക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പ്രകടമാണ്. പദ്ധതിയേക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതു തന്നെയാണ്.

തൊഴിലാളി-തൊളിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമാണ തൊഴിലാളികൾ, കർഷകതൊഴിലാളികൾ, റബ്ബർവെട്ടു തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ ഓഫീസ് അകലെയായതുകൊണ്ട് ആനുകൂല്യം വാങ്ങുവാൻ പോകുവാൻ ബുദ്ധിമുട്ടുണ്ട്.

വനിതാ വികസന കേർപറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താകയാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതേക്കുറിച്ചറിയില്ല. പൊതുപ്രവർത്തനരംഗത്തുള്ള മിക്കവാറും സ്ത്രീകൾക്കുപോലും ഇതേക്കുറിച്ചറിയില്ല.

സാമൂഹ്യ ക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് കടുത്തുരുത്തി ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിന്റെ കീഴിലുള്ള കോതനല്ലൂർ, മാഞ്ഞൂർ എന്നീ വില്ലേജ് സർക്കിളുകൾ വഴിയാണ്. രണ്ടു സർക്കിളുകളിൽനിന്നും നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ച് ശരിയായി വിലയിരുത്തപ്പെടണം. ഇതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കൂടുതൽ പങ്ക് വഹിക്കുവാൻ കഴിയും.

രണ്ട് വി. ഇ. ഒ. സർക്കിളുകൾ വഴി പഞ്ചായ

IRDP സർവെ സഹായലഭ്യതാകണക്ക്
മാഞ്ഞൂർ വില്ലേജ് & കോതനല്ലൂർ വില്ലേജ്

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-93	63	102482	168384
1993-94	49	104975	106975
1994-95	41	172656	375144
1995-96	18	164709	483816
Total	171	544822	1134319

DWCRA കോതനല്ലൂർ വില്ലേജ് സഹായലഭ്യതാകണക്ക്

സ്കീമുകളുടെ എണ്ണം	സബ്സിഡി	വായ്പ
10 സ്ത്രീകൾ 94-95 Diary Unit	48000	79000
10 സ്ത്രീകൾ 95-96 Cement Bricks Unit	50000	1,15000

DWCRA മാഞ്ഞൂർ വില്ലേജ് സഹായലഭ്യതാകണക്ക്

വർഷം	സ്ത്രീ	എണ്ണം	സബ്സിഡി	വായ്പ
94-95	10		34998	68212

ട്രൈസം പരിശീലന ലഭ്യതാ പട്ടിക
കോതനല്ലൂർ VEO സർക്കിൾ
മാഞ്ഞൂർ VEO സർക്കിൾ

കോതനല്ലൂർ	VEO	മാഞ്ഞൂർ	VEO
വർഷം	എണ്ണം	വർഷം	എണ്ണം
1992-93	Nil	92-93	4
1993-94	1	93-94	4
1994-95	2	94-95	4
1995-96	1	95-96	3
ആകെ	4		15

ത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് താഴെ പ്രതിപാദിക്കുന്നു.

കോതനല്ലൂർ വില്ലേജിലും മാഞ്ഞൂർ വില്ലേജിലും വി. ഇ. ഒ. സർക്കിളുകളിൽ 92-ലെ I.R.D.P. സർവെയിൽ 1901 കുടുംബങ്ങളും 95-ലെ അഡീഷണൽ സർവേയിൽ 100 കുടുംബങ്ങളും ഉൾപ്പെടെ 2001കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരായി കണ്ടെത്തി. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 171 കുടുംബങ്ങൾക്കായി സബ്സിഡി 5,44,822 രൂപയും വായ്പ 11,34,319 രൂപയും വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ 84 SC/ST കുടുംബങ്ങളാണ്. 95-96 കാലയളവിൽ സാഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ വലിയ

ടൂൾകിറ്റ്

കോതനല്ലൂർ വില്ലേജ് മാഞ്ഞൂർ വില്ലേജ്

വർഷം	എണ്ണം	തുക	വർഷം	എണ്ണം	തുക
1992-93	-	-	-	-	-
1993-94	-	-	-	-	-
1994-95	3		-	-	-
1995-96	-	-	-	-	-

C.R.S.P. കക്കൂസുകൾ അനുവദിച്ചത്

	കോതനല്ലൂർ വില്ലേജ്		മാഞ്ഞൂർ വില്ലേജ്		
വർഷം	എണ്ണം	തുക	വർഷം	എണ്ണം	തുക
1991-92	-	-	91-92	-	-
1992-93	-	-	92-93	-	-
1993-94	6	-	93-94	8	-
1994-95	4		94-95	5	-
95-96	6	-	95-96	7	-
Total	16			20	

വില്ലേജ് ഓഫീസുകൾ വഴി നല്കുന്ന പെൻഷനുകൾ

നമ്പർ	പദ്ധതികൾ	കോതനല്ലൂർ വില്ലേജ്	മാഞ്ഞൂർ വില്ലേജ്
1	വാർദ്ധക്യകാല പെൻഷൻ	22	
2	അഗതി പെൻഷൻ	-	
3	വിധവാ പെൻഷൻ	62	
4	വികലാംഗ പെൻഷൻ	90	
5	അവശകലാകാര പെൻഷൻ	1	
6	ക്ഷയരോഗി പെൻഷൻ	5	
7	കാൻസർ പെൻഷൻ	1	
8	കർഷകതൊഴിലാളി പെൻഷൻ	362	
9	തൊഴിലില്ലായ്മ വേതനം	87	

കുറവും ഉണ്ടായി.

ദേശസാത്കൃത ബാങ്കുകൾ I.R.D.P. സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്.

സഹകരണ മേഖലക്ക് ഫണ്ട് അനുവദിച്ചു കൊണ്ട് സഹകരണബാങ്കുകൾ വഴി പരമാവധി സഹായിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവെ നടത്തണം. വിമുക്തഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. മറ്റു വരുമാന മൊന്നുമില്ലായെങ്കിൽ I.R.D.P. യിൽ അവരെ ഉൾപ്പെടുത്തണം.

D W C R A സഹായലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഇത്.

4-ാം വാർഡിലെ പാൽ ഉല്പന്നകേന്ദ്രവും 5-ാം വാർഡിലെ ഹോളോബ്രിക്സ് നിർമാണവും 10-ാം വാർഡിലെ പാലുല്പന്ന വിപണന കേന്ദ്രവും

ഭംഗിയായി പ്രവർത്തിക്കുന്നു. 5നും 10നും ഇടയ്ക്കുള്ള സ്ത്രീകൾക്കു തൊളിൽ ലഭിക്കുന്നു. ഇതുപോലെ മറ്റു യൂണിറ്റുകളും കാര്യക്ഷമമാക്കാവുന്നതാണ്.

ട്രൈസം - (TRYSEM)

18 മുതൽ 35 വയസ്സുവരെയുള്ള യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ്.

ഓരോ ഗ്രാമത്തിലും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുകയില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചില ആളുകൾക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകുവാൻ കഴിയുന്നുള്ളു. പരിശീലനം ലഭിച്ചവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പൻറ് തുക കൂട്ടുകയും വേണം. ഈ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ കിട്ടുകയില്ല എന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. ഇത് പരിഹരിക്കുവാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാൻമാരാക്കുവാനും യുവജന സംഘടനകൾക്കു സാധിക്കും.

ടൂൾ കിറ്റ് (Tool Kit)

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് നവീന തൊഴിലിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ ടൂൾ കിറ്റ് വിതരണം നടത്തിയതായി കാണുന്നു. ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്ന പരാതിയും നിലവിലുണ്ട്. കൂടാതെ അർഹതപ്പെട്ടവർക്ക് യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

1. വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയില്ല. വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ധനസഹായം നൽകണം.

2. വികലാംഗ പെൻഷൻ

അർഹരായവർക്ക് മുഴുവനും പെൻഷൻ ലഭിക്കുന്നില്ല.

3. കർഷക തൊഴിലാളി പെൻഷൻ

യഥാർത്ഥ കർഷകതൊഴിലാളികളിൽ പലരും തഴയപ്പെടുകയും കാർഷികവൃത്തി കണ്ടിട്ടില്ലാത്ത പലരും ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുകയും ചെയ്യുന്നുണ്ട്. അർഹരായവരെ കണ്ടെത്തുവാൻ വാർഡ് വികസന സമിതികളെ ചുമതലപ്പെടുത്തുന്നത് കൂടുതൽ സൗകര്യമായിരിക്കും.

തൊഴിലില്ലായ്മാ വേതനം

അർഹതയില്ലാത്ത പലരും ഈ ആനുകൂല്യം കൈപ്പറ്റുന്നുണ്ട്. സാമൂഹിക സാമ്പത്തിക സർവ്വേയിൽ തന്നെ ഇതിൻെറ ആനുകൂല്യം കൈപ്പറ്റുന്ന പലരും ആ വിവരം രഹസ്യമായി സൂക്ഷിക്കുന്നു. കൂടുതൽ സുതാര്യമായ മാർഗ്ഗത്തിൽകൂടി ഈ പദ്ധതിയുടെ ഉപഭോക്താക്കളെ പുനർ നിർണ്ണയം ചെയ്യണം.

അംഗൻ വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്നത് അംഗനവാടികൾ മുഖേനയാണ്. മാഞ്ഞൂർ പഞ്ചായത്തിൽ രണ്ടു അംഗനവാടികളേ പ്രവർത്തിക്കുന്നുള്ളു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ഐ. സി. ഡി. എസ്. ൻെറ ലക്ഷ്യം. നിലവിലുള്ള അംഗനവാടികൾ തന്നെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. അംഗനവാടികളിലെ പ്രാഥമിക സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും ഉള്ള കെട്ടിടങ്ങളുടെ അറ്റ

കുറ്റപ്പണികൾ നടത്താത്തതും കളിപ്പാട്ടങ്ങളും കളിസ്ഥലവുമില്ലാത്തതും പ്രശ്നങ്ങളാണ്. ഇവിടത്തെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധിച്ച് ബാലവാടിയും പ്രീ പ്രൈമറി ക്ലാസ്സുകളും നടത്തുന്നതാണ് ഉത്തമം. ഇത് കുട്ടികളിൽ കൂടുതൽ ഐക്യബോധമുണ്ടാക്കും. നഴ്സറി കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാക്കണം.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. കളിസ്ഥലവും, കുടിവെള്ളം, പ്രാഥമികാവശ്യ സൗകര്യം എന്നിവയും ചെയ്യേണ്ടതുണ്ട്.
2. 1000 ജനത്തിന് ഒന്ന് എന്ന തോതിൽ അംഗനവാടികൾ ഉണ്ടാക്കണം.
3. കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടവും ഫർണീച്ചർ തുടങ്ങിയവയും ലഭ്യമാക്കണം.വനിതാ സമാജങ്ങൾ, വെൽഫെയർ സെന്റർ, ഡേകെയർ യൂണിറ്റ് എന്നിവ എല്ലാ വാർഡിലും ആവശ്യമാണ്.
5. പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധമന്ദിരം വേണം.
6. മഹിളാ സമാജങ്ങളോടനുബന്ധിച്ച് തയ്യൽ പരിശീലനകേന്ദ്രം, ടൈപ്പ്റൈറ്റിംഗ് സെന്റർ എന്നിവ ആരംഭിക്കണം.
7. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം.
8. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു സ്കാഡ് രൂപീകരിക്കണം.
9. അർഹതയുള്ളവർക്കു മാത്രം പെൻഷൻ നൽകുക. എല്ലാ സഹായധനവും പഞ്ചായത്തു വഴി മാത്രം നടത്തുക.

പൊതു വിതരണം.

പഞ്ചായത്തിൽ 17 റീട്ടെയിൽ റേഷൻകടകളും ഒരു ഹോൾസെയിൽ കടയും ഉണ്ട്. 5529 വീടുകൾക്ക് റേഷൻകാർഡുകളുണ്ട്. ആകെ യൂണിറ്റ് 10053 ആണ്. ഗ്രാമസഭകളിൽ നിന്നും വളരെയധികം പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. വിലയിലും കൃത്രിമം കാണിക്കുന്നതായി തെളിവുകൾ ഉണ്ട്. ഓരോ ആഴ്ചയിലും വിതരണം ചെയ്യുന്ന പദാർത്ഥങ്ങളുടെ സാമ്പിളും വിലയും പ്രദർശിപ്പിക്കണം. ബില്ല് കൃത്യമായി കൊടുക്കുന്നതിനുവേണ്ട വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കണം. പരിശോധനാ ഉദ്യോഗസ്ഥന്റെ പരിശോധനയും പ്രഹസനമാകാതിരിക്കാൻ വേണ്ട നടപടികൾ വേണം. അതുപോലെ തന്നെ കടക്കാർക്ക് അനുവദിച്ചിരിക്കുന്ന ലാഭവിഹിതം തീരെ തുച്ഛമാണ്. വെട്ടിപ്പ് നടത്തിയില്ലെങ്കിൽ മുടക്കുമുതൽ നഷ്ടമാകുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ഇത് മാറ്റേണ്ട കാലം കഴിഞ്ഞു. മുടക്കുമുതലിന് എല്ലാ ചെലവും കഴിഞ്ഞ് 12% പലിശയെങ്കിലും കിട്ടത്തക്കവിധത്തിലുള്ള ലാഭവിഹിതം കടക്കാർക്ക് നൽകേണ്ടതാണ്. എങ്കിൽ മാത്രമേ വെട്ടിപ്പ് തടയാൻ കഴിയൂ. ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുടെ അഴിമതിയും കടക്കാരനെ വെട്ടിപ്പു നടത്താൻ നിർബന്ധിതരാക്കുന്നു. ഈ അവസ്ഥകൾക്കെല്ലാം പരിഹാരമുണ്ടാകണം.

✡ ✡

8 സംസ്കാരം

കലാസാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ നില മുൻപന്തിയിൽ എത്തിച്ചതിന്റെ മുഖ്യ പങ്ക് മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് വഹിച്ചിട്ടുണ്ട്. അനുഗൃഹീത കലാകാരന്മാർ ഇവിടെ ഉണ്ടായിരുന്നു എന്നതിനു തെളിവാണ് ചരിത്രത്തിന്റെ ഏടുകളിൽ "ആറന്മുളക്കണ്ണാടിക്കൊപ്പം സ്ഥാനം പിടിച്ച "മാഞ്ഞൂർ കുടകൾ". അതുപോലെതന്നെ മാഞ്ഞൂരിന്റെ മാത്രമായ "ഓണംതുള്ളൽ" അഥവാ "വേലൻതുള്ളലും" "ഉടുക്കുപാട്ടും" ഒപ്പം ദേശീയ കലയായി ഉയർന്നു വന്നിട്ടുള്ള "മാർഗ്ഗംകളിയിലും" പേരെടുത്ത കലാകാരന്മാർ ഇവിടെ ഉണ്ടായിരുന്നു. ഇവയിൽ ഓണംതുള്ളലും, ഉടുക്കുപാട്ടും, കുടനിർമ്മാണവും പ്രോത്സാഹനം കിട്ടാതെ ഓർമ്മയിൽ മാത്രം അവശേഷിക്കുന്നു.

കഥാപ്രസംഗകലയിലൂടെ സാംസ്കാരികരംഗത്തേക്കു കടന്നു വന്നവരാണ് യശശ്ശരീരരായ ശ്രീ ജോസ് പള്ളിപ്പുറമ്പൻ, ഇപ്പോഴും നമ്മോടൊപ്പം ജീവിക്കുന്ന ശ്രീ. കെ. കുമാരൻ, മാഞ്ഞൂരിന്റെ മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്ന ആറന്മുള വിക്രമൻ നായർ എന്ന വി. ആർ. തയ്യിൽ എന്നിവർ.

സ്വാതന്ത്ര്യസമരസേനാനി, ഗ്രന്ഥ രചയിതാവ്, ഗ്രന്ഥശാലാ പ്രവർത്തകൻ എന്നീ വിവിധ തുറകളിൽ പ്രവർത്തിച്ച് മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ സാംസ്കാരിക നായകന്മാരുടെ ഒരു നീണ്ട നിര തന്നെ ഇവിടെയുണ്ട്. അവരിൽ സദാസ്മരണീയരായവരാണ് സർവശ്രീ. തോമസ് ചാക്കോ താനപ്പനാൽ, മാത്യു പോൾ തെങ്ങുമ്പള്ളിൽ, വിദ്വാൻ ജോസഫ് പള്ളിപ്പുറമ്പൻ, വിദ്വാൻ ഒ. എം. നാരായണൻ, മാത്യു മാഞ്ഞൂർ, വിദ്വാൻ സി. എസ് മുട്ടത്തുപാടം, പ്രൊഫ. ഗോവിന്ദപിള്ള സാർ ശാന്തിഭവനം, പ്രൊഫ. നാരായണൻ പോറ്റി മേമുറി, ജോബി മാസ്റ്റർ എന്ന സി. പി. മാത്യു, പട്ടികജാതി വിഭാഗത്തിന്റെ സാംസ്കാരികോന്നമനത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച ശ്രീ. പി. ഐ. ചോതി എന്നിവർ.

ബാന്റുമേളത്തിൽ ഏറ്റവും മുൻപന്തിയിൽ നിന്നിരുന്ന ഒരു ബാന്റുസംഘം "വെളിഞ്ഞാലിൽ ബ്രദേഴ്സ് ' എന്ന പേരിൽ ഈ അടുത്തകാലം വരെ ഇവിടെ സജീവമായിരുന്നു.

മേൽ വിവരിച്ച വിവിധ കലാശാഖകളും അവയുടെ പരമ്പരാഗത കലാകാരന്മാരേയും ഇവിടെ ഓർമ്മിക്കുന്നതോടൊപ്പം അതാതു ശാഖകളെ പുന:ജീവിപ്പിച്ച്, പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന സാംസ്കാരിക കേന്ദ്രങ്ങളാണല്ലോ ഗ്രന്ഥശാലകൾ. ഈ പ്രസ്ഥാനം ഇവിടെ സജീവമാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല ശ്രീമാന്മാരായ V.C.ചാക്കോ, V.T. ജോൺ, മാത്യു പോൾ തെങ്ങുമ്പള്ളിൽ, എം. പി. അലക്സാണ്ടർ എന്നിവരുടെ ശ്രമഫലമായി "യംഗ് മെൻസ് ക്ലബ്ബ്" എന്ന പേരിൽ ഗ്രന്ഥശാലാ സംഘത്തിൽ 122-ാം നമ്പരായി സ്ഥാപിക്കപ്പെട്ടു. ശ്രീ. മാത്യു മാഞ്ഞൂർ, ജോർജ്ജ് പള്ളിപ്പുറമ്പൻ മുതലായവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട കോതനല്ലൂർ ജവഹർ ലൈബ്രറിയാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ ഗ്രന്ഥശാല. ഇപ്പോൾ ഈ പഞ്ചായത്തിൽ പത്ത് പബ്ലിക് ലൈബ്രറികളും, പഞ്ചായത്ത് വക ഒരു സാംസ്കാരിക നിലയവും

പ്രവർത്തിക്കുന്നു. ഈ ഗ്രന്ഥശാലകളെയെല്ലാം വളർത്തിയെടുത്ത് ഇന്നത്തെ നിലയിലാക്കുന്നതിന് അക്ഷീണം യത്നിച്ച ശ്രീ. ജോസ് തെക്കേടത്തിന്റെ സേവനം എന്നും സ്മരിക്കപ്പെടും.

സാംസ്കാരിക കേരളത്തിന്റെ ഉയർച്ചക്ക് എക്കാലവും ഊടും പാവുമായി നിലകൊള്ളേണ്ട ഗ്രന്ഥശാലകളും, ഗ്രന്ഥശാലാസംഘവും ജനപങ്കാളിത്തത്തോടെ ഉയർന്നുവന്ന ജനാധിപത്യ സ്ഥാപനങ്ങളാണ്.

നമ്മുടെ സാംസ്കാരികരംഗത്തു രൂപം കൊണ്ട സാംസ്കാരികസംഘടനയായ ഗ്രാമശാസ്ത്ര സമിതിയുടെ പ്രവർത്തനങ്ങൾ 1976 മുതൽ മാഞ്ഞൂർ സെൻട്രൽ ലൈബ്രറി കേന്ദ്രമാക്കി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. ഗ്രന്ഥശാലാ പ്രസ്ഥാനത്തോടൊപ്പം, ഗ്രാമശാസ്ത്രസമിതിയുടെ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്ത ശ്രീ. മാത്യു മാഞ്ഞൂരിനെ ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്. സമിതിയുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുകയും മറ്റു പല ശാസ്ത്രസാങ്കേതികമേഖലകളിൽ പ്രചാരണം നടത്തുകയും ചെയ്യുന്നതിൽ മാത്യു വ്യാപൃതനായിരുന്നു. ഈ സാംസ്കാരിക പ്രവർത്തകന്റെ മലബാറിലേക്കുള്ള കുടിയേറ്റം, മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ഈ പ്രദേശത്തു മങ്ങലേൽപ്പിക്കുകയുണ്ടായി. ഈ രംഗത്തെ നിശ്ചലത നീക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

കായികകലാരംഗങ്ങളിൽ മികവുറ്റ താരങ്ങൾ ഇവിടെ ഉണ്ടെന്നുള്ളതിന് സംശയമില്ല. സെൻട്രൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നടു വീലർ ഫാൻസിഡ്രസ്സിൽ മികവുറ്റ കലാരൂപങ്ങൾ അവതരിപ്പിക്കുന്നത് നമ്മുടെ നാട്ടുകാർ തന്നെ. എന്നാൽ ഈ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിൽ വന്നിട്ടുള്ള വീഴ്ച എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരു നല്ല പൊതു സ്റ്റേഡിയത്തിന്റെയും ക്ലബ്ബിന്റെയും അഭാവം ഇതിനു മുഖ്യകാരണമാണ്.

ഇവിടെ പ്രവർത്തിച്ചു വരുന്ന മറ്റൊരു സാംസ്കാരിക സംഘടനയായ കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ യൂണിറ്റ് ഈ പഞ്ചായത്തിലും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. കലാകായിക രംഗത്തേക്കാളേറെ ശാസ്ത്രവിദ്യാഭ്യാസരംഗത്താണ് പരിഷത്തിന്റെ പ്രവർത്തനം.

എല്ലാ ജാതിമതസ്ഥരും സഹോദരതുല്യം ജീവിക്കുന്നത് നമ്മുടെ സാംസ്കാരിക പുരോഗതിയുടെ ലക്ഷണമാണ്. ജാതിചിന്തയും, ഉച്ചനീചത്വവീക്ഷണവും ഇല്ലാത്ത ഒരു ജനതതി ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ ഇവിടെ നിലനിന്നിരുന്നു. അതിനു മകുടോദാഹരണമാണ് വിദ്യാഭ്യാസം അവർണ്ണർക്ക് ഏതാണ്ട് അപ്രാപ്യമായിരുന്ന അക്കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട നമ്മുടെ നാട്ടുകാരനായ ശ്രീ. കെ കുമാരന് കലാശാലാ ബിരുദംനേടാൻ കഴിഞ്ഞു എന്നത്.

ചുരുക്കത്തിൽ, ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ കാലാനുസൃതമായി വന്ന എല്ലാ സാമൂഹികപരിവർത്തനങ്ങളും ഉൾക്കൊള്ളാൻ നമുക്ക് സാധിച്ചു എന്നഭിമാനിക്കാം.

സാംസ്കാരിക മണ്ഡലത്തിൽ പ്രാവർത്തികമാക്കേണ്ട ചില നിർദ്ദേശങ്ങൾ

1. സാംസ്കാരികോന്നമനത്തിനും വിദ്യാഭ്യാസനവോത്ഥാനത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് ഇന്നു നൽകുന്ന ധനസഹായം കാലോചിതമായി പര്യാപ്തമാക്കണം.
2. എല്ലാ ഗ്രന്ഥശാലകളോടും അനുബന്ധിച്ച് കായിക വിനോദത്തിന് ആവശ്യമായ സൗകര്യം ലഭ്യമാക്കുക.
3. കലാകായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുക. അതിന് എല്ലാ ഗ്രന്ഥശാലകളോടും അനുബന്ധിച്ച് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് സ്ഥാപിച്ച് നടത്തുന്നതിനാവശ്യമായ ധനസഹായം നൽകുക.
4. ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുകയും അതോടനുബന്ധിച്ച് ക്ലബ്ബ് രൂപീകരിക്കുകയുംചെയ്യുക.
5. പഞ്ചായത്ത് തലത്തിൽ ഇന്നു നടത്തുന്ന കേരളോത്സവങ്ങളുടെ പ്രാഥമികമത്സരങ്ങൾ ഗ്രന്ഥശാലാ അടിസ്ഥാനത്തിൽ നടത്തുകയും,

തുടർന്നു പഞ്ചായത്ത് ലവലിൽ നടത്തുകയും ചെയ്യുക.

6. എല്ലാ സർക്കാർ പ്രസിദ്ധീകരണങ്ങളും ഗ്രന്ഥശാലകൾക്ക് സൗജന്യമായി നൽകുക.

7. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിനും വനിതകളുടെ സാംസ്കാരികോന്നമനത്തിനും വേണ്ടി പുസ്തക ഗൃഹവിതരണപദ്ധതി ആരംഭിക്കുക. വിതരണത്തിന് ഏർപ്പെടുത്തുന്ന സ്കൂളിന് അലവൻസ് നൽകുക.

8. പൊതുസ്ഥലങ്ങൾക്കും റോഡുകൾക്കും മൺമറഞ്ഞ സാംസ്കാരിക നായകന്മാരുടെ പേരുകൾ നൽകി അവരെ ആദരിക്കുക.

9. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ പഞ്ചായത്ത് വക സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

10. പ്രൈമറി തലം മുതൽ കലാകായികരംഗങ്ങളിൽ പ്രോത്സാഹനം നൽകുന്നതിനുള്ള ഭൗതിക സാഹചര്യം ഉണ്ടാക്കുക.

പഞ്ചായത്തിലെ ലൈബ്രറികൾ

1. മാഞ്ഞൂർ സെൻട്രൽ ലൈബ്രറി
2. കുറുപ്പന്തറ പബ്ലിക് ലൈബ്രറി
3. അംബദ്കർ മെമ്മോറിയൽ പബ്ലിക് ലൈബ്രറി
4. കോതനല്ലൂർ ജവഹർ ലൈബ്രറി
5. ഓമല്ലൂർ പബ്ലിക് ലൈബ്രറി
6. കാഞ്ഞിരത്താനം നാഷനൽ ലൈബ്രറി
7. ടാഗോർ ലൈബ്രറി ഇരവിമംഗലം
8, വിജയ ലൈബ്രറി മേമ്മുറി
9. പാലയ്ക്കൽ വക്കച്ചൻ മെമ്മോറിയൽ ലൈബ്രറി
10. സാംസ്കാരിക നിലയം മാഞ്ഞൂർ സൗത്ത്.

▲ ▲



9 സഹകരണമേഖല

ഒരു ദേശത്തിന്റെ സർവ്വതോമുഖമായ പുരോഗതിയിൽ സഹകരണ പ്രസ്ഥാനത്തിനുള്ള പങ്ക് വളരെ വലുതാണ്. സഹകരണസംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് വിജയം വരിച്ച മേഖലകളിൽ ജനങ്ങളുടെ ജീവിതനിലവാരം അസൂയാർഹമായ രീതിയിൽ ഉയർന്നിട്ടുള്ളതായി കാണാം. വർദ്ധിച്ച ജനപങ്കാളിത്തവും, കഴിവുറ്റ മാനേജ്മെന്റുമാണ് ഈ രംഗത്തെ പുരോഗതിക്ക് ആധാരമായി നിലകൊള്ളുന്നത്.

മാഞ്ഞൂരിന്റെ ചരിത്രം പരിശോധിച്ചാൽ സുമാർ 60 വർഷങ്ങൾക്കു മുമ്പ് കുറുപ്പന്തറ കേന്ദ്രമാക്കി അന്നത്തെ തിരുവിതാംകൂർ രജിസ്ട്രേഷൻ നമ്പർ 2623 ആയി ഒരു സഹകരണസംഘം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നതായി കാണാം. പലചരക്ക്, തുണിത്തരങ്ങൾ തുടങ്ങിയവ പ്രസ്തുത സ്ഥാപനം വഴി വില്പന നടത്തുകയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ പിൽക്കാലത്ത് ചില സാങ്കേതിക കാരണങ്ങളാൽ ആ സഹകരണസംഘം നാശോന്മുഖമാകുകയും 1974-ൽ ലിക്വിഡേഷനിൽ കലാശിക്കുകയും ചെയ്തു.

സഹകരണപ്രസ്ഥാനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടിരുന്ന സാഹചര്യത്തിലാണ് മേമ്മുറി ആസ്ഥാനമാക്കി 8-5-1959ൽ ജില്ലാ റജിസ്ട്രേഷൻ നമ്പർ K 73 ആയി "ബെറ്റർ ഫാമിംഗ് സൊസൈറ്റി" എന്ന പേരിൽ ഒരു സഹകരണസംഘം രൂപീകരിച്ചത്. ഇതിന്റെ പ്രവർത്തനം 16-5-1959-ൽ തുടങ്ങി. ആദ്യകാല പ്രവർത്തകരുടെ അക്ഷീണയത്നത്തിന്റെ ഫലമായി പ്രസ്ഥാനം പുരോഗതിയിലേക്ക് കുതിച്ചു. പ്രാരംഭദശയിൽ നേതൃത്വം കൊടുത്ത സർവ്വശ്രീ. അബ്രഹാം അരീച്ചിറ, തോമസ് ജോസഫ് തലോടി, പി. കെ. വേലായുധൻനായർ പുഞ്ചായിൽ, ടി. എൻ. നാരായണൻ പിള്ള തണ്ടിരിക്കൽ, ലൂക്കാ വർഗീസ് തേക്കുംകാലായിൽ, ചാക്കോ ദേവസ്യാ പുല്ലാപ്പള്ളിൽ, വി. എൻ. ഗോപാലകൃഷ്ണൻ നായർ തറയിൽതാഴത്ത്, ശങ്കരപ്പിള്ള കേശവപിള്ള കിഴക്കേപറമ്പിൽ, പൈലോ ജോസഫ് നീണ്ടുശേരിൽ, ചാക്കോ ചാക്കോ കൊല്ലമലയിൽ, എൻ. ഗോപാലപിള്ള കളപ്പുരയിൽ, ഉതുപ്പു ചാക്കോ മാക്കീൽ പുത്തൻപുരയിൽ, വി. പി. ഫിലിപ്പ് വടാത്തല തുടങ്ങിയവരുടെ പേരുകൾ ഇത്തരുണത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതുണ്ട്.

കാലവിളംബം കൂടാതെ സംഘത്തിനു സ്വന്തമായി സ്ഥലവും, കെട്ടിടവും, ഉപകരണങ്ങളും

സമ്പാദിച്ചു. വളം, കീടനാശിനി, റേഷൻ സാധനങ്ങൾ, തുണിത്തരങ്ങൾ എന്നിവയുടെ വ്യാപാരം നടത്തുകയും ചെയ്തു.

1961-62 ഘട്ടത്തിൽ ഈ സ്ഥാപനം മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്കായി ഉയർത്തപ്പെട്ടു. കർഷകരുടെ അത്താണിയായിത്തീർന്ന ഈ സ്ഥാപനത്തിന്റെ ആസ്ഥാനം കുറുപ്പന്തറയിലേക്ക് മാറ്റുകയും, പഞ്ചായത്തിലെ പ്രധാനപ്പെട്ട വായ്പാ ശ്രോതസ്സായിത്തീരുകയും ചെയ്തു.

ഇതിനു പുറമെ, കുറുപ്പന്തറക്കവലയിൽ കോട്ടയം ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖ പ്രവർത്തിച്ചു വരുന്നുമുണ്ട്.

നോൺ ക്രെഡിറ്റ് വിഭാഗം

മാഞ്ഞൂർ ക്ഷീരവ്യവസായ സഹകരണസംഘം NO. K. 29(D). വളരെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തിന്റെ കേന്ദ്രം കുറുപ്പന്തറ കവലയിലാണ്. ഇതിന്റെ രൂപീകരണത്തിനും, വികസനത്തിനും വേണ്ടി ശ്രീ. വി. എൽ. തോമസ് വാളാക്കുളം നിസ്തുലമായ സേവനമാണ് നിർവഹിച്ചിട്ടുള്ളത് എന്ന വസ്തുത പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മാൻവെട്ടം, മാഞ്ഞൂർ സൗത്ത്, കോതനല്ലൂർ, കാഞ്ഞിരത്താനം, കൊണ്ടുക്കാല, കളത്തുക്കവല, മേമ്മുറി എന്നിവടങ്ങളിൽ കളക്ഷൻ സെന്ററുകൾ ഉണ്ട്. ഇതിനോടനുബന്ധിച്ച് 2500 ലിറ്റർ പാൽ സംസ്കരിക്കാൻ ഒരു ആധുനിക ചില്ലിംഗ് പ്ലാന്റ് 1993-ൽ തുടങ്ങുകയും ഗുണനിലവാരമുള്ള പ്രശസ്തമായ ' മാഞ്ഞൂർ മിൽക്ക്' ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. വെള്ളൂർ H.P.C. , തലയോലപ്പറമ്പ്, വെള്ളൂർ, പെരുവ, കടുത്തുരുത്തി, മുട്ടുചിറ, വെട്ടിക്കാട്ടുമുക്ക്, ഏറ്റുമാനൂർ, S.H. മൗണ്ട്, കോട്ടയം, പാലാ, ഈരാറ്റുപേട്ട തുടങ്ങിയ സ്ഥലങ്ങളിൽ വിപണന കേന്ദ്രങ്ങളുണ്ട്.

പഴം പച്ചക്കറി വിപണന സംഘം

കുറുപ്പന്തറക്കവലയിൽ പ്രവർത്തിച്ചു വരുന്ന വളരെയേറെ വികസനസാധ്യതയുള്ള ഒരു സംഘമാണിത്. ഒരു പ്രധാനപ്പെട്ട പച്ചക്കറി വിപണന കേന്ദ്രമായ കുറുപ്പന്തറ മാർക്കറ്റിലെ പച്ചക്കറി മേഖലയിലെ മുഴുവൻ ഇടപാടുകളും നടത്തത്തക്ക നിലയിൽ ഇതിനെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുകയും ചെയ്യും.

വനിതാ സഹകരണസംഘങ്ങൾ

1. വനിതാ സഹകരണസംഘം മാൻവെട്ടം

തയ്യൽ പരിശീലനം, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, എംബ്രോയ്ഡറി തുടങ്ങിയ രംഗങ്ങളിലാണ് പ്രവർത്തനം നടക്കുന്നത്. സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

2. വനിതാ സഹകരണസംഘം മാഞ്ഞൂർ

അധികം വളർച്ച പ്രാപിക്കാത്ത ഒരു സംഘമാണിത്. പുനരുദ്ധാരണം നടത്തിയാൽ നല്ല നിലയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

ഇതിനു പുറമെ D.W.C.R.A.യുടെ ഒരു ഡയറി യൂണിറ്റ് അംഗന സിമിന്റ് ബ്രിക്സ് കളത്തൂർ, വനിതാ ചാരിറ്റബിൾ സൊസൈറ്റി ചാമക്കാലാ, പ്രിയാ തീപ്പെട്ടിക്കമ്പനി ഇരവിമംഗലം, നൂൽ നൂൽപ്പ് കേന്ദ്രം മേമ്മുറി, എന്നീ പ്രസ്ഥാനങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്.

സ്കൂൾ സഹകരണസംഘങ്ങൾ

മാഞ്ഞൂർ പഞ്ചായത്തിലെ അഞ്ച് ഹൈസ്കൂളുകളോടനുബന്ധിച്ചും സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. അവ താഴെ പറയുന്നവയാണ്.

1. മാഞ്ഞൂർ സൗത്ത് ഗവ. സ്കൂൾ സഹകരണ സംഘം No. K 580
2. മാഞ്ഞൂർ . V.K.V. M.N.S.S. ഹൈസ്കൂൾ സഹകരണസംഘം
3 കോതനല്ലൂർ എമ്മാനുവൽ ഹൈസ്കൂൾ സഹകരണസംഘം
4. കാഞ്ഞിരത്താനം സെന്റ്. ജോൺസ് ഹൈസ്കൂൾ സഹകരണസംഘം
5. കുറുപ്പന്തറ സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ സഹകരണസംഘം

മറ്റു സഹകരണ സ്ഥാപനങ്ങൾ

1. എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് കോ. ഓപ്പറേറ്റീവ് സഹകരണസംഘം No. K 660 കുറുപ്പന്തറ
2. അർബൻ സഹകരണ ബാങ്ക്, കുറുപ്പന്തറ ബ്രാഞ്ച്
3. അർബൻ സഹകരണ ബാങ്ക് കോതനല്ലൂർ ബ്രാഞ്ച്

ഈ പഞ്ചായത്തിൽ പ്രവർത്തനരഹിതമായ രണ്ടു സഹകരണസ്ഥാപനങ്ങളുണ്ട്, മാഞ്ഞൂർ ആർട്ടിസാൻസ് സഹകരണസംഘവും മീറ്റ് മാർക്കറ്റിംഗ് സഹകരണസംഘവും.

പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

സഹകരണ പ്രസ്ഥാനത്തിലൂടെ നേട്ടങ്ങൾ കൂടുതൽ കൈവരിക്കാൻ കഴിയുന്ന ഒരു ജനവിഭാഗമാണ് കൃഷിക്കാർ. അവർ ഇന്നും സുസംഘടിതരായിട്ടില്ല. കാർഷികപ്രധാനമായ ഈ പഞ്ചായത്തിൽ നെൽകൃഷിക്കാർക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ കൃഷിയുപകരണങ്ങൾ, വളം, കീടനാശിനികൾ, നല്ലയിനം നടീൽ വിത്തുകൾ എന്നിവ ആവശ്യാനുസരണം വിതരണം നടത്തുകയും, തൊഴിലാളികളുടെ ദൗർലഭ്യം പരിഗണിച്ച് കൊയ്ത്ത്, മെതി യന്ത്രങ്ങളുടെയും, ട്രാക്ടർ, ടില്ലർ എന്നിവയുടേയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

കർഷകരുടെ നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയാൽ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതാണ്.

റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ചെറിയചെറിയ യൂണിറ്റുകളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഹവായ് ചപ്പൽ, റബ്ബർ ബാൻഡ് തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.

പഞ്ചായത്തിന്റെ 3,12 എന്നീ വാർഡുകളുടെ തെക്കു ഭാഗത്ത് കേന്ദ്രീകരിച്ചിരിക്കുന്ന ഗൃഹോപകരണ കരിങ്കൽ വ്യവസായം അസംഘടിത മേഖലയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഋണബാധ്യത കൊണ്ട് കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവർ മദ്ധ്യവർത്തികളുടെ ചൂഷണത്തിനു വിധേയരായി യാതനയനുഭവിക്കുന്ന ദയനീയാവസ്ഥയിലാണ്. ഇവർക്കായി ഒരു സഹകരണ സംഘം പ്രവർത്തിപ്പിച്ച് ഈ രംഗത്തുള്ളവരെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കേണ്ടത് അടിയന്തിരമായി നടപ്പാക്കേണ്ട ഒന്നാണ്.

സഹകരണ മാവേലി സ്റ്റോറുകൾ എല്ലാ വാർഡുകളിലും പ്രവർത്തിച്ചാൽ എല്ലാവർക്കും വലിയ അനുഗ്രഹമായിരിക്കും. വനിതകൾക്കായി സഹകരണസംഘങ്ങൾ രൂപീകരിച്ച് ക്ഷീരോത്പന്ന നിർമ്മാണം, പഴം സംസ്കരണം, പലഹാര നിർമ്മാണം, അച്ചാറുകൾ, സോപ്പ്, റെഡിമെയ്ഡ് വസ്ത്രം എന്നിവയുടെ നിർമ്മാണം തുടങ്ങിയവ നടത്തി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

കോഴിയും, താറാവും, പശുക്കളും വളർത്തുന്നവർക്കായി സഹകരണസംഘങ്ങൾ രൂപീകരിച്ചാൽ നല്ലയിനം പശുക്കളെയും കോഴികളെയും മറ്റും വളർത്തുന്നതിനും മറ്റും സൗകര്യം ലഭിക്കുന്നതാണ്. പശു വളർത്തൽ ലാഭകരമല്ലാത്ത ഒന്നായി തീർന്നിരിക്കുകയാണ്. പാലിന്റെ സംഭരണ വിലയും വിപണന വിലയും തമ്മിൽ ഒരു രൂപയിൽ കവിയാത്ത അന്തരമേ പാടുള്ളൂ.

പഞ്ചമാസങ്ങളിൽ കൃഷിക്കാരിൽ നിന്നും വായ്പത്തുക മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് ഈടാക്കുന്നത് വലിയ ബുദ്ധിമുട്ടിനിടയാക്കുന്നു. ഇതിന് പരിഹാരം ഉണ്ടാകേണ്ടതാണ്. കർഷകർക്ക് യഥാസമയം വേണ്ടത്ര വായ്പകൾ കിട്ടാത്ത സാഹചര്യമാണ് ഇന്നുള്ളത്. തന്മൂലം അമിതമായ പലിശയ്ക്ക് സ്വകാര്യപണമിടപാടുകാരിൽ നിന്നും പണമെടുത്ത് കഷ്ടപ്പെടുന്ന ഇന്നത്തെ അവസ്ഥ മാറേണ്ടിയിരിക്കുന്നു. സഹകരണ ബാങ്കിന്റെ ശാഖകൾ മാൻവെട്ടം, മാഞ്ഞൂർ സൗത്ത്, കോതനല്ലൂർ എന്നിവടങ്ങളിൽ ആരംഭിക്കുകയും,

കൂടുതൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

സഹരണ പ്രസ്ഥാനത്തിലൂടെ മാത്രമേ ജനാധിപത്യവും, പഞ്ചായത്തീരാജും വിജയപഥത്തിലെത്തിച്ചേരുകയുള്ളു. എല്ലാ രംഗത്തും സഹകരണത്തിന്റെ പ്രാധാന്യം വളരെ വലുതാണ്.

സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

1.	സ്ഥാപനത്തിന്റെ പേര്	മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം K. 73
.2.	പ്രവർത്തന പരിധി	മാഞ്ഞൂർ പഞ്ചായത്ത്
3.	ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്
4.	പ്രവർത്തനം ആരംഭിച്ച വർഷം.	1959
5.	ആകെ അംഗങ്ങൾ	11206
6.	ഒരു ഓഹരിയുടെ വില	10 രൂപ
7.	അംഗീകൃത മൂലധനം	5000000/രൂപ
8.	പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം	2216630/രൂപ
9.	സർക്കാർ ഓഹരി ഉണ്ടോ?	ഉണ്ട്
10.	ഉണ്ടെങ്കിൽ ലഭിച്ച തുക	238900/രൂപ
11.	പരമാവധി കടംകൊടുക്കാവുന്ന തുക	25000/

II. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ	സ്ഥിരം 17311893/ രൂപാ ഹ്രസ്വകാലം 2995200 രൂപാ

III. നൽകിയിട്ടുള്ള വായ്പകൾ

a. കാർഷികവായ്പകൾ

	ഇനം	തുക
1.	ഏത്തവാഴ	5711500.00 രൂപാ
2.	പച്ചക്കറി, വെറ്റില, പശുവളർത്തൽ, താറാവ്	309460.00 രൂപാ
3.	ബ്രോയിലർ കോഴിവളർത്തൽ.	75000.00 രൂപാ

b. മറ്റുവായ്പകൾ

	ഇനം	തുക
1.	സ്വർണ്ണപണയം	1236840.00രൂപാ
2.	കാർഷികേതരം	12236942.00 രൂപാ

പ്രത്യേകവായ്പകൾ

	ഇനം	തുക
1.	I.R.D.P.	163273.00
2.	A.D.P.	3565.00
3.	Biogas	8770.00
4.	Latrine and Education	49835.00
5.		5233.00
6.	Vehicle	232730.00

പട്ടിക 2
സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ K. 73		
സ്ഥാപനം	സ്വഭാവം	തുക
കോട്ടയം ജില്ലാ സഹകരണബാങ്ക്	കാർഷികവായ്പ	6038564.00

പട്ടിക 3
നൽകിയ വായ്പകാലാവധി കഴിഞ്ഞുകിട്ടാനുള്ളത്

മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ K. 73

1.	കാർഷികം	922122.00
2.	കാർഷികേതരം	1793306.00

പട്ടിക 4
സ്ഥാപനത്തിന്റെ ചെലവുകൾ

351458.00 രൂപാ	296323

പട്ടിക 5
സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ
മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ K. 73

1.	ബാങ്കിംഗ് ബിസിനസ്സ്
2.	ചിട്ടി
3.	റേഷൻ വ്യാപാരം
4.	കൺസ്യൂമർ സ്റ്റോഴ്സ്
5.	സീസണൽ കശുവണ്ടിസംഭരണം

പട്ടിക 6
കോട്ടയം ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച്-കുറുപ്പന്തറ

ജീവനക്കാരുടെ എണ്ണം		വർഷം	ഡെപ്പോസിറ്റ് തുക	ക്രെഡിറ്റ് തുക
പു.	സ്ത്രീ.			
3	3	1995/96	Rs. 15315479.31	Rs. 16407265.55


പട്ടിക 7
മാഞ്ഞൂർ ക്ഷീരവ്യവസായസഹകരണസംഘം ക്ലിപ്തം No. K 29(D)

	മൊത്തം ശേഖരിക്കുന്ന പാൽ			പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേയ്ക്കു വിൽക്കുന്നത്
മാസം	പഞ്ചായത്തിൽ നിന്നും	പഞ്ചായത്തിനു പുറത്തുനിന്നും	ആകെ	ശരാശരി ഒരു ദിവസം	ശരാശരി ഒരു ദിവസം
1996 ആഗസ്റ്റ് ശരാശരി ഒരു ദിവസം	2326.3 ലിറ്റർ	1080 ലിറ്റർ	3406.3 ലിറ്റർ	1463. 3 ലിറ്റർ	1943. 0 ലിറ്റർ

പട്ടിക 8

മാഞ്ഞൂർ ക്ഷീരവ്യവസായസഹകരണസംഘം ക്ലിപ്തം No. K 29(D)

അംഗങ്ങൾ	അംഗീകൃത മൂലധനം	കളക്ഷൻ സെന്റർ	ജീവനക്കാർ	
			സ്ഥിരം	താത്ക്കാലികം
3873	46350.00	12	21	3



10 പട്ടികജാതി -പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനസമൂഹമായിരുന്നു പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ. നിരന്തരമായി ജന്മിമാരാൽ ചൂഷണം ചെയ്യപ്പെട്ട, സ്വന്തമായി വീടില്ലാത്ത ഇവർ മൃഗതുല്യരായി ജീവിച്ചു. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നതു കൊണ്ടുതന്നെ സമൂഹത്തിൽ ഇവർ ഒന്നുമല്ലായിരുന്നു. തമ്പുരാന്മാർ (ജന്മിമാർ) ആയിരുന്നു ഇവരുടെ ദൈവം. അവർക്കു വേണ്ടി സ്വന്തം ജീവൻ പോലും ബലി കൊടുക്കുന്ന വിഭാഗം. തീണ്ടലും തൊടീലും ഇവരെ മറ്റുള്ളവരിൽ നിന്നും വളരെ അകറ്റിയിരുന്നു. ഇവരെ അടുത്തു കണ്ടാൽ സവർണ്ണർ കുളികഴിഞ്ഞേ വീട്ടിൽ കയറുമായിരുന്നുള്ളൂ. ഇവർക്കുള്ള ഭക്ഷണം പറമ്പിൽ കുഴികുത്തി അതിൽ ഇലവച്ചാണ് കൊടുത്തിരുന്നത്.

ഈ വിഭാഗത്തിൽപ്പെട്ടവരുടെ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശമില്ലായിരുന്നു. ശവസംസ്കാരത്തിനുപോലും സ്വന്തമായി സ്ഥലമില്ലായിരുന്നു. ഇവർ ഹിന്ദുക്കളാണെങ്കിലും അമ്പലത്തിൽ കയറുവാൻ അവകാശമില്ലായിരുന്നു. സ്ത്രീകളിൽ അധികവും കർഷകത്തൊഴിലാളികളായിരുന്നു. രാവിലെ പണിക്കുപോയിക്കഴിഞ്ഞു വന്ന് നെല്ലു വറുത്തു കുത്തിയാണ് അത്താഴം ഉണ്ടാക്കുന്നത്. ചുരുക്കത്തിൽ സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികവുമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമായിരുന്നു പട്ടികജാതി-പട്ടികവർഗ്ഗം.

ദേശീയപ്രസ്ഥാനം നവോത്ഥാനപ്രസ്ഥാനം തുടങ്ങിയവയുടെയും അയ്യങ്കാളി, ഡോക്ടർ അംബേദ്കർ തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടേയും പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ കുറെയൊക്കെ മാറ്റുന്നതിന് സാധിച്ചത്.

വിവിധ കാരണങ്ങളാൽ കാലാകാലങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവർ ക്രിസ്തുമതം സ്വീകരിച്ച് ഇന്ന് ദളിത് ക്രൈസ്തവർ എന്ന പേരിലറിയപ്പെടുന്നു. അവരുടെ സ്ഥിതിയും പട്ടികജാതിക്കാരിൽ നിന്നും ഒട്ടും മെച്ചമല്ല. ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്കും നൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 1991- ലെ സെൻസസ് പ്രകാരം 1965 പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളുണ്ട്.

ഈ പഞ്ചായത്തിലെ ചെറിയൊരു വിഭാഗത്തിന് സ്വന്തമായി ഭൂമിയുണ്ടായിരുന്നു. 1950-ൽ രൂപം കൊണ്ട പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ (കോതനല്ലൂർ) ഭൂരഹിത വിഭാഗങ്ങൾക്ക് മണ്ണിന്റെ ഉടമകളാകാൻ അവസരം നൽകി. 1971-ൽ നടപ്പിലാക്കിയ ലക്ഷംവീടു പദ്ധതി പാർപ്പിട പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമായി.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ വിവിധ മേഖലകളിൽ നിന്ന് ലഭിച്ച ആനുകൂല്യങ്ങൾ കൊണ്ട് ഇവരുടെ വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക രംഗത്ത് ആകട്ടെ ആശാവഹമായ പുരോഗതി നേടുവാനായിട്ടില്ല. എന്നാൽ കുടികിടപ്പവകാശം, മിച്ചഭൂമി വിതരണം, മിനിമം കൂലി നടപ്പാക്കൽ തുടങ്ങിയ സാമൂഹ്യക്ഷേമ നടപടികളിലൂടെ ഒരു പരിധി വരെ മുന്നോട്ടു പോകുവാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെപ്പറ്റി അറിവില്ലാത്തതുകൊണ്ടും കർശനമായ നിയമങ്ങളും ചട്ടങ്ങളും മൂലം നിരവധി ആനുകൂല്യങ്ങൾ ഗുണഭോക്താക്കളായ ഈ വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്രഗവണ്മെന്റ് നൽകുന്ന പല ആനുകൂല്യങ്ങളും സംസ്ഥാന ഭരണകൂടത്തിന്റെ അലംഭാവം മൂലം നഷ്ടമാകുന്ന സന്ദർഭങ്ങളും വിരളമല്ല. സർക്കാർ നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ അവർക്ക് അവകാശപ്പെട്ടതാണെന്ന ബോധം പദ്ധതികൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്മാരിൽ ഉണ്ടായാൽ ക്രിയാത്മകമായ പുരോഗതി ഈ രംഗത്ത് കൈവരിക്കുവാൻ കഴിയും. കോളനികളെ സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. അംഗീകാരത്തിനായി അയച്ചിട്ടുള്ള കാഞ്ഞിരമുകളേൽ സെറ്റിൽമെന്റ് കോളനിക്ക് അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല. S.S.L.C., P.D.C. തലത്തിൽ പഠനം നിർത്തുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. തുടർന്നു പഠിക്കുന്നതിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും, സാമ്പത്തിക പരാധീനതകളും കാരണമാകുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് പ്രയോജനകരമായിരിക്കും.

തൊഴിൽ

വർദ്ധിച്ച ജീവിതനിലവാരം മൂലം പരമ്പരാഗതമായ കാർഷികമേഖല വിട്ട്, മറ്റു രംഗങ്ങളിൽ പണിയെടുക്കുന്നതിന് നിർബന്ധിതരാക്കപ്പെടുന്നു. ജോലി സ്ഥിരതയില്ലായ്മയും കൃഷി സ്ഥലങ്ങൾ നാണ്യവിളയ്ക്ക് വഴിമാറുന്നതും കർഷകത്തൊഴിലാളികളെ കാർഷിക പണിയിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് കാരണമാകുന്നു. വിത്ത്, വളം, കീടനാശിനി, ഇവയുടെ ക്രമാതീതമായ വിലക്കയറ്റം കാർഷികമേഖലയാകെ തകർക്കപ്പെട്ടിരിക്കുന്നു. ഭക്ഷ്യസാധനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ഉല്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ രംഗത്തേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കത്തക്ക ക്രിയാത്മകമായ നടപടികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

പാർപ്പിടം

സർക്കാരിന്റെ ഈ രംഗത്തെ പ്രവർത്തനം ആശാവഹമാണ്. പൂർണ്ണമായിട്ടില്ലെങ്കിലും ഒരളവുവരെ പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെറ്റക്കുടിലിന്റെ സ്ഥാനത്ത് ഓടുമേഞ്ഞ വൃത്തിയുള്ള വീടുകൾ പല കോളനികളിലും ഉണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ നിർമ്മാണഘട്ടത്തിൽ തന്നെ പലതും നിലച്ചു പോകുന്നു. വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുകയിൽ ഗണ്യമായ വർദ്ധനവ് ആവശ്യമാണ്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. വായ്പ എടുത്ത് കടക്കെണിയിൽ പെടുന്നവരും വിരളമല്ല. ഭൂമിയുടെ രേഖ ഓഫീസുകളിൽ കുടുങ്ങി പോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടവരുമുണ്ട്. പുനരധിവാസപദ്ധതി പ്രകാരം സ്ഥലവും വീടും ഇല്ലാത്തവർക്ക് സ്ഥലവും, വീട് വയ്ക്കുവാനാവശ്യമായ ധനസഹായവും ചെയ്തു കൊടുക്കണം. 20% ആൾക്കാർ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരാണ്.

കോളനികളിൽ പല വീടുകൾക്കും കക്കൂസ് ഇല്ല. ഓരോ വീടിനും കക്കൂസ് നിർമ്മിച്ചു നൽകണം.

നിലവിലുള്ള വീടുകൾക്ക് വഴി, വെള്ളം, വെളിച്ചം, കക്കൂസ് ഇവ ആവശ്യമാണ്. കോളനികൾ വേണ്ടരീതിയിൽ പരിരക്ഷിക്കപ്പെടാത്തതുകൊണ്ട് മേൽപ്പറഞ്ഞ പ്രാഥമികാവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്തെ പുരോഗതി പ്രതീക്ഷക്കൊത്തുയർന്നിട്ടില്ല. വിദ്യാർത്ഥികളുടെ പൊഴിഞ്ഞുപോക്ക് തുടരുന്നു.
2. കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. ജോലിസാധ്യത കുറയുന്നു.
3. എല്ലാവർക്കും കിടപ്പാടവും വീടും ഇല്ല. വീടു വയ്ക്കുവാൻ നൽകുന്ന തുകയുടെ അപര്യാപ്തത നിമിത്തം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. പല വാർഡുകളിലും ശ്മശാനം ഇല്ല.
5. പട്ടയം കിട്ടാത്തവരും, കിട്ടിയവർക്ക് സ്ഥലം കൈവശാവകാശത്തിൽ കിട്ടാത്ത സ്ഥിതിയുമുണ്ട്.
6. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
7. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം തക്കസമയത്ത് ലഭിക്കുന്നില്ല. നിർദ്ധനരായവരുടെ ചികിത്സക്ക് ധനസഹായം ലഭിക്കുന്നില്ല.
8. I.R.D.P. പദ്ധതികളും മറ്റ് പദ്ധതികളും പ്രയോജനപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.
9. ഡിപ്പാർട്ട്മെന്റും വിവിധ ഏജൻസികളും നടത്തുന്ന പദ്ധതികളെപ്പറ്റി വേണ്ടത്ര അറിവില്ല.
10. സാമ്പത്തിക രംഗത്ത് പിന്നോക്കം പോകുന്നു. അതുകൊണ്ട് കടക്കെണിയിൽ പെടുന്നു.
11. സ്ഥലപരിമിതി, സർക്കാരിന്റെ ചുവപ്പുനാട സമ്പ്രദായം ഇവയും ധനസഹായം കിട്ടുന്നതിന് തടസ്സം നിൽക്കുന്നു.

സാദ്ധ്യതകൾ

വിദ്യാഭ്യാസം

നിലവിലുള്ള ധനസഹായം വർദ്ധിപ്പിക്കുക. സ്പെഷൽ ട്യൂഷൻ സമ്പ്രദായം സ്കൂളുകളിലും കോളേജുകളിലും കടലാസ്സു പദ്ധതിയായി നടത്തുന്ന സമ്പ്രദായം മാറ്റി ഫലപ്രദമായി നടപ്പിൽ വരുത്തുക.

തൊഴിൽ

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുകയും ജോലിസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകമായി കുടിൽവ്യവസായം ആരംഭിക്കുന്നതിന് പൂർണ്ണ ധനസഹായം നൽകുക. ഈ വിഭാഗം സ്ത്രീകൾക്ക് കൈത്തൊഴിലിൽ പരിശീലനവും ലളിതമായ വ്യവസ്ഥയിലൂടെ ധനസഹായവും നൽകുക.

പാർപ്പിടവും മറ്റനുബന്ധ സൗകര്യങ്ങളും

1. സ്വന്തമായി വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുള്ള സ്ഥലവും വീടും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുക.
2. കോളനികൾ അറ്റകുറ്റപ്പണികൾ തീർക്കുകയും വഴി, വെള്ളം, വെളിച്ചം, കക്കൂസ് ഇവ ലഭ്യമാക്കുകയും കോളനികളോട് അനുബന്ധിച്ച് കളിസ്ഥലം, സാംസ്കാരികനിലയങ്ങൾ, അംഗനവാടികൾ ഇവ സ്ഥാപിക്കുകയും ചെയ്യുക.
3. കോളനികളിൽ ഓടകൾ നിർമ്മിച്ച് ശുചിത്വ പരിപാലനം ഉറപ്പു വരുത്തുക.
4. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പൊതുവായ ശ്മശാനം നിർമ്മിക്കുക.
5. കോളനികളിൽ നിലവിലുള്ള കിണറുകളുടെ ആഴം കൂട്ടുകയും അറ്റകുറ്റപ്പണികൾ നടത്തുകയും കുഴൽകിണറിന്റെ ഇരുമ്പുപൈപ്പുകൾ മാറ്റി പി. വി. സി. പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
6. കോളനികളോടനുബന്ധിച്ച് മിഡ്വൈഫറി സെന്ററുകൾ സ്ഥാപിക്കുക.
7. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ വെള്ളപ്പൊക്കഭീഷണിയിൽ നിന്നും സംരക്ഷിക്കുക. ചെറുതോടുകൾക്കു മുകളിൽ നടപ്പാതകൾ ഉള്ളിടത്ത് കോൺക്രീറ്റു സ്ലാബുകൾ വാർത്തിട്ട് സഞ്ചാരയോഗ്യമാക്കുക.
8. മദ്യനിരോധനം പൂർണ്ണമായും നടപ്പാക്കുക.
9. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണം പുന:സ്ഥാപിക്കുക.
10. വയറിംഗ് കഴിഞ്ഞിട്ടുള്ള വീടുകൾക്ക് വൈദ്യുതി

ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. കോളനി റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
12. പട്ടയഭൂമി അളന്നു തിരിച്ച് കൈവശപ്പെടുത്തി കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.
13. നിയമങ്ങളും ചട്ടങ്ങളും ലളിതവൽക്കരിക്കുകയും സഹായധനം ഉപഭോക്താവിന് കൃത്യസമയത്ത് ലഭ്യമാക്കുകയും ചെയ്യണം. വിവിധ വകുപ്പുകളും ഏജൻസികളും നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പ്രസിദ്ധീകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
14. കോളനികൾ കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ഉത്പാദന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
15. ഇന്ന് വിവിധ ഏജൻസികൾ മുഖേന നൽകുന്ന ധനസഹായം ഏകോപിപ്പിച്ച് ഒരു ഏജൻസി മുഖേന കൊടുക്കുകയും ഓരോ ധനസഹായത്തിനും കാലാനുസൃതമായും പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ആനുകൂല്യങ്ങളുടെ പരിധി ഉയർത്തുക.
16. നിലവിലുള്ള കടബാദ്ധ്യതകൾ തിരിച്ചടയ്ക്കുവാൻ തക്കവണ്ണം തവണകളുടെ എണ്ണം വർദ്ധിപ്പിക്കുക.
17. 60 വയസ്സായ എല്ലാവർക്കും പെൻഷൻ അനുവദിക്കുക.
18. സൗജന്യചികിത്സ ലഭ്യമാക്കുക.
19. പ്രായപൂർത്തിയാകുന്നതിനുമുമ്പ് മാതാപിതാക്കൾ നഷ്ടപ്പെട്ട് കുടുംബഭാരം ഏല്ക്കേണ്ടിവന്ന കുട്ടികൾക്ക് പ്രായപൂർത്തിയാകുന്നതുവരെ ധനസഹായം നൽകുക.
20. സർവ്വീസ് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ റിസർവേഷൻ നിർബന്ധമായും നടപ്പിലാക്കുക.

അടിയന്തിരശ്രദ്ധ പതിയേണ്ട കാര്യങ്ങൾ

a. കാഞ്ഞിരമുകളേൽ സെറ്റിൽമെന്റ് കോളനിക്ക് അംഗീകാരം നൽകുക.
b. തെങ്ങുംപള്ളി കുളം നന്നാക്കി കാഞ്ഞിരംമുകൾ സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ളമെത്തിക്കുക.
c. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന ചിറത്തലയ്ക്കൽ ഭാഗം സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കുക. വീടില്ലാത്ത 30 കുടുംബങ്ങൾക്ക് വീട് വച്ചു കൊടുക്കുക.
d. കടത്തിണ്ണയിലും പുറമ്പോക്കിലും കഴിയുന്ന വീടില്ലാത്തവരെ പുനരധിവസിപ്പിക്കുക.
e. ഇരവിമംഗലം ലക്ഷംവീടു കോളനിയോടു അനുബന്ധിച്ച് വീടില്ലാത്ത 30 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുക.
f. അച്ചൻകോവിൽ കോളനിയിൽ വീടില്ലാത്ത 7 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുക.
f. അച്ചൻകോവിൽ കോളനിയിൽ വീടില്ലാത്ത 7 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുക.
g. വള്ളിക്കാഞ്ഞിരം ലക്ഷംവീടു കോളനി, മാൻവെട്ടം ലക്ഷംവീടു കോളനി, കോതനല്ലൂർ ലക്ഷംവീടു കോളനി, ഇരവിമംഗലം ലക്ഷംവീടു കോളനി എന്നിവിടങ്ങളിൽ വീടില്ലാത്തവർക്ക് വീട്, വെള്ളം, വെളിച്ചം, കക്കൂസ്, റോഡ് എന്നിവ നിർമ്മിച്ചു നൽകുക.
h. പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധമന്ദിരം നിർമ്മിക്കുക.
i. വനിതാ സമാജങ്ങൾ, വെൽഫെയർ സെന്റർ, ഡേകെയർ സെന്റർ, ബാലവാടികൾ, അംഗനവാടികൾ എന്നിവ കോളനി പ്രദേശങ്ങളിൽ സ്ഥാപിക്കുക.

**

11
വിഭവ സമാഹരണം

ലോകത്തിലുള്ള എല്ലാ ജനങ്ങൾക്കും സുഭിക്ഷമായി ജീവിക്കാനുള്ള സമ്പത്തു പ്രകൃതി നമുക്കു കനിഞ്ഞു തന്നിട്ടുണ്ട്. എന്നാൽ ഒരു വിഭാഗം ജനങ്ങൾ അതി സുഖലോലുപരായി ജീവിക്കുമ്പോൾ ഒരു വിഭാഗം പട്ടിണി കൊണ്ട് ജീവിക്കുന്നു. പ്രകൃതി വിരുദ്ധമായ ഈ അസുന്തലിതാവസ്ഥ പരിഹരിക്കുന്നതിന് നിലവിലുള്ള സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയിൽ ഒരു അഴിച്ചു പണി വേണ്ടി വരുമെന്നു മാത്രം.

നിലവിലുള്ള വ്യവസ്ഥിതിയിൽ വിഭവങ്ങൾ പരിമിതമാണ്. ആവശ്യങ്ങൾ അനന്തമാണ്. തന്നിമിത്തം 'ഫലവത്തായ' ആസൂത്രണം വേണ്ടിവരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം അഞ്ചു ദശാബ്ദങ്ങൾ പിന്നിട്ടിട്ടും സാമ്പത്തിക രേഖയിൽ ദരിദ്രൻ ദരിദ്രനായും സമ്പന്നൻ സമ്പന്നനായും രണ്ടു ദിശയിലേക്കു വളർന്നുകൊണ്ടിരിക്കുന്നു. ഈ രണ്ടു വിഭാഗങ്ങളേയും ഒരേ ദിശയിൽ കൊണ്ടുവരിക എന്നതാണ് നമ്മുടെ ധർമ്മം. അതിലേക്കുള്ള പ്രാരംഭ പ്രവർത്തനമാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

1995-96-ൽ നമ്മുടെ പഞ്ചായത്തിന്റെ ആകെ വരുമാനം 22,49,376.30 രൂപയും ആകെ ചെലവ് 18,24,608 രൂപയുമാണ്. വിവിധയിനം ഗ്രാന്റ് ഇനത്തിൽ 12,22,833 രൂപയും ലഭിച്ചു. അതിൽ 22.8% അൺടൈഡു (ഉപാധിരഹിതം) ഫണ്ടുകളായിരുന്നു. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ഇതുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഭരണച്ചെലവ് പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ 45% മാണ്. 1995-96ൽ കടം തിരിച്ചടവിനുവേണ്ടി മൊത്തം ചെലവിന്റെ 14.24% വിനിയോഗിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി റൂറൽ ഡവലപ്പ്മെൻറ് ബോർഡ് 13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നുമുള്ള വരുമാനം കടം തിരിച്ചടവിനു തികയുന്നില്ല. വഴി വിളക്കുകത്തിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 1,13,508/- രൂപ ചെലവഴിച്ചു. പഞ്ചായത്തിൽ 24 സോഡിയം വൈപ്പർ ലാമ്പുകൾ ഉൾപ്പെടെ 1079 വഴിവിളക്കുകൾ ഉണ്ട്. ഇവയിൽ ഭൂരിഭാഗം മിക്കവാറും കത്താറില്ല. ലേല വരുമാനം കഴിഞ്ഞ വർഷം 3,43,740/-രൂപയാകുന്നു.

തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നീയിനത്തിൽ 4,24,999 രൂപയും സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതമായി 56,666/- രൂപയും ജെ. ആർ. വൈ. ഉൾപ്പടെ ഗ്രാന്റിനത്തിൽ 12,22,833/- രൂപയും പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും 1,87,673 രൂപയും കഴിഞ്ഞ സാമ്പത്തികവർഷം പഞ്ചായത്തിനു ലഭിച്ചു. സ്ഥാവര ജംഗമ സ്വത്തുക്കളായി 1 കോടി 41 ലക്ഷം രൂപയുടെ ആസ്ഥിയുണ്ട്.

സന്നദ്ധ സംഘടനകൾ

കേരള ശാസ്ത്രസാഹിത്യപരിഷത്ത്, വൈസ്മെൻസ് ക്ലബ്ബ്, വിൻസന്റ് ഡി. പോൾ, മിഷൻ

പട്ടിക-1

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 1985-86 മുതലുള്ള വരവ്

ഇനം	1985-86	1986-87	1987-88	1988-89	1989-90	1990-91
കെട്ടിട നികുതി	140091.25	104664.0	97179.34	131792.21	209933	263135.00
സർവ്വീസ് ചാർജ്ജ്						
തൊഴിൽ നികുതി	50063.00	60348.00	57574.00	63699.00	72651.00	135147.00
വാഹന നികുതി	25200	432.00	810.00	52.00		
വിനോദ നികുതി	751750	5499.13	7545.86	7289.25	4984.00	8260.00
അഡീ. വിനോദ നികുതി	4493.86	3166.22	4432.00	4320.90	3032.00	4813.00
പ്രദർശന നികുതി	1191.00	1170.00	978.00	954.00	725.00	1163.00
ടി. സർചാർജ്ജ്	2980.00	292.50	244.50	238.50	181.75	290.75
ചന്ത വരവ്	50100.00	56075.00	30075.75	33757.00	37575.00	94166.00
ലാൻഡ് സെസ്സ്						
ലൈസൻസ് ഫീസ്	3585.00	4109.00	4552.50	3840.00	5789.00	27284.00
കെട്ടിടനികുതി സർചാർജ്						
വസ്തു കൈമാറ്റ നികുതി75%	101605.30	92702.70	145780.00	108737.00	74619.00	154683.00
വസ്തുകൈമാറ്റ നികുതി 25%	--	15000.00	20000.00	--	50000	40000
സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റു വരവുകൾ						
സംഭാവന						
ഡെപ്പോസിറ്റ്	6795.00	26367.30	19369.65	24135.75	21847.00	20024.00
മറ്റുള്ളവ						
ആകെ	530468.34	456690.26	513106.24	531119.50	620267.98	1060917.30

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 1985-86 മുതലുള്ള വരവ്

ഇനം	1991-92	1992-93	1993-94	1994-95	1995-96
കെട്ടിട നികുതി	26333500	239604.00	283262.40	338612	307623.40
സർവ്വീസ് ചാർജ്ജ്					19407.60
തൊഴിൽ നികുതി	133796.00	118220.00	117746.00	173424	100535.00
വാഹന നികുതി					
വിനോദ നികുതി	8260.00	8914.00	7800	8988	16841.01
അഡീ. വിനോദ നികുതി	4813.00	5236.00	4616.00	5502.00	10027.51
പ്രദർശന നികുതി	1163.00	1193.00	2152.50	1936	2270.00
ടി. സർചാർജ്ജ്	290.75	295.25	601.20	484.00	567.50
ചന്ത വരവ്	125555.00	124506.00	81114.00	138709	124901.00
ലാൻഡ് സെസ്സ്					
ലൈസൻസ് ഫീസ്	126879.00	31437.00	27941.00	29421.00	37669.00
കെട്ടിടനികുതി സർചാർജ്					
വസ്തു കൈമാറ്റ നികുതി75%	125916.00	127816.00	82421.00	173112.00	52971.00
വസ്തുകൈമാറ്റ നികുതി 25%	--	80000.00	100000.00	83000.00	76781.00
സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റു വരവുകൾ					405042.30
സംഭാവന					
ഡെപ്പോസിറ്റ്	19729.00	70724.00	64088.00	11942.00	351894.00
മറ്റുള്ളവ					722756.00
ആകെ	1106977.60	1209582.95	1221804.16	1464374.80	2249376.30

പട്ടിക 2
ചെലവ് 1990-91 മുതൽ 1995-96 വരെ

ഇനം	1990-91	'91-'92	'92-'93	'93-'94	'94-'95	'95-'96
ഭരണച്ചെലവ്	353846.75	264049.00	366205.00	382469.00	482164.00	651786.50
ഭരണച്ചെലവ് ശതമാനത്തിൽ	48.79%	30%	35.7%	39.44%	45%	
പൊതുമരാമത്തു പണികൾ	76176.00	53246.00	108592.00	136734.00	113175.00	355465.50
വിദ്യാഭ്യാസം	10500.00	50400.00	32700.00	38400.00	25900.00	43745.00
കുടിവെള്ളം പൊതുജനാരോഗ്യം	36600.00	62000.00	68000.00	46800.00	50300.00	311171.00
വഴിവിളക്കുകൾ	62200.00	210600.00	180300.00	348300.00	129200.00	132258.00
മറ്റുള്ളവ						330182.00
ആകെ	999900.00	1017300.00	1056300.00	396200.00	1982700.00	1824608.00

അനുബന്ധം 1

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q. 1995-96

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം.	
1	2	3	4
മൃഗസംരക്ഷണം	--	4130.00	4130.00
ആരോഗ്യം	--	258.00	258.00
കൃഷി	153675.00	--	153675.00
P.W.D.	21900.00	--	21900.00
ഹരിജനക്ഷേമം	4000.00	130.00	5310.00
മറ്റുള്ളവ	900.00	1500.00	2400.00
ആകെ	180475	7198.00	187673.00

അനുബന്ധം II

കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണപദ്ധതികളിലൂടെ നിർമിച്ച വീടുകളുടെ എണ്ണം
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	940	27	340	420	110	45	3
II	676	12	280	243	115	26	9
III	522	6	185	220	96	13	8
IV	720	7	265	306	140	2	6
V	744	10	309	235	780	10	4
VI	710	9	281	265	140	15	4
VII	717	18	270	245	170	14	3
VIII	655	3	180	270	180	22	5
IX	653	6	209	283	140	15	4
X	513	4	160	188	158	4	4
XI	558	3	176	194	173	12	4
ആകെ	7408	105	2655	2869	1603	176	50

ലീഗ്, സ്കൂൾ പി.റ്റി.എ., മാതൃസംഗമം, മാതൃജ്യോതി തുടങ്ങി ഒട്ടനവധി സന്നദ്ധസംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഇനിയും ശക്തമാക്കി, ജനകീയാസൂത്രണപ്രസ്ഥാനം വിജയിപ്പിക്കുവാൻ നമുക്കു കഴിയണം. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആണിക്കല്ലാണ് സന്നദ്ധ സംഘടനകൾ.

ധനകാര്യസ്ഥാപനങ്ങൾ

A. വാണിജ്യ ബാങ്കുകൾ

1. S.B.T. കുറുപ്പന്തറ
2. S.B.T. കോതനല്ലൂർ
3. കാത്തലിക് സിറിയൻ ബാങ്ക്

അനുബന്ധം IV
ഗ്രാന്റിനത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തെ വരവ്

ഇനം	1991-92	1992-93	1993-94	1994-95	1995-96
അടിസ്ഥാനനികുതി	46366.00	46495.00	45927.00	55037.00	56666.00
V.R.M. ഗ്രാന്റ്	50929.00	56485.00	54182.00	55258.00	54521.00
J.R.Y.					359619.00
M.I. ഗ്രാന്റ്	2930.00	2930.00	2937.00	2937.00	2930.00
അൺടൈഡുഫണ്ട്	181190.00	188000.00	194990.00	269050.00	279030.00
V.T.C.	3350.00	662800	--	23000.00	470067.00
ആകെ				405282.00	1222833.00

അനുബന്ധം -V
JRY പണി സംബന്ധിച്ച വിവരങ്ങൾ Ref: JRY ആക്ഷൻ പ്ലാൻ

പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂ	SC/STവിഭാഗം തുക രൂ.	ആകെ തുക രൂ.
1	2	3	4
1995-96 ഗവ. ഹോസ്പിറ്റൽ ഓവർബ്രിഡ്ജ് റോഡ് ടാറിംഗ്	152219		152219
1996-97 ജനറൽ കക്കൂസ്	160000		160000
വീടുകൾ		47400	47400
			359619

B. സഹകരണ സ്ഥാപനങ്ങൾ

1. മാഞ്ഞൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
2. മിൽക്ക്മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
3. ജില്ലാ സഹകരണബാങ്ക് ശാഖ
4. അർബൻ ബാങ്ക് ശാഖ കുറുപ്പന്തറ
5. അർബൻ ബാങ്ക് ശാഖ കോതനല്ലൂർ

c. സ്വകാര്യ സ്ഥാപനങ്ങൾ

1. മാക്കീൽ ബാങ്കേഴ്സ് കുറുപ്പന്തറ കടവ്
2. V & V എന്റർപ്രൈസസ് കുറുപ്പന്തറ
3. സെന്റ് മേരീസ് ഫണ്ട്, കുറുപ്പന്തറ
4. സെന്റ് തോമസ് ഫണ്ട്, കുറുപ്പന്തറ
5 മുത്തൂറ്റു ബാങ്കേഴ്സ് കുറുപ്പന്തറ

ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ Ref: JRY work Reg.

പണിയുടെ വിവരം	ജനറൽ		SC/ST	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1	2	3	4	5
1995-96 ഗവ. ഹോസ്പിറ്റൽ ഓവർബ്രിഡ്ജ് റോഡ് ടാറിംഗ്	152219	50000		
1996-97 ജനറൽ കക്കൂസ്	160000	Nil		
വീടുകൾ			47400	Nil

അനുബന്ധം -VII

സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

വകവിവരം	വില്ലേജിന്റെ പേര്	മിസ്തീർണ്ണം	മതിപ്പുവില
1	2	3	4
1	മാഞ്ഞൂർ	35 സെന്റ്	10 ലക്ഷം രൂപാ
2	മാഞ്ഞൂർ	55 സെന്റ്	25 ലക്ഷം രൂപാ
3	മാഞ്ഞൂർ	1.30 സെന്റ്	65 ലക്ഷം രൂപാ
4	കോതനല്ലൂർ	0.70 സെന്റ്	35 ലക്ഷം രൂപാ
5	കോതനല്ലൂർ	0.10 സെന്റ്	5 ലക്ഷം രൂപാ
6	മാഞ്ഞൂർ	0.4 സെന്റ്	1 ലക്ഷം രൂപാ

6. ബാങ്ക് ഓഫ് കണ്ടാരപ്പള്ളിൽ
7. മാക്കീൽ വെട്ടിക്കാട്ടു ബാങ്കേഴ്സ് കുറുപ്പന്തറ
8. മാക്കീൽ ഫിനാൻഷ്യൽ സർവ്വീസസ് കുറുപ്പന്തറ, കോതനല്ലൂർ
9. B.T. കമ്പനി കുറുപ്പന്തറ കവല.
10. മാക്കീൽ ബാങ്കേഴ്സ് കുറുപ്പന്തറ കവല
11. കണ്ണീറ്റുമ്യാലിൽ ഫൈനാൻസ് കോതനല്ലൂർ

സ്വകാര്യ ചിട്ടിസ്ഥാപനങ്ങൾ

1. ബി. റ്റി. കമ്പനി
2. സെന്റ് തോമസ് ചിട്ടി ഫണ്ട്
3. യൂണിയൻ ചിട്ടിഫണ്ട്
4. ചോതാർ ചിട്ടിഫണ്ട്

അനുബന്ധം -III

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ്
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	
1	2	3	4	5	6	7
I		5	208	17	230	19362
II		2	4	3	9	295
III		3	18	2	23	1560
IV		--	6	5	11	925
V		6	72	6	84	1826
VI		4	39	23	66	3625
VII		3	38	12	53	1896
VIII		2	6	--	8	435
IX		1	6	9	16	2630
X		2	12	5	19	755
XI		--	8	4	12	1135

പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട് എന്നു പറയാൻ കഴിയില്ല. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ നിന്നു പോലും അർഹതപ്പെട്ട നികുതി പരിച്ചു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിൽ ജനത്തിനു താല്പര്യമേയുള്ളു. പക്ഷേ നികുതി യുക്തിസഹമായിരിക്കുകയും വേണം. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും അമിതലാഭം കൈക്കലാക്കുന്നു.

ഭരണച്ചെലവ് കാലാനുസൃതമായി വർദ്ധിക്കുന്നുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന വരുമാനം തീരെ അപര്യാപ്തമാണ്. പലമേഖലകളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ലഭിക്കുന്നില്ല. വിനോദ നികുതി ഏറ്റവും കുറഞ്ഞ നിരക്കായ 15% മാത്രമാണ് ഇപ്പോൾ പിരിക്കുന്നത്. അത് തീരെ അപര്യാപ്തമാണ്. തന്നെയുമല്ല ഏറ്റവും കുറഞ്ഞ ഈ നിരക്കിലുള്ളതു പോലും പൂർണ്ണമായും ലഭിക്കുന്നില്ല.

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനു തടസ്സങ്ങളുണ്ട്. ചെറിയ വായ്പകളെ ബാങ്കുകൾ നിരുത്സാഹപ്പെടുത്തുകയാണ്. തന്മൂലം സാധാരണ ജനങ്ങൾ അമിതമായ പലിശയ്ക്കു വായ്പയെടുക്കേണ്ടി വരുന്നു.

സാധ്യതകൾ

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യബോധം ജനങ്ങളിൽ വളർത്തിയെടുത്ത്, യുക്തിസഹമായിത്തന്നെ പരമാവധി നികുതി സമാഹരിക്കണം. ഇത് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ സഹകരണത്തോടെ പുതിയ പഞ്ചായത്തുരാജ് ഭരണസംവിധാനങ്ങൾക്കു കഴിയും. വരുമാനത്തിൽ ചെറിയൊരംശം മാത്രമാണ് നികുതിയായി പിരിക്കുന്നതെങ്കിൽ അതു നൽകാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. മറിച്ചാണെങ്കിൽ നികുതി വെട്ടിപ്പും മറ്റും ഉണ്ടാകുന്നു. അതുപോലെ തന്നെ നികുതി ചുമത്തലും സമാഹരണവും സുതാര്യവും വ്യക്തവുമായ മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുമായിരിക്കണം.

കെട്ടിടനികുതി : സുരക്ഷിതമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തണം. നിലവിലുള്ള നികുതി ഘടന അശാസ്ത്രീയമാണ്. ഈയിനത്തിൽ നിലവിലുള്ള നിരക്കിൽ തന്നെ

തറവിസ്തീർണ്ണം അടിസ്ഥാനമാക്കി കൂടുതൽ വരുമാനം ഉണ്ടാക്കി വികസന പ്രവർത്തനങ്ങൾ ആർഇജ്ജവമാക്കണം. ശരാശരി വിസ്തീർണ്ണത്തിൽ കൂടുതൽ വലിപ്പത്തിലുള്ള കെട്ടിട ഉടമകളിൽ നിന്നും കൂടുതൽ നികുതി ഈടാക്കാവുന്നതാണ്.

തൊഴിൽ നികുതി

എല്ലാ തൊഴിലാളികളും തൊഴിൽ നികുതി നൽകുന്നില്ല. തൊഴിൽ നികുതി എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്. ഡ്രൈവർമാർ, മാർക്കറ്റു ഡേ കച്ചവടക്കാർ, നിർമ്മാണ തൊഴിലാളികൾ, അംഗീകൃതയൂണിയനുകളിൽപ്പെട്ട ചുമട്ടു തൊഴിലാളികൾ, സ്ഥിരമായി തൊഴിലുള്ള മറ്റു തൊഴിലാളികൾ, മദ്യവ്യവസായ തൊഴിലാളികൾ എന്നിവരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്. തൊഴിൽ സംഘടനകളുടെ സഹകരണത്തോടെ നികുതി നൽകുന്നതിന്റെ ആവശ്യബോധം ബോധ്യപ്പെടുത്തണം.

വിനോദനികുതി

നമ്മുടെ പഞ്ചായത്തിൽ രണ്ടു സിനിമാ തീയേറ്ററുകളാണുള്ളത്. ആ ഇനത്തിൽ 16,841.01 രൂപയാണ് 1995-96ൽ പിരിഞ്ഞു കിട്ടിയിട്ടുള്ളത്. സ്ഥാപന ഉടമകൾക്കു ദോഷകരമല്ലാത്ത രീതിയിൽ വിനോദനികുതി പൂർണ്ണമായും സമാഹരിക്കാൻ ശ്രമിക്കണം.

ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിനു കച്ചവടസ്ഥാപനങ്ങളിൽ നിന്നു പിരിഞ്ഞുകിട്ടിയ ലൈസൻസ് ഫീസ് കേവലം 37,669/- രൂപ 60 പൈസയാണ്. എല്ലാ കച്ചവടക്കാരും സ്ഥാപനമുടമകളും നികുതി കൊടുക്കുന്നില്ല. സജീവമായി ചർച്ച ചെയ്യേണ്ട ഒരു വസ്തുതയാണിത്.

ഭൂനികുതി

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിപക്ഷവും ചെറുകിട കർഷകരാണ്. എന്നാൽ ഒരു നിശ്ചിത പരിധിയിൽ കൂടുതൽ (2.5 ഏക്കറിൽ കൂടുതൽ) ഭൂമിയുള്ള കർഷകരിൽ നിന്നും പഞ്ചായത്തിനു ഭൂനികുതി ഈടാക്കാവുന്നതാണ്.

പുതിയ സേവനങ്ങൾ

പുതിയ സേവനങ്ങൾ നൽകി അവയിൽ നിന്നും കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കണം. ഉദാ:- ബസ്സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ.

റോഡു ഉപഭോക്താക്കളുടെ കമ്മിറ്റികൾ രൂപീകരിച്ച്, സന്നദ്ധ പ്രവർത്തനത്തിലൂടെ പഞ്ചായത്ത് റോഡുകൾ നന്നാക്കുന്നതിനും ഈയിനത്തിൽ ഇപ്പോൾ ചെലവഴിക്കുന്ന തുക മറ്റു മേഖലകളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കേണ്ടതുമാണ്. ജനങ്ങൾക്കു സന്നദ്ധ പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുന്നതിനു ബോധവൽക്കരണം നടത്തണം. സന്നദ്ധ സംഘടനകളിൽ പരസ്പരം മത്സരബുദ്ധി വളർത്തിയെടുക്കണം.

പരസ്യനികുതി

പഞ്ചായത്തതിർത്തിയിൽ സ്ഥാപിക്കുന്ന എല്ലാ പരസ്യബോർഡുകളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ സഹായത്തിനുപരിയായി വേണ്ടിവരുന്ന തുക ധനകാര്യ സ്ഥാനങ്ങളിൽ നിന്നും വായ്പയായി സമാഹരിക്കാവുന്നതാണ്.

നമ്മുടെ നാട്ടിലെ ഏറ്റവും വലിയ വിഭവം മനുഷ്യപ്രയത്നമായതു കൊണ്ടു ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പുതിയൊരു വികസന സംസ്കാരം നാം വളർത്തിയെടുക്കണം. ഓരോ കുടുംബവും വർഷത്തിൽ ഒരു ദിവസത്തെ വരുമാനം സംഭാവനയായി നൽകുന്നത് ശ്ലാഘനീയമാണ്. മിക്ക ഗ്രാമസഭകളിലും ഈ അഭിപ്രായം പൊന്തിവന്നിട്ടുണ്ട്.

വിദേശമലയാളികളുടെ സഹായം പഞ്ചായത്തിന്റെ വികസനത്തിന് ലഭിക്കത്തക്കവിധത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണം.

**

12

വനിതാ ക്ഷേമം



പൊതുസ്ഥിതി :-

1. നൂറ്റാണ്ടുകളായി സ്ത്രീ അടിമത്തം അനുഭവിക്കുകയാണ്. ഒരു കാലത്ത് സ്ത്രീ പുരുഷ വിവേചനം ഇല്ലായിരുന്നു എന്ന് പറയുന്നുണ്ട്. പക്ഷേ എവിടെയോ വച്ച് ആ സമത്വം നഷ്ടപ്പെട്ടു. സാമ്പത്തിക സ്വാതന്ത്ര്യമോ അഭിപ്രായസ്വാതന്ത്ര്യമോ ഇല്ലാതാക്കി കാര്യങ്ങൾ അറിയാനുള്ള അവകാശം പോലും നിഷേധിച്ചിരുന്നു.

2. തീരുമാനങ്ങൾ എടുക്കുന്ന സ്ഥലത്ത് സ്ത്രീ ഉണ്ടായിരുന്നില്ല. തങ്ങൾക്കു കൂടി ബാധകമാകുന്ന നിയമനിർമ്മാണം നടത്തുന്ന സഭകളിലും സ്ത്രീ അദൃശ്യയാണ്. അതുകൊണ്ടുതന്നെ നിയമങ്ങളിൽ സ്ത്രീ പുരുഷ വിവേചനം നിലനിൽക്കുന്നു. ഉദാഹരണമായി സ്വത്തവകാശം, വിവാഹ മോചനം, കുഞ്ഞിന്റെ അവകാശം മുതലായവ സ്ത്രീകളിൽ അടിച്ചേൽപ്പിക്കപ്പെട്ടു. ചോദ്യം ചെയ്യാനാവാത്തവിധം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സ്ത്രീ ബന്ധിതയായി. ശൈശവ വിവാഹം, സതി, മുതലായ ക്രൂരതകൾ അടിച്ചേൽപ്പിക്കപ്പെട്ടു.

കേരളത്തിന്റെ ചാതുർവർണ്യത്തിന്റെ കരാളഹസ്തം ശക്തമായിരുന്നു. ഇത് സവർണ്ണ സ്ത്രീകളേയും അവർണ്ണ സ്ത്രീകളേയും ബാധിച്ചിരുന്നു. നായർ സമുദായത്തിൽ സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ടായിരുന്നു. എങ്കിലും അവ കൈകാര്യം ചെയ്തിരുന്നത് പുരുഷന്മാരാണ്. സംബന്ധം, കെട്ടുകല്യാണം മുതലായ ദുരാചാരങ്ങൾ ഈ സമുദായത്തിലെ സ്ത്രീകൾ അനുഭവിച്ചുപോന്നിരുന്നു.

3. മുസ്ലീം സമുദായത്തിലെ മൊഴിചൊല്ലൽ, ബഹുഭാര്യാത്വം ഇവയൊക്കെ ആ വിഭാഗത്തിലെ സ്ത്രീകളെ നിരാശ്രയരാക്കിയിരുന്നു. അവർണ്ണ സമുദായത്തിലെ സ്ത്രീകളാണ് തൊഴിൽ ചെയ്തിരുന്നത്. ഇവർക്ക് മാറു മറയ്ക്കാൻ പോലും അവകാശമില്ലായിരുന്നു. ഓരോ ജാതിയിലും മതത്തിലും പെട്ടവർ വ്യത്യസ്ത രീതിയിലുള്ള പീഡനങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാന കാലത്ത് ഇതിനൊരു മാറ്റമുണ്ടായി. രാജാറാം മോഹൻറോയിയെപ്പോലുള്ളവർ സതിയെന്ന ദുരാചാരത്തിനെതിരെ പോരാടി സതി നിർത്തലാക്കി. ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ സ്ത്രീകളെ ആവേശം കൊള്ളിച്ചു. സ്ത്രീകളെ പൊതുരംഗത്തിറക്കുവാൻ ഗാന്ധിജി പ്രോത്സാഹനം നൽകി. സ്വാതന്ത്ര്യസമരരംഗത്ത് സ്ത്രീ ത്യാഗോജ്ജ്വലമായ പ്രകടനം കാഴ്ചവച്ചു. പുരുഷന്മാരോടൊപ്പം ധർണ്ണകളിലും, സമരങ്ങളിലും, ജയിലുകളിലും പങ്കാളികളായി. തങ്ങളുടെ കഴിവുകൾ തെളിയിച്ച ഒട്ടനവധി സ്ത്രീകൾ ഉണ്ടായിരുന്നു.

4. ഗാന്ധിജി സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ഈ കാലത്ത് ഒരു ന്യൂനപക്ഷം സ്ത്രീകൾ സാമാന്യവിദ്യാഭ്യാസവും, ഉന്നതവിദ്യാഭ്യാസവും തേടി. പക്ഷേ, ഇവർ പൊതുരംഗത്ത് ഇറങ്ങിയില്ല. സ്വന്തം തൊഴിലും, വീടുമായി ഒതുങ്ങി. ഒരു ചെറിയ ന്യൂനപക്ഷം പൊതു രംഗത്തേയ്ക്കു വന്നു. രംഗത്തു വന്ന സ്ത്രീകൾ സേവനരംഗങ്ങളിലാണ് കേന്ദ്രീകരിച്ചത്. രാഷ്ട്രീയരംഗത്ത് സ്ത്രീ അദൃശ്യയായിരുന്നു. ബഹുഭൂരിപക്ഷം സ്ത്രീകളും നിരക്ഷരരായിരുന്നു. സ്വന്തം വീടിനെപ്പറ്റി മാത്രം ചിന്തിച്ച് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടർന്നു. ഇവരെ ഇങ്ങനെ നിലനിർത്തേണ്ടത് പുരുഷമേധാവിത്വത്തിന് ആവശ്യമായിരുന്നു.

ഇന്നത്തെ തലമുറയെ വാർത്തെടുക്കുന്നതിൽ മുഖ്യപങ്കാളി സ്ത്രീകളാണ്. അമ്മമാരുടെ അറിവ് കുട്ടികളെ ശരിയായ ദിശയിലേക്കു നയിക്കും. അതുകൊണ്ടുതന്നെ സ്ത്രീയെ ബുദ്ധിപരമായും, ആരോഗ്യപരമായും കായികമായും വളർത്തിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

5. കാർഷികമേഖലയിലെ സ്ത്രീകൾ അസംഘടിതരാണ്. പുരുഷന്മാർക്കു കൊടുക്കുന്ന കൂലി സ്ത്രീകൾക്കു കൊടുക്കുന്നില്ല. തൊഴിൽ രംഗത്താണ് സ്ത്രീ ക്രൂരമായി അവഗണിക്കപ്പെടുന്നത്. കാർഷികമേഖലയിൽ അദ്ധ്വാനത്തിന്റെ വലിയൊരു ഭാഗം നിർവ്വഹിക്കുന്നത് സ്ത്രീകളാണ്. അവർക്ക് കല്പിച്ചിരുന്ന സ്ഥാനം കാർഷിക ഉപകരണങ്ങളുടേതായിരുന്നു. നെൽകൃഷിയിൽ നിന്ന് നാണ്യവിളയിലേയ്ക്കുള്ള മാറ്റം, കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് തുടങ്ങി പല കാരണങ്ങൾ കൊണ്ടും സ്ത്രീയുടെ പങ്കാളിത്തം കുറഞ്ഞു.

കാർഷികമേഖലപോലെ തന്നെ ഇതര തൊഴിൽ മേഖലകളിലും സ്ത്രീ അന്യവൽക്കരിക്കപ്പെടുന്നു. 1991- ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം അഖിലേന്ത്യാടിസ്ഥാനത്തിൽ 22.73%വും കേരളത്തിൽ 15.85% വും ആണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വിരോധാഭാസമാണ്. തൊഴിലില്ലായ്മയും, സാമ്പത്തികപരാധീനതയും സ്ത്രീയുടെ വലിയ പ്രശ്നമാണ്. ഭരണഘടന അനുശാസിക്കുന്ന നിയമംപോലും സ്ത്രീക്ക് നിഷേധിച്ചിരിക്കുന്നു. വർഗ്ഗപരമോ, ലിംഗപരമോ ജാതിപരമോ ആയ വിവേചനം പാടില്ലെന്നു ഭരണഘടന അനുശാസിക്കുന്നുണ്ടെങ്കിലും ഇവിടെ തുല്യ ജോലിക്ക് തുല്യവേതനം നിഷേധിച്ചിരിക്കുന്നു.

പൊതുരംഗത്ത് സ്ത്രീയുടെ പങ്കാളിത്തം നാമമാത്രമാണ്. രാഷ്ട്രീയ, സാമൂഹ്യ, സന്നദ്ധ, സർവ്വീസ് സംഘടനകളിൽ സ്ത്രീ മുന്നോട്ടു വരുന്നില്ല. പൊതുരംഗത്തു നടത്തുന്ന ജാഥകളിലും, പൊതു യോഗങ്ങളിലും സ്ത്രീയുടെ പങ്കാളിത്തം നാമമാത്രമാണ്. അമ്പലങ്ങളിലും പള്ളികളിലും സ്ത്രീ പങ്കാളിത്തം കൂടുതലാണ്. ഇവിടെയും തീരുമാനങ്ങൾ പുരുഷന്റേതാണ്. പൊതുരംഗങ്ങളിൽ സ്ത്രീയെ ഇറക്കുവാൻ പുരുഷൻ തയ്യാറാവുന്നില്ല. കേരളത്തിൽ ഉത്സവമായി നടത്തിയ സാക്ഷരതാ പ്രവർത്തനം. ഇവിടെ പ്രവർത്തനത്തിന്റെ കൂടുതലും സ്ത്രീകളായിരുന്നു. സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന ജാഥകളിലും, ബോധവൽക്കരണ പരിപാടികളിലും, പൊതുയോഗങ്ങളിലും എല്ലാം സ്ത്രീകളായിരുന്നു മുൻപന്തിയിൽ. സംഘടകരായും ഇൻസ്ട്രക്ടറായും, പരിശീലകരായും നല്ല പ്രവർത്തനം കാഴ്ച വച്ചു. ഈ പഞ്ചായത്തിലെ ജോയിന്റ് കൺവീനർ ഒരു സ്ത്രീയായിരുന്നു. ഏറ്റവും നല്ല രീതിയിൽ സാക്ഷരതാ പ്രവർത്തനം നടത്തിയ ഒരു പഞ്ചായത്തായിരുന്നു മാഞ്ഞൂർ പഞ്ചായത്ത്. ഏറ്റെടുക്കുന്ന ജോലി ഭംഗിയായി നിർവ്വഹിക്കുവാൻ കഴിവുള്ളവരാണ് സ്ത്രീകളെന്നു തെളിയിക്കുന്നതായിരുന്നു ഈ പരിപാടി.

പൊതുരംഗത്തിറങ്ങുവാനുള്ള ആത്മവിശ്വാസക്കുറവും, നിരുൽസാഹപ്പെടുത്തലും, നേതൃത്വത്തിന്റെ അഭാവവും സ്ത്രീകളെ പിന്നോക്കാവസ്ഥയിൽ നില്ക്കാൻ കാരണമാകുന്നു.

സ്ത്രീയുടെ ഈ അവസ്ഥക്ക് മറ്റൊരു കാരണം കൂടിയുണ്ട്. സ്ത്രീപീഡനം, സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്ന സംസ്കാരം, പിഴവു പറ്റുന്ന സ്ത്രീ സഹിക്കേണ്ടി വരുന്ന യാതനകൾ, കുടുംബത്തിൽ വരുമെന്ന് പറയുന്ന മാനഹാനി തുടങ്ങിയവ പ്രധാന കാരണങ്ങളാണ്.

സ്ത്രീവിമോചനം, സ്ത്രീസ്വാതന്ത്ര്യം മുതലായ മുദ്രാവാക്യങ്ങളുമായി നിരവധി വനിതാ സംഘടനകൾ ഇന്ന് രംഗത്തുണ്ട്. ഇവ രാഷ്ട്രീയമായും, ജനകീയമായും ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവർത്തിക്കുന്നു. എല്ലാ സംഘടനകളുടെയും ലക്ഷ്യം സ്ത്രീസ്വാതന്ത്ര്യമാണ്. സ്ത്രീപീഡനത്തിനും സ്ത്രീയോടുള്ള അവഗണനയ്ക്കുമെതിരെ ഒറ്റയ്ക്കൊറ്റയ്ക്ക് പോരാടുന്നു. സമൂഹത്തിൽ സ്ത്രീയുടെ പദവി ഉയർത്തുക എന്ന ഒറ്റലക്ഷ്യത്തോടെ ഒരേ വേദിയിൽ നിന്നു പ്രവർത്തിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. അതിന് ഒരു പൊതു വേദി ഉണ്ടാകണം. ആ വേദി സ്ത്രീയെ ഉയർത്തിക്കൊണ്ടുവരിക എന്ന ഒറ്റ ലക്ഷ്യത്തോടെ പ്രവർത്തിക്കണം. പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യണം.

സ്ത്രീകളുടെ കൂട്ടായ സമരത്തിന്റെ ഫലമാണല്ലോ തൊഴിലാളിസ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം നേടിക്കൊടുത്തത്. അമേരിക്കയിൽ വോട്ടവകാശത്തിനു വേണ്ടി തുന്നൽ തെഴിലാളികളായിരുന്ന സ്ത്രീകൾ നടത്തിയ സമരം ലോകചരിത്രത്തിൽ സ്ഥാനം പിടിച്ചു.

ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം എല്ലാ അവകാശാധികാരങ്ങളും ഭരണഘടനയിൽ ഉണ്ട്. ഇന്നലെ അകത്തളത്തിലായിരുന്ന സ്ത്രീ ഇന്ന് വിദ്യാഭ്യാസരംഗത്ത് വളർന്നിട്ടുണ്ട്.

പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള കഴിവും ആർജ്ജിച്ചിട്ടുണ്ട്. ഇത് പ്രകടിപ്പിക്കാനുള്ള ആത്മധൈര്യക്കുറവാണ് പ്രധാന പ്രശ്നം. സ്ത്രീ പൊതുരംഗത്ത് സജീവമായ പങ്കു വഹിക്കണമെങ്കിൽ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാകണം. വീട്ടിൽ രുചികരമായും വൃത്തിയായും സ്ത്രീകൾ ഭക്ഷണം പാകം ചെയ്യുന്നു. എന്നാൽ സദ്യ പോലുള്ള പാചകത്തൊഴിൽ വരുമ്പോൾ സ്ത്രീയെ മാറ്റി നിർത്തുന്നു.

വിവാഹ കമ്പോളത്തിൽ സ്ത്രീധനം എന്ന പിശാച് സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു. ഒപ്പം വിവാഹ ധൂർത്തും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെയാണ് ഇത് ദോഷകരമായി ബാധിച്ചിരിക്കുന്നത്.

വിദ്യാഭ്യാസരംഗത്തും സ്ഥിതി മെച്ചമല്ല. നല്ല മാർക്ക് വാങ്ങി ജയിക്കുന്ന പല പെൺകുട്ടികൾക്കും ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നില്ല. ആൺകുട്ടികൾക്ക് വെണ്ടി പെൺകുട്ടികൾ മാറി

കൂലി അനുപാതം	സ്ത്രീ	പുരുഷൻ
കർഷക തൊഴിലാളി	75	100
നിർമ്മാണതൊഴിലാളി	75	100
തീപ്പെട്ടി വ്യവസായം	15 to 30	80

സ്ത്രീകൾ നടത്തുന്ന വ്യവസായങ്ങൾ

A.W.C.R.A. സാരി യൂണിറ്റ്	11 സ്ത്രീകൾ
അംഗന സിമന്റ് ബ്രിക്സ് യൂണിറ്റ്	11 സ്ത്രീകൾ
ചാരിറ്റബിൾ സൊസൈറ്റി, ചാമക്കാലാ	6 സ്ത്രീകൾ
നൂൽനൂൽപ്പു കേന്ദ്രം, പൂവാശ്ശേരി	5 സ്ത്രീകൾ
തീപ്പെട്ടി നിർമ്മാണകേന്ദ്രം ഇരവിമംഗലം	12 സ്ത്രീകൾ

തൊഴിൽമേഖലയിലെ സ്ത്രീപുരുഷ അനുപാതം

	സ്ത്രീ	പുരുഷൻ
കർഷകർ	9.6	91.4
കർഷകത്തൊഴിലാളി	47	503
മൃഗസംരക്ഷണം	55	45
ചെറുകിട വ്യവസായം	27	73
കെട്ടിട നിർമ്മാണം	48	52
ഗതാഗതം	--	100
സ്വയംതൊഴിൽ	68	32
തീപ്പെട്ടി വ്യവസായം	80	20
ഇതരമേഖല	43	57

വിദ്യാലയങ്ങളിലെ അനുപാതം

	പെൺ കുട്ടികൾ	ആൺ കുട്ടികൾ	ആകെ	വ്യത്യാസം
L.P.	769	856	1625	87പെൺ കുറവ്
U.P.	659	849	1502	190പെൺ കുറവ്
H.S.	682	857	1539	175പെൺ കുറവ്

ക്കൊടുക്കുന്ന സ്ഥിതിയുമുണ്ട്. കേരളത്തിൽ 91-ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. എന്നാൽ മാഞ്ഞൂർ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം കുറവാണ്.

ആരോഗ്യരംഗത്തും സ്ത്രീയുടെ സ്ഥിതി മെച്ചമല്ല. ജനനനിരക്കും, മരണനിരക്കും കുറയുകയും ആയുർദൈർഘ്യം കൂടുകയും ചെയ്തിട്ടുണ്ടെങ്കിൽ രോഗാതുരതയിൽ മുന്നിട്ടുനിൽക്കുന്നത് സ്ത്രീകളാണ്.

P.H.C.ൽ ചികിത്സക്കായി എത്തുന്നവരിൽ 75% വും സ്ത്രീകളാണ്. ശ്വാസകോശസംബന്ധ

1991-ലെ സെൻസസ് പ്രകാരം മാഞ്ഞൂർ പഞ്ചായത്തിലെ ജനസംഖ്യ

സ്ത്രീ	പുരുഷൻ	ആകെ	വ്യത്യാസം
14018	14242	28060	824

മായ അസുഖങ്ങൾ, വലിവ്, നടുവേദന എന്നിവയാണ് പ്രധാന രോഗങ്ങൾ. അന്തരീക്ഷമലിനീകരണം, വിറകടുപ്പിലെ പുകശ്വസിക്കുക എന്നിവയാണ് പ്രധാന കാരണങ്ങൾ.

മാഞ്ഞൂർ പഞ്ചായത്തിൽ ഒരു P.H.C. കൂടാതെ നാല് മാതൃശിശു സംരക്ഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കുടുംബഭാരം സ്ത്രീയെ ആശുപത്രിയിൽ കിടന്നു ചികിത്സിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. സ്ഥലത്തെ സർക്കാർ ആശുപത്രികളിൽ ഇതിനുള്ള സൗകര്യം ഇല്ലാത്തതും ഒരു പ്രശ്നമാണ്.

ചന്തയിൽ കച്ചവടത്തിനു വരുന്ന സ്ത്രീകൾ രാവിലെ മുതൽ വൈകുന്നേരം വരെ തങ്ങേണ്ടിവരുന്നു. അവർക്ക് അവിടെ പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യമില്ലാത്തത് അവരുടെ ആരോഗ്യത്തെ ബാധിക്കുന്നു.

വിദ്യാലയങ്ങളിലെ പ്രാഥമികസൗകര്യങ്ങൾ അപര്യാപ്തമാണ്. അടച്ചുപൂട്ടിലാത്തതും, മേൽക്കൂരയില്ലാത്തതും, വെള്ളമില്ലാത്തതുമായ മൂത്രപ്പുരകൾ ഉപയോഗപ്രദമല്ല. ഇത് പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. വിദ്യാഭ്യാസരംഗത്ത് സ്ത്രീയുടെ നില മെച്ചപ്പെട്ടിട്ടുണ്ട്. സാമാന്യ വിദ്യാഭ്യാസം കിട്ടാത്ത സ്ത്രീകൾ ചുരുക്കമാണ്. വിദ്യാലയങ്ങളിൽ കൂടുതലും അദ്ധ്യാപികമാരാണ്. തീപ്പെട്ടിക്കമ്പ

നികളിലും അതുപോലുള്ള ഇതരസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ജോലിസമയം കുടുതലും വേതനം കുറവുമാണ്. കാരണം ഇവർ അസംഘടിതരാണ്.

സ്ത്രീപീഡനം, ഗ്രാമസഭകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആത്മഹത്യയോ, കൊലപാതകമോ, അപകടമരണമോ എന്നു തിരച്ചറിയാത്ത കേസുകൾ നിരവധിയുണ്ട്. പുരുഷന്മാരുടെ മദ്യപാനം സ്ത്രീകളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നു. മദ്യനിരോധനം കൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടിയിട്ടില്ല. വ്യാജനും, വിദേശിയും ഇഷ്ടംപോലെ ഒഴുകുന്നു. മദ്യനിരോധനത്തിനു സ്ത്രീകളുടെ കൂട്ടായ ശ്രമം വളരെയധികം പ്രയോജനപ്പെടുന്നു. സാംസ്കാരികരംഗത്ത് സ്ത്രീ ഒന്നുമല്ലാത്ത അവസ്ഥയിലാണ്. കലാകായികസാഹിത്യരംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് അത് വളർത്തിക്കൊണ്ടു വരാൻ സാധിക്കുന്നില്ല. മറിച്ച് സിനിമ, ടി.വി. പരിപാടികൾ ഏതാനും വാരികകൾ എന്നിവയിൽ ഒഴുകുന്നു സ്ത്രീകളുടെ സാംസ്കാരികരംഗം.

ആരോഗ്യസംരക്ഷണത്തിന് കുട്ടികൾക്കു കൊടുക്കുന്ന ആഹാരം മുതൽ ഊണുമേശയിലെ വിഭവങ്ങൾ വരെ തീരുമാനിക്കുന്നത് നമ്മളല്ല. ഉത്പാദകരാണ്. പുതിയ ഈ സംസ്കാരത്തിന്റെ പിന്നാലെയുള്ള ഈ പരക്കംപാച്ചിൽ അപകടകരമാണ്.

മാധ്യമങ്ങളിലെ സംസ്കാരം വരുംതലമുറയെ വഴിതെറ്റിക്കുന്നതരത്തിലായിരിക്കുന്നു. സ്ത്രീയുടെ നഗ്നത കാണിക്കുന്ന അശ്ലീലപരസ്യങ്ങൾ മുതൽ പുത്തൻതലമുറയെ ആത്മഹത്യ വരെ കൊണ്ടെത്തിക്കുന്ന നോവലുകൾ, കഥകൾ ഇവ മാത്രമായിരിക്കുന്നു മാധ്യമങ്ങളിലെ വിഭവങ്ങൾ. ഇതിനെതിരെ ശക്തമായ ബോധവത്കരണം ആവശ്യമായിരിക്കുന്നു.

സ്ത്രീകൾ തങ്ങളുടെ അവകാശത്തിനും നല്ല നാളേക്കും വേണ്ടി പോരാടേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗ്ഗം അതാതു തുറകളെപ്പറ്റി ബോധവതികളാവുകയാണ്. ഇതിനായി യോഗങ്ങളും ചർച്ചാക്ലാസ്സുകളും നടത്തി ആത്മവിശ്വാസം വളർത്തിയെടുക്കണം. ഒപ്പം തൊഴിൽ രംഗങ്ങളെപ്പറ്റി മനസ്സിലാക്കി ആ രംഗങ്ങളിൽ ഇടപെടണം. സ്വന്തമായി വരുമാനമില്ലാത്തത് അവളുടെ വ്യക്തിത്വത്തെ ബാധിക്കുന്നു. അതുകൊണ്ടുതന്നെ പീഡനങ്ങൾ അനുഭവിച്ചാലും നിശബ്ദരാകുന്നു. ഇത് മാറ്റി എടുക്കാനുള്ള തീവ്രശ്രമം നടത്തണം. സാമ്പത്തിക സ്വാശ്രയത്വം അത്യാവശ്യഘടകമാണ്.

സാമ്പത്തികമായും, സാമൂഹ്യമായും, രാഷ്ട്രീയമായും, വ്യാവസായികമായും, സ്ത്രീകൾ അവരുടെ അവകാശങ്ങൾ പടിച്ചുപറ്റി നാടിനെ പുരോഗതിയിലേക്ക് നയിക്കുവാനുള്ള അവരുടെ പങ്ക്, കടമ, ഉത്തരവാദിത്വം എന്നിവ വളരെ വിലപ്പെട്ടതാണ്.

സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണം. അതിനുള്ള ശ്രമം രാഷ്ട്രീയ,സാമൂഹ്യ സന്നദ്ധ സംഘടനകൾ ചെയ്യണം.

അബലയെ പ്രബലയാക്കുന്ന മഹാസംഭവത്തിന് ഭരണഘടനയെ സാക്ഷിനിർത്തി സ്ത്രീകളിൽ ആത്മവിശ്വാസവും, സ്വാശ്രയശീലവും വളർത്തുന്നതിനുള്ള സംരംഭത്തിന് മാഞ്ഞൂർ പഞ്ചായത്ത് ഭരണസമിതിയും, വികസനസമിതിയും കൈകോർത്ത്, ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

"വിദ്യാഭ്യാസം സമാധാനത്തിനുംസമത്വത്തിനും
സാമൂഹ്യ പുരോഗതിക്കും വേണ്ടിയാണ് "

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള ആത്മവിശ്വാസക്കുറവ്, അറിവില്ലായ്മ, അവസരം ഇല്ലായ്മ
2. തൊഴിൽരംഗത്ത് താൽപര്യം കാണിക്കുന്നില്ല. സംരംഭം തുടങ്ങാൻ വിമുഖത കാണിക്കുന്നു.
3. പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള ധൈര്യമില്ലായ്മ.
4. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
5. സ്വയം തൊഴിൽ നിയമങ്ങളിൽ അജ്ഞരാണ്. പ്രോത്സാഹനം കിട്ടുന്നില്ല.
6. അവകാശങ്ങൾ എന്തൊക്കെയാണെന്ന് തിരച്ചറിയുന്നില്ല,
7. സാമ്പത്തികഭദ്രതയില്ലായ്മ
8. തൊഴിലില്ലായ്മ, തൊഴിൽ രംഗത്തെ അവഗണന
9. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അപര്യാപ്തത
10. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ പോരായ്മകൾ
11. സ്ത്രീധന പീഡനത്തിനെതിരെ പ്രതികരിക്കാൻ സാധിക്കാത്ത സ്ഥിതി.
12. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യമില്ലായ്മ
13. സ്കൂളുകളിലെ പ്രാഥമിക സൗകര്യത്തിന്റെ അപര്യാപ്തത
14. വായനശാലയുടെ അഭാവം

15. കലാകായിക സാഹിത്യരംഗത്ത് വളരാൻ സാധിക്കാത്ത അവസ്ഥ.

16. സ്ത്രീധനവും, വിവാഹ ധൂർത്തും

17. അസംഘടിതമേഖലയിലെ തൊഴിൽ സമയവും വേതനവും.

നിർദ്ദേശങ്ങൾ

1. വനിതാവികസന സമിതി: ഒരു വാർഡിൽ നിന്നും നാലോ, അഞ്ചോ പേരും, പഞ്ചായത്തുഭരണസമിതിയിൽ ഉള്ള വനിതാ പ്രതിനിധികളും ഉൾപ്പെട്ടതായിരിക്കണം സമിതി. വാർഡുകളിലെ സമിതികളുടെ മേൽനോട്ടത്തിൽ വാർഡ് വനിതാ വികസന സമിതികൾ ഉണ്ടാക്കണം. ഈ സമിതികളായിരിക്കണം വനിതാ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടത്. ഓരോ വാർഡിലും ഓരോ വനിതാ വ്യവസായ യൂണിറ്റുകൾ ഉണ്ടാകണം. വാർഡിന്റെ ഭൗതികസാഹചര്യമനുസരിച്ച് തൊഴിൽ കണ്ടെത്തണം. കോഴി, ആട്, മാട് വളർത്തൽ, റെഡിമേയ്ഡ് വസ്ത്രനിർമ്മാണം, കൂൺകൃഷി, കളിക്കോപ്പ് നിർമ്മാണം, ചിപ്സ്, പാൽ ഉൽപ്പന്നങ്ങൾ, മെഴുകുതിരി നിർമാണം, സോപ്പുനിർമ്മാണം, പച്ചക്കറി കൃഷി, പായ് നെയ്ത്ത് ഇവ ചെയ്യാം. വാർഡ് സമിതികൾക്ക് വേണ്ട സഹായം പഞ്ചായത്ത് സമിതി ചെയ്തു കൊടുക്കണം.

സ്ത്രീകളെ നേതൃത്വനിരയിലേക്ക് കൊണ്ടുവരണമെങ്കിൽ അവർക്ക് സമസ്ത മേഖലകളേക്കുറിച്ചും അറിവുണ്ടായിരിക്കണം. ഇതിലേക്ക് ഒരു പഠന ഗ്രൂപ്പുണ്ടാകണം. അത് പഞ്ചായത്ത് വനിതാ സമിതിയുടെ മേൽനോട്ടത്തിൽ വേണം. ആരോഗ്യം, പരിസരം, വിദ്യാഭ്യാസം, സ്ത്രീ പീഡനം, നിയമം, മദ്യവർജ്ജനം, ഉപഭോക്തൃസംരക്ഷണം, മതസൗഹാർദ്ദം മുതലായവിഷയങ്ങൾ പഠിക്കണം. അതിന് ഈ വിഷയങ്ങളിൽ വിദഗ്ധരായവരെക്കൊണ്ടുവന്ന് ക്ലാസ്സുകളും, ചർച്ചകളും നടത്തണം. അവർ ഈരംഗത്തേക്കു വരാൻ ഇടയായ സാഹചര്യങ്ങളും അവർക്കുണ്ടായ പ്രതിബന്ധങ്ങളും, പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ അവർ സ്വീകരിച്ച മാർഗ്ഗങ്ങളും ചോദിച്ചു മനസ്സിലാക്കണം. ഇത് സ്ത്രീകൾക്ക് ഒരു പ്രചോദനം ആകണം. ഈ ഗ്രൂപ്പ് വാർഡുകളിൽ ഈ വിഷയങ്ങൾ അവതരിപ്പിക്കണം. ഒരു കാരണവശാലും, കക്ഷിരാഷ്ട്രീയം ഇതിൽ കടന്നുകൂടാതെ ശ്രദ്ധിക്കണം.

2. മൂന്നാം ഘട്ടത്തിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ വനിതകൾക്ക് പ്രാതിനിധ്യം ഉണ്ടാകത്തക്കവണ്ണം രൂപീകരിക്കണം.

3. പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് മുൻഗണന നൽകണം.

4. സ്ത്രീയുടെ തൊഴിൽ പൂർണ്ണ തൊഴിലായി അംഗീകരിച്ച് തുല്യജോലിക്ക്, തുല്യവേതനം നടപ്പാക്കണം.

5. അസംഘടിതമേഖലയാണ് തീപ്പെട്ടിക്കമ്പനി പോലുള്ള സ്ത്രീകൾ ധാരാളം തൊഴിൽ ചെയ്യുന്ന മേഖലകൾ. ഈ മേഖലകളിൽ നിയമാനുസൃതമായ തൊഴിൽ സമയവും, സേവന, വേതന വ്യവസ്ഥയും നടപ്പാക്കണം.

6. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ആത്മവിശ്വാസം വളർത്തുന്നതിനും ആദ്യഘട്ടമെന്ന നിലയിൽ ഒരു വാർഡിൽ നിന്നും രണ്ടു സ്ത്രീകളെ വീതം തെരഞ്ഞെടുത്ത് ഓട്ടോറിക്ഷാ ഓടിക്കുന്നതിനുള്ള പരിശീലനം നൽകണം. പരിശീലനത്തിനുശേഷം സ്വയം തൊഴിൽ പദ്ധതി പ്രകാരം ലോൺ എടുത്ത് ഓട്ടോറിക്ഷാ വാങ്ങിക്കുന്നതിനും, ആ തൊഴിൽ നിർബ്ബാധം ചെയ്യാനുമുള്ള അവസരം ഉണ്ടാക്കണം.

7. സമയക്കുറവാണ് ഇന്ന് സ്ത്രീയുടെ മുഖ്യപ്രശ്നം. തൊഴിൽ രംഗത്തെപണി, വീടു ജോലി, കടയിൽപ്പോക്ക് ഇതെല്ലാം സ്ത്രീ ചെയ്യണം. സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തുന്നതിനും, സമയം ലാഭിക്കുന്നതിനും ഓരോ വാർഡിലും സൈക്കിൾ പരിശീലനം നടത്തുകയും, സൈക്കിൾ വാങ്ങുന്നതിനുള്ള സഹായം നൽകുകയും ചെയ്യണം.

8. ഊർജ്ജ പ്രതിസന്ധി രൂക്ഷമായ കാലഘട്ടമാണ് ഇപ്പോൾ. പാചക ആവശ്യത്തിന് വിറക് കിട്ടാനില്ല. വിറകടുപ്പിലെ പുക സ്ത്രീക്ക് ശ്വാസകോശരോഗങ്ങൾ ഉണ്ടാക്കുന്നു. ഈ പഞ്ചായത്തിലെ P.H.C. യിൽ ചികിൽസക്കായി എത്തുന്നവരിൽ 75 ശതമാനം സ്ത്രീകളാണ്. ഇവരിൽ കൂടുതൽ പേർക്കും ശ്വാസകോശരോഗമാണ്. ഇതിനു രണ്ടിനുമുള്ള പരിഹാരം പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുകയാണ്. അനെർട്ടിന്റെ കീഴിൽ കടുത്തുരുത്തി ബ്ലോക്കിൽ അടുപ്പു വ്യാപനം നടക്കുന്നു. ഈ പഞ്ചായത്തിലെ വനിതകൾക്ക് മോൾഡ് ഉണ്ടാക്കുന്നതിനും, അടുപ്പു സ്ഥാപിക്കുവാനും പരിശീലനം കൊടുക്കണം. വിറക് ഉപയോഗിക്കുന്ന എല്ലാ വീടുകളിലും ഈ അടുപ്പ് സ്ഥാപിക്കണം.

ഗുണം:

1. ഇന്ധന ലാഭം

2. പുകശ്വസിക്കുന്നതു വഴിയുണ്ടാകുന്ന രോഗത്തിൽ നിന്നും മോചനം.

3. വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് ചെറിയ ഒരു

പരിഹാരം

9. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിനും സാംസ്കാരിക രംഗത്ത് അവരെ കൊണ്ടുവരുന്നതിനുമായി വനിതകൾക്ക് മാത്രമുള്ള ഒരു വായനശാല സ്ഥാപിക്കുക. വാർഡുകളിൽ ഓരോ വായനാകേന്ദ്രം തുറക്കുകയും, പഞ്ചായത്തുതലത്തിലുള്ള വായനശാലയിൽ നിന്നും ഈ കേന്ദ്രങ്ങളിൽ പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യണം. ഈ വായനാശീലം വനിതാസമിതിയുടെ പഠനഗ്രൂപ്പിന് പ്രയോജനം ചെയ്യും.

10. ചന്തയിൽ കച്ചവടത്തിന് എത്തുന്ന സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കണം. തീയേറ്ററുകളിലും ഈ സൗകര്യം ഉണ്ടാക്കണം.

11. വിദ്യാലയങ്ങളിൽ പെൺകുട്ടികൾ ഉപയോഗിക്കുന്ന മൂത്രപ്പുരകളിൽ വെള്ളവും, അടച്ചുപൂട്ടും, മേൽക്കൂരയും ഉണ്ടാക്കണം. ഒരാൾ മാത്രം കയറുന്ന പ്രൈവറ്റ് റൂം സൗകര്യം ഉണ്ടാക്കണം.

12. പെൺകുട്ടികളുടെ കലാ-കായികരംഗങ്ങളിലെ വളർച്ചയ്ക്കുള്ള ഭൗതികസാഹചര്യം ഇന്നില്ല. പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും കലാകായിക രംഗങ്ങളിലെ വളർച്ചയ്ക്കും വേണ്ട സാഹചര്യം ഉണ്ടാക്കണം.

13. സ്ത്രീധനവും വിവാഹ ധൂർത്തും നിർത്താനുള്ള നടപടി സ്വീകരിക്കണം. രക്ഷിതാക്കൾക്കും, യുവതീയുവാക്കൾക്കും ഇതിനുള്ള ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.

14. ബസ്സുകളിൽ സ്ത്രീകൾ മാനസികമായും, ശാരീരികമായും പീഡനങ്ങൾ അനുഭവിക്കുന്നുണ്ട്. ഇതിനു ഒരു പരിഹാരം കാണണം. വികസനസമിതിയിലെ അംഗങ്ങൾ ഇതിൽ ഇടപെടണം.

15. സ്ത്രീകൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ മുതലായ കേസുകൾ തെളിയിക്കാനും ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ഭയാശങ്കകൾ ദൂരീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

16. ചെറിയ കുട്ടികളുടെ, കായികവും, മാനസികവുമായ വളർച്ചക്ക് മാതൃകാപരമായ അംഗനവാടികൾ ഉണ്ടാക്കണം.

17. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കുക.

18. പഞ്ചായത്ത് തലത്തിൽ ഒരു കളിസ്ഥലം ഉണ്ടാകണം. ഇവിടെ സ്ത്രീകൾക്കുവേണ്ടി കലാ കായിക സാഹിത്യ പരിശീലനം നടത്തണം.

19. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീപ്രൈമറി ക്ലാസ് നടത്തണം.

20. വിധവാ പെൻഷൻ, വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ആനുകൂല്യം ഇവ സർവ്വേ നടത്തി കണ്ടുപിടിക്കേണ്ട ചുമതല വനിതാ വികസനസമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കണം.

21. മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

22. വായനശാലകളിലെ ഭരണസമിതിയിലേക്ക് മൂന്നിൽ ഒന്ന് സീറ്റുകൾ സ്ത്രീകൾക്ക് നൽകണം.

23. സെൻസർ ബോർഡിന്റെ സീലില്ലാത്ത പോസ്റ്റർ പതിക്കുന്നത് നിയമപ്രകാരം തെറ്റാണ്.

ഈ പഞ്ചായത്തിൽ അശ്ലീല പോസ്റ്റർ പതിക്കുന്നതിനെതിരെ നിയമം പാസ്സാക്കുകയും, നിയമത്തിനെതിരെ പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക ശിക്ഷ ഉൾപ്പെടെ നടപടിയെടുക്കുകയും വേണം.

24. ഗൈനക്കോളജിസ്റ്റും, ശിശുരോഗവിദഗ്ദ്ധനും ഇല്ലാത്തത് പഞ്ചായത്തിലെ സ്ത്രീകളുടെ ഒരു പ്രധാന പ്രശ്നമാണ്. താലൂക്കാശുപത്രിയിൽ നിന്നും മാസത്തിലൊരിക്കൽ വീതം പഞ്ചായത്തിലെ P.H.C.ൽ വരുകയും ആവശ്യക്കാരെ പരിശോധിച്ച് ചികിൽസ നിശ്ചയിക്കുകയും വേണം. ഇത് ബ്ലോക്കുപഞ്ചായത്തുകൾ വഴി തീരുമാനിച്ചാൽ ബ്ലോക്കുകളിലെ മറ്റു പഞ്ചായത്തുകൾക്കും ഉപയോഗപ്രദമാകും.

25. വനിതാ വികസന സമിതിയുടെ മേൽനോട്ടത്തിൽ ഒരു ലഘുഭക്ഷണശാല തുടങ്ങണം.

26. വാർഡു സമിതിയുടെ മേൽനോട്ടത്തിൽ പച്ചക്കറി വിൽപ്പനശാല ആരംഭിക്കണം.

27. മിൽമ യൂണിറ്റുകൾ വന്നപ്പോൾ ഒരു പശു മാത്രമുള്ള വീട്ടമ്മക്ക് ലാഭം കിട്ടുന്നില്ല. ഗ്രൂപ്പായി പശുക്കളെ വളർത്തുന്ന രീതി ഉണ്ടാകണം.

28. സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസം നൽകണം.

29. മാതൃസംഗമം കാര്യക്ഷമമാക്കണം.


"സർവ്വാഭരണഭൂഷിതയായ സ്ത്രീ രാത്രിയിൽ തുണയില്ലാതെ നിർഭയയായി സഞ്ചരിക്കാൻ സാധിക്കുന്ന സ്ഥിതി ഉണ്ടാകുന്നതാണ് നല്ല ഭരണത്തിന്റെ ലക്ഷണം."

ഭീക്ഷ്മാചാര്യർ

ഉപസംഹാരം

നമ്മുടെ പഞ്ചായത്തിൽ നടത്തപ്പെട്ട ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും പഞ്ചായത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചും, വിവരശേഖരണാർത്ഥം അനേകരെ സന്ദർശിച്ചും, ഓഫീസുകളിൽ നിന്നുകിട്ടിയ വിവരങ്ങൾ കൂട്ടിച്ചേർത്തും തയ്യാറാക്കിയിട്ടുള്ളതാണ്, ജാതിമതരാഷ്ട്രീയവ്യത്യാസമോ, പണ്ഡിതപാമരവ്യത്യാസമോ ഇല്ലാതെ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി ഒന്നിച്ചു കൈകോർത്തു നമുക്കു മുമ്പോട്ടുനീങ്ങാം.

വി.എൽ. തോമസ്
പ്രസിഡന്റ്, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്



അധികാരം ജനങ്ങളിൽ.

